SSLC focus Area



# ജ്വാല 2021

## എസ്.എസ്.എൽ.സി മലയാളം പഠനസഹായി

ഫോക്കസ് ഏരിയയിൽ ഉൾപ്പെടുത്തിയ പാഠഭാഗങ്ങൾ

മലയാളം ദർശനവേദി
www.malayalamdarsanvedi.blogspot.com

# ആമുഖം

ഏറെ സങ്കീർണമായ അവസ്ഥയിലൂടെയാണ് 2020–21 അധ്യയനവർഷം കടന്നു പോകുന്നത്. എങ്കിലും കുട്ടികളുടെ പഠനത്തിന് പ്രാധാന്യം നൽകുന്നതു കൊണ്ട് ഓൺലൈൻ ക്ലാസുകളിലൂടെ വിക്ടേഴ്സ് ചാനൽ നല്ല രീതിയിൽ ക്ലാസുകൾ നൽകുകയുണ്ടായി. ഈ ക്ലാസുകൾക്കൊപ്പം കുട്ടികളുടെ പഠന സൗകര്യത്തിനായി ഉപയോഗിക്കാവുന്ന പഠനസഹായിയാണ് മലയാളം ദർശനവേദിയുടെ ജ്വാല–2021.

പാഠഭാഗങ്ങൾ എളുപ്പത്തിൽ മനസ്സിലാക്കാവുന്ന രീതിയിൽ അവയുടെ സംഗ്രഹം സൂചനകളായും ശ്രദ്ധിക്കേണ്ട ഭാഗങ്ങൾ വിശദീകരിച്ചും ഇതിൽ നൽകിയിരിക്കുന്നു. ഈ പാഠപുസ്തകം നിലവിൽ വന്നതു മുതൽ നടന്നിട്ടുള്ള പരീക്ഷകളിലെ ചോദ്യങ്ങളും അവയുടെ ഉത്തരങ്ങളും പഠനസഹായിയിലുണ്ട്.പദ്യങ്ങൾക്ക് വരികളുടെ നേരിട്ടുള്ള ആശയം കട്ടിയുള്ള അക്ഷരത്തിൽ നൽകിയിരിക്കുന്നു. അവയുടെ താഴെയായി അവയുടെ വിശദീകരണവും നൽകിയിട്ടുണ്ട്. ഇവ നന്നായി വായിച്ചു മനസ്സിലാക്കണം.പരമാവധി ചോദ്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും പഠനത്തിന്റെ അടിസ്ഥാനം പാഠപുസ്തകത്തെ കേന്ദ്രീകരിച്ചു കൊണ്ടായിരിക്കണം. പാഠം നന്നായി വായിച്ചതിനുശേഷം മാത്രം പഠനസഹായിയിലേക്കു കടക്കുക.ഉത്തരങ്ങളുടെ മാതൃകകളാണ് ഇതിൽ നൽകിയിരിക്കുന്നത്. അവ വായിച്ച് ആശയം മനസ്സിലാക്കി സ്വന്തമായി ഉത്തരം എഴുതാൻ പരിശീലിക്കുക.

ഓൺലൈൻ ക്ലാസുകളുടെ തുടക്കം മുതൽ വിവിധ ബ്ലോഗുകളിലൂടെ നൽകിയിട്ടുള്ള മലയാളം ദർശനവേദിയുടെ പഠനസഹായികളെല്ലാം ഒരുമിച്ച് നിങ്ങളിലേക്ക് എത്തുകയാണ് ഈ പി.ഡി.എഫിലൂടെ. ഇത് നിങ്ങൾക്ക് ഉപകാരപ്പെടുമെന്ന് വിശ്വസിക്കുന്നു.എല്ലാവർക്കും വിജയാശംസകൾ

ശ്രീനേഷ്.എൻ
എച്ച്.എസ്.ടി മലയാളം
ജി.എച്ച്.എസ് പേരാമ്പ്ര പ്ലാന്റേഷൻ

# ഉള്ളടക്കം

## കേരളപാഠാവലി 1-61


| | |
|---|---|
| **കാലാതീതം കാവ്യവിസ്മയം -യൂണിറ്റ് 1** | **1** |
| **1. ലക്ഷ്മണസാന്ത്വനം** | **2** |
| **2. ഋതുയോഗം** | **16** |
| **3. പാവങ്ങൾ** | **31** |
| **അനുഭൂതികൾ ആവിഷ്കാരങ്ങൾ- യൂണിറ്റ് 2** | **40** |
| **4. വിശ്വരൂപം** | **41** |
| **5. പ്രിയദർശനം** | **51** |
| **6. കടൽത്തീരത്ത്** | **61** |


## അടിസ്ഥാന പാഠാവലി 73-104


| | |
|---|---|
| ജീവിതം പടർത്തുന്ന വേരുകൾ യൂണിറ്റ് - 1 | 73 |
| 1.പ്ലാവിലക്കഞ്ഞി | 74 |
| 2.ഓരോ വിളിയും കാത്ത് | 86 |
| 3.അമ്മത്തൊട്ടിൽ | 95 |
| നിലാവു പെയ്യുന്ന നാട്ടുവഴികൾ യൂണിറ്റ് - 2 | 104 |
| 4.കൊച്ചുചക്കരച്ചി | 104 |

# കേരളപാഠാവലി

## മലയാളം

ജ്വാല -2021

ഫോക്കസ് ഏരിയ

മലയാളം ദർശന വേദി

യൂണിറ്റ് 1

# കാലാതീതം കാവ്യവിസ്മയം



**1. ''കവികൾക്ക് ലോകമെമ്പാടും..........................ഗൗളികൾക്കുമെന്നപോലെ''**

**ഈ വരികളിൽ തെളിയുന്ന ആശയം വ്യക്തമാക്കുക**

സച്ചിദാനന്ദന്റെ ഏറെ ശ്രദ്ധേയമായ **കവികളുടെ ഭാഷ** എന്ന കവിതയിലെ ശ്രദ്ധേയമായ വരികളാണിവ.കവിക്കും കവിതകൾക്കും ദേശപരമായ അതിർവരമ്പുകൾ ഇല്ല. കാവ്യം കാലാതീതമാവുന്നതുപോലെ തന്നെയാണ് കവികളുടെ വികാരവും.എഴുത്തുകാരന്റെ ഭാഷ ഹൃദയത്തിന്റെ ഭാഷയാണ്.സ്നേഹവും കരുണയുമെല്ലാം ഇതിൽ നിറയുന്നുണ്ട്. ഇലകളുടെ മർമ്മരം,തത്തകളുടെ കൊഞ്ചൽ,ഗൗളിയുടെ ശബ്ദം എന്നിവയ്ക്ക് ലോകത്തെമ്പാടും സമാനതകളുണ്ട്.പ്രകൃതിയുടെ ഭാഷയാണ് ഇത്. മനസ്സുതുറന്ന് കേൾക്കാൻ ശ്രമിച്ചാൽ മാത്രം ഈ ഭാഷ തിരിച്ചറിയാം.ഇതുപോലെ ലോകത്തെമ്പാടുമുള്ള കവികൾ വികാരാവിഷ്കരണത്തിന് സമാനമായ ഭാഷയാണ് ഉപയോഗിക്കുന്നത്.കവി വികാരാവിഷ്കാരത്തിന് സാർവലൗകിക സ്വഭാവമുണ്ട്. കവിതയുടെ വികാരതലം സാർവലൗകികമാണ്.ഇലകൾ സമത്വത്തിന്റെയും തത്തകൾ പ്രകൃതി നൽകുന്ന ആശ്രയത്വത്തിന്റെയും ഗൗളികൾ മണ്ണിന്റെ മഹത്വത്തിന്റെയും സന്ദേശം നൽകുന്നതുപോലെ കവികൾ ലോകത്തെവിടെയും സ്നേഹസമത്വങ്ങളുടെ ഭാഷ സംസാരിക്കുന്നു.

**2. കാലാതീതം കാവ്യ വിസ്മയം- ശീർഷകത്തിന്റെ ഔചിത്യം**

സൂചന :

1 മികച്ച കവിതകൾ വിസ്മയം ജനിപ്പിക്കുന്നവയാണ്. കാവ്യ ലോകത്തെ വിസ്മയങ്ങളാണ് ഇവ.

2 ഒരു കാലത്ത് രചിക്കപ്പെട്ട കൃതി അതിന്റെ മികവുകൊണ്ട് ദീർഘ കാലം വായിക്കപ്പെടുന്നു. അഥവാ അവ കാലത്തെ അതിജീവിക്കുന്നു.

3 മഹാഭാരതവും രാമായണവുമെല്ലാം കാലാതീതമായ കൃതികളാണ്.ഇവ രചിക്കപ്പെട്ടിട്ട് ആയിരക്കണക്കിന് വർഷങ്ങളായി. എന്നാൽ ഇന്നും അവ വായിക്കപ്പെടുന്നു.അതിനാൽ ശീർഷകം ഔചിത്യപൂർണമാണ്

**3.** ''പ്രിയ്യപ്പെട്ട ആന്ദ്രേ
താങ്കൾ താങ്കളുടെ കവിത
എന്റെ ഭാഷയിൽ വായിക്കുകയാണ്.''

**മുകളിൽ കൊടുത്ത വരികളുടെ ആശയം താഴെക്കൊടുത്ത വരികളുടെ വെളിച്ചത്തിൽ വിലയിരുത്തുക.**

കവികൾക്ക് ലോക..........................ഗൗളികൾക്കുമെന്നപോലെ -

**സൂചന :**

1 ലോകത്തെമ്പാടും കവികൾക്ക് ഒരു ഭാഷയാണ്.അപ്പോൾ സച്ചിദാനന്ദനും ആന്ദ്രേയും എഴുതുന്നതും പറയുന്നതും ഒരേ ഭാഷ തന്നെ.

2 കവികൾക്ക് ലോകമെമ്പാടും... എന്ന് തുടങ്ങുന്ന ചോദ്യത്തിന്റെ ഉത്തരം കൂടി ഇതിൽ ചോദ്യത്തിനനുസരിച്ച് കൂട്ടിച്ചേർക്കുക.

# 1 ലക്ഷ്മണ സാന്ത്വനം

എഴുത്തച്ഛൻ (അധ്യാത്മരാമായണം കിളിപ്പാട്ട്)

എഴുത്തച്ഛന്റെ അധ്യാത്മരാമായണം കിളിപ്പാട്ടിലെ അയോദ്ധ്യാകാണ്ഡത്തിൽ നിന്നുമെടുത്തതാണ് *ലക്ഷ്മണ സാന്ത്വനം* എന്ന പാഠഭാഗം.

### എഴുത്തച്ഛൻ-ആധുനിക മലയാളഭാഷയുടെ പിതാവ്

- പതിനാറാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ജീവിച്ചു.
- പാട്ട്,മണിപ്രവാളം,നാടോടി വാമൊഴി എന്നിങ്ങനെ മൂന്ന് കൈവഴികളായി ഒഴുകിയ മലയാളഭാഷയെ കൊള്ളേണ്ടതിനെ കൊണ്ടും തള്ളേണ്ടതിനെ തള്ളിയും വ്യക്തിത്വമുള്ള ഭാഷയാക്കി മാറ്റി.
- മലയാള ലിപി പരിഷ്കരിച്ചു.
- ഭക്തി പ്രസ്ഥാനത്തിലൂടെ ജനങ്ങളെ ഏകീകരിച്ചു.
- വ്യക്തമായ കാവ്യലക്ഷ്യങ്ങളുണ്ടായിരുന്നു.



## പാഠഭാഗത്തിന്റെ ആശയം

പാഠത്തിൽ എഴുത്തച്ഛൻ അവതരിപ്പിക്കുന്ന വസ്തുതകളെ പഠന സൗകര്യത്തിനായി നാലായി തിരിക്കാം. **മനുഷ്യജീവിതത്തിന്റെ ക്ഷണികത, ഭൗതികശരീരത്തേക്കാൾ പ്രധാനം ആത്മാവാണെന്ന ചിന്ത,വിദ്യയുടെ മഹത്വവും പ്രാധാന്യവും,ക്രോധം വെടിയേണ്ടതിന്റെ ആവശ്യകത** എന്നിങ്ങനെ നാല് കാര്യങ്ങളാണ് എഴുത്തച്ഛൻ വായനക്കാർക്കു മുന്നിൽ നിരത്തിവെയ്ക്കുന്നത്. ലക്ഷ്മണ സാന്ത്വനം എന്ന പാഠം ഒരുതരത്തിൽ ഈ നാല് ആശയങ്ങളുടെയും സമർത്ഥമായ വിശദീകരണമാണ്.

### പാഠഭാഗത്ത് എഴുത്തച്ഛൻ നൽകുന്ന തത്ത്വോപദേശങ്ങൾ

- ഭൂമിയിൽ ഒന്നും തന്നെ സ്ഥിരമായി നിൽക്കുന്നില്ല.
- സുഖങ്ങളെല്ലാം ക്ഷണനേരത്തേക്കു മാത്രമുള്ളതാണ്.
- മനുഷ്യന്റെ ജീവിതം പോലെ അവന്റെ ഐശ്വര്യവും യൗവനവും ബന്ധുക്കളോടൊപ്പമുള്ള ഒത്തു ചേരലുമെല്ലാം അൽപകാലത്തേക്കു മാത്രമുള്ളതാണ്.
- ശരീരത്തിൽ അഹങ്കരിക്കുന്നത് ശരിയല്ല. അത് നശിച്ചു പോകുന്നതാണ്.
- പഞ്ചഭൂതങ്ങളാൽ നിർമ്മിതവും മാറ്റങ്ങൾക്കു വിധേയമായതും നശിച്ചു പോകുന്നതുമായ ശരീരത്തിൽ അഹങ്കരിക്കുന്നതിൽ യുക്തിയില്ല.
- അറിവില്ലായിമയാണ് ഞാൻ എന്നത് ശരീരമാണ് എന്നു ചിന്തിക്കാൻ കാരണം.

- ഞാൻ എന്നത് ആത്മാവാണ് എന്ന ചിന്തയുണ്ടാവുന്നത് അറിവിലൂടെയാണ്.
- വിദ്യ നേടാത്തതാണ് ലൗകിക ദുഃഖങ്ങൾക്കു കാരണം
- ലൗകിക ദുഃഖങ്ങളെ ഇല്ലാതാക്കുന്നത് വിദ്യയാണ്.
- മോക്ഷം ആഗ്രഹിക്കുന്നുവെങ്കിൽ ഏകാഗ്രമായ മനസ്സോടെ വിദ്യാഭ്യാസം അനുഷ്ഠിക്കണം
- സർവ്വ ആപത്തുകൾക്കും കാരണമായ ക്രോധം ഉപേക്ഷിക്കണം.
- ധർമത്തെ ഇല്ലാതാക്കുന്നത് ക്രോധമാണ്.

## വരികളുടെ ആശയങ്ങളും വിശദീകരണവും.

**☞ വത്സ! സൗമിത്രേ.......നിർണയമെങ്കിലുമൊന്നിതു കേൾക്ക നീ**

പ്രിയ്യപ്പെട്ടവനേ(വത്സാ എന്ന വാത്സല്യത്തോടെയുള്ള വിളിയോടെയാണ് രാമൻ ലക്ഷ്മണനോട് സംസാരിക്കുന്നത്), അങ്ങേയറ്റം മഹത്ത്വമതിയും വിശുദ്ധയുമായ സുമിത്രാ മാതാവിന്റെ മകനേ,എടുത്തു ചാട്ടവും കോപവും കൂടുതലുള്ള കൗമാര പ്രായത്തോടു കൂടിയവനേ നീ നിന്റെ മത്സര ചിന്ത(ദേഷ്യം) വെടിഞ്ഞ് എന്റെ വാക്കുകൾ കേൾക്കണം.

നിന്റെ ഈ വരവിന്റെ തത്ത്വം അഥവാ യുക്തി എന്താണെന്ന് എനിയ്ക്ക് നീ പറയുന്നതിനു മുമ്പേ മനസ്സിലായി.നിന്റെ മനസ്സിൽ നിറയെ എന്നോടുള്ള ശക്തമായ വാത്സല്യമാണ്.അത്രയും ശക്തമായ വാത്സല്യം എന്നോട് മറ്റാർക്കും തന്നെയില്ല. മാത്രമല്ല നീ വിചാരിച്ചാൽ നടക്കാത്തതൊന്നുമില്ല എന്നത് തീർച്ചയാണ്. എങ്കിലും ഞാൻ പറയുന്നത് നീ കേൾക്കണം.

**☞ ദൃശ്യമായുള്ളൊരു.........യുക്തമതല്ലായ്കിലെന്തതിനാൽ ഫലം.**

ഈ കാണുന്ന രാജ്യം,ദേഹം മുതലായവയും ലോകവും മുഴുവൻ ധാന്യവും ധനവും സത്യമാണെങ്കിൽ മാത്രമേ ഇതെല്ലാം നശിക്കുമ്പോഴുള്ള നിന്റെ പ്രയാസത്തിന് യുക്തിയുള്ളു( എന്നാൽ ഇതെല്ലാം തന്നെ നശിക്കുന്നതാണ്. അതുകൊണ്ടു തന്നെ നശിച്ചു പോകുന്ന ഒന്നിനു മുകളിൽ അത്യാർത്തി കാണിച്ച് അവ വെട്ടിപ്പിടിച്ചതു കൊണ്ടു കാര്യമില്ല)

*ഇത്രയും പറഞ്ഞതിനു ശേഷം മനുഷ്യന്റെ ജീവിതത്തിന് എന്തു സംഭവിക്കുന്നു എന്ന് രാമനിലൂടെ എഴുത്തച്ഛൻ വ്യക്തമാക്കുന്നു.*

**☞ ഭോഗങ്ങളെല്ലാം ക്ഷണപ്രഭാ............ആലോല ചേതസാ ഭോഗങ്ങൾ തേടുന്നു.**

സുഖങ്ങളെല്ലാം മിന്നൽ പിണർ പോലെ സ്ഥിരമല്ലാത്തതാണ്. മിന്നൽപിണർ പോലെ മനുഷ്യന്റെ ആയുസ്സും വളരെ വേഗത്തിൽ നഷ്ടമാകുന്നു.അഥവാ നശിക്കുന്നു.

*ഈ വസ്തുത ചില ഉദാഹരണങ്ങളിലൂടെ തൊട്ടടുത്ത വരികളിലൂടെ വ്യക്തമാക്കുന്നു.*

ചുട്ടുപഴുത്ത ഇരുമ്പിനുമുകളിൽ വീണ വെള്ളത്തുള്ളി വളരെ പെട്ടെന്ന് നശിച്ചു പോകുന്നതു പോലെ ക്ഷണനേരം കൊണ്ട് നശിക്കുന്നതാണ് മനുഷ്യ ജന്മം.

*എന്നാൽ ഇതൊന്നും മനസ്സിലാക്കാതെ മനുഷ്യൻ എന്താണ് ചെയ്യുന്നത് എന്ന് എഴുത്തച്ഛൻ വ്യക്തമാക്കുന്നു.*

പാമ്പിന്റെ വായിൽ അകപ്പെട്ട തവള താൻ പാമ്പിന്റെ വായിൽ അകപ്പെട്ട് മരണത്തിലേക്ക് പോവുകയാണ് എന്ന് ചിന്തിക്കാതെ തന്റെ താൽക്കാലിക സുഖമായ വിശപ്പുമാറ്റൽ മാത്രം ലക്ഷ്യമാക്കി മുന്നിലൂടെ പറന്നുപോകുന്ന പ്രാണിയെ നാവു നീട്ടി പിടിക്കാൻ നോക്കുന്നു. ഇതുപോലെ കാലമാകുന്ന പാമ്പിനാൽ വിഴുങ്ങപ്പെട്ട മനുഷ്യൻ തന്റെ ജീവീതത്തിന്റെ ഓരോ നിമിഷവും ഭൂതകാലത്തിലേക്ക് മാഞ്ഞു പോവുകയാണെന്ന് ചിന്തിക്കാതെ അസ്ഥിരമായ മനസ്സോടെ ഒന്നിലും തൃപ്തി വരാതെ സുഖങ്ങൾ തേടിക്കൊണ്ടിരിക്കുകയാണ്.

*തന്റെ നാശം തിരിച്ചറിയാൻ ശ്രമിക്കാത്ത മനുഷ്യന്റെ അവസ്ഥയാണ് എഴുത്തച്ഛൻവ്യക്തമാക്കുന്നത്.*

| | | | |
|---|---|---|---|
| ഭോഗം | - സുഖം | ക്ഷണപ്രഭ | - മിന്നൽ |
| ചഞ്ചലം | - ഇളകുന്നത്, സ്ഥിരമല്ലാത്തത് | വഹ്നി | - തീ |
| സന്തപ്തം | - ചൂടാക്കിയ | സന്നിഭം | - തുല്യം ,പോലെ |
| ലോഹസ്ഥം | - ലോഹപാത്രത്തിൽ വീണ | അംബു | - ജലം |
| ഭംഗുരം | - നശിക്കുന്നത്. | ചക്ഷുഃശ്രവണൻ | - പാമ്പ് |
| ഗളസ്ഥം | - തൊണ്ടയിൽ എത്തിയ | ദർദുരം | - തവള |
| കാലാഹി | - കാലമാകുന്ന പാമ്പ് | പരിഗ്രസ്തം | - വിഴുങ്ങിയ |

☛ **പുത്രമിത്രാർഥ.........................................സ്വപ്നതുല്യം സഖേ.**

നാം നമ്മുടെ ജീവിതത്തോട് ആർത്തി കാണിച്ചിട്ട് കാര്യമില്ല. മക്കൾ,ബന്ധുക്കൾ, ഭാര്യ തുടങ്ങിയവരുടെ ഒപ്പമുള്ള ജീവിതം അൽപ്പകാലത്തേക്കുമാത്രമുള്ളതാണ്.

*ഈ അൽപ്പകാലത്തെ അടുത്ത വരികളിലൂടെ വിശദമാക്കുന്നു.*

വഴിയാത്രക്കാർ ക്ഷീണം വരുമ്പോൾ വഴിയോരത്തുള്ള വിശ്രമ കേന്ദ്രങ്ങളിൽ ഒത്തുകൂടി ക്ഷീണം മാറി പല വഴികളിലേക്ക് പിരിഞ്ഞുപോകും.അതിനിടയ്ക്കുള്ള ചെറിയൊരു സമയം പോലെയാണ് മനുഷ്യൻ ഭൂമിയിൽ ജീവിക്കുന്നസമയം. നദിയിലൂടെ ഒഴുകി വരുന്ന മരക്കഷ്ണങ്ങൾ നദിയുടെ ഒഴുക്കു കുറയുമ്പോൾ ഒരിടത്ത് അടിഞ്ഞു കൂടുകയും ഒഴുക്കു കൂടുമ്പോൾ പല വഴിക്ക് പിരിഞ്ഞു പോവുകയും ചെയ്യും. ഒഴുക്കു കുറഞ്ഞ് അവ ഒത്തു കൂടിയ ആ ചെറിയ സമയവും സത്രത്തിൽ വഴിയാത്രക്കാർ ഒത്തുകൂടിയ ചെറിയ സമയവും പ്രപഞ്ചത്തിന്റെ സമയത്തിനു മുന്നിൽ എത്രയോ തുച്ഛമാണ്.ഈ ഭൂമിയിലെ നമ്മുടെ കൂടിച്ചേരൽ അത്രയും ചെറിയ സമയത്തേക്കുള്ളതും അസ്ഥിരവുമാണ്. (ഇതെല്ലാം മറന്ന് ഉള്ള ജീവിതം കോപത്താൽ നിറച്ച് പലതും വെട്ടിപ്പിടിച്ച് ആർത്തി പൂണ്ട് നശിപ്പിക്കേണ്ടില്ല എന്നതാണ് ഇതിന്റെ പൊരുൾ)

ഐശ്വര്യം പോലും മനുഷ്യനിൽ സ്ഥിരമായി നിൽക്കുതല്ല.പിന്നെ യൗവ്വനത്തിന്റെ കാര്യം പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ ? യൗവ്വനവും മനുഷ്യനിൽ സ്ഥിരമായി നിൽക്കുന്നതല്ല. സ്വപ്നം പോലെ സുന്ദരമായ ഭാര്യയോടൊപ്പമുള്ള ജീവിതവും മനുഷ്യനെ സംബന്ധിച്ച് അൽപ്പകാ

ലത്തെ ആയുസ്സ് മാത്രമുള്ളതാണ് എന്ന് ലക്ഷ്മണാ നീ മനസ്സിലാക്കുക.സ്നേഹം തുടങ്ങിയ വികാരങ്ങൾ നിറഞ്ഞ ലൗകിക ജീവിതം മൊത്തമായെടുത്ത് ചിന്തിച്ചാൽ സ്വപ്നതുല്യമാണെന്ന് രാമൻ പറയുന്നു.

| | |
|---|---|
| പാന്ഥർ - വഴിയാത്രക്കാർ | താന്തർ - ദുഃഖിതർ |
| വിയോഗം - വേർപാട് | നദ്യാ - നദിയിലൂടെ |

☞ **ദേഹം നിമിത്തം.......................................മഹാമോഹം**

ദേഹത്തെ അടിസ്ഥാനമാക്കി അഹങ്കാരം കാണിക്കുന്ന മനുഷ്യൻ തന്റെ ശരീരത്തെ മുൻനിർത്തി ഈ ശരീരമാണ് വലുതെന്ന് വിചാരിച്ച് അഹങ്കാരത്താൽ ഞാൻ ബ്രാഹ്മണനാണ്, രാജാവാണ്, ശ്രേഷ്ഠനാണ് എന്നെല്ലാം ആവർത്തിച്ചാവർത്തിച്ച് പറയുന്നു.ഇങ്ങനെ പറഞ്ഞു നടക്കുന്നവരുടെയെല്ലാം ശരീരത്തിന് ഒടുക്കം സംഭവിക്കുന്നത് ഒന്നുകിൽ അവരുടെ ശരീരം ജന്തുക്കൾ ഭക്ഷിച്ച് അവയുടെ വിസർജ്ജ്യമായി പോവുകയോ അല്ലെങ്കിൽ ഈ ശരീരം വെന്തു വെണ്ണീറായി പോവുകയോ മണ്ണിൽ കിടന്ന് കൃമിയരിച്ചു പോവുകയോ മോത്രമാണ്. അതുകൊണ്ടു തന്നെ ഇത്തരത്തിൽ പലവിധത്തിൽ നശിക്കാനിടയുള്ള നമ്മുടെ ശരീരത്തെ മുൻനിർത്തിയുള്ള അഹങ്കാരം യുക്തിയുള്ളതല്ല.

☞ **ത്വങ്മാംസരക്താ.......................................ലക്ഷ്മണാ.**

തൊലി,മാംസം,രക്തം,അസ്ഥി,മലം,മൂത്രം,ബീജം ഇവയെല്ലാം കൂടിച്ചേർന്നുള്ള മനുഷ്യ ജീവിതം മണ്ണ്,വെള്ളം,തീ,വായു,ആകാശം തുടങ്ങിയ പഞ്ചഭൂതങ്ങളാൽ നിർമ്മിതമാണ്.മായാമയമായതും എപ്പോഴും മാറ്റങ്ങളുണ്ടായി കൊണ്ടിരിക്കുന്നതുമായ ഈ ശരീരം വികാര പൂർണവും സ്ഥിരമല്ലാത്തതുമാണ്. അത്തരമൊന്നിനു മുകളിൽ വൈകാരികമായി അടിമപ്പെടുന്നതു ശരിയല്ല..

പഞ്ചഭൂതങ്ങൾ- മണ്ണ്,വെള്ളം,വായു,തീ,ആകാശം

ശരീരത്താലുള്ള അഭിമാനം നിമിത്തമുണ്ടായ മോഹത്താൽ ഈ ലോകത്തെ കത്തിച്ചു ചാമ്പലാക്കാൻ നീ നിന്റെ മനസ്സിൽ വിചാരിച്ചത് നിന്റെ അറിവില്ലായ്മ കൊണ്ടാണെന്ന് ലക്ഷ്മണാ നീ മനസ്സിലാക്കണം.

☞ **ദോഷങ്ങളൊക്കെവേ................................ശത്രുക്കളാകുന്നതെന്നുമറിക നീ.**


എല്ലാ ദോഷങ്ങളും സ്വന്തം ദേഹത്തിലുള്ള അഭിമാനത്തിൽ നിന്നുണ്ടാവുന്ന കോപം കാരണമാണ് ഉണ്ടാകുന്നത്. ഞാൻ എന്നത് ശരീരമാണ് എന്ന ബുദ്ധി മനുഷ്യരിൽ ഉണ്ടാക്കുന്നത് ആഗ്രഹങ്ങൾക്കെല്ലാം കാരണമായ വിദ്യയില്ലായ്മയാണ്. യഥാർഥത്തിൽ ഞാൻ എന്നത് ആത്മാവാണെന്ന് നാം തിരിച്ചറിയുന്നത് ആഗ്രഹങ്ങളെയെല്ലാം നശിപ്പിക്കുന്ന അറിവ് നേടുന്നതോടു കൂടിയാണ്. ലൗകിക ജീവിതത്തിലെ എല്ലാ ദുഃഖങ്ങൾക്കും കാരണം വിദ്യയില്ലായ്മയും അതിനെ ഇല്ലാതാക്കുന്നത് നാം നേടുന്ന വിദ്യയുമാണ്. അതിനാൽ നിങ്ങൾ മോക്ഷം ആഗ്രഹിക്കുന്നുവെങ്കിൽ ഏകാഗ്രമായ മനസ്സോടെ വിദ്യ അഭ്യസിക്കണം.

അങ്ങനെ നിങ്ങൾ വിദ്യ,അഭ്യസിച്ചാൽ നിങ്ങളുടെ ചിന്തകൾക്കു മുന്നിൽ കാമം, ക്രോധം,ലോഭം, മോഹം തുടങ്ങിയവയെല്ലാം നിങ്ങളുടെ ശത്രുക്കളായി തീരും. വിദ്യയില്ലെങ്കിൽ ഇതെല്ലാം നിങ്ങളുടെ ജീവിതത്തിന്റെ ഭാഗമായിത്തീരുമെന്നതാണ് ഇതിന്റെ സാരം.

☞ **മുക്തിക്കു വിഘ്നം..............................ബുധജനം**

നമ്മുടെ മോക്ഷത്തിന് തടസ്സം സൃഷ്ടിക്കാൻ കാമം, ക്രോധം, മോഹം, ലോഭം തുടങ്ങിയവയിൽ ഏറ്റവും ശക്തിയുള്ളത് ക്രോധത്തിനാണ്. ക്രോധം അഥവാ ദേഷ്യം കാരണം മനുഷ്യൻ അവന്റെ അച്ഛൻ, അമ്മ, സഹോദരങ്ങൾ , ബന്ധുക്കൾ, ഭാര്യ എന്നിവരെയെല്ലാം കൊന്നുകളയുന്നു. ക്രോധം കാരണം പിന്നീട് മനഃപ്രയാസം മാത്രമാണ് ഉണ്ടാകുക.ക്രോധം മനുഷ്യനെ ലൗകിക ദുഃഖങ്ങളുമായി ബന്ധിപ്പിക്കുന്നു.തീർച്ചയായും ക്രോധമാണ് ധർമ്മത്തെ ക്ഷയിപ്പിക്കുന്നത്. അതുകൊണ്ട് ബുദ്ധിയുള്ള ജനത ക്രോധം ഉപേക്ഷിക്കണം എന്ന് എഴുത്തച്ഛൻ പറയുന്നു.

ഷഡ്ദോഷങ്ങൾ - കാമം,ക്രോധം,ലോഭം,മോഹം,മദം,മത്സരം-ഇവ മോക്ഷത്തിന് തടസ്സമുണ്ടാക്കുന്നവയാണ്.



## ചോദ്യശേഖരം

**1. 'ഭോഗങ്ങളെല്ലാം ക്ഷണപ്രഭാചഞ്ചലം'- അടിവരയിട്ട പദം കൊണ്ട് സൂചിപ്പിക്കപ്പെടുന്നതെന്ത് ?**

മിന്നൽ

**2. ചുട്ടു പഴുത്ത ലോഹത്തിൽ വീണ വെള്ളത്തുള്ളിയോട് എഴുത്തച്ഛൻ സാദൃശ്യപ്പെടുത്തുന്നതെന്ത് ?**

മനുഷ്യജന്മം

**3. ചക്ഷുശ്രവണഗളസ്ഥമാം ദർദുരം - അടിവരയിട്ട പദത്തിന് പകരം വരുന്ന പദം എഴുതുക.**

തവള

**4. സ്വപ്ന തുല്യമെന്ന് എഴുത്തച്ഛൻ വ്യക്തമാക്കുന്നതെന്തെല്ലാം ?**

ഭാര്യയോടൊപ്പമുള്ള ജീവിതവും സ്നേഹം തുടങ്ങിയ വികാരങ്ങളെല്ലാം ഒത്തുചേർന്ന ലൗകിക ജാവിതവും സ്വപ്നം പോലെ ക്ഷണികമാണെന്ന് എഴുത്തച്ഛൻ വ്യക്തമാക്കുന്നു.

**5. പാന്ഥർ പെരുവഴിയമ്പലം തന്നിലെ -പാന്ഥർ എന്ന വാക്കിന്റെ അർത്ഥം**

വഴിയാത്രക്കാർ

**6. നദ്യാമൊഴുകുന്ന കാഷ്ഠങ്ങൾ പോലെയും- ഇവിടെ കാഷ്ഠങ്ങൾ എന്നപദത്തിന്റെ അർത്ഥമെന്ത് ?**

മരം

**7. ലക്ഷ്മണന്റെ ശ്രമം പരാജയമാണെന്ന് രാമൻ വ്യക്തമാക്കുന്നതെന്തുകൊണ്ട് ?**

**സൂചന-**

രാജ്യം,ദേഹം,വിശ്വം,ധാന്യം,ധനം ഇവ നശിച്ചു പോകുന്നവയാണ്.ഇവ സ്ഥിരമായി നിൽക്കുന്നവയല്ല. ഇതുകൊണ്ടു തന്നെയാണ് നശ്വരമായൊരു കാര്യത്തിനുവേണ്ടിയുള്ള പ്രയത്നം വെറുതെയാണെന്ന് രാമൻ ലക്ഷ്മണനോടു പറയുന്നത്.

**8. 'ലക്ഷ്മിയുമസ്ഥിരയല്ലോ മനുഷ്യർക്ക്**
**നില്ക്കുമോ യൗവനവും പുനരധ്രുവം' - അധ്രുവം എന്ന പദം കാവ്യസന്ദർഭത്തിന് നൽകുന്ന അർത്ഥമെന്ത് ?**

അസ്ഥിരം, ചഞ്ചലം

**9. മോഹങ്ങളുടെ മാതാവായി എഴുത്തച്ഛൻ സങ്കൽപിക്കുന്നതെന്തിനെ?**

അവിദ്യയെ

**10. മോക്ഷമാഗ്രഹിക്കുന്നവർ എന്തു ചെയ്യണമെന്നാണ് എഴുത്തച്ഛൻ പറയുന്നത് ?**

ഏകാഗ്രമായ മനസ്സോടെ വിദ്യാഭ്യാസം നേടണം.

**11. മുക്തിയ്ക്ക് തടസ്സമായി നിൽക്കുന്നതെന്ത് ?**

ക്രോധം

**12. 'വത്സ-സൗമിത്രേ കുമാരാ......................................വാക്കുകൾ'**

**ശ്രീരാമൻ ലക്ഷ്മണനെ സംബോധന ചെയ്യാൻ ഉപയോഗിക്കുന്ന പദങ്ങളുടെ സവിശേഷതകൾ വ്യക്തമാക്കുക.**

വാത്സല്യമുള്ളവനേ, കൗമാരപ്രായത്തിലുള്ളവനേ(കൗമാരത്തിന്റെ എടുത്തു ചാട്ടം സൂചിപ്പിക്കാൻ ഇങ്ങനെ വിളിക്കുന്നു)സുമിത്രയുടെ പുത്രാ( സുമിത്രയെപ്പോലെ ബഹുമാന്യയായ ഒരമ്മയുടെ മകൻ) എന്നിങ്ങനെ ലളിതമായ ഭാഷയിലുള്ള സ്നേഹപൂർണമായ സംബോധന ശ്രദ്ധേയമാണ്. മാത്രമല്ല സംബോധനയിലെ മിതത്വം ലക്ഷ്മണനെ സ്വാധീനിക്കാൻ പര്യാപ്തവുമാണ്.

**13. 'വത്സ-സൗമിത്രേ.................................മറ്റാർക്കുമെന്നുള്ളതും.'**

**കോപാന്ധനായ ലക്ഷ്മണനെ സമചിത്തനാക്കുന്നതിന് അങ്ങേയറ്റം മനശാസ്ത്രപരമായ സമീപനമാണ് ശ്രീരാമൻ സ്വീകരിക്കുന്നത്. ഈ പ്രസ്താവനയോട് നിങ്ങൾ യോജി**

**ക്കുന്നുണ്ടോ ? തന്നിരിക്കുന്ന ഭാഗം വിശകലനം ചെയ്ത് സ്വാഭിപ്രായം കുറിക്കുക.**

-മത്സര ബുദ്ധിക്കടിമപ്പെട്ടവനും സമചിത്തതനഷ്ടപ്പെട്ടവനും വൈകാരികമായി പ്രശ്നങ്ങളെ കാണുന്നവനുമാണ് ലക്ഷ്മണൻ. അങ്ങനെയുള്ള ലക്ഷ്മണനെ വത്സ,സൗമിത്രേ,കുമാരാ എന്നിങ്ങനെയാണ് രാമൻ സംബോധനചെയ്യുന്നത്. ഈ വാക്കുകൾ ഏറെ ശ്രദ്ധേയമാണ്. വാത്സല്യമുള്ളവനേ എന്ന വിളി സ്നേഹത്തോടെയുള്ളതാണ്. കൗമാരപ്രായത്തിലുള്ളവനേ എന്നത് കൗമാരത്തിന്റെ എടുത്തു ചാട്ടം സൂചിപ്പിക്കുന്നു. സുമിത്രയുടെ പുത്രാ എന്ന വിളി സുമിത്രയെന്ന ബഹുമാന്യയായ ഒരമ്മയുടെ മകനാണ് താൻ എന്ന ചിന്ത ലക്ഷ്മണനിൽ സൃഷ്ടിക്കും. അതിനാൽ കോപിഷ്ഠനായി വരുന്ന ലക്ഷ്മണനെ ഈ വാക്കുകൾ കീഴടക്കും. മാത്രമല്ല നിന്നോളം എന്നെ സ്നേഹിക്കുന്ന മറ്റൊരാളില്ല എന്ന വാചകം ലക്ഷ്മണനെ സംബന്ധിച്ച് രാമൻ നൽകുന്ന മികച്ച അംഗീകാരമാണ്. തന്നോടുള്ള അനുജന്റെ സ്നേഹമാണ് ഈ കോപത്തിനു കാരണം എന്ന് രാമന് മനസ്സിലാകുന്നുണ്ട്. നീ വിചാരിച്ചാൽ എല്ലാം സാധിക്കും എന്നുകൂടി പറയുമ്പോൾ രാമന്റെ വാക്കുകൾക്കും നൽകുന്ന പരിഗണനയ്ക്കും മുന്നിൽ ലക്ഷ്മണന് കീഴടങ്ങാതിരിക്കാൻ കഴിയില്ല. അതുകൊണ്ട് തന്നെയാണ് ലക്ഷ്മണൻ സംസാരിച്ച് തുടങ്ങുന്നതിന് മുന്നേ രാമൻ തന്റെ വാക്കുകൾ ആരംഭിച്ചത്. അതിലൂടെ ലക്ഷ്മണന്റെ കോപത്തെ തണുപ്പിക്കാം എന്ന് രാമൻ മനസ്സിലാക്കുന്നു. ഇതിലൂടെ രാമന്റെ സംഭാഷണം മനഃശാസ്ത്രപരമാണെന്ന് പറയാം.

**14. 'നിന്നുടെ തത്ത്വമറിഞ്ഞിരിക്കുന്നതു**
**മുന്നമേ ഞാനെടോ' - രാമൻ ലക്ഷ്മണനോട് പറയുന്ന വാക്കുകളിലെ തത്ത്വമെന്തായിരിക്കാം. നിങ്ങളുടെ അഭിപ്രായം സമർത്ഥിക്കുക.**

ദശരഥന്റെ ആവശ്യപ്രകാരം രാജ്യമോഹം ഉപേക്ഷിച്ച് കാട്ടിലേക്ക് പോകാൻ ജ്യേഷ്ഠൻ തയ്യാറായ വാർത്തയറിഞ്ഞ് കുപിതനായെത്തുന്ന ലക്ഷ്മണനെ രാമൻ സാന്ത്വനിപ്പിക്കാൻ ശ്രമിക്കുന്നു.ജ്യേഷ്ഠനായ തനിക്ക് രാജ്യാവകാശം നഷ്ടപ്പെട്ടതിനുള്ള കോപമായിരിക്കാം ലക്ഷ്മണന്റെ പ്രകോപനത്തിന് കാരണം എന്ന് ലക്ഷ്മണന്റെ വരവിൽ നിന്നും രാമൻ മനസ്സിലാക്കുന്നു.രാമലക്ഷ്മണൻമാർ സഹോദരൻമാർ എന്നതിലുപരിയായുള്ള ബന്ധം സൂക്ഷിക്കുന്നതുകൊണ്ട് ലക്ഷ്മണന്റെ മനസ്സറിയാൻ രാമന് വളരെ വേഗം കഴിയും.തനിക്കുവേണ്ടി എന്തും ചെയ്യുവാനുള്ളത്രയും സ്നേഹവാത്സല്യങ്ങൾ ലക്ഷ്മണന് തന്നോടുണ്ടെന്ന് രാമനറിയാം.

അതുമാത്രമല്ല മഹാവിഷ്ണുവിന്റെ അവതാരമാണ് രാമൻ. വിഷ്ണുവിന്റെ മെത്തയായ അനന്തനാണ് ലക്ഷ്മണനായി അവതാരമെടുത്തത്. ഈ യാഥാർത്ഥ്യം അഥവാ തത്ത്വമറിയാം എന്നു കൂടിയാവാം രാമൻ ലക്ഷ്മണനോട് പറയുന്നത്.ലക്ഷ്മണന് അസാധ്യമായിട്ട് ഒന്നും തന്നെയില്ല .അത് ജന്മ വരമാണ്.എന്തു ചിന്തിച്ചാലും അത് നടപ്പിലാക്കാൻ ലക്ഷ്മണന് കഴിയും എന്ന് രാമൻ ഓർമ്മിക്കുന്നു.

**15. 'സത്യമെന്നാകിലേ തൽപ്രയാസം തവ**
**യുക്തമതല്ലാകിലെന്തതിനാൽ ഫലം' - പ്രയാസം യുക്തമല്ല എന്ന് പറയുന്നത് എന്തുകൊണ്ടായിരിക്കാം സ്വാഭിപ്രായം കുറിക്കുക.**

എഴുത്തച്ഛന്റെ അദ്ധ്യാത്മ രാമായണം കിളിപ്പാട്ടിലെ അയോദ്ധ്യാകാണ്ഡത്തിൽ നിന്നുള്ള ഭാഗമാണ് ലക്ഷ്മണ സാന്ത്വനം. തന്റെ ജ്യേഷ്ഠന്റെ രാജ്യാവകാശം നഷ്ടമായതറിഞ്ഞ് കോപിഷ്ഠനായി വരുന്ന ലക്ഷ്മണനെ രാമൻ സ്വാന്ത്വനിപ്പിക്കുന്ന രംഗമാണ് ഈ ഭാഗത്തിൽ ചിത്രീകരിച്ചിരിക്കുന്നത്.

പ്രിയപ്പെട്ടവനായ സുമിത്രാമാതാവിന്റെ പുത്രാ,കുമാരാ എന്നാണ് രാമൻ ലക്ഷ്മണനെ അഭിസംബോധന ചെയ്യുന്നത്.നിന്നുടെ തത്വം ഞാൻ തിരിച്ചറിഞ്ഞിരിക്കുന്നു എന്ന് പറയുന്ന രാമൻ ലക്ഷ്മണനെ ശാന്തനാക്കാൻ ശ്രമിക്കുന്നു.ഈ ലോകത്തിൽ നിന്നോളം എന്നെ സ്നേഹിക്കുന്ന മറ്റൊരാളുമില്ലെന്ന് എനിക്കറിയാം എന്ന വാക്കു തന്നെ ലക്ഷ്മണനെ സ്വാധീനിക്കാൻ കെൽപ്പുള്ളതാണ്. നിന്നുള്ളിൽ എപ്പോഴും എന്നെക്കുറിച്ചുള്ള ചിന്തയും ആകുലതയുമാണെന്നും നീ വിചാരിച്ചാൽ നടക്കാത്തതായിട്ടൊന്നും തന്നെയില്ല എന്നത് എനിക്കറിയാമെന്നും രാമൻ കൂട്ടിച്ചേർക്കുന്നു. ലക്ഷ്മണൻ വിചാരിച്ചാൽ നഷ്ടമായ രാജ്യവകാശം വീണ്ടെടുക്കാൻ സാധിക്കുമെന്നും രാമനറിയാം.എന്നാൽ വാശിയും ദേഷ്യവും വെടിഞ്ഞ് ചില കാര്യങ്ങൾ ലക്ഷ്മണൻ അറിയേണ്ടതുണ്ട്. നാം കാണുന്ന രാജ്യവും ദേഹവും പ്രപഞ്ചവും സർവ്വ ധാന്യങ്ങളും ധനവുമെല്ലാം സ്ഥിരമായി നിൽക്കുന്നതല്ല. നമ്മുടെ ജീവിതമുൾപ്പെടെ സകലതും പരിണാമ വിധേയമാണ്. അതുകൊണ്ട് തന്നെ ഇവയ്ക്കു മുകളിലുള്ള ആസക്തിയും ആഗ്രഹങ്ങളും വ്യർത്ഥമാണ്. ഇവയെല്ലാം സുസ്ഥിരമായി നിൽക്കുമെങ്കിൽ ലക്ഷ്മണന്റെ കോപത്തിന് യുക്തിയുണ്ട്. എന്നാൽ ഇവ ശാശ്വതമല്ലാത്തതിനാൽ ഇത്തരം ചാപല്യങ്ങൾക്ക് അടിസ്ഥാനമില്ല.

**16. 'വഹ്നി സന്തപ്ത ലോഹസ്ഥാംബുഃബിന്ദുനാ**
**സന്നിഭം മർത്ത്യജന്മം ക്ഷണഭംഗുരം'**

**ചമൽക്കാരഭംഗി വ്യക്തമാക്കുക/ ഈ വരികളിലൂടെ എഴുത്തച്ഛൻ ജീവിതത്തിന്റെ നശ്വരത വ്യക്തമാക്കുന്നതെങ്ങനെ / ജീവിതത്തിന്റെ നശ്വരത കാണിക്കാൻ എഴുത്തച്ഛനുപയോഗിച്ച സാദൃശ്യ കൽപ്പനയുടെ ഭംഗി പരിശോധിക്കുക.**

**സൂചന-**

- മനുഷ്യന്റെ നശ്വരത കാണിക്കുന്ന ലളിതമായ ഉപമ
- ചുട്ടുപഴുത്ത ഇരുമ്പിനുമുകളിൽ വീഴുന്ന ജലത്തുള്ളിപോലെ വളരെ വേഗത്തിൽ നശിച്ചു പോകുന്ന ഒന്നാണ് മനുഷ്യജീവിതം.
- മനുഷ്യായുസ്സിന്റെ ക്ഷണികതയെ സൂചിപ്പിക്കാൻ ജലത്തുള്ളിയുടെ നാശത്തിനോട് സാദൃശ്യപ്പെടുത്തി അവതരിപ്പിക്കുന്നതിലൂടെ കാവ്യത്തിന് മനോഹാരിതലഭിക്കുന്നു.

**17. 'ചക്ഷുശ്രവണഗളസ്ഥമാം ദർദുരം......................മാലോലചേതസാഭോഗങ്ങൾ തേടുന്നു.'**
**കാലാഹി എന്ന പ്രയോഗത്തിന്റെ ഔചിത്യം വ്യക്തമാക്കുക.**

ജീവിതത്തിന്റെ നശ്വരത സൂചിപ്പിക്കുവാൻ എഴുത്തച്ഛൻ ഉപയോഗിച്ച ശ്രദ്ധേയമായ വരികളിലൊന്നാണിത്.ഇവിടെ കാലത്തെ പാമ്പിനോടും മനുഷ്യനെ തവളയോടും ഉപമിച്ചുകൊണ്ട് വളരെ ലളിതമായി കാര്യങ്ങൾ വ്യക്തമാക്കുന്നു.പകുതിഭാഗവും പാമ്പിന്റെ വായിൽ അകപ്പെട്ട്

മുന്നിൽ പറന്നുപോകുന്ന ഈച്ചയെ തിന്നാൻ കൊതിയോടെ നാവ് പുറത്തേക്കു നീട്ടിനിൽക്കുന്ന തവളയെപ്പോലെയാണ് മനുഷ്യൻ.തവള പാമ്പിന്റെ വായിൽ അകപ്പെട്ടതുപോലെ കാലമാകുന്ന പാമ്പിന്റെ വായിൽ അകപ്പെട്ട മനുഷ്യൻ മരണത്തെപ്പറ്റിയോ ജീവിതത്തിലെ നശ്വരതയെക്കുറിച്ചോ ഓർക്കാതെ ലൗകിക സുഖങ്ങളിൽ ലയിക്കുകയാണ്.കാലമാകുന്ന പാമ്പ് എന്ന പ്രയോഗം ശ്രദ്ധേയമാണ്.കാലം നമ്മുടെ ജീവിതത്തിന്റെ ഓരോ നിമിഷത്തെയും പാമ്പിനെപ്പോലെ വിഴുങ്ങിക്കൊണ്ടിരിക്കുന്നു.നമ്മുടെ ആയുസ്സ് കുറഞ്ഞു വരികയാണ്. ഇത് ചിന്തിക്കാതെ അമിതാസക്തിയിലും ആഗ്രഹങ്ങളിലും മുഴുകി മനസ്സിന് ശാന്തതയില്ലാതെ,സ്വസ്ഥതയില്ലാതെ മനുഷ്യൻ മരണപ്പെടുന്നു.ജനനത്തിനും മരണത്തിനുമിടക്കുള്ള ജീവിതം ആസ്വദിക്കാൻ മനുഷ്യന് ആകുന്നില്ല.ഓരോ മനുഷ്യനും തന്റെ ജീവിതം നശ്വരമാണെന്നറിയാമെങ്കിലും മരണമെത്തും വരെ ലൗകിക സുഖത്തിൽ ലയിച്ച് പരക്കം പായുന്ന അർഥശൂന്യമായ അവസ്ഥയെ കവിയിവിടെ സൂചിപ്പിക്കുന്നു.

**18. ആലോലചേതസാ ഭോഗങ്ങൾ തേടുന്നതാര് ?**

കാലമാകുന്ന പാമ്പിന്റെ വായിലകപ്പെട്ട് ജീവിതത്തിന്റെ നശ്വരത മനസ്സിലാക്കാതെ ചഞ്ചലമായ മനസ്സോടെ ഒന്നിലും തൃപ്തി വരാതെ സുഖങ്ങൾ തേടിക്കൊണ്ടിരിക്കുന്ന മനുഷ്യൻ.

**19. പാന്ഥർ പെരുവഴിയമ്പലം തന്നിലെ**
**താന്തരായി കൂടി വിയോഗം വരുമ്പോലെ**
**നദ്യാമൊഴുകുന്ന കാഷ്ഠങ്ങൾ പോലെയു**
**മെത്രയും ചഞ്ചലമാലയസംഗമം. - വരികൾ വ്യാഖ്യാനിക്കുക. അല്ലെങ്കിൽ**
**പാന്ഥർ പെരുവഴിയ..................ആലയസംഗമം-ചമൽക്കാരഭംഗി പരിശോധിക്കുക.**
**അല്ലെങ്കിൽ**
**ആലയസംഗമത്തിന്റെ പ്രത്യേകതകൾ വ്യക്തമാക്കാൻ എഴുത്തച്ഛൻ കണ്ടെത്തിയ ഉപമകൾ ഏവ ?അവ എത്രമാത്രം ആസ്വാദ്യകരമാണ് ?**

ഏറെ തത്വചിന്തകൾ നിറഞ്ഞ കൃതിയാണ് എഴുത്തച്ഛന്റെ അധ്യാത്മരാമായണം കിളിപ്പാട്ട്. അതിൽ കവി പ്രയോഗിച്ച മനോഹരമായ ഉപമകളിലൊന്നാണ് ഈ വരികൾ. വഴിയാത്രക്കാർ യാത്ര ചെയ്ത് ക്ഷീണിക്കുമ്പോൾ വിശ്രമിക്കുന്ന ഇടങ്ങളാണ് വഴിയമ്പലം.ഇവിടെ നിന്നും അനുഭവങ്ങളും സൗഹൃദങ്ങളും പങ്ക് വെച്ച് ക്ഷീണമകറ്റി പിരിഞ്ഞുപോകുന്ന യാത്രക്കാരെപ്പോലെ നമ്മളും പലവഴിക്ക് പിരിഞ്ഞുപോകുന്നു. ബന്ധുക്കളും സുഹൃത്തുക്കളും ഭാര്യയും മാതാപിതാക്കളുമെല്ലാം ഒരുമിച്ച് ചേർന്നുണ്ടാവുന്ന ജീവിതം സന്തോഷം നൽകുന്നതാണെങ്കിലും വഴിയാത്രക്കാർ പിരിഞ്ഞു പോവുന്നതുപോലെ നമ്മെളെല്ലാം പലവഴിക്ക് അകന്നുപോവും.നദിയിലൂടെ ഒഴുകിവരുന്ന മരക്കഷ്ണങ്ങൾ ഒഴുക്കിനനുസരിച്ച് വേഗത കൂടിയും കുറഞ്ഞും ഒരേ നിരപ്പിൽ ഒത്തുചേർന്നുവെന്നു വരാം. എന്നാൽ വീണ്ടും ഒഴുക്കുകൂടിയോ പാറയിൽ തട്ടിയോ ചുഴിയിൽ പെട്ടോ ഇവ പലഭാഗങ്ങളിലേക്ക് അകന്നുപോവും.ഇങ്ങനെ വഴിയാത്രക്കാർ സത്രത്തിലൊത്തുചേരുന്ന ചെറിയ നിമിഷം പോലെയോ പുഴയിൽ മരക്കഷ്ണങ്ങൾ ഒത്തു ചേരുന്ന ചെറിയ സമ

യം പോലെയോ ഇത്തിരി നേരം മാത്രമാണ് ഈ ഭൂമിയിലെ മനുഷ്യന്റെ വാസമെന്ന് രാമൻ ലക്ഷ്മണനെ ബോധ്യപ്പെടുത്തുന്നു.

**20. ജീവിതത്തിന്റെ നശ്വരത ബോധ്യപ്പെടുത്തുന്നതിന് ശ്രീരാമൻ എന്തെല്ലാം കാര്യങ്ങളാണ് ലക്ഷ്മണനോട് പറഞ്ഞത് ? കണ്ടെത്തിയെഴുതുക.**

**അല്ലെങ്കിൽ**

**ജീവിതത്തിന്റെ നശ്വരത ബോധ്യപ്പെടുത്താൻ ശ്രീരാമൻ ലക്ഷ്മണന് നൽകുന്ന ഉപദേശങ്ങൾ എന്തെല്ലാം?**

ശ്രീരാമൻ ജീവിതത്തിന്റെ നശ്വരതയെ സൂചിപ്പിക്കുന്ന അമൂല്യമായ ഉപദേശങ്ങൾ ലക്ഷ്മണന് നൽകുന്നു.മനുഷ്യ ജീവിതം എല്ലാ കാലത്തും ഒരുപോലെ നിൽക്കുന്നതല്ല.മറിച്ച് അവ പല കാലത്തും പല അവസ്ഥകളിലൂടെ തെന്നിനീങ്ങുന്നതാണ്.ഇന്നത്തെ മനുഷ്യർ ആഡംബര പ്രിയരാണ്. പാമ്പിന്റെ വായിൽ അകപ്പെട്ട തവള താൻ മരണത്തിലേക്ക് നീങ്ങുകയാണെന്നറിഞ്ഞിട്ടും മരണത്തോട് മല്ലടിച്ചുകൊണ്ട് തന്റെ സുഖഭോഗങ്ങൾ മാത്രം ചിന്തിച്ച് മുന്നിലൂടെ പറക്കുന്ന പ്രാണിയെ ഭക്ഷിക്കാനൊരുങ്ങുന്നതു പോലെയാണ് മനുഷ്യന്റേയും സ്ഥിതി.അവർ കാലമാകുന്ന പാമ്പിന്റെ വായിൽ അകപ്പെട്ടവരാണെന്ന് ചിന്തിക്കാതെ സുഖഭോഗങ്ങൾ തേടിനടക്കുന്നു. തീയിൽ ചുട്ടുപഴുത്ത ലോഹത്തിനുമുകളിൽ വീഴുന്ന ജലത്തുള്ളി പെട്ടെന്നു മാഞ്ഞുപോകുന്നതുപോലെയാണ് ഓരോ മനുഷ്യന്റെയും ജീവിതം. അത് ഏതുനിമിഷം വേണമെങ്കിലും നഷ്ടമാകും. പ്രപഞ്ചത്തിന്റെ സമയത്തിന് മുന്നിൽ നമ്മുടെ ജീവിത ദൈർഘ്യം എത്രയോ ചെറുതാണ്.ആഗ്രഹങ്ങൾ നിറഞ്ഞ് അഹന്ത കാണിച്ച് നടക്കുന്ന മനുഷ്യൻ അവസാനം കൃമിയരിച്ച് മണ്ണായിത്തീരുന്നു.

**21. 'നന്നല്ല ദേഹം നിമിത്തം മഹാമോഹം' എന്ന് ലക്ഷ്മണനെ ബോധ്യപ്പെടുത്താൻ രാമൻ പറഞ്ഞ വസ്തുതകൾ എന്തെല്ലാം.**

**സൂചന-**

1 ഞാൻ ബ്രാഹ്മണനാണ്,രാജാവാണ്,ആഢ്യനാണ് എന്നു കരുതുമ്പോഴേക്കും മരണം മനുഷ്യനെ കീഴ്പ്പെടുത്തും.

2 മനുഷ്യ ശരീരം കൃമികളരിച്ചുപോകാം. അതെല്ലെങ്കിൽ കത്തിത്തീർന്ന് വെണ്ണീറായും ജന്തുക്കൾ ഭക്ഷിച്ച് കാഷ്ഠിച്ചും നശിച്ചുപോകുന്നു. .അതുകൊണ്ട് തന്നെ ശരീരത്തിന്റെ പേരിൽ അഹങ്കരിക്കുന്നതിലും അഭിമാനിക്കുന്നതിലും യുക്തിയില്ല.

**22. 'ജന്തുക്കൾ ഭക്ഷിച്ചു കാഷ്ഠിച്ചു പോകിലാം**
**വെന്തുവെണ്ണീറായ് ചമഞ്ഞുപോയീടിലാം.' ഇതിലെ ഭാഷാപരമായ പ്രത്യേകതകൾ എന്തെല്ലാം.**

ഈ വരികളിലെ ആദ്യരണ്ട് വാക്കുകളിലേയും രണ്ടാമത്തെ അക്ഷരം ആവർത്തിച്ചുവരു

ന്നതിനാൽ ദ്വിതീയാക്ഷരപ്രാസവും അവസാനത്തെ വാക്കിലെ അക്ഷരങ്ങൾ രണ്ട് വരികളിലും ആവർത്തിച്ചു വരുന്നതിനാൽ അന്ത്യാക്ഷരപ്രാസവുമുണ്ട്.

**23. 'സംസാരകാരിണിയായതവിദ്യയും**
**സംസാരനാശിനിയായതു വിദ്യയും' ഇതിലെ ഭാഷാപരമായ പ്രത്യേകതകളെഴുതുക.**

ഇതിലെ രണ്ട് വരികളിലെയും ആദ്യത്തെ പദങ്ങൾ ആവർത്തിച്ചു വരുന്നതിനാൽ ആദ്യാക്ഷരപ്രാസവും ദ്വിതീയാക്ഷര പ്രാസവും ഉണ്ട്. കൂടാതെ അവസാനത്തെ വാക്കുകൾ അവിദ്യയെന്നും, വിദ്യ എന്നും വരുന്നതിനാൽ വാക്കുകൾ അർത്ഥ വ്യത്യാസമുണ്ടെങ്കിലും ചൊല്ലുമ്പോൾ താളഭംഗി ലഭിക്കുന്നു.

**24. 'ദേഹോഹമെന്നുള്ള ബുദ്ധി മനുഷ്യർക്കു**
**......................................**
**സംസാര നാശിനിയായതു വിദ്യയും' -അറിവിന്റെ പ്രാധാന്യത്തെക്കുറിച്ച് ഈ വരികളിലൂടെ വ്യക്തമാകുന്ന വസ്തുതകളെന്താവാം?സൂചനകളായി കുറിക്കുക.**

**അല്ലെങ്കിൽ**

**'ദേഹോഹമെന്നുള്ള......നാശിനിയായതു വിദ്യയും'-വിദ്യയുടെ പ്രാധാന്യം വ്യക്തമാക്കാൻ കാവ്യത്തിൽ പ്രയോഗിച്ച വരികളുടെ യുക്തി പരിശോധിക്കുക.**

സൂചന-

- ജീവിതത്തിലെ എല്ലാ അധർമ്മങ്ങൾക്കും കാരണം അറിവില്ലായ്മയാണ് അല്ലെങ്കിൽ അജ്ഞതയാണ്.
- അറിവു നേടുന്നതോടുകൂടി മനുഷ്യൻ അധർമ്മങ്ങളിൽ നിന്ന് രക്ഷ നേടും.
- സ്വന്തം ശരീരത്തിൽ അഹങ്കരിക്കുന്ന മനുഷ്യൻ വിവേകം നഷ്ടപ്പെട്ട് അധർമ്മങ്ങളിലേക്കും നാശത്തിലേക്കും കുതിക്കുന്നു.ഞാൻ എന്നത് തന്റെ ശരീരമാണ് എന്ന് കരുതിയാണ് സ്വന്തം ശരീരത്തിൽ ഇവർ അഹങ്കരിക്കുന്നത്. ഇതിനുകാരണം എല്ലാ ആഗ്രഹങ്ങളുടേയും അത്യാഗ്രഹങ്ങളുടേയും സൃഷ്ടി കർത്താവായ അറിവില്ലായ്മയാണ്.
- ഞാൻ എന്നത് യഥാർത്ഥത്തിൽ ആത്മാവാണ്. വിദ്യ നേടുന്നതോടുകൂടിയാണ് ഈ സത്യം നാം തിരിച്ചറിയേണ്ടത്.ലൗകിക ജീവിതത്തിലെഎല്ലാ ദുഃഖങ്ങൾക്കും കാരണം അവിദ്യയാണ്.
- വിദ്യ നേടുന്നതോടുകൂടി ലൗകിക ജീവിതത്തിലെ എല്ലാ ദുഃഖങ്ങളും ഇല്ലാതായിത്തീരുന്നു.അതുകൊണ്ട് ഏകാഗ്രമായ മനസ്സോടുകൂടി വിദ്യഅഭ്യസിച്ചാൽ മോക്ഷം ലഭിക്കുമെന്നാണ് എഴുത്തച്ഛൻ പറയുന്നത്.

**25. എഴുത്തച്ഛന്റെ ഭാഷാ ശൈലി പാഠഭാഗത്തെ അടിസ്ഥാനമാക്കി വിശദമാക്കുക.**

1. ഭാവ ഗൗരവത്തിനായി ദീർഘമായ സമസ്ത പദങ്ങൾ ഉപയോഗിക്കുന്നു.

- വഹ്നിസന്തപ്തലോഹസ്ഥാംബുബിന്ദു, ചക്ഷു ശ്രവണഗളസ്ഥമാം ദർദുരം

- പുത്രമിത്രാർഥകളത്രാദിസംഗമം, ത്വങ്മാംസരക്താസ്ഥിവിൺമൂത്രരേതസ്
- കാമക്രോധലോഭമോഹാദികൾ, മാതാപിതൃഭ്രാതൃമിത്രസഖികൾ

2. വിഭക്തി പ്രത്യയങ്ങളോടു കൂടിയ സംസ്കൃത പദങ്ങൾ ഉപയോഗിക്കുന്നു.

- ബിന്ദുനാ,കാലാഹിനാ,ചേതസാ,രോഷേണ,നദ്യാം,ദേഹാഭിമാനിനാം,ബ്രാഹ്മണോഹം, രേതസാം

3. ശ്രോതാവിനെ സംബോധന ചെയ്യുന്ന ക്രിയാപദങ്ങൾ ആവർത്തിക്കുന്നു.

- നീ കേൾക്കണം, കേൾക്ക നീ, ഓർക്ക നീ, അറികെടോ, നിരൂപിക്ക ലക്ഷ്മണാ,അറിക നീ,കേൾ

4. ഈരടികളിലെ രണ്ടാമത്തെ വർണം സമാനമാണ്.

- വത്സ - മത്സര, നിന്നുടെ - മുന്നമെ, പാന്ഥർ - താന്തർ

**26. സാദൃശ്യകൽപ്പനകൾ കൊണ്ട് സമൃദ്ധമാണ് ലക്ഷ്മണ സാന്ത്വനം എന്ന പാഠഭാഗം- പാഠത്തിന്റെ അടിസ്ഥാനത്തിൽ അഭിപ്രായം വിലയിരുത്തുക.**

ലക്ഷ്മണസാന്ത്വനം എന്ന പാഠത്തിൽ എഴുത്തച്ഛൻ തന്റെ ആശയങ്ങളെ മറ്റുപലതിനോടും സാദൃശ്യപ്പെടുത്തിക്കൊണ്ട് സവിശേഷമായ അർത്ഥത്തിലേക്ക് അത്തരം ആശയങ്ങളെ കൊണ്ടു പോകുന്നതായി കാണാം.ലൗകിക ജീവിതത്തിന്റെ സുഖത്തിൽ ലയിച്ചിരിക്കുന്ന മനുഷ്യന്റെ സുഖങ്ങൾ മിന്നൽപ്പിണർ പോലെ ചെറിയൊരു സമയത്തേക്കു മാത്രമാണെന്നാണ് എഴുത്തച്ഛൻ പറയുന്നത്.ഇങ്ങനെ സ്ഥിരമായി നിൽക്കാത്ത മനുഷ്യന്റെ നശ്വരതയെ നമുക്കു മുന്നിൽ വ്യക്തമാക്കാൻ ചുട്ടു പഴുത്ത ഇരുമ്പിനു മുകളിൽ വീണ വെള്ളത്തുള്ളിയോട് മനുഷ്യ ജീവിതത്തെ സമ്യപ്പെടുത്തിയിരിക്കുന്നു.ഭൗതിക സുഖങ്ങൾക്കു വേണ്ടി ആർത്തി പിടിച്ചു നടക്കുന്ന മനുഷ്യൻ എഴുത്തച്ഛന്റെ കാഴ്ചപ്പാടിൽ പാമ്പിന്റെ വായിലകപ്പെട്ടിട്ടും മുന്നിലൂടെ പോകുന്ന പ്രാണിയെ പിടിക്കാൻ നാവു നീട്ടുന്ന തവളയെപ്പോലെയാണ്.പലവഴിക്കായി പിരിഞ്ഞു പോകുന്ന മനുഷ്യരുടെ ശാശ്വതമല്ലാത്ത ഒത്തു ചേരലിനെ പുഴയിലൂടെ ഒഴുകി പോകുന്ന മരത്തിന്റെ അവസ്ഥയോടും ക്ഷീണമകറ്റി പലവഴിക്കായി പിരിഞ്ഞു പോകുന്ന വഴിയാത്രക്കാരുടെ ജീവിതാവസ്ഥയോടും സാദൃശ്യപ്പെടുത്തിയത് ശ്രദ്ധേയമാണ്. ഇത്തരം സാദൃശ്യപ്പെടുത്തലുകൾ എഴുത്തച്ഛൻ പറയാൻ ശ്രമിക്കുന്ന കാര്യങ്ങളെ വളരെ വ്യക്തതയോടെ നമുക്ക് മനസ്സിലാക്കിത്തരുന്നു.

**27. 'ജന്തുക്കൾ ഭക്ഷിച്ചു.........നിമിത്തം മഹാമോഹം.'– ദേഹത്തെ പ്രതിയുള്ളമോഹം നന്നല്ല എന്ന് പറഞ്ഞിരിക്കുന്നതിന്റെ ഔചിത്യം പരിശോധിക്കുക.**

വിവിധതരത്തിൽ നാശത്തിന് വിധേയമായതാണ് ജീവജാലങ്ങളുടെയെല്ലാം ശരീരം. എത്ര വലിയവനാണെന്നു പറഞ്ഞാലും അവരുടെയെല്ലാം ജീവിതത്തിന്റെ അവസാനം ഒരു പോലെയാണ്.മനുഷ്യനെ സംബന്ധിച്ച് അവൻ ശ്രദ്ധയോടെ പരിപാലിച്ചു കൊണ്ടു നടക്കുന്ന ശരീരം ജന്തുക്കൾക്ക് ഭക്ഷണമായോ കത്തിനശിച്ച് വെണ്ണീറായെ മണ്ണിനു കീഴിൽ കൃമികളരിച്ചോ നശിച്ചു പോകുന്നു. അത്തരത്തിൽ നശിച്ചു പോകുന്ന ഒന്നിനുവേണ്ടി കലഹിച്ച് ജീവിതം മുന്നോട്ടു കൊണ്ടു പോകുന്നതിൽ യുക്തിയില്ല എന്നാണ് രാമൻ ലക്ഷ്മണനോടു പറയുന്നത്. രാമന്റെ ഈ വാക്കുകൾ നമുക്കുവേണ്ടിയുള്ള എഴുത്തച്ഛന്റെ ഉപദേശമാണ്.

**28. അവിദ്യ എന്തിനെല്ലാം കാരണമാണെന്നാണ് എഴുത്തച്ഛൻ വ്യക്തമാക്കുന്നത് ?**

മനുഷ്യൻ വിവേകം നഷ്ടപ്പെട്ട് നശിച്ചു പോകുന്നതിന് പ്രധാന കാരണമായി എഴുത്തച്ഛൻ കാണുന്നത് വിദ്യാഭ്യാസമില്ലായ്മയാണ്. ജീവിതത്തെക്കുറിച്ചും അതിന്റെ ക്ഷണികതയെക്കുറിച്ചും മനസ്സിലാക്കിയാൽ മനുഷ്യന് അത്യാഗ്രഹങ്ങൾ ഉണ്ടാവില്ല. ഈ തിരിച്ചറിവിന് മനുഷ്യനു വേണ്ടത് വിദ്യയാണ്.അറിവില്ലായ്മ കൊണ്ടാണ് ഒന്നിലും തൃപ്തി വരാതെ മനുഷ്യൻ അത്യാഗ്രഹങ്ങൾക്ക് അടിമപ്പെടുന്നത്. ലൗകിക ജീവിതത്തിലെ സർവ്വദുഃഖങ്ങൾക്കും കാരണം ഭൗതിക ശരീരത്തിനു നൽകുന്ന അമിത പ്രാധാന്യമാണ്. ശരീരത്താൽ അഹങ്കരിക്കുന്ന മനുഷ്യൻ നാശത്തിലേക്കു കുതിക്കുന്നു. മനുഷ്യന്റെ ഈ അഹങ്കാരത്തിനുള്ള കാരണം അവിദ്യയാണ്.

**29. അറിവിന് മനുഷ്യ ജീവിതത്തിലുള്ള പ്രാധാന്യമായി എഴുത്തച്ഛൻ അവതരിപ്പിക്കുന്ന ആശയങ്ങൾ എന്തെല്ലാം ?**

മനുഷ്യ ജീവിതത്തിലെ അനാവശ്യ ചിന്തകളെയും ക്രോധത്തെയും അത്യാഗ്രഹത്തെയും നശിപ്പിക്കുന്നത് വിദ്യയാണ്. നാം അറിവ് നേടി വിവേകശാലിയായി മാറുന്നതോടെ ലൗകിക ജീവിതത്തിൽ അനുഭവിക്കുന്ന ദുഃഖങ്ങളെയെല്ലാം തരണം ചെയ്യാൻ നമുക്ക് കഴിയുന്നു. മാത്രമല്ല സ്വന്തം ശരീരത്തിൽ അഹങ്കരിച്ച് അധർമത്തിലേക്കും മത്സരത്തിലേക്കും കുതിക്കുന്ന മനുഷ്യനിൽ തന്റെ ശരീരമല്ല വലുതെന്നും ആത്മാവാണ് യഥാർത്ഥമായതെന്നും ആത്മാവിനെ സംശുദ്ധമാക്കാനുള്ള പ്രവർത്തനങ്ങളാണ് നടത്തേണ്ടതെന്നുമുള്ള ചിന്തയുണ്ടാക്കാൻ വിദ്യക്കു കഴിയും.

**30. ഗഹനമായ ആശയത്തെ ഉദാഹരണങ്ങളിലൂടെ ലളിതമാക്കുക എന്നതാണ് എഴുത്തച്ഛന്റെ രീതി.- താഴെ കൊടുത്ത ഉദാഹരണങ്ങളിലൂടെ സമർത്ഥിക്കുക.**

**ചുട്ടുപഴുത്ത ലോഹത്തകിടിൽ പതിച്ച ജലബിന്ദുപോലെയാണ് മനുഷ്യജീവിതം**

**പാമ്പിന്റെ വായിൽ അകപ്പെട്ട തവള ഭക്ഷണത്തിന് അപേക്ഷിക്കുന്നതു പോലെ മനുഷ്യർ സുഖങ്ങൾ തേടിയലയുന്നു.**

എഴുത്തച്ഛൻ തനിയ്ക്കുപറയാനുള്ളതെല്ലാം ഗഹനമായരീതിയിൽ പറഞ്ഞു പോവുകയല്ല ചെയ്യുന്നത്. ഏത് സാധാരണക്കാർക്കും താൻ അവതരിപ്പിക്കുന്ന തത്വചിന്തകൾ ഉൾക്കൊള്ളാൻ കഴിയണമെന്ന് അദ്ദേഹം ആഗ്രഹിക്കുന്നുണ്ട്. അതുകൊണ്ട് തന്നെ തന്റെ ചിന്തകളുടെ അവതരണത്തെ ലളിതമാക്കാൻ ആശയങ്ങളുടെ വിശദീകരണത്തിന് ജീവിത പരിസരത്തു നിന്നു തന്നെ ഉദാഹരണങ്ങൾ കണ്ടെത്താൻ എഴുത്തച്ഛൻ ശ്രമിക്കുന്നു.ചുട്ടുപഴുത്ത ഇരുമ്പിനു മുകളിൽ വീഴുന്ന ജലത്തുള്ളിയുടെ അവസ്ഥയ്ക്കു സമാനമായി മനുഷ്യ ജീവിതത്തിന്റെ നശ്വരതയെ കാണിച്ചുതരുമ്പോൾ അത് കൂടുതൽ വ്യക്തവും സുദൃഢവുമാകുന്നു.മാത്രമല്ല മനുഷ്യൻ തന്റെ ആയുസ്സിന്റെ വലുപ്പം പോലും തിരിച്ചറിയാതെ അത്യാർത്തിയോടെ ജീവിച്ച് കാലത്തിന്റെ പിടിയിൽ അമർന്നു പോകുന്നതിന്റെ ഏറ്റവും നല്ല വിശദീകരണം തന്നെയാണ് പാമ്പിന്റെ

ലകപ്പെട്ടിട്ടും ഭക്ഷണത്തിനു വേണ്ടി നാവു നീട്ടുന്ന തവളയിലൂടെ എഴുത്തച്ഛൻ നൽകിയിരിക്കുന്നത്.

**31. ക്രോധം എന്തിനെല്ലാം കാരണമാണ് ?/**


**ക്രോധം വരുത്തിവെക്കുന്ന വിനകൾ എന്തെല്ലാം ?/ ബുധജനം ക്രോധം പരിത്യജിക്കേണം എന്ന് പറയുന്നതെന്തുകൊണ്ട് ?**

കാമക്രോധലോഭമോഹാദികളാണ് മനുഷ്യനെ സംബന്ധിച്ച് ഏറ്റവും വലിയ ശത്രുക്കൾ ഇതിൽ ഏറ്റവും വിനാശകാരിയായിട്ടുള്ളത് ക്രോധമാണ്.നമ്മുടെ വിവേകം തന്നെ ഇല്ലാതാക്കി മോക്ഷപ്രാപ്തിക്ക് തടസ്സമായി നിൽക്കുന്നതാണ് ക്രോധം . മനസ്സിൽ ദേഷ്യം നിറഞ്ഞാൽ മാതാപിതാക്കളേയും സഹോദരങ്ങളേയും ബന്ധുമിത്രാദികളേയും വധിക്കുവാൻ മനുഷ്യന് ഒരു മടിയുമുണ്ടാവില്ല.തീവ്രമായ ദുഃഖത്തിലേക്ക് മനുഷ്യനെ കൊണ്ടുപോവാൻ മനസ്സിൽ ദേഷ്യം നിറഞ്ഞാൽ മാത്രം മതി. മനുഷ്യനെ ലൗകിക ദുഃഖങ്ങളിൽ തളച്ചിടുന്ന കോപം ധർമ്മത്തെ ഇല്ലാതാക്കുന്നു. അതുകൊണ്ട് ബുധജനം ക്രോധം ഉപേക്ഷിക്കണം എന്നാണ് കവി പറയുന്നത്.

**ഘടകപദങ്ങളാക്കുക**


| | | |
|---|---|---|
| വാത്സല്യപൂരം | - | വാത്സല്യത്തിന്റെ പൂരം |
| രാജ്യദേഹാദി | - | രാജ്യം, ദേഹം, ആദിയായവ |
| ക്ഷണപ്രഭാചഞ്ചലം | - | ക്ഷണപ്രഭപോലെ ചഞ്ചലം |
| മർത്ത്യജന്മം | - | മർത്ത്യന്റെ ജന്മം |
| ആലയ സംഗമം | - | ആലയത്തിലെ സംഗമം |
| സ്വപ്ന സമാനം | - | സ്വപ്നത്തിന് സമാനം |
| പഞ്ചഭൂതകനിർമ്മിതം | - | പഞ്ചഭൂതത്താൽ നിർമ്മിതം |
| ദേഹാഭിമാനം | - | ദേഹത്താലുള്ള അഭിമാനം |
| കാമക്രോധലോഭമോഹങ്ങൾ | - | കാമവും,ക്രോധവും,ലോഭവും, മോഹവും |
| മാതാപിതൃഭ്രാതൃമിത്രസഖികൾ | - | മാതാവും പിതാവും ഭ്രാതാവും മിത്രവും സഖികളും |
| ധർമ്മക്ഷയകരം | - | ധർമ്മത്തിന് ക്ഷയകരം |
| ത്വങ്മാംസരക്താസ്ഥി | - | ത്വക്കും മാംസവും രക്തവും അസ്ഥിയും |
| കാലാഹി | - | കാലമാകുന്ന അഹി |

# 2 ഋതുയോഗം



☞ **ഇന്ത്യൻ ഷേക്സ്പിയർ** എന്നു വിശേഷിപ്പിക്കപ്പെടുന്ന വിശ്വമഹാകവിയാണ് കാളിദാസൻ.രഘുവംശം, കുമാരസംഭവം,മേഘസന്ദേശം,ഋതുസംഹാരം,മാളവികാഗ്നിമിത്രം,വിക്രമോർവശീയം,അഭിജ്ഞാനശാകുന്തളം എന്നിവയാണ് കാളിദാസകൃതികൾ

☞ മഹാഭാരതം സഭാപർവത്തിലെ 68 മുതൽ 74 വരെയുള്ള 7 അധ്യായങ്ങളിലെ 326 പദ്യങ്ങളിലായി വ്യാപിച്ചു നിൽക്കുന്ന കഥയാണ് ശാകുന്തളം കഥ. ഈ കഥയെ അടിസ്ഥാനമാക്കി കാളിദാസൻ രചിച്ച 7 അങ്കങ്ങളുള്ള നാടകമാണ് **അഭിജ്ഞാനശാകുന്തളം**. ഈ നാടകത്തിന് എ.ആർ.രാജരാജവർമ **മലയാളശാകുന്തളം** എന്ന പേരിൽ നൽകിയ വിവർത്തനത്തിലെ ഏഴാമങ്കത്തിൽ നിന്നെടുത്തതാണ് പാഠഭാഗം.



☞ ദുർവ്വാസാവിന്റെ ശാപം നിമിത്തം കൂടിച്ചേരാൻ കഴിയാതെ പോയ ദുഷ്ഷന്തനും ശകുന്തളയും കശ്യപാശ്രമത്തിൽ വെച്ച് കണ്ടുമുട്ടുന്നതും ഒന്നിക്കുന്നതുമായ സംഭവവികാസങ്ങളാണ് പാഠഭാഗത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

☞ യുദ്ധത്തിൽ ഇന്ദ്രനെ സഹായിച്ച് മടങ്ങിവരുന്ന ദുഷ്ഷന്തൻ ദേവേന്ദ്രന്റെ തേരാളിയായ മാതലിയുടെ നിർദ്ദേശ പ്രകാരം കശ്യപാശ്രമത്തിൽ എത്തിച്ചേരുന്നു.

☞ അവിടെയെത്തുമ്പോൾ ദുഷ്ഷന്തൻ കാണുന്നത് സിംഹക്കുട്ടിയെ പിടിച്ചു വലിച്ചുകൊണ്ടു വന്ന് അതിന്റെ പല്ലെണ്ണുന്ന കുട്ടിയെയാണ്.ഇത് ദുഷ്ഷന്തനെ അത്ഭുതപ്പെടുത്തുന്നു.


☞ കുട്ടിയുടെ കയ്യിൽ കെട്ടിയിരുന്ന രക്ഷ വീണു കിടക്കുന്നതു കണ്ട് അത് എടുത്ത് അവന്റെ കയ്യിൽ കെട്ടിക്കൊടുത്തു. ഇത് അവിടെയുള്ളവരെ അത്ഭുതപ്പെടുത്തുകയും അവർ ഈ വിവരം ശകുന്തളയെ അറിയിക്കുകയും ചെയ്യുന്നു. (കുട്ടിയുടെ അമ്മയ്ക്കോ അച്ഛനോ, കുട്ടിക്കു തന്നയോ അല്ലാതെ ആർക്കും വീണു പോയ രക്ഷയെടുത്ത് കെട്ടാനാവില്ല. അല്ലാത്തവർ അതെടുത്താൽ രക്ഷ പാമ്പായി മാറുകയും എടുത്തവനെ കടിക്കുകയും ചെയ്യും.)

☞ വിവരമറിഞ്ഞ് ശകുന്തള വരുകയും ദുഷ്ഷന്തനും ശകുന്തളയും തമ്മിൽ കണ്ടുമുട്ടുകയും പരസ്പരം തിരിച്ചറിയുകയും താൻ ചെയ്ത അപരാധം പൊറുക്കുവാൻ ദുഷ്ഷന്തൻ ശകുന്തളയോടു ആവശ്യപ്പെടുകയും ചെയ്യുന്നു.

☞ ദുഷ്ഷന്തനും, ശകുന്തളയും സർവദമനും മാരീചനെയും അദിതിയെയും കാണാൻ പോവുകയും അവരിൽ നിന്ന് അനുഗ്രഹം വാങ്ങുകയും ചെയ്തു.

# പാഠഭാഗത്തിലെ കഥാപാത്രങ്ങൾ

1. ദുഷ്ഷന്തൻ – പുരുവംശത്തിൽ ജനിച്ചു.ഹസ്തിനപുരിയിലെ രാജാവ്.
2. ശകുന്തള – വിശ്വാമിത്രന് അപ്സരസ്സായ മേനകയിൽ ജനിച്ച മകൾ. കണ്വന്റെ വളർത്തു മകൾ.
3. മാതലി – ദേവേന്ദ്രന്റെ സാരഥി
4. മാരീചൻ – കശ്യപൻ. മരീചിയുടെ പുത്രൻ എന്ന അർത്ഥത്തിൽ മാരീചൻ എന്നും അറിയപ്പെടുന്നു. ദേവേന്ദ്രന്റെ പിതാവായ മഹർഷി. ഹേമകൂടത്തിൽ താമസിക്കുന്നു.ഭർത്താവ് ഉപേക്ഷിച്ച ശകുന്തളയെ മേനക കൊണ്ടുചെന്നാക്കിയത് മാരീചാശ്രമത്തിലാണ്.
5. അദിതി – ദേവമാതാവ്. കശ്യപപത്നി. ദക്ഷന്റെ പുത്രിയായ ദാക്ഷായണി തന്നെയാണ് അദിതി.
6. സർവദമനൻ – ശകുന്തളയുടെയും ദുഷ്ഷന്തന്റെയും മകൻ (ഭരതൻ എന്നാണ് യഥാർഥപേര്)



## കാവ്യഭാഗങ്ങളുടെ ആശയം



കാവ്യ ഭാഗങ്ങളും അവയുടെ ആശയവും താഴെ നൽകിയിരിക്കുന്നു. ഉദ്ധരണിയിൽ കൊടുത്തിരിക്കുന്നതാണ് കാവ്യത്തിന്റെ ആശയം. അതിന് താഴെ കൊടുത്തിരിക്കുന്നത് ആശയം കൂടുതൽ മനസ്സിലാക്കുവാനുള്ള വിശദീകരണമാണ്.ഒപ്പം ഈ ഭാഗം മനസ്സിലായോ എന്ന് പരിശോധിക്കാനുള്ള ചോദ്യങ്ങളും കൊടുത്തിരിക്കുന്നു.കാവ്യ ഭാഗം വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരം കിട്ടുന്നുണ്ടോ എന്ന് പരിശോധിക്കണം. ഉത്തരം കിട്ടിയില്ലെങ്കിൽ കാവ്യഭാഗം ഒരിക്കൽ കൂടി വായിച്ച് ആശയം മനസ്സിൽ ഉറപ്പിക്കുക.

1 ''മുലപാതി കുടിച്ചു................. സിംഹബാലനെ.''

**''മുലകുടിച്ചുകൊണ്ട് നിൽക്കുന്ന സിംഹക്കുട്ടിയുടെ കഴുത്തിലെ രോമങ്ങൾ പിടിച്ചുലച്ച് കളിക്കാനായി ശക്തിയോടെ വലിച്ചുകൊണ്ടു പോവുകയാണ്''** –സർവദമനൻ

ഗളരോമങ്ങൾ – കഴുത്തിലെ രോമങ്ങൾ

ദേവാസുരയുദ്ധം കഴിഞ്ഞ് മടങ്ങിവരുന്ന സമയത്ത് ദുഷ്ഷന്തൻ മാരീചാശ്രമത്തിൽ വച്ച് സർവദമനനെ കാണുന്നതാണ് സന്ദർഭം.എന്നാൽ ആശ്രമത്തിലെ ശാന്തമായ അന്തരീക്ഷത്തിന് യോജിക്കാത്ത രീതിയിലുള്ള കാര്യങ്ങളാണ് ദുഷ്ഷന്തൻ അവിടെ കാണുന്നത്.ഒരു കുട്ടി ഭയമൊട്ടുമില്ലാതെ സിംഹക്കുട്ടിയെ അതിന്റെ കഴുത്തിലെ രോമങ്ങൾ പിടിച്ച് വലിച്ചിഴച്ച് കൊണ്ട് പോകുന്നത് ദുഷ്ഷന്തനെ അത്ഭുതപ്പെടുത്തുന്നു.കുട്ടിയ്ക്ക് കീഴടങ്ങി നിൽക്കുന്ന സിംഹക്കുട്ടിയും ആശ്രമബാലനും തമ്മിലുള്ള ബന്ധം രാജാവിന് അവിശ്വസനീയമാണ്. രാജാവായ ദുഷ്ഷന്തനെ സംബന്ധിച്ച് സിംഹം കാട്ടിലെ ക്രൂരമൃഗമാണ്.നായാട്ടിന് പോകുമ്പോൾ തന്റെ കരുത്ത് തെളിയിക്കാൻ ധീരതയോടെ കീഴടക്കേണ്ട മൃഗമാണത്. എന്നാൽ ആശ്രമവാസിയായ സർവദമനന് അത് തന്റെ സഹജീവിയാണ്.

<u>ഈ ഭാഗം മനസ്സിലാക്കാനുള്ള ചോദ്യം</u>

*1. ഇവിടെ തെളിയുന്ന സർവദമന്റെ പ്രത്യേകതകൾ?*

2.''എരിയാൻ വിറകിന്നു .............. പെരിയോർക്കുള്ളൊരു വീരബാലനെ''

**''ഏതോ മഹാപുരുഷന്റെ പുത്രനായ ഈ ബാലനെ എരിയുന്നതിനുവേണ്ടി വിറകു കാത്തുകിടക്കുന്ന തീപ്പൊരിക്ക് സമമായി ഞാൻ വിചാരിക്കുന്നു.''**

ഹവ്യവാഹൻ - അഗ്നി                    നിനയ്ക്കുക - വിചാരിക്കുക

സർവദമനനെ കണ്ട ദുഷ്ഷന്തന്റെ മനസ്സിലുണ്ടാവുന്ന ചിന്തയാണിത്. ഈ കുട്ടിയിൽ എന്തോ ഒരു മഹത്വം ഒളിഞ്ഞിരിക്കുന്നതായി ദുഷ്ഷന്തന് തോന്നുന്നു. ഒരു തീപ്പൊരിമതി എല്ലാം കത്തിച്ച് പടർന്നു പിടിക്കാൻ. അങ്ങനെ മഹാ അഗ്നിജ്വാലയായി മാറാനുള്ള കരുത്ത് തീപ്പൊരിക്കുള്ളതു പോലെ വലിയൊരു തേജസ്സ് ഈ കുട്ടിയിലും ഉണ്ടാവാമെന്ന് ദുഷ്ഷന്തൻ ചിന്തിക്കുന്നു.

ഈ ഭാഗം മനസ്സിലാക്കാനുള്ള ചോദ്യങ്ങൾ

*1. തേജസ്സിയായി വളരാനുള്ള ലക്ഷണങ്ങൾ കുട്ടിയിലുണ്ട് എന്ന് രാജാവിന് തോന്നുന്നതായി അവതരിപ്പിച്ചതെങ്ങനെ.*

*2. കുട്ടിയെ എന്തിനോടാണ് സാദൃശ്യപ്പെടുത്തിയിരിക്കുന്നത്.*

3.“ കളിക്കോപ്പേൽക്കാനായ് ......... ......... വിടരുമൊരു തണ്ടാർ മലരുപോൽ”

**“കളിപ്പാട്ടം കിട്ടുവാനായി കൗതുകത്തോടെ നീട്ടിയ കൈയിലെ വിരലുകൾ വിളക്കിച്ചേർത്താലെന്നപോലെ ഞെരുങ്ങിത്തൊട്ടു നിൽക്കുന്നു.വിരലുകളിടതൂർന്ന കൈകൾ നല്ലപോലെ ചുവപ്പ് നിറമുള്ള പ്രഭാതത്തിൽ ഇതളുകൾ തെളിയാതെ വിടർന്നുവരുന്ന (പൂർണമായും വിരിയാത്ത) താമരപ്പൂ പോലെ വിളങ്ങുന്നു.”**

സർവദമൻ കൈമലർത്തി കാണിച്ചപ്പോൾ, കൈ കണ്ട് ദുഷ്ഷന്തന് തോന്നിയ കാര്യങ്ങളാണിത്.

| | | | |
|---|---|---|---|
| കുതുകമോടെ | - താൽപര്യത്തോടെ. | രാഗം | - ചുവപ്പ് |
| ഭൃശം | - നല്ലപോലെ | ഉഷസ്സ് | - പ്രഭാതം |
| തണ്ടാർമലർ | - താമരപ്പൂവ് | | |

ഈ ഭാഗം മനസ്സിലാക്കാനുള്ള ചോദ്യങ്ങൾ

*1. കുട്ടിയുടെ കൈവിരൽ എങ്ങനെയാണുള്ളത് ?*

*2. കുട്ടിയുടെ കൈവിരൽ കണ്ട് രാജാവ് ചിന്തിക്കുന്നതെന്ത് ?*

*3. കുട്ടിയുടെ ബാല്യത്തെ സൂചിപ്പിക്കാൻ ഇവിടെ സൂചിപ്പിച്ച പദം ?*

4. “പല്ലിൻമൊട്ടുകൾ ഹേതുവെന്നിയേ ...........................ധന്യം ജനം.”

**“ഒരു കാരണവുമില്ലാതെ നിഷ്കളങ്കമായി പൂമൊട്ടുപോലെയുള്ള കുഞ്ഞിപ്പല്ലുകൾ കാട്ടി ചിരിച്ചും തെളിഞ്ഞ മനസ്സോടെ രസിച്ചും അവ്യക്തവും മധുരവുമായ വാക്കുകൾ പറഞ്ഞും കുട്ടികൾ കളിക്കുന്നു**(ഈ കാഴ്ചകൾ മാതാപിതാക്കൾക്ക് ആനന്ദപ്രദമാണ്) **തങ്ങളുടെ മടിയിലിരുന്ന് കൊഞ്ചിക്കുഴയുന്ന കുഞ്ഞുങ്ങളുടെ ശരീരത്തിൽ പറ്റിയിരിക്കുന്ന പൊടി സ്വന്തം ശരീരത്തിലേൽക്കുന്നത് പോലും മാതാപിതാക്കൾ സുകൃതമായി കരുതുന്നു.”**

| | | | |
|---|---|---|---|
| വചസ്സ് | - വാക്ക് | അങ്കം | - മടിത്തട്ട് |
| കുതുകം | - സന്തോഷം | പങ്കം | - ചേറ് |
| അമരുക | - ഇരിക്കുക | സുകൃതം | - നല്ല കർമ്മം |

ലൗകികജീവിതത്തിലെ സുന്ദരമായ നിമിഷങ്ങളിലൊന്നാണിത്.കുട്ടികളുടെ കൊഞ്ചിക്കുഴഞ്ഞുള്ള കളികളാണ് കാളിദാസൻ ഇവിടെ ചിത്രീകരിച്ചിരിക്കുന്നത്. ഇത് അനുഭവിക്കാനുള്ള ഭാഗ്യം തനിയ്ക്കുണ്ടാവുന്നില്ല എന്ന ദുഃഖമാണ് ദുഷ്ഷന്തന്. പല്ലിൻ മൊട്ടുകൾ എന്ന പ്രയോഗം സവിശേഷതയർഹിക്കുന്നു.

ഈ ഭാഗം മനസ്സിലാക്കാനുള്ള ചോദ്യങ്ങൾ

*1. കുട്ടിയുടെ പല്ലിനെ എന്തിനോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നു ?*

*2. സുകൃതം ചെയ്ത ജന്മം ധന്യമായി തീരുന്നതെങ്ങനെ ?*

5. ‘‘തെറികാട്ടിയാശ്ര............................ദോഷമുളവാക്കിവയ്ക്കൊലാ.’’

**‘‘ചെറുപാമ്പ് ചന്ദനമരത്തിൽ ചുറ്റിപ്പിണഞ്ഞ് കയറും പോലെ കുസൃതികാണിച്ചുകൊണ്ട് നീ ആശ്രമത്തിന് ചേരാത്ത പ്രവൃത്തി ചെയ്യരുത്. പരിശുദ്ധവും പവിത്രവുമായ, ഗുണത്താൽ സൗമ്യമായ നിന്റെ ജന്മത്തിന് ഒരിക്കലും ദോഷമുണ്ടാക്കിവെക്കരുത്.’’**

വൃത്തി - പ്രവൃത്തി

കുട്ടി മഹർഷി പുത്രനാണ് എന്നു കരുതിയാണ് ദുഷ്ഷന്തൻ അങ്ങനെ പറഞ്ഞത്.ദയയാണ് ആശ്രമ വാസികളുടെ പൊതുസ്വഭാവം.ഇതിനു വിരുദ്ധമായ ചാപല്യങ്ങളാണ് സർവദമനൻ കാണിക്കുന്നത്.(സിംഹത്തിന്റെ പല്ല് എണ്ണുന്നത്).ഇത് ക്ഷത്രിയൻമാരെ സംബന്ധിച്ച് ഉചിതമാണ്.എന്നാൽ ആശ്രമബാലന് ഇത്തരം പ്രവൃത്തികൾ പാടില്ല എന്നാണ് പറയുന്നത്. കുട്ടി ക്ഷത്രിയനാണ് എന്നത് രാജാവിനറിയില്ല. അതിവിശുദ്ധവും സൗമ്യവുമായ സാത്വിക ഗുണങ്ങൾ നിറഞ്ഞ ആശ്രമജീവിതത്തെ ചന്ദനമരത്തോടും സർവദമനനെ ചെറുപാമ്പിനോടും സാദൃശ്യപ്പെടുത്തിയത് ശ്രദ്ധേയമായിരിക്കുന്നു.

ഈ ഭാഗം മനസ്സിലാക്കാനുള്ള ചോദ്യങ്ങൾ

*1. കുട്ടിയെയും ആശ്രമത്തെയും എന്തിനോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നത് ?*

*2. ആശ്രമവാസികളുടെ ജന്മം എങ്ങനെയുള്ളതാണ് ?*

6. ‘‘ഗോത്രാദിയൊന്നുമറിയാതെ.................. പുണരുന്നൊരു പുണ്യവാന്ന്’’

**‘‘ഏത് വംശത്തിൽ പെട്ടവനാണ് ഈ കുട്ടിയെന്നറിയാതെ ഇവന്റെ ശരീരത്തിൽ തൊട്ടപ്പോൾ എനിക്ക് ഇത്രമാത്രം സുഖം തോന്നുന്നുവെങ്കിൽ പുത്രനാണെന്ന ചിന്തയോടെ ഇവനെ പുണരുന്ന പിതാവ് അനുഭവിക്കുന്ന നിർവൃതി എത്രത്തോളമായിരിക്കും.’’**

കുട്ടിയുടെ കുസൃതിയും വീരത്വവും നിഷ്കളങ്കതയും പ്രസരിപ്പും ദുഷ്ഷന്തനെ വല്ലാതെ ആകർഷിച്ചു. അതിനാൽ തന്നെ സർവദമന്റെ പിതാവായിരിയ്ക്കുന്നത് അത്രയേറെ പുണ്യമാണെന്ന് ദുഷ്ഷന്തൻ കരുതുന്നു.സർവദമൻ തന്റെ പുത്രനായിരുന്നെങ്കിൽ എന്ന ദുഷ്ഷന്തന്റെ ചിന്ത ഇവിടെ തെളിഞ്ഞു കാണാം.

7. ‘‘ധരണീഭരണത്തിനായി ....................
പുരുവംശോദ്ഭവരേകപത്നിയോടേ’’

**‘‘രാജ്യഭരണത്തിനായി മുമ്പ് കൊട്ടാരങ്ങളിൽ വസിച്ചതിനുശേഷം പുരുവംശത്തിൽ പിറന്നവർ ഏകപത്നീസമേതം വൃക്ഷച്ചുവടുകളിൽ ആശ്രമം തീർത്ത് വസിക്കാറുണ്ട്. അഥവാ വനവാസം അനുഷ്ഠിക്കാറുണ്ട്.’’**

| | |
|---|---|
| ധരണി | - ഭൂമി |
| മുന്നം | - പണ്ട് |
| സൗധം | - കൊട്ടാരം |
| പുരുസൗധം | - പുരുവംശ രാജാക്കൻമാരുടെ കൊട്ടാരം |
| തരുമൂലഗൃഹസ്ഥർ | - വൃക്ഷത്തിന്റെ ചുവട് ഗൃഹമായി സ്വീകരിച്ചവർ (സന്ന്യാസിമാർ) |

(വാനപ്രസ്ഥത്തെക്കുറിച്ചാണ് ഇവിടെ സൂചിപ്പിക്കുന്നത്. നന്നായി രാജ്യഭരണം നടത്തിയതിനു ശേഷം പുരുവംശ രാജാക്കൻമാർ സന്ന്യാസം സ്വീകരിച്ച് വനത്തിൽ എവിടെയെങ്കിലും കുടിൽ കെട്ടിജീവിക്കാറുണ്ട്.സുഖ സമൃദ്ധമായ ജീവിതത്തിൽ നിന്ന് ലളിതമായ ജീവിതത്തിലേക്കുള്ള കടന്നു പോക്കാണ് ഇത്. പുരുവംശ രാജാക്കൻമാരുടെ അന്ത്യമായ കുലവ്രതമിതാണ്.)

ഈ ഭാഗം മനസ്സിലാക്കാനുള്ള ചോദ്യങ്ങൾ

*1. തരുമൂല ഗൃഹസ്ഥരായ് ചരിക്കുക എന്നാൽ എന്ത് ?*

*വൃക്ഷത്തിന്റെ ചുവട് ഗൃഹമായി സ്വീകരിച്ച് ജീവിക്കുക.ഇങ്ങനെ ജീവിക്കുക സന്ന്യാസിമാരാണ്.*

*2.പുരുവംശ രാജാക്കൻമാരുടെ അന്ത്യമായ കുലവ്രതമെന്ത് ?*

*നന്നായി രാജ്യഭരണം നടത്തിയതിനു ശേഷം പുരുവംശ രാജാക്കൻമാർ വനത്തിൽ എവിടെയെങ്കിലും കുടിൽ കെട്ടി സന്യാസം സ്വീകരിച്ച് ജീവിക്കാറുണ്ട്.ഇതിനെയാണ് വാനപ്രസ്ഥം എന്ന് പറയുന്നത്.ഇതാണ് അന്ത്യമായ കുലവ്രതം*

8. ''മലിനം വസനദ്വയം; ................... ഖലനാമെന്റെ വിയോഗദീക്ഷ സാധ്വി.''

വിരഹിണിയായ ശകുന്തളയെ ദുഷ്ഷന്തൻ കാണുന്നതാണ് സന്ദർഭം.

**''അവൾ ധരിച്ചിരിക്കുന്ന ഇരു വസ്ത്രങ്ങളും അഴുക്ക് പുരണ്ടവയാണ്. വ്രതത്താൽ ഏറെ മെലിഞ്ഞിരിക്കുന്നു.മുടി ഒറ്റക്കെട്ടായി ജഡപിടിച്ചിരിക്കുന്നു. ദുഷ്ടനായ തന്റെ ദീർഘകാലമായുള്ള വേർപാടു കൊണ്ട് ശകുന്തള അനുഷ്ഠിക്കുന്ന വിയോഗ വ്രതം കഠിനം തന്നെ.''**

വസനം - വസ്ത്രം ദ്വയം - രണ്ട് കുഴൽ - മുടി

ഖലൻ - ദുഷ്ടൻ വിയോഗ ദീക്ഷ - വിയോഗ വ്രതം

സാധ്വി - പതിവ്രത

ഒരു കറ്റയായി - ഒന്നായി മെടഞ്ഞിട്ടിരിക്കുന്നത്

ശകുന്തളയുടെ മനോവിശുദ്ധി മനസ്സിലാക്കിയ ദുഷ്ഷന്തന്റെ ആത്മവിമർശനമാണ് ഈ ഭാഗത്ത് പ്രകടമാകുന്നത്.ഭർതൃ വിയോഗത്താൽ ഭാര്യമാർ അനുഷ്ഠിക്കുന്ന വ്രതമാണ് ശകുന്തള എടുത്തിരിക്കുന്നത്. തലമുടി വിടർത്തി കെട്ടാതെയും ഒരു തരത്തിലുമുള്ള അലങ്കാരങ്ങൾ അണിയാതെയും എടുക്കുന്ന കഠിന വ്രതമാണിത്. ഇത് എത്ര ദിവസം വരെ നീണ്ടു പോകും എന്ന് പറയാനാവില്ല.

ഈ ഭാഗം മനസ്സിലാക്കാനുള്ള ചോദ്യങ്ങൾ

*1.വിരഹിണിയായ ശകുന്തളയെ കവി അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ ?*

ഭർതൃ വിയോഗത്താൽ ഭാര്യമാർ അനുഷ്ഠിക്കുന്ന വ്രതമാണ് ശകുന്തള എടുത്തിരിക്കുന്നത്. തലമുടി വിടർത്തി കെട്ടാതെയും ഒരു തരത്തിലുമുള്ള അലങ്കാരങ്ങൾ അണിയാതെയും ദുഃഖിതയായിരിക്കുകയാണ് ശകുന്തള.

*2.ദുഷ്ഷന്തൻ സ്വയം തന്നെ വിശേഷിപ്പിക്കുന്നതെന്ത് ?*

ഉത്തരം:ദുഷ്ടൻ

9. ''മോഹമകന്നുതെളിഞ്ഞേൻ, .....................ചേർന്നു ഭാഗ്യവശാൽ''

**''മനോഹരമായ ശരീരത്തോടു കൂടിയവളേ(സുന്ദരിയായവളേ), മനസ്സിനെ ബാധിച്ച ഭ്രമം അകന്ന് എന്റെ ഓർമ തെളിഞ്ഞിരിക്കുന്നു. മോഹാന്ധകാരമകന്ന എന്റെ മുന്നിൽ നീ വന്നു നിൽക്കുന്നു. ഗ്രഹണം കഴിഞ്ഞപ്പോൾ ചന്ദ്രൻ രോഹിണിയുമായി ചേർന്നതു പോലെ മറവിയിൽ നിന്ന് മുക്തനായ എന്റെ മുന്നിൽ ഭാഗ്യവശാൽ നീ വന്നു നിൽക്കുന്നു.''**

മോഹം - അജ്ഞാനം,ഒരു തരം ഭ്രമം

മോഹാന്ധകാരം - മറവിയാകുന്ന ഇരുട്ട്

ചന്ദ്രന്റെ ഭാര്യയാണ് രോഹിണി.രാഹുരോഹിണിയെ മറച്ചാൽ ചന്ദ്രനു രോഹിണിയെക്കാണാൻ സാധിക്കുകയില്ല. ഗ്രഹണം തീരുമ്പോൾ രോഹിണീസാമീപ്യം കൈവരുകയും ചെയ്യും. അതുപോലെ ശാപശക്തി കൊണ്ട് ശകുന്തളയെ മറന്നുപോയ ദുഷ്ഷന്തന് ശാപമകന്ന് ബുദ്ധി തെളിഞ്ഞപ്പോൾ ശകുന്തളയെ തിരിച്ചറിയാൻ കഴിഞ്ഞുവെന്നാണ് വരികളുടെ സാരം.

ഈ ഭാഗം മനസ്സിലാക്കാനുള്ള ചോദ്യങ്ങൾ

*1. ശകുന്തളയെ ദുഷ്ഷന്തൻ കണ്ടുമുട്ടിയതിനെ എന്തിനോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നു ?*

*2. ദുർവ്വാസാവിന്റെ ശാപം ബാധിച്ച തന്നെ രാജാവ് എന്തിനോടാണ് സാദൃശ്യപ്പെടുത്തിയിരിക്കുന്നത് ?*

*3.മോഹമകന്നു എന്ന് ദുഷ്ഷന്തൻ പറയുന്നതിലെ സൂചനയെന്ത് ?*

*(ദുർവാസാവിന്റെ ശാപഫലമായുണ്ടായ മറവി)*

10. ''ഇന്നിജ്ജയ പ്രാർഥന ......................... കാൺകയാലേ''

**''വിജയിക്കട്ടെ എന്ന ഈ പ്രാർത്ഥന ഇന്ന് ഇടയ്ക്കുവച്ച് ഗദ്ഗദത്താൽ പൂർണമാകാഞ്ഞിട്ടും അത് എന്നിൽ ഫലിച്ചിരിക്കുന്നു.മുറുക്കി ചുവന്നതിന്റെ(താംബൂലരാഗം) അടയാളം കലരാത്ത ശകുന്തളയുടെ തൊണ്ടിപ്പഴം പോലെയുള്ള അധരങ്ങൾ കണ്ടത് അതിന് തെളിവാണ്.''**

താംബൂലരാഗം - വെറ്റിലമുറുക്കിന്റെ ചുവപ്പ്.

ബിംബാധരം - മേൽച്ചുണ്ടും കീഴ്ച്ചുണ്ടും

വിരഹദുഃഖം അനുഭവിക്കുന്ന സ്ത്രീകൾ വെറ്റിലമുറുക്കാറില്ല. ശകുന്തളയെ കണ്ടപ്പോൾ ചുണ്ടുകളിൽ മുറുക്കിയതിന്റെ അടയാളം കാണാത്തതിനാൽ അവൾ ദീർഘകാലമായി വേർപാടിന്റെ ദുഃഖം അനുഭവിച്ചിരുന്നുവെന്ന് രാജാവിന് മനസ്സിലായി. ഇക്കാലമത്രയും അവൾ തന്നെ സ്നേഹിച്ചിരുന്നുവെന്ന് അറിഞ്ഞപ്പോഴുണ്ടാവുന്ന ദുഷ്ഷന്തന്റെ സന്തോഷമാണ് ശ്ലോകത്തിൽ തെളിയുന്നത്.

ഈ ഭാഗം മനസ്സിലാക്കാനുള്ള ചോദ്യം

*1. ജയ പ്രാർത്ഥന പകുതി മുറിഞ്ഞിട്ടും ഫലിച്ചു എന്ന് കരുതിയത് എന്തു കൊണ്ട്*

11. ''തെല്ലും ഞാൻ തള്ളിയെന്നുള്ളൊരു ..........................പാമ്പിതെന്നോതിയന്ധൻ''

**''ഞാൻ നിന്നെ ഉപേക്ഷിച്ചുവെന്ന പരിഭവം അല്പം പോലും നീ മനസ്സിൽ വെക്കരുത്. ആ നാളുകളിൽ എന്റെ മനസ്സ് വല്ലാത്തൊരു അഴുക്ക് (ദുർവാസാവിന്റെ ശാപം) ബാധിച്ച് നിശ്ചലമായിരുന്നു. മനസ്സിൽ കളങ്കം ബാധിച്ചവർ നന്മ വരുമ്പോഴും ഇതുപോലെ തന്നെയാണല്ലോ പെരുമാറുന്നത്. തലയിലിട്ടുകൊടുത്ത പൂമാലയെയും കാഴ്ചയില്ലാത്തവൻ പാമ്പെന്ന് പേടിച്ച് കുടഞ്ഞുകളയും.''**

തെല്ലും - അല്പവും വല്ലഭ - പത്നി മലിനത - അഴുക്ക്

കല്യാണം - മംഗളം കലുഷമതി - കലങ്ങിയ ബുദ്ധി

ശകുന്തളയുടെ മനസ്സിന്റെ നന്മ തിരിച്ചറിയാൻ തന്റെ മനസ്സിന്റെ മാലിന്യം കൊണ്ട് കഴിഞ്ഞിരുന്നില്ലെന്ന കുറ്റസമ്മതമാണ് ദുഷ്ഷന്തൻ നടത്തുന്നത്.

ഈ ഭാഗം മനസ്സിലാക്കാനുള്ള ചോദ്യങ്ങൾ

*1. എന്റെ മനസ്സ് മലിനതയേറ്റ് മന്ദീഭവിച്ചിരുന്നു- മലിനതയെന്ത് ?*

*2. ശകുന്തളയെ ഉപേക്ഷിക്കാൻ കാരണമായ തന്റെ മാനസികാവസ്ഥയെ എന്തിനോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നു ?*

*3. അന്ധൻ എന്ന് സ്വയം വിശേഷിപ്പിച്ചത് എന്തു കൊണ്ട് ?*

12. ''സമ്മോഹത്താലവശനതുനാളേതു............. ദയിതേ! ചെറ്റു ഞാനാറ്റിടട്ടേ''

**''ബുദ്ധി ഭ്രമത്താൽ മനസ്സിൽ ഇരുട്ടു ബാധിച്ച ഞാൻ അന്ന് നിന്റെ കണ്ണുനീർ തുള്ളികളായി ചുണ്ടുകളിൽ വീഴുന്നത് കണ്ടുനിന്നു.എന്നാൽ ഇന്ന് ആ കണ്ണുനീർ ചുളിവുവീണ നിന്റെ ഇമയ്ക്കുള്ളിൽ നിന്നും തുടച്ചിട്ട് എന്റെ പത്നീ ഞാൻ എന്റെ സങ്കടം പൂർണമായും തണുപ്പിക്കട്ടെ.''**

സമ്മോഹം - ബുദ്ധി ഭ്രമം, അജ്ഞാനം അന്തസ്താപം - മനസ്സിലെ ദുഃഖം

ചെറ്റ് - അല്പം സുമുഖി - സുന്ദരി ദയിത - ഭാര്യ,പത്നി

ശകുന്തള പണ്ട് ദുഷ്ഷന്തന്റെ കൊട്ടാരത്തിൽ വെച്ച് വീഴ്ത്തിയ ചുടുകണ്ണീരാണ് താനിപ്പോൾ തുടയ്ക്കുന്നത്.കൊട്ടാരത്തിൽവച്ച് പരിത്യജിച്ചപ്പോൾ ശകുന്തള പൊഴിച്ച കണ്ണീർ തുടയ്ക്കാൻ ദുഷ്ഷന്തന് സാധിച്ചിരുന്നില്ല.ശകുന്തള കരയുന്നത് ഒരു അനുകമ്പയുമില്ലാതെ നോക്കി നിന്നു. അന്ന് മനസ്സിലെ അജ്ഞതകൊണ്ട് അവളുടെ അധരങ്ങളിൽ പതിച്ച ചുടുകണ്ണീർ തുടയ്ക്കാൻ ദുഷ്ഷന്തന് കഴിഞ്ഞില്ല. അതിന്റെ പ്രായശ്ചിത്തമാണ് താനിപ്പോൾ ചെയ്യുന്നതെന്ന് സാരം. തിരിച്ചറിവിലൂടെയുണ്ടായ പശ്ചാത്താപം ദുഷ്ഷന്തന്റെ മഹത്ത്വം വർദ്ധിപ്പിച്ചിരിയ്ക്കുന്നു. സ്ത്രീയോടു ചെയ്ത അപരാധത്തിന് ക്ഷമചോദിക്കാനും പ്രായശ്ചിത്തം ചെയ്യാനും തന്റെ രാജപദവിയോ വീരത്വമോ തടസ്സമാകുന്നില്ലെന്നതും ശ്രദ്ധേയമാണ്.

ഈ ഭാഗം മനസ്സിലാക്കാനുള്ള ചോദ്യം

*1. തന്റെ തെറ്റിന് പ്രായശ്ചിത്തമായി എന്തു ചെയ്യുന്നുവെന്നാണ് ദുഷ്ഷന്തൻ പറയുന്നത് ?*

13. ''ഭവതിയുടയ പുത്രനെന്നുമേ ............................ ഭൂഷണപ്രായമായി''

**''നിന്റെ മകനായ ഇന്ദ്രൻ യുദ്ധത്തിൽ എന്നും മുമ്പനാണ്. ഭൂമിയെ പരിപാലിക്കുന്ന രാജാവായ ദുഷ്ഷന്തനാണിത്. ഇവന്റെ കുലവില്ലാൽ ശത്രുസംഹാരം നടത്തി. അതിനാൽവജ്രായുധം ഇന്ദ്രന് കേവലം അലങ്കാരമായി മാറി.''**

ഭൂഷണം - അലങ്കാരം

കശ്യപപ്രജാപതിയായ മാരീചൻ സ്വപത്നിയും ദേവമാതാവുമായ അദിതിയോട് പറയുന്നതാണ് സന്ദർഭം. ദേവേന്ദ്രന് വജ്രായുധം പ്രയോഗിക്കേണ്ടി വന്നില്ല. കാരണം ദുഷ്ഷന്തൻ ശത്രുവിനെ ഇല്ലാതാക്കിയിരിക്കുന്നു.ദുഷ്ഷന്തന്റെ വീരത്വത്തെയാണ് മാരീചൻ ഇവിടെ സൂചിപ്പിക്കുന്നത്.

ഈ ഭാഗം മനസ്സിലാക്കാനുള്ള സൂചക ചോദ്യം

*1. ഇന്ദ്രന്റെ ആയുധം വെറും അലങ്കാരമായി എന്ന് മാരീചൻ പറയുന്നതെന്തുകൊണ്ട് ?*

14. ''പന്ത്രണ്ടായിപ്പിരിഞ്ഞീടിന, .................................. വിധിക്കൊന്നുവിട്ടുള്ള പുത്രർ''

**''പന്തണ്ടായിപ്പിരിയുന്ന തേജസ്സിന്റെ സമൂഹമായ സൂര്യന്റെയും മന്ത്രത്താൽ പരിശുദ്ധമായ ഹോമദ്രവ്യമേൽക്കുന്ന ജഗദധിപനായ ഇന്ദ്രന്റെയും വിഷ്ണുവിന്റെ അവതാരമായ വാമനന്റെയും മാതാപിതാക്കളായിട്ടുള്ള മാരീചനും ദാക്ഷായണിയും ബ്രഹ്മാവിന്റെ പൗത്രരാണ്.''**

ധാതാവ്,മിത്രൻ,ആര്യമാവ് തുടങ്ങി പന്ത്രണ്ട് മൂർത്തീ ഭേദങ്ങൾ സൂര്യനുള്ളതായി മഹാഭാരതം ആദിപർവത്തിൽ പറയുന്നു. ഓരോ മാസവും സൂര്യൻ ഓരോ രൂപം ധരിക്കുന്നുവെന്ന് സങ്കൽപം.ഇങ്ങനെയുള്ള സൂര്യന്റെയും ഇന്ദ്രന്റെയും വാമനന്റെയും മാതാപിതാക്കളാണ് അദിതിയും കശ്യപനും.

15. ''പുരന്ദരസമൻ....................പൗലോമീതുല്യയാക നീ.''

മാരീചൻ ശകുന്തളയെ അനുഗ്രഹിക്കുന്നു.

**''ഇന്ദ്രതുല്യനായ ഭർത്താവ്, ജയന്തതുല്യനായ പുത്രൻ, നീ പൗലോമീതുല്യയാവുക.'' മറ്റെന്ത് ആശിസ്സാണ് ഞാൻ നൽകേണ്ടത്?''**

പുരന്ദരൻ = ഇന്ദ്രൻ ജയന്തൻ = ഇന്ദ്രന്റെ മകൻ പൗലോമി = ഇന്ദ്രന്റെ ഭാര്യ

ഈ ഭാഗം മനസ്സിലാക്കാനുള്ള സൂചക ചോദ്യം

*1. മാരീചൻ ശകുന്തളയ്ക്ക് നൽകിയ ആശിസ്സ് എന്ത് ?*

## ചോദ്യശേഖരം



**1. ജാതിസ്വഭാവം വന്നുപോകുന്നുവല്ലോ- സൂചിതമെന്ത് ?**

ആശ്രമത്തിൽ ജീവിച്ചിട്ടും ക്ഷത്രിയ സ്വഭാവം കാണിക്കുന്നു.

**2. ആശ്രമത്തിലെത്തിയ ദുഷ്ഷന്തൻ ഇവിടെ അവിനയം വരുന്നതല്ല എന്നു ചിന്തിക്കുന്നത് എന്തു കൊണ്ട് ?**

ആശ്രമവാസികൾ പൊതുവെ ശാന്തരാണ്. അതുകൊണ്ടുതന്നെ അവിടെ ആർക്കും ആരെയും ശാസിക്കേണ്ടിവരില്ല. സർവദമനെ താപസിമാർ ശാസിക്കുന്ന ശബ്ദം കേട്ട് രാജാവ് ഇത്തരത്തിൽ ചിന്തിച്ചത് ഇതുകൊണ്ടാണ്.

**3. നിന്റെ തുനിവ് കുറേ കൂടിപ്പോകുന്നു- സർവദമന്റെ ഏത് പ്രവൃത്തിയെയാണ് താപസികൾ വിലക്കുന്നത് ?**

മുലകുടിച്ചുകൊണ്ടിരിക്കുന്ന സിംഹക്കുട്ടിയെ ശല്യപ്പെടുത്തുന്നതിനെ.

**4. താപസികളുടെ ശാസനകളെ പരിഗണിക്കാതെ കളിച്ചു കൊണ്ടിരിക്കുന്ന സർവദമനെ എന്തിനോടാണ് സാദൃശ്യപ്പെടുത്തിയിരിക്കുന്നത് ?**

കത്തിപ്പടരാൻ വിറകിന് കാത്തു നിൽക്കുന്ന തീപ്പൊരിയോട്.

**5. തെളിഞ്ഞിടാതൊന്നായ് വിടരുമൊരു തണ്ടാർ മലരുപോൽ – എന്തിനെക്കുറിച്ചാണ് ഇവിടെ പരാമർശിച്ചിരിക്കുന്നത് ?**

സർവദമന്റെ വിരലുകളെ

**6. സർവദമന്റെ കൈകളെ എന്തിനോടാണ് സാദൃശ്യപ്പെടുത്തിയിരിക്കുന്നത് ?**

ഇതളുകൾ തെളിയാതെ നിൽക്കുന്ന പൂമൊട്ടിനോട്

**7.''സുവ്രതേ, ഇവൻ വാക്കുകൊണ്ടു മാത്രം തൃപ്തിപ്പെടുന്നവനല്ല''- രണ്ടാം താപസി ഇങ്ങനെ പറയാനുള്ള കാരണമെന്ത് ?**

മറ്റു കുട്ടികളെ കളി പറഞ്ഞ് കബളിപ്പിക്കുന്നതു പോലെ സർവദമനെ കബളിപ്പിക്കാൻ കഴിയില്ല. സിംഹക്കുട്ടിയെ ശല്യപ്പെടുത്തുന്നതിൽ നിന്നും അവനെ പിന്തിരിപ്പിക്കാൻ മറ്റൊരു കളിപ്പാട്ടം അവന് നൽകാമെന്നു പറഞ്ഞു. അതു കേട്ടാൽ കുട്ടി സിംഹക്കുട്ടിയെ ശല്യപ്പെടുത്തുന്നത് നിർത്തും എന്ന് അവർ കരുതി. എന്നാൽ കളിപ്പാട്ടം കയ്യിൽ കിട്ടിയാൽ മാത്രമേ അവൻ സംതൃപ്തനാവുകയുള്ളു എന്ന തിരച്ചറിവാണ് ഇവൻ വാക്കുകൾ കൊണ്ട് മാത്രം തൃപ്തിപ്പെടുന്നവനല്ല എന്ന് രണ്ടാം താപസി പറയാൻ കാരണം.

**8. ആശ്രമവിരുദ്ധമായ ബാലന്റെ പ്രവൃത്തിയെ സൂചിപ്പിച്ചതെങ്ങനെ ?**

ചെറുപാമ്പ് ചന്ദനമരത്തെ അശുദ്ധമാക്കുന്നതിനോട്.

**9. ''അത് അവന്റെ ആകൃതിയ്ക്കു ചേർന്ന പ്രകൃതി കൊണ്ടു തന്നെ അറിയാം''- ദുഷ്ഷന്തൻ ഇങ്ങനെ പറഞ്ഞ സന്ദർഭമേത്. ?**

സർവദമന്റെ കുസൃതികൾ അടക്കാൻ താപസിമാർ ദുഷ്ഷന്തനോട് ആവശ്യപ്പെട്ടപ്പോൾ മഹർഷി ബാലകാ എന്നാണ് അവനെ രാജാവ് വിളിച്ചത്. ഇതു കേട്ട താപസ്സിമാർ രാജാവിന്റെ ധാരണയെ തിരുത്തുന്നു. ഇവൻ മഹർഷി ബാലകനല്ലെന്ന് താപസ്സിമാർ ദുഷ്ഷന്തനെ

ബോധ്യപ്പെടുത്തിയപ്പോഴാണ് ചക്രവർത്തി ലക്ഷണമുള്ള സർവദമന്റെ കൈകളും ആരെയും കൂസാത്ത സ്വഭാവവും കണ്ട് ഇവന്റെ പ്രവൃത്തിയിൽ നിന്നു തന്നെ എനിയ്ക്ക് അതു മനസ്സിലായി എന്ന് രാജാവ് പറഞ്ഞത്.

**10. വള്ളി ഋതുയോഗത്തിന്റെ ചിഹ്നമായ പുഷ്പത്തെ ധരിക്കട്ടെ- ആശയം വ്യക്തമാക്കുക.**

മോതിരം ധരിക്കട്ടെ എന്നാണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്.

**11. ധർമ്മപത്നിയെ ഉപേക്ഷിച്ച അയാളുടെ നാമധേയം ആര് ഉച്ചരിക്കും – തോഴിയുടെ ഈ വാക്കിൽ തെളിയുന്ന ഭാവം എന്ത് ?**

പുച്ഛം

**12. മനുഷ്യർക്കു തോന്നുന്നതു പോലെ കടന്നു ചെല്ലാൻ കഴിയാത്ത സ്ഥലമായി ദുഷ്ഷന്തൻ കാണുന്നതെന്തിനെയാണ് ?**

ആശ്രമ ഭൂമിയെ.

**13. രാജാവിനെയും സർവ്വദമനെയും കണ്ടപ്പോൾ താപസിമാർക്ക് അത്ഭുതം തോന്നിയതെന്തു കൊണ്ട്. ?**

രണ്ടു പേരുടെയും രൂപസാദൃശ്യം കണ്ടിട്ട്.

**14. ശകുന്തള തന്നെ സ്നേഹിച്ചിരുന്നു എന്നതിന് തെളിവായി ദുഷ്ഷന്തൻ കാണുന്ന തെന്തെല്ലാം ?**

വിരഹദുഃഖം അനുഭവിക്കുന്ന സ്ത്രീകൾ വെറ്റിലമുറുക്കാറില്ല. ശകുന്തളയെ കണ്ടപ്പോൾ ചുണ്ടു കളിൽ മുറുക്കിയതിന്റെ അടയാളം കാണാത്തതിനാൽ അവൾ ദീർഘകാലമായി വേർപാടിന്റെ ദുഃഖം അനുഭവിച്ചിരുന്നുവെന്ന് രാജാവിന് മനസ്സിലായി.ഇതിൽ ദുഷ്ഷന്തനോടുള്ള ശകുന്തളയുടെ സ്നേഹ മാണ് വെളിവാക്കപ്പെടുന്നത്.

**15. ദുഷ്ഷന്തന്റെ കയ്യിൽ തന്നോട് നഷ്ടപ്പെട്ടു പോയ മോതിരം കണ്ടപ്പോൾ ശകുന്തള മോതി രത്തെക്കുറിച്ച് പറഞ്ഞതെന്ത് ?**

ഈ മോതിരം വൈഷമ്യക്കാരനാണെന്നാണ് ശകുന്തള പറയുന്നത്.താൻ ദുഷ്ഷന്തന്റെ ഭാര്യയാണെന്ന് തെളിയിക്കാൻ മോതിരം ആവശ്യമായി വന്നപ്പോൾ ഉപകാരപ്പെടാത്തതുകൊണ്ടാണ് ഇങ്ങനെ പറഞ്ഞത്.

**16. കുട്ടിയുടെ ബാല്യത്തെ സൂചിപ്പിക്കാൻ ഇവിടെ സൂചിപ്പിച്ച പദം ?**

ഉഷസ്സ്

**17. ശീർഷകത്തിന്റെ ഔചിത്യം**

ശാകുന്തളം നാടകത്തിലെ ഏഴാമങ്കത്തിൽ നിന്നെടുത്ത പാഠഭാഗത്തിന് ഋതുയോഗം എന്ന് പേരിട്ടത് ഔചിത്യപൂർണമാണ്. കാവ്യഭാഗത്തിന്റെ ആശയവുമായി ബന്ധപ്പെട്ട് ഋതുയോഗത്തിന് വസന്താഗമം എന്ന അർത്ഥം സങ്കൽപിക്കാം. ഋതുക്കളിൽ വെച്ച് ശ്രേഷ്ഠവും സുന്ദരവുമായത് വസന്തമാണ്. പാഠഭാഗത്ത് ദുഷ്ഷന്തന്റെയും ശകുന്തളയുടെയും സമാഗമം വസന്തകാലാനുഭവം പോലെ സുന്ദരമാണ്.വസന്തം വരുമ്പോൾ വള്ളിപടർപ്പുകൾ പൂവണിയുന്നു. അതുപോലെ മോതിരം ധരിക്കൽ സൗഭാഗ്യത്തിന്റെ ചിഹ്നമാണെന്ന് ദുഷ്ഷന്തന്റെ വാക്കുകളിൽ നിന്നും തെളി യുന്നു. ഇവിടെ ശകുന്തളയുടെ ജീവിതത്തിലുണ്ടാവാൻ പോകുന്ന സൗഭാഗ്യത്തെ കവി ഭംഗ്യന്ത രേണ സൂചിപ്പിക്കുന്നുണ്ട്. നായികാനായകൻമാരുടെ പുനസ്സമാഗമത്തെ ഋതുയോഗം എന്ന പ്രയോഗം കൊണ്ട് വ്യക്തമാക്കുന്നതിനാൽ ശീർഷകം തീർത്തും അനുയോജ്യമാണ്.

**18. സർവദമനിൽ പ്രകടമാകുന്ന ഭാവങ്ങൾ എന്തെല്ലാം ?**
**അല്ലെങ്കിൽ**
**സർവദമന്റെ പ്രവൃത്തികൾ വിശകലനം ചെയ്ത് കഥാപാത്ര നിരൂപണം തയാറാക്കുക.**

ആശ്രമത്തിലെത്തിയ ദുഷ്ഷന്തനെ ആദ്യകാഴ്ചയിൽ തന്നെ ബാലനായ സർവദമൻ അത്ഭുതപ്പെടുത്തുന്നുണ്ട്. മുലകുടിച്ചുകൊണ്ടിരിക്കുന്ന സിംഹക്കുട്ടിയെ പിടിച്ചു വലിച്ചു കൊണ്ടുപോയി അതിന്റെ വായ തുറന്ന് പല്ലെണ്ണുന്നത് ദുഷ്ഷന്തന് വിശ്വസിക്കാനാവുന്നില്ല. കാരണം ദുഷ്ഷന്തനെ സംബന്ധിച്ച് സിംഹം ക്രൂര മൃഗമാണ്. എന്നാൽ കുട്ടി ഒരു ഭയവുമില്ലാതെയാണ് ഇങ്ങനെ പ്രവർത്തിക്കുന്നത്.സർവദമൻ എന്ന പേരിന്റെ അർത്ഥം എല്ലാം അടക്കുന്നവൻ എന്നാണ്.ലൗകികവ്യാപാരങ്ങളിൽ നിന്ന് ഇന്ദ്രിയങ്ങളെ അടക്കി വിജയം നേടിയവൻ എന്ന അർത്ഥവും ഇതിനുണ്ട്. കുട്ടിയുടെ നിഷ്കളങ്കതയും കുസൃതികളും ഇവിടെ തെളിയുന്നു. മാത്രമല്ല തന്റെ നിഷ്കളങ്കമായ പ്രവൃത്തിയിലൂടെ ആശ്രമ വാസികളെയും അവിടെയുള്ള ജീവജാലങ്ങളെയും സ്വാധീനിക്കാൻ സർവദമന് കഴിയുന്നു.

**19. കളിക്കോപ്പേൽക്കാനായി.....തണ്ടാർ മലരുപോൽ.**
**ചമത്കാരഭംഗി / കാവ്യ ഭംഗി കണ്ടെത്തുക.**

സർവദമന്റെ മലർത്തി കാണിച്ച കൈ കണ്ടപ്പോൾ ദുഷ്ഷന്തന് തോന്നിയ കാര്യങ്ങളാണിത്.കളിപ്പാട്ടം കിട്ടുവാനായി സർവദമൻ കൗതുകത്തോടെ കൈകൾ നീട്ടി.സർവദമന്റെ വിടവില്ലാതെ വിരലുകൾ ചേർന്നുനിൽക്കുന്ന കൈകൾ നല്ലപോലെ ചുവപ്പ് നിറമുള്ള പ്രഭാതത്തിൽ ഇതളുകൾ തെളിയാതെ വിടർന്നുവരുന്ന (പൂർണമായും വിരിയാത്ത) താമരപ്പൂപോലെ വിളങ്ങുന്നു എന്ന് കാളിദാസൻ വർണിച്ചിരിക്കുന്നു.താമരപ്പൂവിന്റെ മൃദുലതയും ചുവപ്പ് നിറവും ഇളംകൈകൾക്ക് പൂർണമായും യോജിക്കുന്നു.പ്രഭാതത്തിൽ വിടർന്നുവരുന്ന താമരപ്പൂവിന്റെ ഇതളുകൾ മുഴുവനായും വിരിഞ്ഞിട്ടുണ്ടാവില്ല.വിളക്കിച്ചേർത്തപോലെ വിരൽ ഞെരുങ്ങിനിൽക്കുന്ന ബാലന്റെ കൈകൾ ഇതിനുസമാനമാണ്.സർവദമന്റെ ബാലത്വത്തെ ധ്വന്യാത്മകമായി ചിത്രീകരിക്കാൻ ഉഷസ്സ് എന്ന പ്രയോഗത്തിന് സാധിക്കുന്നുണ്ട്.അതുകൊണ്ട് കാവ്യവർണന സർവദമനെ ചിത്രീകരിക്കുന്നതിന് പൂർണമായും അനുയോജ്യമാണ്.

**20. സർവദമനിൽ തേജസ്വിയായി വളരാനുള്ള ലക്ഷണങ്ങളുണ്ട് എന്ന ചിന്ത ദുഷ്ഷന്തനിൽ തെളിയുന്നതായി അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ ?**

ഏതോ മഹാപുരുഷന്റെ പുത്രനായ ഈ ബാലനെ എരിയുന്നതിനുവേണ്ടി വിറകുകാത്തുകിടക്കുന്ന തീപ്പൊരിക്ക് സമമായി ദുഷ്ഷന്തൻ വിചാരിക്കുന്നു. ഈ കുട്ടിയിൽ എന്തോ ഒരു മഹത്വം ഒളിഞ്ഞിരിക്കുന്നതായി ദുഷ്ഷന്തന് തോന്നുന്നു.ഒരു തീപ്പൊരിമതി എല്ലാം കത്തിച്ച് പടർന്നു പിടിക്കാൻ.അങ്ങനെ മഹാ അഗ്നിജ്വാലയായി മാറാനുള്ള കരുത്ത് തീപ്പൊരിക്കുള്ളതു പോലെ വലിയൊരു തേജസ്സ് ഈ കുട്ടിയിലും ഉണ്ടാവാമെന്നാണ് ദുഷ്ഷന്തൻ ചിന്തിക്കുന്നത്.

**21. "താപസി-സർവദമൻ എന്നു മഹർഷിമാർ നിനക്ക്.................................തന്നെ അറിയാം."**
**ബാലന്റെ പ്രകൃതത്തെക്കുറിച്ചുള്ള സൂചനകൾ പാഠഭാഗത്ത് നിന്ന് കണ്ടെത്തി എഴുതുക.**

താപസിമാരുടെ ശാസനകൾക്കൊന്നും ചെവി കൊടുക്കാതെ കുസൃതികൾ തുടരുകയാണ് സർവദമൻ. ഇതെല്ലാം കണ്ട് മഹർഷിമാർ നിനക്ക് സർവദമൻ എന്ന് പേരിട്ടത് ശരിയാണെന്ന് താപസിമാർ പറയുന്നു.സർവദമൻ എന്നാൽ എല്ലാത്തിനെയും അടക്കിനിർത്തുന്നവൻ എന്നാണ് അർത്ഥം.സിംഹക്കുട്ടിയോടുള്ള അവന്റെ കളിയിൽ നിന്നും ധീരനാണെന്ന് മനസ്സിലാക്കാം. അവനെ സിംഹക്കുട്ടിയെ ഉപദ്രവിക്കുന്നതിൽ നിന്നും പിന്തിരിപ്പിക്കാൻ മറ്റൊരു കളിപ്പാട്ടം തരാം എന്ന് പറഞ്ഞപ്പോൾ കൈ നീട്ടുന്ന സർവദമന്റെ കൈകൾ ദുഷ്ഷന്തൻ കാണുന്നു.അപ്പോൾ കുട്ടിയുടെ കയ്യിൽ ചക്രവർത്തി ലക്ഷണം കാണുന്നുണ്ട്.വിടവില്ലാതെ ചേർന്ന് നിൽക്കുന്ന കൈകൾ ചക്രവർത്തിയായി തീരുന്നതിന്റെ ലക്ഷണമാണ്.മാത്രമല്ല രണ്ടുപേരും തമ്മിലുള്ള രൂപ സാദൃശ്യം താപസികളെ അത്ഭുതപ്പെടുത്തുന്നു.ലക്ഷണമൊത്ത ഈ ബാലകൻ സർവശക്തനായ ഒരാളുടെ

മകനായിരിക്കാം എന്ന് ദുഷ്ഷന്തൻ സംശയിക്കുന്നു.കത്തിപ്പടരാൻ വിറകിനുവേണ്ടി കാത്തിരിക്കുന്ന തീപ്പൊരിയെപോലെയാണ് ബാലകനെ രാജാവ് കരുതുന്നത്.

**22. ''എരിയാൻ.......................................വീരബാലനെ''- ആശയഭംഗിവ്യക്തമാക്കുക.**

സർവദമൻ എന്ന ബാലകൻ ദുഷ്ഷന്തനെ വല്ലാതെ സ്വാധീനിക്കുന്നുണ്ട്. ആദ്യകാഴ്ചയിൽ തന്നെ ബാലകനോട് സവിശേഷമായ ഒരടുപ്പം ദുഷ്ഷന്തന് തോന്നുന്നു. സ്വന്തം പുത്രനോടെന്നപോലെ ഒരു വാത്സല്യം രാജാവിൽ നിറയുന്നു. സർവദമനനെ കണ്ട ദുഷ്ഷന്തന്റെ മനസ്സിലുണ്ടാവുന്ന ചിന്തയാണിത്. ഈ കുട്ടി വലിയൊരു തേജസ്സിന്റെ വിത്താണെന്നാണ് രാജാവിന് തോന്നുന്നത്.എരിയുന്നതിനുവേണ്ടി വിറകു കാത്തുകിടക്കുന്ന തീപ്പൊരിപോലെ ഭാവിയിൽ മഹാതേജസ്വിയായി വളരാനുള്ള ലക്ഷണങ്ങൾ ആശ്രമബാലനിലുണ്ടെന്ന് അദ്ദേഹം വിചാരിക്കുന്നു.

**23. ആശ്രമ വാസികൾക്ക് ചേരാത്തതാണ് കുട്ടിയുടെ പ്രവൃത്തി എന്ന് ദുഷ്ഷന്തൻ വ്യക്തമാക്കുന്നതെങ്ങനെ ?**

ചെറുപാമ്പ് ചന്ദനമരത്തിൽ ചുറ്റിപ്പിണഞ്ഞ് കയറും പോലെ കുസൃതികാണിച്ചുകൊണ്ട് നീ ആശ്രമത്തിന് ചേരാത്ത പ്രവൃത്തി ചെയ്യരുത് എന്നും പരിശുദ്ധവും പവിത്രവുമായ, ഗുണത്താൽ സൗമ്യമായ നിന്റെ ജന്മത്തിന് ഒരിക്കലും ദോഷമുണ്ടാക്കിവെക്കരുതെന്നും ദുഷ്ഷന്തൻ ബാലകനോട് പറയുന്നു. കുട്ടി മഹർഷി പുത്രനാണെന്നു കരുതിയാണ് ദുഷ്ഷന്തൻ അങ്ങനെ പറഞ്ഞത്. ദയയാണ് ആശ്രമ വാസികളുടെ പൊതുസ്വഭാവം.ഇതിനു വിരുദ്ധമായ ചാപല്യങ്ങളാണ് സർവദമനൻ കാണിക്കുന്നത്.(സിംഹത്തിന്റെ പല്ല് എണ്ണുന്നത്) ഇത് ക്ഷത്രിയന്മാരെ സംബന്ധിച്ച് ഉചിതമാണ്. എന്നാൽ ആശ്രമബാലന് ഇത്തരം പ്രവൃത്തികൾ പാടില്ല.കുട്ടി ക്ഷത്രിയനാണെന്നത് രാജാവിനറിയില്ല.അതിവിശുദ്ധവും സൗമ്യവുമായ സാത്വിക ഗുണങ്ങൾ നിറഞ്ഞ ആശ്രമജീവിതത്തെ ചന്ദനമരത്തോടും സർവദമനനെ ചെറുപാമ്പിനോടും സാദൃശ്യപ്പെടുത്തിയത് ശ്രദ്ധേയമായിരിക്കുന്നു.

**24. ''വെറുതേ വിശുദ്ധതരസത്വ.......................വയ്ക്കൊലാ.'' - ആശയം വ്യക്തമാക്കുക. ദോഷമുളവാക്കുന്നതെങ്ങനെ ?**

ദയയാണ് ആശ്രമ വാസികളുടെ പൊതുസ്വഭാവം. ഇതിനുവിരുദ്ധമായ ബാലചാപല്യങ്ങളാണ് സർവദമൻ കാണിക്കുന്നത്. ഇതുകൊണ്ടാണ് ചെറുപാമ്പ് പരിശുദ്ധമായ ചന്ദനമരത്തിനെയശുദ്ധമാക്കുന്നതുപോലെ, കുസൃതികാണിച്ചുകൊണ്ട് ആശ്രമത്തിന് ചേരാത്ത പ്രവൃത്തി ചെയ്യരുത് എന്ന് ദുഷ്ഷന്തൻ സർവദമനോട് പറയുന്നത്. ക്ഷത്രിയൻമാരെ സംബന്ധിച്ച് ഈ പ്രവൃത്തി ഉചിതമാണ്. എന്നാൽ ആശ്രമബാലന് ഇത്തരം പ്രവൃത്തികൾ പാടില്ല.കുട്ടി മഹർഷി പുത്രനാണ് എന്ന് ദുഷ്ഷന്തൻ കരുതുന്നു. കുട്ടി ക്ഷത്രിയനാണ് എന്നത് രാജാവിന് അറിയുകയുമില്ല . അതിവിശുദ്ധവും സൗമ്യവുമായ സാത്വിക ഗുണങ്ങൾ നിറഞ്ഞ ആശ്രമജീവിതത്തിന് നീ കളങ്കം സൃഷ്ടിക്കരുതെന്ന് ദുഷ്ഷന്തൻ കുട്ടിയെ ഓർമപ്പെടുത്തുന്നു.

**25. ''ഇവന്റെ ആകൃതിക്കു ചേർന്ന പ്രകൃതികൊണ്ടുതന്നെ അറിയാം'' – എന്ത് ? വ്യക്തമാക്കുക?**

സർവദമന്റെ പ്രവൃത്തികളെ നിയന്ത്രിക്കാൻ കഴിയാതെവന്ന താപസിമാർ അവിടെയെത്തിയ ദുഷ്ഷന്തനോട് സിംഹക്കുട്ടിയെ ഉപദ്രവിക്കുന്ന സർവദമനെ അതിൽ നിന്നും പിന്തിരിപ്പിക്കാൻ സഹായിക്കണമെന്ന് അഭ്യർത്ഥിച്ചു. ഇത് സന്തോഷത്തോടെ ഏറ്റെടുക്കുന്ന ദുഷ്ഷന്തൻ മഹർഷിബാലകാ എന്നു വിളിച്ചാണ് കുട്ടിയെ അഭിസംബോധന ചെയ്തത്.ഇതുകേട്ട താപസിമാർ അവൻ മഹർഷിബാലകനല്ല എന്ന് വ്യക്തമാക്കുന്നു. അപ്പോഴാണ് ഇവന്റെ ആകൃതിയ്ക്കു ചേർന്ന സ്വഭാവം കൊണ്ടു തന്നെ എനിയ്ക്കതു മനസ്സിലായി എന്ന് ദുഷ്ഷന്തൻ പറഞ്ഞത്.ഈ സ്ഥലം ഒരു ആശ്രമമായതു കൊണ്ടാണ് കുട്ടി ഒരു മഹർഷി ബാലകനാണെന്ന് രാജാവ് ശങ്കിച്ചു

പോയത്.

**26. ''പല്ലിൻമൊട്ടുകൾ..........ധന്യം ജനം''– വരികളിൽ തെളിയുന്ന ദുഷ്ഷന്തന്റെ മാനസിക ഭാവം എന്തായിരിക്കാം ? വിശദമാക്കുക.**

കൊച്ചരിപ്പല്ലുകൾ കാട്ടി ഒരുകാരണവുമില്ലാതെ നിഷ്കളങ്കമായി ചിരിച്ചും തെളിഞ്ഞ മനസ്സോടെ ആനന്ദിച്ചും അവ്യക്തമധുരമായ വാക്കുകൾ പറഞ്ഞും കുട്ടികൾ കളിക്കുന്നു.ഈ കാഴ്ചകൾ മാതാപിതാക്കൾക്ക് ആനന്ദപ്രദമാണ്. തങ്ങളുടെ മടിയിലിരുന്ന് കൊഞ്ചിക്കുഴയുന്ന കുഞ്ഞുങ്ങളുടെ ശരീരത്തിൽ പറ്റിയിരിക്കുന്ന പൊടി സ്വന്തം ശരീരത്തിലേൽക്കുന്നത് പോലും മാതാപിതാക്കൾ സുകൃതമായി കരുതുന്നു.ലൗകികജീവിതത്തിലെ ശ്രേഷ്ഠവും ധന്യവുമായ നിമിഷങ്ങളിലൊന്നാണിത്. അതിനുള്ള ഭാഗ്യം തനിയ്ക്കില്ലെന്നതാണ് ഇവിടെ ദുഷ്ഷന്തനെ ദുഃഖിതനാക്കുന്നത്.

**27.''എത്രയ്ക്ക് വേണമിവനെ പ്രതിപത്തിയോടെ പുത്രത്വമോർത്തു പുണരുന്നൊരു പുണ്യവാന്ന് '' – ഈ വരികളിലൂടെ തെളിയുന്ന ദുഷ്ഷന്തന്റെ മാനസികാവസ്ഥയെന്ത് ?**

ഈ കുട്ടി മഹർഷി ബാലകനല്ലെന്ന് തോഴിമാർ പറഞ്ഞപ്പോൾ അത് അവന്റെ ആകൃതിയ്ക്കു ചേർന്ന പ്രകൃതികൊണ്ട് തന്നെ അറിയാമെന്ന് പറഞ്ഞു ദുഷ്ഷന്തൻ കുട്ടിയെ തലോടുന്നു.ഏത് വംശത്തിൽ പെട്ടവനാണ് ഈ കുട്ടി എന്നറിയാതെ ഇവന്റെ ശരീരത്തിൽ തൊട്ടപ്പോൾ തനിക്ക് ഇത്രമാത്രം സുഖം തോന്നുന്നുവെങ്കിൽ പുത്രനാണെന്ന ചിന്തയോടെ പുണരുന്ന പിതാവ് അനുഭവിക്കുന്ന നിർവൃതി എത്രത്തോളമായിരിക്കും എന്നാണ് ദുഷ്ഷന്തന്റെ വിചാരം. കുട്ടിയുടെ കുസൃതിയും വീരത്വവും നിഷ്കളങ്കതയും പ്രസരിപ്പും ദുഷ്ഷന്തനെ വല്ലാതെ ആകർഷിച്ചു.അതിനാൽ തന്നെ സർവദമന്റെ പിതാവായിരിയ്ക്കുന്നത് അത്രയേറെ പുണ്യമാണെന്ന് ദുഷ്ഷന്തൻ കരുതുന്നു.സർവദമൻ തന്റെ പുത്രനായിരുന്നെങ്കിൽ എന്ന ദുഷ്ഷന്തന്റെ ചിന്ത തന്നെയാണ് ഇവിടെ തെളിഞ്ഞു കാണുന്നത്.

**28. ''പൗരവൻമാർക്ക് ഇങ്ങനെ അന്ത്യമായ കുലവ്രതമുണ്ടല്ലോ'' – സൂചിതമെന്ത് ?**

സർവദമനും രാജാവിനും രൂപ സാദൃശ്യമുണ്ട് എന്ന് താപസിമാർ പറഞ്ഞപ്പോൾ ദുഷ്ഷന്തന്റെ മനസ്സിൽ തോന്നിയ കാര്യമാണ് ഇവിടെ കൊടുത്തിരിക്കുന്നത്. രാജാക്കൻമാർ നന്നായി രാജ്യം ഭരിച്ചതിനുശേഷം പ്രായമായാൽ രാജ്യഭാരം അനന്തരാവകാശിക്ക് നൽകിയ ശേഷം വനത്തിൽ കുടിൽ കെട്ടി പത്നീസമേതം അവിടെ താമസിച്ച് താപസ ജീവിതം നയിക്കാറുണ്ട്. ശിഷ്ടകാലം ഇങ്ങനെ ജീവിക്കുന്നതിനെയാണ് വാനപ്രസ്ഥം എന്നുപറയുന്നത്. പുരുവംശ രാജാക്കന്മാരും ഈ രീതി പിന്തുടരാറുണ്ട്. ഇതാണ് അവസാന കാലത്ത് അവർ അനുഷ്ഠിക്കുന്ന കുലവ്രതം. അങ്ങനെ കുലവ്രതം അനുസരിച്ച് ആ രീതി പിന്തുടർന്ന ഏതോ രാജാവിന്റെ കുട്ടിയായിരിക്കാം ഈ ബാലകനെന്നും രാജാവ് ചിന്തിക്കുന്നു.

**29. ''എന്റെ ആശയ്ക്ക് ഒരു താങ്ങലും കൂടി ആയി'' – ഇങ്ങനെ ദുഷ്ഷന്തൻ ചിന്തിക്കുന്നത് എന്തു കൊണ്ട് ?**

**''ധർമപത്നിയെ ഉപേക്ഷിച്ച അയാളുടെ നാമധേയം ആര് ഉച്ചരിക്കും'' – ഈ വാക്കുകൾ രാജാവിലുണ്ടാക്കിയ ചിന്തയെന്ത് ? പരിശോധിക്കുക.**

സർവദമൻ മഹർഷി ബാലകനല്ല എന്നു താപസിമാർ വ്യക്തമാക്കുമ്പോൾ അത് അവന്റെ രൂപത്തിൽ നിന്നു തന്നെ തിരിച്ചറിയാം എന്ന് രാജാവ് പറയുന്നു.അവനെ സ്പർശിച്ച് അതിന്റെ അനുഭൂതിയിൽ ലയിക്കുന്ന ദുഷ്ഷന്തനിൽ ഇങ്ങനെയൊരു കുട്ടി തനിയ്ക്ക് ഇല്ലാതെ പോയതിന്റെ നിരാശ നിറയുന്നുണ്ട്. രണ്ടുപേരും തമ്മിലുള്ള രൂപ സാദൃശ്യം താപസിമാരെ അത്ഭുതപ്പെടുത്തുന്നു.പുരുവംശരാജാക്കന്മാർക്ക് അവസാനകാലത്ത് ഇങ്ങനെയൊരു കുലവ്രതമുണ്ട്. അങ്ങനെയുള്ള ഏതോ രാജാവിന്റെ മകനായിരിക്കാം ഈ കുട്ടി എന്ന ചിന്തയാണ് രാജാവിലു

ണ്ടാവുന്നത്.ഒരു അപ്സരസ്സാണ് ഇവന്റെ അമ്മയെ ഇവിടെ എത്തിച്ചതെന്നും ഈ ആശ്രമത്തിലാണ് ഇവനെ പ്രസവിച്ചതെന്നും അറിയുമ്പോൾ ദുഷ്ഷന്തന് ഇത് തന്റെ കുട്ടിയാണോ എന്നുള്ള തോന്നൽ ഉണ്ടാവുന്നു.തന്റെ ആശയ്ക്ക് ഒരു താങ്ങലും കൂടി ആയി എന്നാണ് രാജാവ് കരുതുന്നത്. കാരണം പണ്ട് താൻ ശകുന്തളയെ അറിയില്ലെന്നു പറഞ്ഞ് ഒഴിവാക്കിയപ്പോൾ അവളെ കൊണ്ടുപോയത് ഒരു അപ്സരസ്സാണ്. ശകുന്തളയുടെ ഭർത്താവ് ആരാണെന്ന് ദുഷ്ഷന്തൻ ചോദിച്ചപ്പോൾ ധർമപത്നിയെ ഉപേക്ഷിച്ച അയാളുടെ പേര് ആരാണ് ഉച്ചരിക്കുക എന്ന് പുച്ഛത്തോടെ താപസിമാർ ചോദിച്ചു. ഈ വാക്കുകൾ കേട്ടപ്പോൾ ഇത് തന്നെ ഉദ്ദേശിച്ചുതന്നെയാണ് ഇവർ പറയുന്നതെന്ന് ദുഷ്ഷന്തന് തോന്നുന്നുണ്ട്. എന്നാൽ അത് ഉറപ്പിക്കുവാനുള്ള ചോദ്യങ്ങൾ ചോദിക്കാൻ ദുഷ്ഷന്തന് കഴിയുന്നില്ല.

**30. "ഈ പ്രസ്താവം കാനൽ ജലം പോലെ ഒടുവിൽ എനിയ്ക്ക് വിഷാദത്തിന് ഇടയാക്കാതിരുന്നാൽ കൊള്ളാമായിരുന്നു- ദുഷ്ഷന്തൻ ഇങ്ങനെ ചിന്തിക്കാൻ കാരണമെന്ത് ?**

സർവദമന് കളിക്കാൻ മൺമയിലിനെ കൊണ്ടുവന്ന താപസി ശകുന്തലാസ്യം നോക്കൂ എന്ന് കുട്ടിയോട് പറയുമ്പോൾ എന്റെ അമ്മ ഇവിടെയില്ല എന്നാണ് സർവദമൻ പറയുന്നത്. മാതൃവത്സലനായ കുട്ടി അർത്ഥം തെറ്റിദ്ധരിച്ചിരിക്കുകയാണെന്നും മയിലാടുന്നതു നോക്കൂ എന്നാണ് ഞാൻ പറഞ്ഞതെന്നും താപസി പറയുമ്പോൾ കുട്ടിയുടെ അമ്മയുടെ പേര് ശകുന്തളയെന്നാണോ എന്ന് ദുഷ്ഷന്തൻ ചിന്തിക്കുന്നു. മരുഭൂമിയിൽ ജലമില്ലാത്തിടത്ത് ജലമുണ്ടെന്ന തോന്നൽ നമ്മിലുണ്ടാവുന്നതാണ് കാനൽ ജലം എന്നത് കൊണ്ട് അർത്ഥമാക്കുന്നത്.കുട്ടിയുടെ വാക്കുകൾ സന്തോഷം നൽകുന്നതാണെങ്കിലും ശകുന്തളയെന്ന പേരിൽ എത്ര പേരുണ്ടാവുമെന്നും താൻ പ്രതീക്ഷയർപ്പിച്ചിട്ട് തന്റെ ആഗ്രഹം സഫലമായില്ലെങ്കിൽ അത് വീണ്ടും ദുഃഖമുണ്ടാക്കുമെന്നും ദുഷ്ഷന്തനറിയാം. മരുഭൂമിയിൽ വെള്ളമുണ്ടാവുമെന്ന് തോന്നി വെള്ളവുമന്വേഷിച്ച് ചെല്ലുമ്പോൾ നിരാശയുണ്ടാവുന്നതു പോലെ തന്റെ ഭാര്യ ശകുന്തളയായിരിക്കാം അത് എന്ന് ചിന്തിച്ചിട്ട് അവസാനം സങ്കടം ഉണ്ടാവാതിരുന്നാൽ മതിയായിരുന്നെന്ന് ദുഷ്ഷന്തൻ വിചാരിക്കുന്നു.

**31. രാജാവ് സർവദമന്റെ കയ്യിൽ നിന്നും വീണ രക്ഷ എടുത്തപ്പോൾ താപസിമാർ അത്ഭുതപ്പെട്ടത് എന്തുകൊണ്ട് ?**

സർവദമന് അവന്റെ ജാതകർമസമയത്ത് മാരീചഭഗവാൻ കെട്ടിക്കൊടുത്തതാണ് അപരാജിത എന്ന പേരിലുള്ള രക്ഷ. ഇതിന് ഒരുപാട് പ്രത്യേകതകൾ ഉണ്ട്. അച്ഛനും അമ്മയും സർവദമനും മാത്രമേ അത് സ്പർശിക്കാൻ പാടുള്ളു.മറ്റുള്ളവർ അതിൽ സ്പർശിച്ചാൽ ആ ചരട് പാമ്പായി വന്ന് സ്പർശിച്ചതാരാണെങ്കിലും അവരെ കടിക്കും. എന്നാൽ ഒരു പരിചയവുമില്ലാത്ത ഒരാൾ ആശ്രമത്തിൽ വന്നിട്ട് സർവദമന്റെ കയ്യിൽ നിന്നും വീണ രക്ഷയെടുത്തിട്ട് അദ്ദേഹത്തിനൊന്നും സംഭവിക്കാതിരിക്കുമ്പോൾ അത് താപസിമാരെ അത്ഭുതപ്പെടുത്തുന്നു.

**32. ശകുന്തളയെ തിരിച്ചറിഞ്ഞ ദുഷ്ഷന്തൻ അവളോട് ക്ഷമ ചോദിക്കുന്നതിൽ നിന്നും തെളിയുന്ന ദുഷ്ഷന്തന്റെ സവിശേഷതയെന്ത് ?**

തന്റെ കൊട്ടാരത്തിലെത്തിയ ഗർഭിണിയായ ശകുന്തളയെ ദുഷ്ഷന്തൻ തിരിച്ചയയ്ക്കുമ്പോൾ അപമാനഭാരത്താൽ ശകുന്തള കരഞ്ഞിരുന്നു.അന്ന് മനസ്സിലെ അജ്ഞതകൊണ്ട് അവളുടെ ചുടുകണ്ണീർ തുടയ്ക്കാൻ തനിയ്ക്ക് കഴിഞ്ഞില്ല.ഇന്ന് ഇവളുടെ മനോഹരമായ ഇമകളിൽ പറ്റിനിൽക്കുന്ന കണ്ണീർ തുടച്ച് ഞാൻ എന്റെ മനസ്സിന്റെ ദുഃഖം അൽപ്പം കുറയ്ക്കട്ടെ എന്ന് ദുഷ്ഷന്തൻ വിചാരിയ്ക്കുന്നു.കൊട്ടാരത്തിൽവച്ച് പരിത്യജിച്ചപ്പോൾ ശകുന്തള പൊഴിച്ച കണ്ണീർ തുടയ്ക്കാൻ ദുഷ്ഷന്തന് സാധിച്ചിരുന്നില്ല. അതിന്റെ പ്രായശ്ചിത്തമാണ് താനിപ്പോൾ ചെയ്യുന്നതെന്ന് സാരം.തിരിച്ചറിവിലൂടെയുണ്ടായ പശ്ചാത്താപം ദുഷ്ഷന്തന്റെ മഹത്ത്വം വർദ്ധിപ്പിച്ചിരിയ്ക്കുന്നു. സ്ത്രീയോടു ചെയ്ത അപരാധത്തിന് ക്ഷമചോദിക്കാനും പ്രായശ്ചിത്തം ചെയ്യാനും തന്റെ രാജപദവിയോ വീരത്വമോ ദുഷ്ഷന്തന് തടസ്സമാകുന്നില്ലെന്നതാണ് ശ്രദ്ധേയമായ വസ്തുത.

**33. സാദൃശ്യകൽപനയുള്ള വരികൾ കണ്ടെത്തുക.**

-എരിയാൻ വിറകിന് കാത്തിരിയ്ക്കുന്ന അഗ്നിയെപ്പോലെ.
-ചെറുപാമ്പ് ചന്ദനമരത്തെയെന്നപോലെ.
-രാഹുവിനെ വിട്ട് ചന്ദ്രൻ രോഹിണിയോട് ചേരുന്നത് പോലെ.
-മാല തലയിലിട്ടാൽ പാമ്പാണെന്ന് കരുതി തല കുടയുന്ന അന്ധരെയെന്നപോലെ.

**34. 'ജയ പ്രാർത്ഥന പകുതി മുറിഞ്ഞിട്ടും ഫലിച്ചു' എന്ന് ദുഷ്ഷന്തൻ കരുതിയത് എന്തുകൊണ്ട് ?**

ആര്യ പുത്രൻ വിജയിക്കട്ടെ എന്ന ശകുന്തളയുടെ ജയപ്രാർത്ഥന സങ്കടത്താൽ മുഴുമിപ്പിക്കാൻ അവൾക്കായില്ല. അവളുടെ രൂപത്തിൽ തന്നെ അവൾ ദുഃഖിതയാണെന്നതിന്റെ തെളിവുണ്ട്. വിരഹദുഃഖം അനുഭവിക്കുന്ന സ്ത്രീകൾ വെറ്റിലമുറുക്കാറില്ല. ശകുന്തളയെ കണ്ടപ്പോൾ ചുണ്ടുകളിൽ മുറുക്കിയതിന്റെ അടയാളം കാണാത്തതിനാൽ അവൾ ദീർഘകാലമായി വേർപാടിന്റെ ദുഃഖം അനുഭവിച്ചിരുന്നുവെന്ന് രാജാവിന് മനസ്സിലായി.അതുകൊണ്ട് തന്നെ വാക്കു മുറിഞ്ഞാലും അവളുടെ ഈ രൂപത്തിൽ നിന്നും ഇക്കാലമത്രയും അവൾ തന്നെ സ്നേഹിച്ചിരുന്നുവെന്ന് അറിഞ്ഞപ്പോഴുണ്ടാവുന്ന ദുഷ്ഷന്തന്റെ സന്തോഷമാണ് ഇവിടെ തെളിയുന്നത്.

**35. "മോഹമകന്നു........................ഭാഗ്യവശാൽ" -ശകുന്തളയെ കണ്ടുമുട്ടിയതിനെ ദുഷ്ഷന്തൻ എന്തിനോടാണ് സാദൃശ്യപ്പെടുത്തുന്നത് ? വിശദമാക്കുക.**

ഉപമാലങ്കാരം കൊണ്ട് തന്റെ സാഹിത്യത്തെ സമ്പന്നമാക്കിയ കവിയാണ് കാളിദാസൻ അദ്ദേഹത്തിന്റെ സവിശേഷമായ സാദൃശ്യകല്പനയാണ് പ്രസ്തുത വരികൾ.ദുഷ്ഷന്തൻ ശകുന്തളയെ ഏറെ നാളത്തെ കാത്തിരിപ്പിന് ശേഷം കണ്ടുമുട്ടിയതിനെക്കുറിച്ചാണ് ഇവിടെ പറയുന്നത്.ചന്ദ്രന്റെ ഭാര്യയാണ് രോഹിണി.രാഹുഗ്രസ്തനാകുമ്പോൾ രോഹിണിയെക്കാണാൻ ചന്ദ്രനു സാധിക്കുകയില്ല. ഗ്രഹണം തീരുമ്പോൾ രോഹിണീസാമീപ്യം കൈവരുകയും ചെയ്യും.അതുപോലെ ശാപശക്തി കൊണ്ട് ശകുന്തളയെ മറന്നുപോയ ദുഷ്ഷന്തന് ശാപമകന്ന് ബുദ്ധി തെളിഞ്ഞപ്പോൾ ശകുന്തളയെ തിരിച്ചറിയാൻ കഴിഞ്ഞുവെന്നാണ് ഇവിടെ സൂചിപ്പിക്കപ്പെടുന്നത്.

**36. സർവദമനനെ കണ്ടപ്പോൾ ദുഷ്ഷന്തന്റെ മനസ്സിലുണ്ടാവുന്ന ചിന്തകൾ ക്രോഡീകരിക്കുക.**

ഭാവിയിൽ മാഹാതേജസ്വിയായി വളരാനുള്ള ലക്ഷണങ്ങൾ ആശ്രമബാലനായ സർവദമനിൽ ദുഷ്ഷന്തൻ കാണുന്നു.നിഷ്കളങ്കനായ സർവദമനന്റെ കളികൾ ദുഷ്ഷന്തനെ സ്വാധീനിക്കുന്നതു കാണാം. സർവദമനന്റെ പിതാവായിരിക്കുന്നത് ഏറെ പുണ്യമാണെന്നാണ് ദുഷ്ഷന്തൻ വിചാരിക്കുന്നത്. മാത്രമല്ല ഇങ്ങനെയൊരു കുട്ടിയെ ലാളിക്കാനുള്ള ഭാഗ്യം തനിയ്ക്കില്ലാത്തതിനാൽ ദുഷ്ഷന്തൻ ദുഃഖിതനാവുന്നുമുണ്ട്.അപ്സരസംബന്ധം കൊണ്ട് ഇവന്റെ അമ്മ ഇവിടെ വെച്ച് ഈ കുട്ടിയെ പ്രസവിക്കുകയായിരുന്നു എന്ന താപസികളുടെ വാക്ക് ദുഷ്ഷന്തൻ ശ്രദ്ധയോടെയാണ് കേൾക്കുന്നത്.പുരുവംശമാണ് സർവദമന്റെ വംശം എന്ന് താപസിമാർ പറയുമ്പോഴും ശകുന്തലാസ്യം എന്നത് സർവദമൻ അമ്മയെന്ന് തെറ്റിദ്ധരിച്ചത് കണ്ടപ്പോഴും തന്റെ മകൻ തന്നെയാണോ ഇത് എന്ന് ദുഷ്ഷന്തൻ സംശയിക്കുന്നു.

**37. കഥാഗതിയെ നാടകീയമായി വളർത്തിക്കൊണ്ടുവരാൻ കവി സ്വീകരിച്ച രചനാതന്ത്രങ്ങൾ എന്തെല്ലാം ? സൂചനകളായി കുറിക്കുക.**

- സർവദമനൻ സിംഹക്കുട്ടിയുമായി കളിച്ചുകൊണ്ടിരിക്കുമ്പോൾ വളരെ ആകസ്മികമായിട്ടായിരുന്നു ദുഷ്ഷന്തന്റെ കടന്നുവരവ്.
- ശകുന്തലാസ്യം എന്ന പ്രയോഗം കുട്ടിയിലുണ്ടാക്കിയ തെറ്റിദ്ധാരണ ദുഷ്ഷന്തൻ ശ്രദ്ധിക്കുകയും ശകുന്തളയെക്കുറിച്ചാണ് പറയുന്നത് എന്ന് സംശയിക്കുകയും

ചെയ്യുന്നു.

- ദുഷ്ഷന്തന്റെയും കുട്ടിയുടെയും മുഖസാമ്യം താപസികളെ അത്ഭുതപ്പെടുത്തുന്നു.
- സർവദമനന്റെ കയ്യിൽ നിന്നും വീണ രക്ഷ ദുഷ്ഷന്തൻ എടുക്കുന്നു.
- ശകുന്തളയുടെ കാൽക്കൽ വീണ് ദുഷ്ഷന്തൻ മാപ്പിരക്കുന്നു.
- ശകുന്തള ദുഷ്ഷന്തന്റെ വിരലിൽ മോതിരം കാണുന്നത്.

ഇവയെല്ലാം നാടകത്തെ സമർത്ഥമായി മുന്നോട്ടുകൊണ്ടുപോകുന്നു.

**38. ദുഷ്ഷന്ത മഹരാജാവിന്റെ സവിശേഷതകൾ കുറിക്കുക.**

ഇന്ദ്രന്റെ ആവശ്യ പ്രകാരം യുദ്ധത്തിൽ സഹായിക്കാനായി പോകുന്ന ദുഷ്ഷന്തൻ അതിൽ വിജയിക്കുന്നു. ധീരനും പരാക്രമിയുമായ അദ്ദേഹത്തിൽ ഒരു രാജാവിനുണ്ടായിരിക്കേണ്ട എല്ലാ ലക്ഷണങ്ങളും ഇണങ്ങിയിരിക്കുന്നുണ്ട് എന്ന് പാഠഭാഗത്തിലെ പല സന്ദർഭങ്ങളും തെളിയിക്കുന്നു. ആശ്രമത്തിലെത്തിയ ദുഷ്ഷന്തന്റെ താപസികളോടുള്ള പെരുമാറ്റത്തിൽ നിന്നും സർവദമനോടു കാണിക്കുന്ന വാത്സല്യത്തിൽ നിന്നും സ്നേഹസമ്പന്നനും സന്ദർഭത്തിനനുസരിച്ച് പെരുമാറാനുമറിയുന്ന വ്യക്തിയാണ് അദ്ദേഹമെന്ന് വായനക്കാർക്ക് മനസ്സിലാവും. നിറഞ്ഞ പുത്രവാത്സല്യം ഓരോ സന്ദർഭത്തിലും തെളിയുന്നുണ്ട്. ശകുന്തളയെ കണ്ടപ്പോൾ താൻ ചെയ്തുപോയ തെറ്റിന് ക്ഷമ ചോദിക്കാൻ അദ്ദേഹം മടിക്കുന്നില്ല. സ്ത്രീയോടു ചെയ്ത തെറ്റിന് ക്ഷമ ചോദിക്കാൻ രാജപദവിയിലിരിക്കുന്ന വ്യക്തിയായിട്ടുപോലും ഒരു മടിയും ദുഷ്ഷന്തൻ കാണിക്കുന്നില്ല. ഓരോ അവസരത്തിലും എങ്ങനെ പെരുമാറണം എന്ന വിവേകം തന്നെയാണിത്. സമർത്ഥനായ ഒരു രാജാവിനുണ്ടായിരിക്കേണ്ട ഏറ്റവും വലിയ ഗുണം ആദരിക്കേണ്ടവരെ ആദരിക്കാനും അംഗീകരിക്കേണ്ടവരെ അംഗീകരിക്കുവാനുമുള്ള കഴിവാണ്. അതുകൊണ്ടു തന്നെയാണ് കശ്യപഭഗവാനെ കണ്ട് അനുഗ്രഹം വാങ്ങണമെന്ന് ദുഷ്ഷന്തൻ ശകുന്തളയോട് ആവശ്യപ്പെടുന്നത്.


## വിഗ്രഹിക്കുക

| | | |
|---|---|---|
| സർവദമനൻ | - | സർവതിനെയും ദമനം ചെയ്യുന്നവൻ |
| ജാതിസ്വഭാവം | - | ജാതിയുടെ സ്വഭാവം |
| സിംഹക്കുട്ടി | - | സിംഹത്തിന്റെ കുട്ടി |
| വിരൽനിര | - | വിരലിന്റെ നിര |
| പല്ലിൻമൊട്ട് | - | പല്ലാകുന്ന മൊട്ട് |
| ശകുന്തലാസ്യം | - | ശകുന്തത്തിന്റെ ലാസ്യം |
| മൺമയിൽ | - | മണ്ണുകൊണ്ട് ഉണ്ടാക്കിയ മയിൽ |
| പൂമേനി | - | പൂപോലുള്ള മേനി |
| കുലവ്രതം | - | കുലത്തിന്റെ വ്രതം |
| പൗരവന്മാർ | - | പുരുവംശത്തിൽ പിറന്നവർ |
| താംബൂലരാഗം | - | താംബൂലത്തിന്റെ രാഗം |
| വ്രതനിഷ്ഠ | - | വ്രതത്തിന്റെ നിഷ്ഠ |
| മുദ്രമോതിരം | - | മുദ്രയുള്ള മോതിരം |

# 3 പാവങ്ങൾ

## വിക്ടർ ഹ്യൂഗോ

**വിവർത്തനം : നാലപ്പാട്ട് നാരായണമേനോൻ**



1802 - 1885

" പാവങ്ങൾ എന്ന പുസ്തകം എല്ലാ രാജ്യക്കാർക്കും വേണ്ടി എഴുതപ്പെട്ടതാണെന്ന് നിങ്ങൾ പറയുന്നതു ശരിയാണ്. അത് എല്ലാവരും വായിച്ചുനോക്കുമോ എന്നെനിക്കറിഞ്ഞുകൂടാ.പക്ഷെ, ഞാൻ അത് എല്ലാവർക്കും വേണ്ടിഎഴുതിയിട്ടുള്ളതാണ്"

"മനുഷ്യൻ അജ്ഞനും നിരാശനുമായി എവിടെയുണ്ട്, ഭക്ഷണത്തിനുവേണ്ടി സ്ത്രീകൾ എവിടെ വിൽക്കപ്പെടുന്നു, അറിവുണ്ടാക്കാനുള്ള ഗ്രന്ഥവും തണുപ്പുമാറ്റാനുള്ള അടുപ്പും കിട്ടാതെ കുട്ടികൾ എവിടെ കഷ്ടപ്പെടുന്നു, അവിടെയെല്ലാം *പാവങ്ങൾ* എന്ന പുസ്തകം വാതിൽക്കൽ മുട്ടി വിളിച്ചുപറയും: 'എനിക്കു വാതിൽ തുറന്നുതരിക; ഞാൻ വരുന്നതു നിങ്ങളെ കാണാനാണ്;"

**- വിക്ടർ ഹ്യൂഗോ**

*മഹാനായ എഴുത്തുകാരൻ വിക്ടർ ഹ്യൂഗോയുടെ പ്രസിദ്ധകൃതിയായ ലാ മിറാബലെ എന്ന കൃതിക്ക് നാലപ്പാട്ടു നാരായണ മേനോൻ നൽകിയ പാവങ്ങൾ എന്ന വിവർത്തനത്തിലെ ചെറിയൊരു ഭാഗമാണ് പാഠഭാഗം.*

- ലോക സാഹിത്യബോധത്തെ മാറ്റിമറിച്ച കൃതി.
- പാശ്ചാത്യ മഹാഭാരതം, നോവലുകളുടെ അമ്മ എന്നിങ്ങനെയുള്ള വിശേഷണങ്ങൾ ഈ കൃതിയ്ക്ക് ഉണ്ട്.
- ലാ മിറാബലെ എന്ന കൃതി 1862 ൽ രചിക്കപ്പെട്ടു.
- ഫ്രാൻസിന്റെ ചരിത്രത്തിൽ നെപ്പോളിയനു ശേഷമുള്ള ഒരു കാലഘട്ടം ഈ നോവലിൽ ചിത്രീകരിക്കപ്പെട്ടിരിക്കുന്നു.
- നാലപ്പാട്ട് നാരായണമേനോൻ വിവർത്തനം ചെയ്ത ഈ കൃതി 1925 ൽ മാതൃഭൂമി പ്രസിദ്ധീകരിച്ചു.
- ലാ മിറാബലെ എന്ന ഫ്രെഞ്ച് നോവലിന് *ഇസാബെൽ ഫ്ളോറൻസ് ഹാപ്ഗുഡ്* രചിച്ച ഇംഗ്ലീഷ് പരിഭാഷയെ അടിസ്ഥാനപ്പെടുത്തിയാണ് നാലപ്പാട്ട് നാരായണമേനോൻ ഈ കൃതി പാവങ്ങൾ എന്ന പേരിൽ മലയാളത്തിലേക്ക് വിവർത്തനം ചെയ്തത്.
- മലയാള ഭാവുകത്വത്തെയും ഭാഷാശൈലിയെയും മാറ്റിമറിച്ച വിവർത്തന കൃതിയാണ് പാവങ്ങൾ.
- ഈ കൃതി കേരളീയവും ദേശീയവുമായ നവോത്ഥാനത്തിനുള്ള ചാലകശക്തിയായി മാറി.

**നോവലിനെക്കുറിച്ച്.......**

- " ഭൂമിയിൽ എത്ര കാലം ദാരിദ്ര്യവും അജ്ഞതയും നിലനിൽക്കുന്നുവോ അത്രയും കാലം പാവങ്ങൾ എന്ന നോവൽ വായിക്കപ്പെടും"- ടോൾസ്റ്റോയി.
- " എല്ലാ നോവലുകളുടെയും അമ്മയാണ് പാവങ്ങൾ"- എം.മുകുന്ദൻ
- "പാവങ്ങൾ വായിച്ചിട്ടില്ലാത്തവർ നിരക്ഷരരെപ്പോലെയാണ്. അവരുടെ ആത്മാവിൽ ദാരിദ്ര്യമുണ്ടാകും. അക്ഷരങ്ങൾ കൂട്ടിവായിക്കാൻ പഠിച്ചതുകൊണ്ടുമാത്രം ആരും അക്ഷരാഭ്യാസമുള്ളവരായി മാറുന്നില്ലല്ലോ. പാവങ്ങൾ വായിക്കുക കൂടി വേണം കാരണം ഒന്നര നൂറ്റാണ്ടിലേറെയായി ആത്മോന്നമനത്തിന് അവശ്യം വായിച്ചിരിക്കേണ്ട പാഠപുസ്തകങ്ങളിൽ ഒന്നാണ് പാവങ്ങൾ" - എം.മുകുന്ദൻ
- "നോവൽ സാഹിത്യത്തിൽ തീക്ഷ്ണ സൗന്ദര്യത്തിന്റെ അപൂർവ ജ്വാലയായി നിൽക്കുന്നു, 'പാവങ്ങൾ'; സങ്കീർണമായ മനുഷ്യ പ്രകൃതിയുടെ ചൈതന്യ നിർഭരമായ ആവിഷ്കാരം"- ജോർജ് ഓണക്കൂർ
- " എന്റെ എഴുത്തിലും സ്വഭാവഘടനയിലും ചിന്തയിലും സ്വാധീനം ചെലുത്തിയ പുസ്തകമാണ് പാവങ്ങൾ"- ഇ.ഹരികുമാർ

## കഥാപാത്രങ്ങൾ

- മോൺസിന്യേർ ബിയാങ് വെന്യു - ഡി പട്ടണത്തിലെ മെത്രാൻ(മോൺസിന്യേർ എന്നത് മുഖ്യപുരോഹിതന് പോപ്പ് അനുഗ്രഹിച്ചു നൽകുന്ന സ്ഥാനപ്പേരാണ്)
- മദാംവ്വസേല്ല് ബപ്തിസ്തീൻ - മെത്രാന്റെ വൃദ്ധയായ സഹോദരി(പാഠഭാഗത്ത് ഈ കഥാപാത്രത്തെക്കുറിച്ച് ചെറിയ പരാമർശം മാത്രമേ ഉള്ളൂ.)
- മദാം മഗ്ലാർ - മെത്രാന്റെ അരമനയിലെ പരിചാരിക.
- ഴാങ് വാൽ ഴാങ് - തികച്ചും ദരിദ്രനായ മരം വെട്ടുകാരൻ. സഹോദരിയുടെ മക്കളുടെ വിശപ്പുമാറ്റാൻ റൊട്ടി കട്ടെടുത്തതിന്റെ പേരിൽ ശിക്ഷിക്കപ്പെട്ടു. 5 വർഷത്തെ ജയിൽവാസമാണ് ശിക്ഷാകാലയളവെങ്കിലും തടവിൽ നിന്ന് രക്ഷപ്പെടാൻ ശ്രമിച്ചതിന്റെ പേരിൽ 19 വർഷം ജയിലിൽ കഴിയേണ്ടി വന്നു. ജയിൽ ശിക്ഷയ്ക്കു ശേഷം ഡി പട്ടണത്തിലെ മെത്രാനായ മോൺസിന്യേർ അയാൾക്ക് അഭയം നൽകി.തുടർന്ന് ഴാങ് വാൽ ഴാങിന്റെ ജീവിതത്തിലുണ്ടാവുന്ന മാറ്റങ്ങളാണ് നോവലിൽ ചിത്രീകരിച്ചിരിക്കുന്നത്.



## പാവങ്ങൾ എന്ന കൃതിയ്ക്ക് സാഹിത്യ ചരിത്രത്തിലുള്ള സ്ഥാനം.

ദാരിദ്ര്യത്തിൽ ജനിച്ച്, ജീവിച്ചു, മരിച്ചു പോകുന്ന മനുഷ്യരുടെ സങ്കീർണമായ ജീവിതം അടയാളപ്പെടുത്തിയ കൃതിയാണ് പാവങ്ങൾ. ജീവിത സാഹചര്യങ്ങളാണ് ഒരു മനുഷ്യനെ നല്ലതും ചീത്തയുമാക്കുന്നത്. തെറ്റുകാരനായി ലോകത്ത് ആരും തന്നെ ജനിക്കുന്നില്ല. നിരപരാധികൾ ലോകത്തെവിടെയും ഇപ്പോഴും ശിക്ഷിക്കപ്പെടുന്നു. അതുകൊണ്ടുതന്നെ ഈ കൃതി മുന്നോട്ടു വെയ്ക്കുന്ന ആശയത്തിന് ഏറെ പ്രാധാന്യമുണ്ട്. മനുഷ്യരുടെ പ്രശ്നങ്ങൾക്ക് എവിടെയും സമാനതകളുണ്ട്. ചെറിയ തെറ്റുകൾക്കു വലിയ ശിക്ഷ നൽകി ജയിലിലടയ്ക്കുമ്പോൾ സംഘർഷം നിറഞ്ഞ ജീവിതം അയാളെ മനുഷ്യനല്ലാതാക്കി മാറ്റും.ശരിയായ നീതി പ്രകടിപ്പിക്കാത്ത നിയമവ്യവസ്ഥയ്ക്കു നേരെയുള്ള വിമർശനം തന്നെയാണ് ഈ നോവൽ. ലോകസാഹിത്യത്തിന് മാനവികതയുടെ പുതിയൊരു മുഖം കാണിച്ചു കൊടുക്കാൻ ഈ നോവലിനു സാധിച്ചു. മാത്രമല്ല വിവിധ ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ട ഈ കൃതി എഴുത്തുകാർക്കുള്ള മികച്ച പാഠപുസ്തകം കൂടിയാണ്.

## കഥാസംഗ്രഹം സൂചനകളിലൂടെ....

- ഴാങ് വാൽ ഴാങിന് ഡി പട്ടണത്തിലെ മെത്രാൻ അഭയം നൽകി.
- നിശബ്ദമായ രാത്രിയിൽ അതിനേക്കാൾ നിശബ്ദമായി പൂച്ചയുടെ കളവുള്ളതും അസ്വസ്ഥവുമായ സൗമ്യഭാവത്തോടെ അടച്ചിട്ടവാതിൽ തുറന്ന് മോഷണം നടത്താൻ ഴാങ് വാൽ ഴാങ് ശ്രമിക്കുന്നു.
- വാതിൽ തുറക്കാനുള്ള ശ്രമത്തിനിടയിൽ എണ്ണയിടാത്ത തിരിക്കുറ്റി വലിയ ശബ്ദമുണ്ടാക്കി.തന്റെ കാര്യം പോയി എന്ന് അയാൾ തീർച്ചയാക്കി.
- **തിരിക്കുറ്റിയുട ശബ്ദം പരലോകത്തു വെച്ച് താൻ ചെയ്യുന്ന തെറ്റിനെ വിചാരണ ചെയ്യാനെടുക്കുന്നതിനു മുമ്പുള്ള കാഹള ശബ്ദം പോലെ അയാൾക്കു തോന്നുന്നു.**
- തിരിക്കുറ്റി ജീവൻ വെച്ച് ഒരു ഭീകര ജീവിയായി  ഒരു നായയെ പോലെ കുരച്ച് എല്ലാവരെയും ഉണർത്തുമെന്ന് അയാൾ ഭയപ്പെടുന്നു.
- എല്ലാവരും ഈ ശബ്ദം കേട്ട് ഉണരുമെന്നും താൻ പിടിക്കപ്പെടുമെന്നും ഉറപ്പിച്ച ഴാങ് വാൽ ഴാങ് ഭയത്തോടെ നിന്നു പോയി.ഭയത്താൽ അയാളുടെ ശ്വാസ വേഗം വർദ്ധിച്ചിരിക്കുന്നു.ഗുഹയിൽ നിന്നും വരുന്ന കാറ്റിന്റെ ഇരമ്പൽ പോലെ അത് തോന്നുമായിരുന്നു.
- കൊല്ലന്റെ ആലയിൽ കാറ്റുണ്ടാക്കാൻ ആഞ്ഞടിക്കുന്ന കുടങ്ങൾ പോലെ അയാളുടെ രക്തനാഡികൾ പിടക്കുന്നുണ്ടായിരുന്നു.
- **ഉപ്പു കൊണ്ടുള്ള പ്രതിമ പോലെ അയാൾ ഭയത്താൽ തരിച്ചു നിന്നുപോയി.**
- തന്റെ പ്രവൃത്തി ശരിയാണോ എന്ന ചിന്ത ഴാങ് വാൽ ഴാങിന്റെ മനസ്സിനെ അലട്ടുന്നു. എന്നിരുന്നാലും മോഷ്ടിക്കാനുള്ള ശ്രമം അയാൾ  അവസാനിപ്പിക്കുന്നില്ല.
- ആരും ഉണരാത്തതിനാൽ ആശ്വസിക്കുന്നു തന്റെ പ്രവൃത്തിയിൽ നിന്ന് പിന്നോട്ടു പോകാതെ കഴിയുന്നതും വേഗം എന്തെങ്കിലും അവിടെ നിന്നു മോഷ്ടിച്ച് രക്ഷപ്പെടാൻ അയാൾ ശ്രമിക്കുന്നു.
- മെത്രാന്റെ മുറിയിൽ നിന്നും വെള്ളി സാമാനമെടുത്ത് പട്ടാളമാറാപ്പിലിട്ട് കൊട്ട വലിച്ചെറിഞ്ഞ് അവിടെ നിന്നും അയാൾ രക്ഷപ്പെട്ടു.
- അടുത്ത ദിവസം രാവിലെ തോട്ടത്തിൽ ഉലാത്തുന്ന മെത്രാനോട് പരിചാരിക വെള്ളിപ്പാത്രം കണ്ടോ എന്ന് അന്വേഷിക്കുകയും  തുടർന്ന് അത് നഷ്ടപ്പെട്ടത് തിരിച്ചറിയുകയും ചെയ്തു.
- ഈ സന്ദർഭത്തെ വളരെ നിസ്സംഗമായാണ് മെത്രാൻ കാണുന്നത്. **ആ വെള്ളി സാമാനങ്ങൾ നമ്മുടേതായിരുന്നോ എന്നാണ് അദ്ദേഹം ചോദിക്കുന്നത്.** മാത്രമല്ല **അവ വളരെക്കാലം നമ്മൾ സൂക്ഷിച്ചു പോന്നതുതന്നെ ശരിയല്ലെന്നും അതു പാവങ്ങളുടെതാണെന്നും** പറയുന്ന മെത്രാൻ കാഴ്ചയിൽ തന്നെ പാവമായ മനുഷ്യനാണ് അവ കിട്ടിയതെന്ന് വ്യക്തമാക്കുന്നു.
- പ്രാതൽ കഴിക്കുമ്പോൾ ഒരു കഷ്ണം അപ്പം ഒരു കോപ്പ പാലിൽ എടുത്തു മുക്കുന്നതിന് ഒരാൾക്കു മരം കൊണ്ടുള്ള മുള്ളും കയ്‌ലും കൂടി ആവശ്യമില്ലെന്ന് മെത്രാൻ പറയുന്നു.
- ഇത് അംഗീകരിക്കാൻ പരിചാരികയ്ക്ക് കഴിയുന്നില്ല.
- അപ്പോഴാണ് പുറത്തു നിന്നും ശബ്ദം കേൾക്കുന്നത്. മൂന്നു പോലീസുകാർ ചേർന്ന് ഴാങ് വാൽ ഴാങിനെ കൊണ്ടു വരുന്നു.
- അമ്പരന്നു നിൽക്കുന്ന ഴാങ് വാൽ ഴാങിനോട് ഞാൻ തന്ന മെഴുകുതിരിക്കാലുകൾ എടുക്കാതിരുന്നത് എന്തുകൊണ്ടാണെന്നു മെത്രാൻ ചോദിക്കുന്നു. നിങ്ങളുടെ മുള്ളു



visit www.shenischool.in or whatsapp 7012498606

കളും കയ്‌ലുകളും എടുത്ത കൂട്ടത്തിൽ അവ കൂടി നിങ്ങൾ കൊണ്ടു പോവാതിരുന്നതെന്തു കൊണ്ടാണെന്ന ചോദ്യം കേട്ട് ഴാങ് വാൽ ഴാങ് മിഴിച്ചു നിന്നു പോയി.

- കള്ളനാണെന്നു കരുതിയാണ് ഇയാളെ ഞങ്ങൾ പിടിച്ചതെന്ന് പോലീസുകാർ അറിയിച്ചപ്പോൾ അവ താൻ നൽകിയതാണെന്ന മെത്രാന്റെ മറുപടിയാൽ ഴാങ് വാൽ ഴാങിനെ പോലീസുകാർ മോചിപ്പിക്കുന്നു.
- **തന്നെ മോചിപ്പിക്കാൻ പോകുന്നു എന്ന കാര്യം അത്ഭുതത്തോടെയാണ് ഴാങ് വാൽ ഴാങ് കാണുന്നത്.**
- നിങ്ങൾ പോകുന്നതിനു മുമ്പ് മെഴുകുതിരിക്കാലുകൾ കൂടി കൊണ്ടു പോകണമെന്നു പറഞ്ഞ് മെത്രാൻ അവ ഴാങ് വാൽ ഴാങിന് നൽകുന്നു. വിറച്ചു കൊണ്ടാണ് അയാൾ അത് വാങ്ങിയത്.
- **ഇനി ഇങ്ങോട്ടു വരുമ്പോൾ നേർവഴിക്കു വരണമെന്നും ഇവിടെ വാതിലുകൾ ഒരു നീക്കു നീക്കിയിടുകയല്ലാതെ ഒരിക്കലും പൂട്ടിയിടുകയില്ലെന്നും മെത്രാൻ ഴാങ് വാൽ ഴാങിനോടു പറയുന്നു.**
- പോലീസുകാർ പോയി. മോഹാലസ്യപ്പെടാൻ പോകുന്ന ഒരാളെ പോലെ തോന്നിച്ച അയാളോട് **ഒരു സത്യവാനായിരിക്കാൻ ഈ നിമിഷത്തെ ഉപയോഗപ്പെടുത്തുമെന്നു നിങ്ങൾ പ്രതിജ്ഞ ചെയ്തിട്ടുള്ളതു മറക്കരുതേ, ഒരിക്കലും മറന്നുപോകരുത്.** എന്ന് മെത്രാൻ പറയുന്നു.
- പരിഗണന ലഭിക്കേണ്ട സമയത്ത് സ്നേഹവും കാരുണ്യവും കൊടുത്ത് ഒരാളെ മാറ്റിയെടുക്കാൻ കഴിയുമെന്ന് മെത്രാൻ നമുക്ക് കാണിച്ചു തരുന്നു.



## ചോദ്യശേഖരം..........

**1. മെത്രാന്റെ ശ്വാസ വേഗത്തെ എന്തിനോടാണ് സാദൃശ്യപ്പെടുത്തിയിരിക്കുന്നത് ?**

ഗുഹയിൽ നിന്നും വരുന്ന കാറ്റിന്റെ ഇരമ്പലിനോട്.

**2. ഴാങ് വാൽ ഴാങിന് ആ അപകടം മനസ്സിലായി.- അപകടമെന്ത് ?**

മെത്രാന്റെ മേടയിൽ നിന്നും മോഷണം നടത്താനായി വാതിൽ തള്ളി തുറക്കാൻ ഴാങ് വാൽ ഴാങ് ശ്രമിച്ചു.അയാൾക്ക് അകത്തേക്കു കടക്കാനുള്ള പഴുതുണ്ടായി. എന്നാൽ വാതിലിന്റെ അടുത്ത് ഒരു മേശ കിടന്നിരുന്നു. അതിന്മേൽ വാതിൽ തട്ടി കോണിച്ചു പോയതു കൊണ്ട് അകത്തേക്കു കടക്കാനുള്ള വഴി തടയപ്പെട്ടു. അപ്പോഴാണ് തനിയ്ക്കു മുന്നിലുള്ള അപകടത്തെക്കുറിച്ച് ഴാങ് വാൽ ഴാങിന് ബോധ്യമായത്. വാതിൽ തള്ളി തുറക്കാൻ ശ്രമിച്ചാൽ അതിന്റെ ശബ്ദം കൊണ്ട് അവിടെയുള്ളവർ ഉണരും എന്നുള്ളതാണ് അയാൾക്കു മുന്നിലുള്ള അപകടം.

**3. ''ഒരു കഷ്ണം അപ്പം ഒരു കോപ്പ പാലിൽ മുക്കുന്നതിന് ഒരാൾക്കു മരം കൊണ്ടുള്ള മുള്ളും കയ്യിലും കൂടി ആവശ്യമില്ല.''- ഈ വരികളിൽ തെളിയുന്ന ജീവിത വീക്ഷണം ?**

ലാളിത്യം

**4. ''മനുഷ്യനെക്കൊണ്ട് പറഞ്ഞറിയിക്കുവാൻ നിവൃത്തിയില്ലാത്ത ഒരു ഭാവവിശേഷത്തോടുകൂടി അയാൾ ആ വന്ദ്യനായ മെത്രാനെ തുറിച്ചു നോക്കി.''- ഴാങ് വാൽ ഴാങ്ങിന്റെ ഈ ഭാവ വിശേഷത്തിന്റെ കാരണമെന്ത് ?**

മെത്രാന്റെ വാക്കുകൾ അവിശ്വസനീയമായി തോന്നിയതിനാൽ.

**5. "ആ ഒന്നാമത്തെ അപകടം അങ്ങനെ കഴിഞ്ഞു" - അപകടമെന്ത് ?**

കളവ് നടത്താൻ വാതിൽ തുറക്കാൻ ശ്രമിക്കുമ്പോൾ തിരിക്കുറ്റിയുടെ ശബ്ദം അയാളെ ഭയപ്പെടുത്തി. ആ ശബ്ദം കേട്ട് ആരും ഉണരാതിരുന്ന സമയത്താണ് ഒരു അപകടം മറികടന്നതായി ഴാങ് വാൽ ഴാങിന് തോന്നിയത്.

**6. "അപ്പോൾ ഒന്നാമത് ആ വെള്ളി സാമാനം നമ്മുടെയായിരുന്നുവോ?" - മെത്രാൻ ഇങ്ങനെ ചോദിച്ചതിന്റെ അർത്ഥമെന്ത് ?**

ഭൂമിയിലെ വസ്തുക്കൾ പാവങ്ങളുടെ സ്വന്തമാണെന്ന് അദ്ദേഹം വിശ്വസിച്ചു.

**7. "ഉപ്പുകൊണ്ടുള്ള ഒരു പ്രതിമപോലെ അയാൾ നിന്നേടത്തു തന്നെ മിഴിച്ചുകൊണ്ടു നിന്നു."- ഈ വാക്യത്തിൽ തെളിയുന്ന ഴാങ് വാൽ ഴാങിന്റെ ജീവിതാവസ്ഥയും മാനസികാവസ്ഥയും കണ്ടെത്തി എഴുതുക.**

ജയിൽ വാസം കഴിഞ്ഞ് പുറത്തിറങ്ങിയ ഴാങ് വാൽ ഴാങിന് ആശ്രയം നൽകാൻ മറ്റാരും തയാറാവാതിരുന്നപ്പോൾ അതിന് തായാറായത് ഡി പട്ടണത്തിലെ മെത്രാൻ മാത്രമാണ്. എന്നിട്ടും മെത്രാന്റെ മേടയിൽ നിന്നും വെള്ളിപ്പാത്രം മോഷ്ടിക്കുവാൻ അയാൾക്കു മടിയുണ്ടായില്ല.മോഷ്ടിക്കാനായി വാതിൽ തുറക്കാൻ ശ്രമിച്ചപ്പോൾ ഏറെക്കാലമായി എണ്ണയിടാത്തതിനാൽ വാതിലിന്റെ തിരിക്കുറ്റി ചിലമ്പിച്ച ശബ്ദമുണ്ടാക്കി. ഇതോടെ എല്ലാവരും ഉണരുമെന്നും താൻ പിടിക്കപ്പെടുമെന്നുമുള്ള ഭയം അയാളിൽ നിറഞ്ഞു. ഭയം നിറഞ്ഞ മനസ്സുമായി ഉപ്പു കൊണ്ടുള്ള ഒരു പ്രതിമപോലെ അയാൾ നിന്നേടത്തു തന്നെ മിഴിച്ചുനിന്നു പോയി. അടുത്തതായി എന്തു ചെയ്യുമെന്ന കാര്യത്തിൽ അയാൾക്കു വ്യക്തതയുണ്ടായിരുന്നില്ല. ഭയം അയാളുടെ മനസ്സിലുണ്ടാക്കിയ നടുക്കമാണ് ഈ അവ്യക്തതയ്ക്ക് കാരണം. ഉപ്പ് അലിഞ്ഞു തീരുന്നതു പോലെ നടുക്കം നൽകിയ ആഘാതത്തിൽ ഉരുകിയുരുകി താൻ ഇല്ലാതാവുന്നുവെന്ന തോന്നൽ അയാളിലുണ്ടാകും. കളവു നടത്തുകയെന്ന ശീലം ഴാങ് വാൽ ഴാങിനില്ല. തന്റെ ജീവിത സാഹചര്യമുണ്ടാക്കിയ ദാരിദ്ര്യമാണ് മുഖ്യപ്രശ്നം. തനിക്കു അഭയം നൽകിയവരുടെ മുന്നിൽ വഞ്ചകനാവേണ്ട അവസ്ഥയെ നടുക്കത്തോടു കൂടി മാത്രമേ അയാൾക്ക് ഓർക്കാനാവൂ.

**8. "പരലോകത്തു വെച്ച് ഇഹ ലോകകർമങ്ങളെ വിചാരണയ്ക്കെടുക്കുമ്പോഴത്തെ തുളഞ്ഞു കയറുന്നതും ഭയം തോന്നിക്കുന്നതുമായ കാഹള ശബ്ദം പോലെ തിരിക്കുറ്റിയുടെ കരച്ചിലൊച്ച അയാളുടെ ചെകിട്ടിലടിച്ചു."- പ്രയോഗ സവിശേഷത വ്യക്തമാക്കുക.**

തനിക്ക് അഭയം നൽകിയ സ്ഥലത്തു നിന്നും മോഷണം നടത്താൻ മടിയില്ലാത്ത തരത്തിലേക്ക് 19 വർഷത്തെ ജയിൽ വാസം ഴാങ് വാൽ ഴാങിനെ മാറ്റി മറിച്ചിരുന്നു.മോഷണം നടത്താനായി ഭയത്തോടെ മെത്രാന്റെ മുറിയുടെ വാതിൽ തുറക്കാൻ ശ്രമിച്ചപ്പോൾ എണ്ണയിടാത്തതിനാൽ വാതിലിന്റെ തിരിക്കുറ്റി വലിയ ശബ്ദമുണ്ടാക്കി.എല്ലാവരും ഉണരുമെന്നും താൻ പിടിക്കപ്പെടുമെന്നും അയാൾ കരുതിയെങ്കിലും ആരും ഉണർന്നില്ല. എങ്കിലും ഭൂമിയിൽ താൻ ചെയ്യുന്ന കളവ് ആരും കണ്ടില്ലെങ്കിലും പരലോകത്ത് തന്റെ പ്രവൃത്തികൾ ചോദ്യം ചെയ്യപ്പെടുമെന്ന് ഴാങ് വാൽ ഴാങ് ഭയക്കുന്നു. തന്റെ പ്രവൃത്തിയിലെ ശരിതെറ്റുകളെക്കുറിച്ചുള്ള ചിന്ത അയാളെ അസ്വസ്ഥനാക്കുന്നു. വിചാരണയ്ക്കു മുമ്പുള്ള ലോഹവാദ്യത്തിന്റെ കാഹളശബ്ദം പോലെയാണ് തിരിക്കുറ്റിയുടെ ശബ്ദം അയാൾക്ക് അനുഭവപ്പെട്ടത്. കാഹള ശബ്ദം തെറ്റു ചെയ്തവനെ വിചാരണ ചെയ്യുന്നതിന്റെ വിളിച്ചറിയിക്കലാണ്. അതുപോലെ എണ്ണയിടാത്തതിനാൽ തിരിക്കുറ്റിയുണ്ടാക്കിയ ശബ്ദം താൻ കുറ്റവാളിയാണെന്ന് ലോകത്തിനു മുമ്പിൽ വിളിച്ചറിയിക്കുന്ന ശബ്ദമായി ഴാങ് വാൽ ഴാങിന് തോന്നുന്നു. തനിക്ക് അഭയം നൽകിയവരോട് ഇത്തരത്തിൽ പ്രവർത്തിക്കുന്നതിന്റെ കുറ്റബോധം അയാളെ വേട്ടയാടുന്നുണ്ട്.ഈ മാനസികാവസ്ഥയെ വ്യക്തമാക്കാൻ തിരിക്കുറ്റിയുടെ ശബ്ദം അയാളിലുണ്ടാക്കിയ അനുഭവത്തിന്റെ ചിത്രീകരണത്തിലൂടെ കഴിയുന്നു എന്നത് ശ്രദ്ധേയമായ വസ്തുതയാണ്.

**9. "ഞാൻ ആ വെള്ളി സാമാനം വളരെക്കാലം സൂക്ഷിച്ചു പോന്നത് ഒരിക്കലും ശരിയായി ട്ടില്ല. അതു പാവങ്ങളുടേതാണ്." - വരിയിൽ തെളിയുന്ന ധാർമ്മിക ബോധം. വിലയിരു ത്തുക.**

**അല്ലെങ്കിൽ**

**ഈ വാക്കുകൾ സമൂഹത്തിനു നൽകുന്ന സന്ദേശമെന്ത് ?**

തനിയ്ക്ക് ആശ്രയം നൽകിയ മെത്രാന്റെ മേടയിൽ നിന്നും വെള്ളിപ്പാത്രം കട്ട് കടന്നു കളയാൻ ഴാങ് വാൽ ഴാങിന് ഒരുതരത്തിലുമുള്ള മടിയുമുണ്ടായിരുന്നില്ല. മദാം മഗ്ലാർ വെള്ളി പ്പാത്രം നഷ്ടപ്പെട്ട കാര്യം തിരിച്ചറിയുകയും ആ വിവരം മെത്രാനെ അറിയിക്കുകയും ചെയ്തു. മെത്രാൻ ആ വെള്ളിസാമാനം നമ്മുടെയായിരുന്നോ എന്ന സവിശേഷമായ ചോദ്യം ഉന്നയിക്കുക മാത്രമാണ് ചെയ്തത്. മാത്രമല്ല അത് താൻ സൂക്ഷിച്ചത് ശരിയായില്ല എന്നും അത് പാവങ്ങൾക്കു ള്ളതാണെന്നുമുള്ള ശ്രദ്ധേയമായ മറുപടി മെത്രാൻ മദാം മഗ്ലാർക്ക് നൽകുന്നു. വിലപിടിപ്പുള്ള തൊന്നും ഒരാളുടേതുമാത്രമായി സൂക്ഷിക്കുന്നതു ശരിയല്ല എന്നതാണ് മെത്രാന്റെ അഭിപ്രായം. ഈ ലോകത്ത് സ്വന്തം എന്നൊന്നില്ല. ആരും ഒന്നിന്റെയും എക്കാലത്തെയും ഉടമസ്ഥരല്ല.ഭൂമിയി ലുള്ളതെല്ലാം എല്ലാവർക്കും അവകാശപ്പെട്ടതാണ്.ദൈവത്തിന്റെ വസ്തുവകകൾ എല്ലാവർക്കും ഒരുപോലെ അവകാശപ്പെട്ടതാണ്.നമ്മുടെ മുന്നോട്ടുള്ള ജീവിതത്തിന് വെള്ളി സാമാനങ്ങൾ വേണ മെന്നില്ല. അപ്പം കോപ്പയിലുള്ള പാലിൽ മുക്കിയെടുക്കാൻ കയ്യിലും മുള്ളും ആവശ്യമില്ല.അവ യെല്ലാം പാവങ്ങൾക്ക് കിട്ടിയാൽ ഉപകാരപ്രദമാവും. മാനുഷ്യ നന്മയിൽ ഊന്നിയ തന്റെ ജീവിത ത്തിൽ ഇത്തരം ഭൗതിക വസ്തുക്കൾക്ക് സ്ഥാനമില്ലെന്നുതന്നെയാണ് മെത്രാൻ വ്യക്തമാക്കുന്ന ത്.

**10. "ഒരു കഷ്ണം അപ്പം ഒരു കോപ്പ പാലിൽ മുക്കുന്നതിന് ഒരാൾക്കു മരം കൊണ്ടുള്ള മുള്ളും കയ്യിലും കൂടി ആവശ്യമില്ല."- ഈ വരികളിൽ തെളിയുന്ന ജീവിത വീക്ഷണം വ്യക്തമാക്കുക.**

താൻ അഭയം നൽകിയിട്ടും തന്റെ മേടയിൽ നിന്നും വെള്ളിപ്പാത്രവും കൊണ്ട് ഴാങ് വാൽ ഴാങ് കടന്നു കളഞ്ഞ വാർത്ത അറിഞ്ഞപ്പോൾ ഒരു തരത്തിലുമുള്ള ഭാവ വ്യത്യാസവും മെത്രാ നിൽ ഉണ്ടായില്ല. ആ വെള്ളി സാമാനം തങ്ങളുടേതു തന്നെയാണോ എന്ന ചിന്തയാണ് അയാ ളിൽ നിറയുന്നത്. അത് വളരെക്കാലം സ്വന്തമാക്കി വെച്ചത് തെറ്റായിപ്പോയെന്നും അത് പാവ ങ്ങൾക്കുള്ളതാണെന്നുമാണ് മെത്രാന്റെ അഭിപ്രായം. തലേ ദിവസം ഴാങ് വാൽ ഴാങ് ഭക്ഷണം കഴിച്ചിടത്തു തന്നെയിരുന്ന് മെത്രാൻ ഭക്ഷണം കഴിക്കുമ്പോൾ പിറുപിറുത്തിരിക്കുന്ന മദാം മഗ്ലാ റോട് ഒരു കഷ്ണം അപ്പം ഒരു കോപ്പ പാലിൽ എടുത്തു മുക്കുന്നതിന് ഒരാൾക്ക് മരം കൊണ്ടുള്ള മുള്ളും കയ്യിലും ആവശ്യമില്ലെന്ന് വളരെ നിഷ്കളങ്കമായി മെത്രാൻ പറഞ്ഞു. ലാളിത്യമാണ് ജീവി തത്തെ സുന്ദരമാക്കുന്നത് എന്ന കാഴ്ചപ്പാടാണ് മെത്രാനുള്ളത്.യഥാർത്ഥത്തിൽ നമുക്ക് ജീവി ക്കാൻ വളരെക്കുറച്ച് വസ്തുക്കൾ മാത്രം മതി. ആർഭാടം നിറഞ്ഞ ജീവിതത്തോടുള്ള ആഗ്രഹം ജീവിതത്തെ സങ്കീർണമാക്കുകയാണ് ചെയ്യുന്നത്. ലാളിത്യം ഈ സങ്കീർണതയെ ഇല്ലാതാക്കു ന്നു. വെള്ളി സാമാനങ്ങളുടെ നഷ്ടം തന്റെ ജീവിത സാഹചര്യങ്ങളെ ഒരു തരത്തിലും ബാധിക്കു കയില്ല എന്ന വ്യക്തമായ ബോധം മെത്രാന് ഉണ്ടായിരുന്നു.

**11. "എന്നെ വിടാൻ പോകുന്നു എന്നുള്ളത് വാസ്തവം തന്നെയോ" - ഴാങ് വാൽ ഴാങ് ഇങ്ങനെ ചോദിക്കാൻ കാരണമെന്ത് ?**

തനിയ്ക്ക് അഭയം നൽകിയ മെത്രാന്റെ ഭവനത്തിൽ നിന്നും മോഷണം നടത്തുവാൻ ഴാങ് വാൽ ഴാങിന് ഒരു തരത്തിലുമുള്ള മടിയുമുണ്ടായില്ല. രാത്രി സമയത്ത് ആരും കാണാതെ വെള്ളി സാമാനങ്ങൾ മോഷ്ടിച്ച് അയാൾ രക്ഷപ്പെട്ടെങ്കിലും പോലീസുകാരുടെ പിടിയിലകപ്പെട്ട് പോലീ സുകാരോടൊപ്പം മെത്രാന്റെ ഭവനത്തിലേക്കു തന്നെ എത്തിച്ചേർന്നു. ഏറെ ദുഃഖിതനായിരിക്കുന്ന അയാളുടെ മുന്നിലെത്തിയ മെത്രാൻ നിനക്ക് ഞാൻ തന്ന മെഴുകുതിരിക്കാലുകൾ എടുക്കാതിരു ന്നതെന്തു കൊണ്ടാണെന്ന് ചോദിക്കുമ്പോൾ പറഞ്ഞറിയിക്കാൻ കഴിയാത്ത ഭാവത്തോടെയാണ്

ഴാങ് വാൽ ഴാങ് ഈ അവസ്ഥയെ അഭിമുഖീകരിക്കുന്നത്. ഴാങ് വാൽ ഴാങിന്റെ കയ്യിലുള്ള വെള്ളി സാമാനങ്ങൾ താൻ അയാൾക്ക് സമ്മാനമായി നൽകിയതാണെന്നു കൂടി മെത്രാൻ പറയുന്നതോടു കൂടി പോലീസുകാർ അയാളെ മോചിപ്പിക്കാൻ തയാറായി.എന്നാൽ ഴാങ് വാൽ ഴാങിന് ഇത് അവിശ്വസനീയമായിരുന്നു. തന്റെ കുറ്റം തിരിച്ചറിഞ്ഞിട്ടും മെത്രാൻ ഇത്തരത്തിൽ പെരുമാറുന്നത് ഉൾക്കൊള്ളാൻ പ്രയാസമുള്ളതു കൊണ്ടാണ് പോലീസുകാർ തന്നെ വിടാൻ പോകുന്നു എന്നുള്ളത് അയാൾക്ക് അവിശ്വസനീയമായി തോന്നിയത്.

**12. "ഒരു സത്യവാനായിരിക്കുവാൻ ഈ ക്ഷണം...................... ഒരിക്കലും മറന്നു പോകരുത്." വരികളിൽ തെളിയുന്ന ആശയം വ്യക്തമാക്കുക.**

പാവങ്ങൾ എന്ന നോവലിലെവിടെയും ഇങ്ങനെയൊരു പ്രാർത്ഥന തെളിഞ്ഞു കാണുന്നില്ല. എന്നാൽ തനിക്കു വന്നു ചേർന്ന അപകടത്തിൽ വെറുപ്പു കാണിക്കാതെ തന്നോടുക്ഷമിച്ച തനിക്ക് ഒരിക്കലും പിടികിട്ടാത്ത മെത്രാനെ അത്ഭുതത്തോടെയാണ് ഴാങ് വാൽ ഴാങ് കാണുന്നത്. ഭയത്താൽ വിറച്ച അയാൾ ഈ സന്ദർഭത്തിൽ ഇനി ഒരിക്കലും ഇത്തരം പ്രവൃത്തിയിൽ ഏർപ്പെടില്ലെന്ന് മനസ്സിൽ പ്രതിജ്ഞ ചെയ്തിട്ടുണ്ടാവും. വേണമെങ്കിൽ മെത്രാന് പോലീസുകാരോട് സത്യം പറയാമായിരുന്നു. എന്നാൽ അത് അയാളെ വീണ്ടും തെറ്റിലേക്കു തന്നെയാണ് നയിക്കുക എന്നുള്ളതിനാലാണ് ഴാങ് വാൽ ഴാങിന് അവിശ്വസനീയമായ രീതിയിൽ മെത്രാൻ ഇടപെട്ടത്.അത് അയാൾക്ക് നേർക്കാഴ്ച നൽകും. അതിനുവേണ്ടി തന്നെയാണ് സത്യ സന്ധതയുടെയും മനുഷ്യ സ്നേഹത്തിന്റെയും പ്രതീകമായ മെഴുകുതിരി കാലുകൾ മെത്രാൻ ഴാങ് വാൽ ഴാങിന് നൽകിയത്. സ്വാഭാവികമായും ഇത്തരത്തിലുള്ള വിചിത്രമായ അനുഭവം അയാളിൽ കുറ്റബോധമുണ്ടാക്കും.അതോടെ അയാളിൽ തിന്മ ഇല്ലാതാവുകയും ചെയ്യും.തിന്മയ്ക്ക് അയാളുടെ മേൽ അവകാശമില്ലെന്ന് ഈ പ്രവൃത്തിയിലൂടെ മെത്രാൻ സ്ഥാപിക്കുന്നു. തന്റെ നന്മ ആഗ്രഹിക്കുന്നവരും തന്നിൽ നിന്ന് നന്മ പ്രതീക്ഷിക്കുന്നവരും ഉണ്ടെങ്കിൽ ആരും തന്നെ ഒരിക്കലും തിന്മയിലേക്ക് വഴുതി വീഴില്ലെന്ന സന്ദേശമാണ് ഇതിലൂടെ നമുക്ക് ലഭ്യമാവുന്നത്.

**13. "എന്റെ സ്നേഹിതാ, ഇനി............അതൊരിക്കലും പൂട്ടിയിടുകയില്ല"- വരികളിലൂടെ തെളിയുന്ന മെത്രാന്റെ സവിശേഷതകൾ വ്യക്തമാക്കുക.**

ആർക്കും എപ്പോഴും കടന്നു വരാവുന്ന ഇടമായിരുന്നു മെത്രാന്റെ ഭവനം. വലുപ്പചെറുപ്പങ്ങളുടെതായ വേർതിരിവ് അവിടെ ഉണ്ടായിരുന്നില്ല. സ്വകാര്യസ്വത്തിന്റേതായ ചിന്തകൾക്കപ്പുറം മാനവികതയുടെ ആഴം മെത്രാനിൽ തെളിഞ്ഞു കാണാം. അതു കൊണ്ടാണ് ഇനി ഇവിടേക്ക് വരുമ്പോൾ നേർവഴിക്ക് വരാമെന്നും വാതിൽ ചാരിയിടുന്നതല്ലാതെ താഴിട്ടു പൂട്ടുകയില്ലെന്നും മെത്രാൻ പറയുന്നത്. ഒരിക്കലും അടച്ചിടാത്ത വാതിൽ അഭയം നൽകാൻ മനസ്സുള്ള മാനവികതയുടെ അടയാളമാണ്.ജീവിതത്തിൽ എല്ലാവരും നേർവഴികളിലൂടെയാണ് സഞ്ചരിക്കേണ്ടതെന്ന് അദ്ദേഹം കരുതുന്നു.വളഞ്ഞവഴികൾ ഉപേക്ഷിക്കണമെന്ന് മെത്രാൻ ഓർമിപ്പിക്കുന്നു. പാപികളോടു പൊറുക്കുക എന്നത് മനുഷ്യത്വത്തിന്റെ പരകോടിയാണ്.സ്നേഹവും കാരുണ്യവും ജീവിതത്തെ ഭയരഹിതമാക്കും.എല്ലാതരത്തിലുമുള്ള ഭയപ്പാടുകൾക്കുമപ്പുറത്താണ് മെത്രാൻ. അതിനുള്ള തെളിവാണ് ആരാണെന്ന് അറിയാഞ്ഞിട്ടുപോലും തന്റെ ഭവനത്തിൽ ഴാങ് വാൽ ഴാങിന് അഭയം നൽകിയത്. അയാളെ നന്മയുടെ പ്രതീകമായി കാണാനാണ് മെത്രാന് കഴിഞ്ഞത്. ജീവിതത്തെ നിഗൂഢതകളില്ലാത്ത തുറന്ന പുസ്തകമായി അദ്ദേഹം കാണുന്നു.ഇത് തന്റെ ലളിതജീവിതത്തിൽ നിന്നാണ് അദ്ദേഹം സ്വാംശീകരിച്ചത്.

**14. "ഴാങ് വാൽ ഴാങിന്റെ <u>കണ്ണു രണ്ടും മിഴിഞ്ഞുപോയി. മനുഷ്യനെക്കൊണ്ടു പറഞ്ഞറിയിക്കാൻ നിവൃത്തിയില്ലാത്ത ഒരു ഭാവ വിശേഷത്തോടു കൂടി</u> അയാൾ ആ വന്ദ്യനായ മെത്രാനെ തുറിച്ചു നോക്കി."**

**അടിവരയിട്ട പ്രയോഗങ്ങൾ സന്ദർഭത്തിനു നൽകുന്ന ആശയഭംഗി വ്യക്തമാക്കി കുറിപ്പു തയാറാക്കുക.**

മെത്രാന്റെ മേടയിൽ നിന്നും വെള്ളിപ്പാത്രം കട്ടെടുത്ത് രക്ഷപ്പെട്ട ഴാങ് വാൽ ഴാങിനെ പോലീ



visit www.shenischool.in or whatsapp 7012498606

സുകാർ അറസ്റ്റു ചെയ്തു.മെത്രാന്റെ മുന്നിൽ അയാളെ ഹാജരാക്കി.അവിടെ നിന്നും ഒരിക്കലും പ്രതീക്ഷിക്കാത്ത അനുഭവമാണ് ഴാങ് വാൽ ഴാങിന് ഉണ്ടായത്.മെഴുകുതിരി കാലുകൾ കൂടി നിങ്ങൾക്ക് തന്നിരുന്നുവല്ലോ എന്നും എന്തുകൊണ്ട് അവ കൂടി കൊണ്ടു പോയില്ലെന്നും മെത്രാൻ ചോദിച്ചു. ഒരിക്കൽ കൂടി ജയിൽ വാസം അനുഭവിക്കേണ്ടി വരുമെന്ന് ഉറപ്പിച്ച സാഹചര്യത്തിലാണ് ഇങ്ങനെ ഒരു അനുഭവമുണ്ടായത്. ഒരിക്കൽ പോലും ആരും തനിയ്ക്ക് അഭയം നൽകാതിരുന്നപ്പോൾ തനിയ്ക്ക് തണലായ മെത്രാന്റെ വെള്ളിപ്പാത്രങ്ങളുമായാണ് താൻ കടന്നുകളഞ്ഞത്. എന്നിട്ടും തന്നോട് ഇങ്ങനെ പെരുമാറുന്ന മെത്രാൻ അയാൾക്ക് അവിശ്വസനീയമായ വ്യക്തിത്വമാണ്.മെത്രാൻ ഴാങ് വാൽ ഴാങിനോടു കാണിക്കുന്ന സ്നേഹവും കരുണയും ഇത്തരത്തിലുള്ള പെരുമാറ്റവും കൊണ്ടാണ് അയാളുടെ കണ്ണുകൾ മിഴിഞ്ഞുപോയത്. മാനസ്സികമായി തന്നെ തളർത്തിയ ഒരിക്കലും വിശ്വസിക്കാനാവാത്ത അനുഭവം സമ്മാനിച്ചതു കൊണ്ടാണ് മനുഷ്യനെക്കൊണ്ട് പറഞ്ഞറിയിക്കാൻ കഴിയാത്ത ഭാവത്തോടെ മെത്രാനെ അയാൾ തുറിച്ചു നോക്കിയത്.

**15. മെത്രാന്റെ ഹൃദയ വിശാലത വ്യക്തമാക്കുന്ന സന്ദർഭങ്ങൾ വ്യക്തമാക്കുക.**

വെള്ളി പാത്രവുമായി കടന്നുകളഞ്ഞ ഴാങ് വാൽ ഴാങിനെ അതിന്റെ പേരിൽ മെത്രാൻ കുറ്റപ്പെടുത്തിയില്ല. മെഴുകുതിരിക്കാലുകൂടി എടുക്കാതിരുന്നതെന്തു കൊണ്ടാണെന്ന് ചോദിച്ചു കൊണ്ട് പോലീസുകാരിൽ നിന്നും അയാളെ രക്ഷപ്പെടുത്തി.തന്റെ മേടയിലെ വിലപിടിപ്പുള്ളതെല്ലാം പാവങ്ങൾക്കവകാശപ്പെട്ടതാണെന്ന മെത്രാന്റെ കാഴ്ചപ്പാട് അയാളുടെ പാവങ്ങളോടുള്ള പരിഗണനയാണ് വ്യക്തമാക്കുന്നത്.ഇനി ഇങ്ങോട്ടു വരുമ്പോൾ നിങ്ങൾ തോട്ടത്തിലൂടെ കടന്നുവരാതെ തെരുവിലേക്കുള്ള വഴിയിലൂടെ തന്നെ എപ്പോഴും വരുകയും പോവുകയും ചെയ്യാമെന്നും ഈ വീടിന്റെ വാതിൽ ചാരിയിടുകയല്ലാതെ ഒരിക്കലും അടയ്ക്കുകയില്ല എന്നും മെത്രാൻ പറയുന്നു.എന്നും പാവങ്ങൾക്കു മുന്നിൽ തുറന്നിടുന്ന വാതിൽ ഒരർത്ഥത്തിൽ മെത്രാന്റെ ഹൃദയ വിശാലതയുടെ അടയാളമാണ്.

**16. "നിങ്ങൾ സമാധാനത്തോടുകൂടി പോവുക.......................അതൊരിക്കലും പൂട്ടിയിടുകയില്ല."- മെത്രാന്റെ വാക്കിൽ തെളിയുന്ന സന്ദേശം വ്യക്തമാക്കുക.**

സഹോദരിയുടെ മക്കളുടെ വിശപ്പകറ്റാൻ റൊട്ടി മോഷ്ടിച്ച ഴാങ് വാൽ ഴാങ് നിയമത്തിന്റെ മുന്നിൽ കുറ്റവാളിയാണ്. എന്നാൽ ജീവിത സാഹചര്യങ്ങൾ കൊണ്ട് തെറ്റിലേക്ക് നയിക്കപ്പെടുകയാണ് പലരും. ഇവരെ സമൂഹം അംഗീകരിക്കുകയോ പരിഗണിക്കുകയോ ചെയ്യുന്നില്ല.എല്ലാവരും കൈവിടുമ്പോഴും പാപികളോട് പൊറുക്കുക എന്ന യേശുവിന്റെ വചനം പിന്തുടരുന്ന മെത്രാന് അയാൾ കുറ്റക്കാരനായിരുന്നില്ല. മെത്രാനെ അത്ഭുതത്തോടെ മാത്രമേ ഴാങ് വാൽ ഴാങിന് കാണാനാവുന്നുള്ളു.എല്ലാ മാർഗ്ഗങ്ങളും അടഞ്ഞുപോകുമ്പോൾ മനുഷ്യൻ തെറ്റായവഴികൾ സ്വീകരിക്കുന്നത് സ്വാഭാവികമാണ്.എന്നാൽ ഴാങ് വാൽ ഴാങിന്റെ തെറ്റ് തിരിച്ചറിഞ്ഞിട്ടും ഒറ്റുകൊടുക്കാതെ അയാളുടെ മുന്നിൽ മെത്രാൻ തുറന്നിടുന്ന വാതിൽ പള്ളിമേടയുടെ വാതിൽ മാത്രമല്ല.അത് എല്ലാവർക്കുമുന്നിലും തുറന്നിടുന്ന നന്മയുടെ വാതിൽ തന്നെയാണ്. മനുഷ്യജീവിതം സുന്ദരമാക്കുന്നത് സ്നേഹവും കാരുണ്യവും നിറഞ്ഞ് അന്യരോടുള്ള പരിഗണന മനസ്സിലുണ്ടാകുമ്പോഴാണ്.മാനവികതയും സാഹോദര്യവുമില്ലാത്ത അധികാരത്തിന്റെ അടയാളമാണ് സ്വകാര്യ സ്വത്ത്. എല്ലാം എല്ലാവർക്കും വേണ്ടിയാണെന്നു വരുമ്പോൾ ഇതിന്റെ പ്രസക്തി ഇല്ലാതാവും.തുറന്നിട്ട വാതിലിലൂടെ ഇതു തന്നെയാണ് വ്യക്തമാക്കപ്പെടുന്നത്.നമ്മളോട് കരുതലുള്ളവർ കൂടെയുണ്ടാവുമ്പോൾ ജീവിതം പ്രതീക്ഷയുള്ളതായി മാറും. ഈ കരുതൽ തെറ്റിലേക്കു പോകാതെ ശരിയിലേക്ക് പോകാൻ നമ്മളെ പ്രാപ്തരാക്കുന്നു.

**17. "അകത്തു കടക്കാൻ നോക്കുന്ന പൂച്ചയുടെ കളവുള്ളതും സ്വസ്ഥതയില്ലാത്തതുമായ സൗമ്യഭാവത്തോടു കൂടി അനങ്ങാതെ വിരൽത്തുമ്പ് കൊണ്ട് അയാൾ വാതിലുന്തി" -പ്രയോഗ ഭംഗി വ്യക്തമാക്കുക.**

തനിയ്ക്ക് അഭയം നൽകിയ മെത്രാന്റെ മേടയിൽ നിന്നും മോഷണം നടത്തുവാൻ ഴാങ് വാൽ ഴാങിന് ഒരു തരത്തിലുള്ള മടിയുമില്ല.എങ്കിലും 19 വർഷത്തെ ജയിൽ വാസം അനുഭവിച്ചതിനാൽ ഇനിയും പിടിക്കപ്പെട്ടാലുള്ള അവസ്ഥ അയാൾക്ക് നന്നായി അറിയാമായിരുന്നു.അതുകൊണ്ടുതന്നെ ആരും കാണാതെ അടുക്കളയിൽ നിന്നും കട്ടു തിന്നുന്ന പൂച്ചയെപ്പോലെ പതുങ്ങിപ്പതുങ്ങിയാണ് ഴാങ് വാൽ ഴാങ് നടക്കുന്നത്. അപകടം മുന്നിൽ കണ്ട് തന്റെ പ്രവൃത്തിയിൽ നിന്നും പിന്മാറാതെ ജാഗ്രതയോടെ മുന്നോട്ടു പോകുന്ന ഴാങ് വാൽ ഴാങിന്റെ ഇപ്പോഴത്തെ അവസ്ഥ ചിത്രീകരിക്കാൻ ഈ പ്രയോഗം തികച്ചും

യോജിച്ചതാണ്.

## വിഗ്രഹിച്ചെഴുതുക

| | |
|---|---|
| സൗമ്യഭാവം | - സൗമ്യമായ ഭാവം |
| വിരൽത്തുമ്പ് | - വിരലിന്റെ തുമ്പ് |
| മഴക്കാലം | - മഴയുടെ കാലം |
| ഉപ്പുപ്രതിമ | - ഉപ്പുകൊണ്ടുള്ള പ്രതിമ |
| വൃദ്ധസ്ത്രീ | - വൃദ്ധയായ സ്ത്രീ |
| ഇഹലോകകർമങ്ങൾ | - ഇഹലോകത്തിലെ കർമങ്ങൾ |
| രക്തനാഡികൾ | - രക്തം ഒഴുകുന്ന നാഡികൾ |
| സൗമ്യസ്വരം | - സൗമ്യമായ സ്വരം |
| വെള്ളിവിളക്കുകാലുകൾ | - വെള്ളികൊണ്ടുള്ള വിളക്കു കാലുകൾ |
| കാഹളശബ്ദം | - കാഹളത്തിന്റെ ശബ്ദം |
| വൃദ്ധമതാചാര്യൻ | - വൃദ്ധനായ മതാചാര്യൻ |
| ഇരുമ്പുവിളക്ക് | - ഇരുമ്പു കൊണ്ടുള്ള വിളക്ക് |

യൂണിറ്റ്
2

# അനുഭൂതികൾ ആവിഷ്കാരങ്ങൾ

മനുഷ്യമനസ്സിനെ അഗാധമായി സ്പർശിക്കുന്ന അനുഭവങ്ങളുണ്ടാവും. അവ എഴുത്തുകാരുടെ മനസ്സിൽ വിവിധ അനുഭൂതികളായി നിറയുന്നു. തന്നിൽ ആസ്വാദനം സൃഷ്ടിച്ച അനുഭവങ്ങളെ സാഹിത്യകാരൻ തനിയ്ക്ക് ഇഷ്ടമുള്ള മാധ്യമത്തിലൂടെ പകർത്തിവെക്കുന്നു. കഥയിലൂടെയോ കവിതയിലൂടെയോ നാടകത്തിലൂടെയോ ഇത്തരം അനുഭൂതികൾ ആവിഷ്കരിക്കപ്പെടുന്നു. ഇങ്ങനെ ആവിഷ്കരിക്കപ്പെട്ട അനുഭൂതികളിലൂടെയുള്ള യാത്രയാണ് അനുഭൂതികൾ ആവിഷ്കാരങ്ങൾ എന്ന യൂണിറ്റ്.

## യൂണിറ്റിന്റെ പ്രവേശകം.

**നമ്മെ സ്നേഹിക്കുന്ന അന്യരോടു തോന്നുന്ന ആത്മബന്ധമാണ് സൗഹൃദം. ഇത്തരം സൗഹൃദം മഹത്തായ സൗഭാഗ്യമാണ്(അൻപുതരു.........സൗഭാഗ്യം)**
സൗഹൃദമെന്ന ആശയത്തിന്റെ പ്രാധാന്യം എത്രത്തോളമാണെന്ന് തിരുക്കുറലിൽ തിരുവള്ളുവർ വ്യക്തമാക്കുന്നു.പരസ്പരമുള്ള സൗഹൃദത്തിന്റെ അടിസ്ഥാനം നമ്മുടെ മനസ്സിൽ ലയിച്ചു നിൽക്കുന്ന നന്മയെന്ന വികാരമാണ്. ഞാനും നീയുമല്ലാത്ത നമ്മളെന്ന ഏകത്വത്തിന്റെ സന്ദേശം തന്നെയാണ് സൗഹൃദം എന്ന ആശയത്തിന്റെ മഹത്ത്വം. സൗഹൃദത്തിൽ വലുപ്പചെറുപ്പങ്ങളില്ല. ആരും ആർക്കും കീഴടങ്ങി നിൽക്കുന്നില്ല. സമഭാവനയാണ് ഇതിന്റെ താളം.സ്നേഹമാണിതിന്റെ ജീവൻ. കുമാരനാശാന്റെ സ്നേഹമാണഖിലസാരമൂഴിയിൽ എന്ന വരികൾ ഈ കാഴ്ചപ്പാടിന്റെ സ്പഷ്ടീകരണം തന്നെയാണ്,

ഒരൊറ്റമതമുണ്ടുലകിന്നുയിരാം പ്രേമമതൊന്നല്ലോ
പരക്കെ നമ്മെ പാലമൃതൂട്ടും പാർവണശശിബിംബം -എന്ന വരികളിലൂടെ ഉള്ളൂരും പരസ്പര സ്നേഹത്തിന്റെ മഹത്വം വിളംബരം ചെയ്യുന്നു.

യൂണിറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള മൂന്നു പാഠങ്ങളും ഈ ആശയത്തിന്റെ പല തരത്തിലുള്ള കാഴ്ചകളാണ്. വിശ്വരൂപം, പ്രിയദർശനം, കടൽത്തീരത്ത് എന്നീ കഥകൾ പരസ്പര ബന്ധത്തിന്റെ ആഴവും ആവശ്യകതയും വ്യക്തമാക്കുന്നു. വിമർശനവും വിശകലനവും ഇഴചേരുന്ന സന്ദർഭങ്ങൾ ഈ മൂന്നു പാഠത്തെയും ഹൃദ്യമാക്കുന്നു.



# 4 വിശ്വരൂപം

**ലളിതാംബിക അന്തർജനം**

- കവിതകളിലൂടെ സാഹിത്യ ലോകത്തേക്ക് പ്രവേശിച്ചു. പിന്നീട് കഥകളും നോവലുകളും എഴുതി മലയാള സാഹിത്യ ലോകത്തിലെ മികച്ച സാന്നിധ്യമായി.
- മൂടുപടത്തിൽ, കാലത്തിന്റെ ഏടുകൾ, തകർന്ന തലമുറ, കൊടുങ്കാറ്റിൽ നിന്ന്, അഗ്നിസാക്ഷി, വിശ്വരൂപം, മാണിക്കൻ തുടങ്ങി നിരവധി കൃതികളുടെ രചയിതാവ്.
- സാമൂഹികമായ അനാചാരങ്ങളിൽപ്പെട്ട് കഷ്ടതകളനുഭവിക്കുന്ന സ്ത്രീകളുടെ സ്വാതന്ത്ര്യവും അവകാശവും നേടിയെടുക്കുക എന്നതായിരുന്നു കഥാകാരിയുടെ ലക്ഷ്യം
- നമ്പൂതിരി സമുദായത്തിലെ ഉച്ചനീചത്വങ്ങളെയും സ്ത്രീകളോടുള്ള വികലമായ കാഴ്ചപ്പാടിനെയും ലളിതാംബിക അന്തർജനം എതിർത്തിരുന്നു.

## വിശ്വരൂപത്തെക്കുറിച്ച്.....

സമകാലിക സമൂഹം വിദ്യാഭ്യാസത്തിൽ ബഹുദൂരം മുന്നോട്ട് പോയെന്ന് അവകാശപ്പെടുമ്പോഴും വിവേകരാഹിത്യത്തിന്റെ ചിത്രങ്ങൾ നമുക്കെവിടെയും കാണാം. നമ്മുടെ കേരളത്തിൽ വൃദ്ധസദനങ്ങളും ഡേകെയർ സെന്ററുകളും പെരുകുന്ന കാഴ്ച വേവലാതിയോടെ മാത്രമെ ഉൾക്കൊള്ളാനാവൂ.തിരക്കു പിടിച്ച ലോകത്തിൽ തന്റെ യഥാർത്ഥ കടമ മറന്നു പോകുമ്പോൾ പിൽക്കാലത്ത് അതിന്റെ ഫലങ്ങളോർത്ത് ദുഃഖിച്ചിട്ട് കാര്യമില്ല.വിശ്വരൂപം എന്ന കഥയിലെ മിസ്സിസ് തലത്തിന്റെ ജീവിതം ഭർത്താവിനു വേണ്ടി മാത്രം നീക്കിവെച്ചപ്പോൾ മക്കളെ സ്നേഹിക്കാൻ അവർ മറന്നു പോയി. വാർദ്ധക്യസമയത്ത് മക്കളുടെ സ്നേഹം അവർ കൊതിക്കുന്നുണ്ടെങ്കിലും മക്കൾക്ക് തന്നോട് യാന്ത്രികമായ അടുപ്പം മാത്രമേ ഉണ്ടാവൂ എന്നറിയുന്നതുകൊണ്ട് ആരുടെയും ആശ്രിതയാവാതെ അവർ തനിച്ചു ജീവിക്കുന്നു. വർഷങ്ങൾക്കു ശേഷം സുധീറുമായി കണ്ടുമുട്ടുമ്പോൾ തന്റെ ജീവിതത്തെ വിലയിരുത്താനും അമ്മ എന്ന വികാരത്തിന്റെ ഊഷ്മളത തിരിച്ചറിയാനും അവർക്ക് കഴിഞ്ഞു.ഈ കഥയിൽ സ്ത്രീയുടെ വിശ്വരൂപമായി കഥാകാരി കാണുന്നത് മാതൃത്വത്തിന്റെ മഹത്വമാണെന്ന് നമുക്ക് മനസ്സിലാക്കാം

## പാഠസംഗ്രഹം സൂചനകളിലൂടെ....



- മിസ്റ്റർ തലത്തിന്റെ സെക്രട്ടറിയായിരുന്നു സുധീർ. തലത്തിന്റെ മരണശേഷം പലനാടുകളിൽ ജോലി ചെയ്തു.വർഷങ്ങൾക്കു ശേഷം, മിസ്റ്റർ തലത്തിന്റെ ഭാര്യയായ മിസ്സിസ് തലത്തിനെ കാണാൻ സുധീർ വന്നു.
- തികച്ചും ഗ്രാമീണമായ വീട്ടിലാണ് സുധീർ എത്തുന്നത്.മിസ്സിസ് തലത്തിന്റെ മുൻകാല ജീവിതം അറിയാവുന്നതിനാൽ തനിയ്ക്കു വഴിതെറ്റിയോ എന്ന് സുധീർ ചിന്തിക്കുന്നു.
- അടുത്തദിവസം രാവിലെ ജോലി സ്ഥലത്തേക്കു പോകേണ്ട സുധീറിന് ഇനിയവരെ കാണാൻ കഴിയുമോ എന്ന ശങ്കയുണ്ട്. ഏറെനാളുകൾക്കുശേഷം വന്നാൽ തന്നെ അവർ

ജീവിച്ചിരിപ്പുണ്ടാവുമോ എന്നും അയാൾ സന്ദേഹിക്കുന്നു.

• സംശയത്തോടെ കോളിങ് ബെൽ അമർത്തുന്നു.

• വീടിനകത്തു നിന്നും കട്ടിലിന്റെ ഇളകിയാടുന്ന ശബ്ദം കേൾക്കാം. ഒപ്പം നേരീയ കാൽവയ്പുകളുടെ ശബ്ദവും ( നേരീയ കാൽവയ്പ് പ്രായത്തിന്റെ അവശതകളുള്ള വ്യക്തിയുടെ സൂചന നൽകുന്നു.)

• വാതിൽ തുറന്ന സ്ത്രീയുടെ മുടിനരച്ചിരിക്കുന്നു.മെലിഞ്ഞ ശരീരം നെറ്റിയിൽ ഭസ്മക്കുറി കഴുത്തിൽ രുദ്രാക്ഷമാല-തീർത്തും താപസതുല്യമായ ജീവിതമുള്ള സ്ത്രീ.

• വാതിൽ തുറന്നുവന്ന സ്ത്രീയെകണ്ട് വഴിതെറ്റിയെന്ന് ഉറപ്പിക്കുകയും വൃദ്ധസ്ത്രീയോട് ക്ഷമ ചോദിക്കുകയും ചെയ്തു.

• സുധീറിനെ തിരിച്ചറിഞ്ഞ വൃദ്ധ സ്ത്രീ 'നീയോ സുധീർ' എന്നു ചോദിച്ച് അയാളുടെ വരവിൽ അത്ഭുതപ്പെടുന്നതോടൊപ്പം അയാളെ ആലിഗനം ചെയ്യുകയും ചെയ്തു.

**• രൂപം കൊണ്ട് പിടികിട്ടിയില്ലെങ്കിലും അവരുടെ ശബ്ദത്തിൽനിന്നും സുധീറിന് മിസ്സിസ് തലത്തിനെ മനസ്സിലായി.**

• പിടിവിട്ടാൽ പോയികളയുമെന്ന് പേടിച്ചിട്ടെന്ന വണ്ണം ശക്തമായ ആലിംഗനമായിരുന്നു അത്.

**• രണ്ടുപേരും കരഞ്ഞു. രണ്ടുപേർക്കും പ്രിയപ്പെട്ട മിസ്റ്റർ തലത്തിന്റെ ഓർമകൾ രണ്ടു പേരിലും നിറഞ്ഞു.**

• മിസ്റ്റർ തലത്തിനോടൊപ്പമുണ്ടായിരുന്ന കാലത്ത് ഇത്ര അടുപ്പം കാണിക്കാത്ത മിസ്സിസ് തലത്ത് ഇപ്പോൾ ഇങ്ങനെ പെരുമാറിയതിൽ സുധീറിന് അത്ഭുതമുണ്ട്.

• ഭർത്താവ് മരിച്ച് തനിച്ചായതിനാലുള്ള ദുഃഖം പങ്കുവെക്കുന്നു. തന്റെ ഭർത്താവ് മാറ്റമായി പോയെന്നും(മരണപ്പെട്ടു) എന്നെ കൊണ്ടു പോയില്ലെന്നും എന്നിട്ടും ഞാൻ ജീവിക്കുന്നുവെന്നും പറയുന്നു.

• സുധീർ മിസ്സിസ് തലത്തിനെക്കുറിച്ച് ചിന്തിക്കുന്നു.ഭർത്താവ് മരിച്ചു.കുട്ടികൾ പലവഴിക്കായി.പ്രൗഢമായ ജീവിതരീതിമാറി തികച്ചും സാധാരണമായ ജീവിതം നയിക്കുന്നു. ഇപ്പോഴും ആരെയും ആശ്രയിക്കാതെ കഴിയുന്നു.

**• ചക്രവർത്തിയുടെ ജന്മമാണവർക്ക് ആരുടെ മുന്നിലും തല കുനിക്കില്ല.**

• അച്ഛനേക്കാൾ വലുതായിരുന്നു സുധീറിന് തന്റെ യജമാനനായ മിസ്റ്റർ തലത്ത്.

• മിസ്സിസ് തലത്തിന്റെ മക്കളെക്കുറിച്ച് സംസാരിക്കുന്നു. ഉണ്ണിയാണ് മിസ്സിസ് തലത്തിന്റെ വിലാസം കൊടുത്തത്.

• സുധീറിന് കുടിക്കാൻ കാപ്പിക്കായി അകത്തേക്ക് മിസ്സിസ് തലത്ത് പോയപ്പോൾ അവരുടെ പഴയ കാല ചിത്രം അയാൾ ഓർത്തെടുക്കുന്നു.

**• അലങ്കാരങ്ങളുടെ അന്തസ്സും സൽക്കാരത്തിന്റെ ഔചിത്യവും സംഭാഷണ രസികതയും തല ഉയർത്തിപ്പിടിച്ചുള്ള ചടുലമായ അംഗവിക്ഷേപങ്ങളും മിസ്സിസ് തലത്തിന്റെ സവിശേഷതയായി സുധീർ ഓർക്കുന്നു.ഭാരതീയ സ്ത്രീത്വത്തിന്റെ അംബാസിഡറായി അവരെ പലരും വിശേഷിപ്പിക്കാറുണ്ട്.**

• സുധീർ ആദ്യമായി തലത്തിന്റെ വീട്ടിൽ എത്തിയപ്പോൾ **നമുക്ക് അഞ്ചാമത് ഒരു കുട്ടി ഉണ്ടായിരിക്കുന്നു** എന്നു പറഞ്ഞാണ് തലത്ത് അയാളെ പരിചയപ്പെടുത്തിയത്. **പക്ഷെ ഇവൻ കുറച്ചു നാൾ നമ്മുടെ കൂടെ താമസിക്കും** എന്നുള്ള വ്യത്യാസമുണ്ട്( തന്റെ മക്കൾ കൂടെയില്ലാത്തതിന്റെ ദുഃഖമാണ് ഇവിടെ നിറയുന്നത്.

• അന്നു നീട്ടിയ കൈകൾക്ക് ഇന്ന് ആലിംഗനം ചെയ്തപ്പോൾ തോന്നിയ ചൂടില്ലായിരുന്നുവെന്ന് സുധീർ ഓർക്കുന്നു.മക്കളെ പ്രസവിച്ചുവെന്നല്ലാതെ അവരെ ഒരു തരത്തിലും ശ്രദ്ധിക്കാൻ അവർക്ക് കഴിഞ്ഞില്ല.

• ഔപചാരികമായി ചിട്ടപ്പെടുത്താതെ അവർക്ക് ചിരിക്കാനും കരയാനും കഴിയുമെന്ന് ഇപ്പോഴാണ് സുധീർ മനസ്സിലാക്കുന്നത്.

• കാപ്പിയും അപ്പവുമായി വന്ന മിസ്സിസ് തലത്ത് സുധീറിന് മുന്നിലെത്തി താൻ സ്വയം പാകം ചെയ്തതാണ് ഇവയെന്നു പറയുന്നു.

• സുധീർ തന്റെ അമ്മ ഇങ്ങനെ പാകം ചെയ്യുന്നതും അടുത്തിരുന്ന് തീറ്റിക്കുന്നതും ഓർമ്മിച്ചു.

• മിസ്സിസ് തലത്ത് മുമ്പ് കാപ്പി കൊടുത്തപ്പോഴൊന്നും തോന്നാത്ത രുചി ഇപ്പോൾ സുധീർ അനുഭവിക്കുന്നു

**• അവർ തല കുനിച്ചു.സ്വന്തം കൈ കൊണ്ട് ഇത്ര താൽപര്യപൂർവം ആർക്കും ഒന്നും കൊടുത്തില്ലെന്നും പറഞ്ഞു.തന്റെ ഭർത്താവ് മറ്റുള്ളവർക്ക് എന്തും കൊടുക്കുന്നതിന്റെ മഹത്വത്തെക്കുറിച്ച് പറയാറുണ്ടെന്നും വ്യക്തമാക്കി. വീടിനെക്കുറിച്ചോർക്കുന്നത് തലത്തിന് ലഹരിയായിരുന്നു.**

• കൊടുക്കുന്നതിന്റെ സംതൃപ്തി ഇപ്പോൾ അവർ തിരിച്ചറിഞ്ഞു.

• ന്യൂയോർക്കിലായിരുന്നപ്പോൾ പാർക്കിൽ വരാറുള്ള വൃദ്ധനെക്കുറിച്ചും അയാൾ ചോദിച്ചകാര്യവും ഓർക്കുന്നു.

**• ഇന്ത്യക്കാർ അച്ഛനമ്മമാരെ ദൈവത്തെപോലെ കാണാറുണ്ടോ** എന്നു വൃദ്ധൻ ചോദിച്ചു. അതെ എന്ന് മിസ്സിസ് തലത്ത് പറഞ്ഞപ്പോൾ **ഞാൻ ഇന്ത്യയിൽ ജനിക്കാനാഗ്രഹിക്കുന്നു മേഡം. ഇന്ത്യ എത്ര നല്ല നാടാണെന്നും** വൃദ്ധൻ പറഞ്ഞു.

• ഇന്ത്യയിൽ ജനിച്ചെങ്കിലും താൻ അങ്ങനെ ചിന്തിച്ചിരുന്നില്ലെന്ന് തലത്ത് സുധീറിനോടു പറഞ്ഞു.സ്വന്തം മാതാപിതാക്കളെ കാണാൻ പോലും മിസ്സിസ് തലത്ത് തയാറായിരുന്നില്ല.കൊടുത്തത് മാത്രമേ തിരിച്ചുകിട്ടൂ എന്ന് മനസ്സിലാക്കി അവർ വികാരഭരിതയായി.

**• കാലത്തിനും ദേശത്തിനും അനുസരിച്ച് ജീവിതം സ്വയം രൂപപ്പെടുകയാണെന്നും അന്നത്തെ സ്ഥിതിയിൽ നിങ്ങൾ ശോഭിച്ചുവെന്നും സുധീർ പറഞ്ഞു.**

• ഇതിനെ മിസ്സിസ് തലത്ത് അംഗീകരിക്കുന്നു. തലത്തിനു വേണ്ടി രൂപപ്പെടുത്തിയതാണ് തന്റെ ജീവിതം എന്ന് വ്യക്തമാക്കുന്നു.മക്കൾ വിളിച്ചിട്ടു പോയില്ലെന്നും **ഒരു ആശ്രിതയാവാൻ താൻ ആഗ്രഹിക്കുന്നില്ലെന്നും മിസ്സിസ് തലത്ത് പറഞ്ഞു.-മറ്റൊന്നുമില്ലെങ്കിലും ഞാൻ ഞാനായി മരിക്കട്ടെ** ഒരു ബന്ധങ്ങളും വേണ്ട എന്നും മിസ്സിസ് തലത്ത് പറഞ്ഞു..

• പോകാനുള്ള സമയം അടുത്തപ്പോൾ മാഡം എന്നു വിളിച്ച് യാത്രാനുമതിക്കായി കാത്തു നിൽക്കുമ്പോൾ **മാഡം തലത്ത് മരിച്ചു പോയെന്നും ഇത് അമ്മയാണ് താഴത്ത് കുഞ്ഞുക്കുട്ടിയമ്മയെന്നും മിസ്സിസ് തലത്ത് തിരുത്തുന്നു.**

• കണ്ണു നിറച്ചു കൊണ്ട് ഇവിടെ വന്നില്ലായിരുന്നെങ്കിൽ വലിയ നഷ്ടമാകുമായിരുന്നെന്നു വ്യക്തമാക്കി.ഇതെന്റെ വീടാണെന്നും മിസ്സിസ് തലത്ത് അമ്മ തന്നെയാണെന്നും സുധീർ വ്യക്തമാക്കി.

**• മിസ്സിസ് തലത്ത് സുധീറിനെ അനുഗ്രഹിച്ചതിനുശേഷം വരാൻ പോകുന്ന ഭാര്യയ്ക്കു നൽകാനുള്ള ഉപദേശം സുധീറിനോടു പറയുന്നു. മക്കളെ ബോർഡിങ്ങിൽ ചേർക്കാതെ കൂടെ നിർത്തി വളർത്തണമെന്നും അമ്മയും മക്കളും തമ്മിലുള്ള വൈകാരിക ബന്ധം വളരാൻ അവർ ഒരുമിച്ചുണ്ടാകേണ്ടതുണ്ടെന്നും വ്യക്തമാക്കുന്നു.**

• ഉപദേശം സുധീറിനെ ഞെട്ടിച്ചു.

• ഇനി വരുമ്പോൾ തന്നെ കാണണമെന്നില്ലെന്നും എങ്കിലും സുധീറിന്റെ മനസ്സിലെങ്കിലും തനിയ്ക്കു സ്ഥാനമുണ്ടാവണമെന്നും അവർ ആഗ്രഹിച്ചു.

• തന്റെ മുന്നിലുള്ള സ്ത്രീയുടെ യഥാർത്ഥ ഭാവം സുധീർ മനസ്സിലാക്കുന്നു.

**• മാഡം തലത്തോ ലേഡിയോ അല്ലാത്ത അമ്മ എന്ന വിശ്വരൂപത്തെ മിസ്സിസ് തലത്തിൽ സുധീർ കാണുന്നു.**

## ചോദ്യശേഖരം

**1. ''തനിയ്ക്കു വഴി തെറ്റിയോ ? അയാൾ ഒരു നിമിഷം ആലോചിച്ചു.''– മിസ്റ്റർ സുധീറിന് ഇങ്ങ നെയൊരു സംശയം ഉണ്ടായത് എന്തുകൊണ്ടായിരിക്കാം ?**

മിസ്റ്റർ തലത്തിന്റെ കീഴിൽ ജോലി ചെയ്തിരുന്ന സമയത്ത് സുധീർ കണ്ടിരുന്ന മിസ്സിസ്സി തലത്ത് സർവ്വവിധ ആഡംബരങ്ങളോടെയായിരുന്നു ജീവിച്ചത്. എന്നാൽ വർഷങ്ങൾക്കു ശേഷം മിസ്സിസ്സ് തലത്തിനെ കാണാൻ സുധീർ വന്നപ്പോൾ ആയാൾ കണ്ട ഗൃഹാന്തരീക്ഷം തികച്ചും ഗ്രാമീണമായിരുന്നു. ഇങ്ങനെയൊരു വീട്ടിൽ മിസ്സിസ്സ് തലത്ത് താമസിക്കുമെന്നത് സുധീറിന് ഒരി ക്കലും ചിന്തിക്കാൻ കഴിയാത്ത വസ്തുതയാണ്.അതുകൊണ്ടാണ് തനിയ്ക്കു വഴി തെറ്റിയോ എന്നു സുധീറിന് തോന്നിയത്.

**2.''കൊടുത്തതു മാത്രമേ നേടാനൊക്കൂ,അല്ലേ സുധീർ''– അടിവരയിട്ട ഭാഗത്തിനു സമാനമായ പഴഞ്ചൊല്ല് കണ്ടെത്തുക.**

വിതച്ചതേ കൊയ്യൂ.

**3.''ഞാൻ മുൻകൂട്ടി വരേണ്ടതായിരുന്ന മാഡം.പക്ഷേ എനിയ്ക്കു നിവൃത്തിയില്ലായിരുന്നു''– ഈ വരികളിൽ പ്രകടമാകുന്ന ഭാവം ?**

കുറ്റബോധം

**4. ''രൂപം കൊണ്ട് പിടികിട്ടാത്ത വ്യക്തിയെ സ്വരം കൊണ്ട് തിരിച്ചറിഞ്ഞ് അയാളും അമ്പരന്നിരുന്നു.''- കഥാസന്ദർഭത്തിൽ പ്രകടമാകുന്ന ഭാവം വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.**

ലളിതാംബികാ അന്തർജനത്തിന്റെ ശ്രദ്ധേയമായ കഥയാണ് വിശ്വരൂപം. മിസ്സിസ് തലത്തും സുധീറുമാണ് ഇതിലെ കഥാപാത്രങ്ങൾ. വർഷങ്ങൾക്ക് ശേഷം സുധീർ മിസ്സിസ്സ് തലത്തുമായി കണ്ടുമുട്ടുന്നു.പക്ഷെ വൃദ്ധയായ മിസ്സിസ് തലത്തിനെ തിരിച്ചറിയാൻ സുധീറിന് കഴിഞ്ഞില്ല.കാരണം അവരുടെ ചിത്രം സുധീറിന്റെ മനസ്സിൽ തികച്ചും വ്യത്യസ്തമാണ്.മിസ്സിസ് തലത്തിനെ തേടിയാണ് താൻ വന്നിരിക്കുന്നതെന്ന് സുധീർ പറഞ്ഞപ്പോൾ ആ ശബ്ദത്തിൽ നിന്നും സുധീറിനെ തിരിച്ചറിയാൻ മിസ്സിസ് തലത്തിന് കഴിഞ്ഞു. നീയോ.........സുധീർ എന്ന അവരുടെ അത്ഭുതവും വൈകാരികതനിറഞ്ഞതുമായ ചോദ്യം അവരുടെ മനസ്സിനെ അടയാളപ്പെടുത്തുന്നു.ഏറെ നാളുകൾക്ക് ശേഷം രൂപം കൊണ്ട് തിരിച്ചറിയാൻ കഴിഞ്ഞില്ലെങ്കിലും ശബ്ദം കൊണ്ട് മിസ്സിസ് തലത്തിനെ തിരിച്ചറിയാൻ സുധീറിന് കഴിഞ്ഞു.പണ്ട് കേട്ട ശബ്ദം സുധീർ ഇപ്പോഴുമോർക്കുന്നു. മിസ്റ്റർ തലത്തുണ്ടായിരുന്നപ്പോൾ ഔപചാരികബന്ധം മാത്രം കാണിച്ചിരുന്ന മിസ്സിസ് തലത്ത് ഇപ്പോഴും സുധീറിന്റെ ഉള്ളിലുണ്ട്. ദീർഘനാളുകൾക്കു ശേഷമുള്ള കണ്ടുമുട്ടലിന്റെ കൗതുകവും അമ്പരപ്പും സ്നേഹവായ്പ്പുമെല്ലാം ഈ സന്ദർഭത്തിൽ തെളിഞ്ഞു കാണാം.

**5. ''ചക്രവർത്തിനിയുടെ ജന്മമാണവർക്ക് ആരുടെ മുന്നിലും തല കുനിക്കില്ല. അവർ തല കുനിച്ചു. ഞാനും സ്വന്തം കൈകൊണ്ട് പാകം ചെയ്ത് ഇത്ര താത്പര്യപൂർവം ആർക്കും ഇതുവരെ കൊടുത്തിട്ടില്ല.'' -**

**അടിവരയിട്ട പദങ്ങളുടെ അർത്ഥവ്യത്യാസം കണ്ടെത്തി മിസ്സിസ് തലത്തിന് വന്ന മാറ്റത്തെക്കുറിച്ച് ചർച്ചചെയ്യുക.**

ലളിതാംബികാ അന്തർജനത്തിന്റെ വിശ്വരൂപം എന്ന കഥയിലെ കഥാപാത്രങ്ങളാണ് മിസ്സീസ് തലത്തും സുധീറും. ഈ കഥയിൽ മിസ്സിസ് തലത്തിന്റെ ജീവിതത്തിൽ വന്ന മാറ്റങ്ങളാണ് ചിത്രീകരിച്ചിരിക്കുന്നത്.മിസ്റ്റർ തലത്തിനോടൊപ്പം ജീവിച്ചിരുന്ന മിസ്സിസ് തലത്ത് അങ്ങേയറ്റം

തന്റേടിയും പരിഷ്കാരിയുമായിരുന്നു. സമ്പന്നയായ അവർ ആരുടെ മുന്നിലും തല കുനിച്ചിരുന്നില്ല.എന്നാൽ ഇന്ന് അതിന് ഒരു മാറ്റം ഉണ്ടായിരിക്കുന്നു.അവർ സുധീറിനു മുന്നിൽ തല കുനിച്ചു. എന്നാൽ അവരുടെ അഭിമാന ബോധമല്ല ഇവിടെ താഴ്ന്നത്.മറിച്ച് സുധീറിനോടുള്ള സ്നേഹമാണ് പ്രകടമാകുന്നത്.അവർ കാപ്പി ചുടാറ്റി സുധീറിന് ഒഴിച്ചു കൊടുക്കുമ്പോൾ ഉണ്ടാവുന്ന സ്നേഹവായ്പ് അത്ഭുതകരമാണ്.ഇതിന് മുമ്പ് ഒരിക്കലും ഇത്ര സ്നേഹത്തോടെ സുധീറിന് ഒന്നും കൊടുത്തിട്ടില്ല.സ്വന്തം കൈകൊണ്ട് പാകം ചെയ്ത് താത്പര്യത്തോടെ ഭക്ഷണം നൽകുന്നതും മറ്റൊരാൾ കഴിക്കുമ്പോൾ അത് ആസ്വദിക്കുന്നതും ആദ്യമായിട്ടാണ്. കൊടുക്കുന്നതിന്റെ മഹത്വം ഇപ്പോൾ അവർ തിരിച്ചറിഞ്ഞു.ഇതു തന്നെ അവർ തല കുനിച്ചതിന്റെ ലക്ഷണമാണ്. എന്നാൽ ഈ തല കുനിക്കൽ സ്നേഹം എന്ന വികാരം കൊണ്ട് മാത്രമാണെന്നും അല്ലാതെ തന്റെ അഭിമാന ബോധം പണയം വയ്ക്കലല്ലെന്നും മക്കളോടൊപ്പം ജീവിക്കാതെ തനിച്ച് ജീവിക്കാൻ തീരുമാനിച്ചതിൽ നിന്നും വ്യക്തമാകുന്നു.

**6.മാഡം എത്രയോ തവണ എനിക്ക് കാപ്പി തന്നിരിക്കുന്നുഎന്നാൽ ഇത്രയും രുചി തോന്നിയിട്ടില്ല.വയററിയാതെ കഴിച്ചുപോകുന്നു.- സുധീറിന് ഇങ്ങനെയൊരു അനുഭവമുണ്ടായത് എന്തു കൊണ്ട് ?**

മനസ്സറിഞ്ഞ് കൊടുക്കുമ്പോൾ എന്തും രുചിയുള്ളതായി തോന്നും. അത് മനസ്സിന്റെ സംതൃപ്തിയാണ്. എന്നാൽ മുമ്പ് മിസ്സിസ്സ് തലത്ത് സുധീറിന് എന്തെങ്കിലും കൊടുത്തിട്ടുണ്ടെങ്കിൽ അത് വെറും ഔപചാരികതയുടെ പേരിലായിരുന്നു.സ്വന്തം മക്കൾക്കു പോലും ഒന്നും കൊടുത്തിട്ടില്ലാത്ത മിസ്സിസ്സ് തലത്തിന് സ്നേഹത്തോടെ ആർക്കും ഒന്നും കൊടുക്കാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ ജീവിതത്തിന്റെ ഒറ്റപ്പെടലിനിടയ്ക്ക് ഒരു തരത്തിലുമുള്ള അടുപ്പം കാണിക്കാതിരുന്നിട്ടും വർഷങ്ങൾക്കു ശേഷം തന്നെ കാണാൻ വന്ന സുധീറിനോടുള്ള സ്നേഹം ഇപ്പോൾ മിസ്സിസ്സ് തലത്തിലുണ്ട് ആ സന്തോഷം തന്നെയാണ് കാപ്പി കൊടുക്കുമ്പോൾ സ്നേഹത്തോടെ പെരുമാറാൻ അവർക്ക് കഴിഞ്ഞത്. ഇത് സുധീറിനെ സംബന്ധിച്ച് ആദ്യ അനുഭവമാണ്.അതുകൊണ്ടാണ് അപ്പത്തിനും കാപ്പിയ്ക്കും കൂടുതൽ രുചിയുള്ളതായി സുധീറിന് തോന്നിയത്.

**7. ''കാലത്തിനും ദേശത്തിനും അനുസരിച്ച് സ്വയം രൂപപ്പെടുകയാണ്.''-ഈ പ്രസ്താവനയെ സാധൂകരിക്കുന്ന ഉചിതമായ സന്ദർഭങ്ങൾ കണ്ടെത്തി എഴുതുക.**

മലയാളത്തിന്റെ പ്രസിദ്ധ കഥാകാരി ലളിതാംബിക അന്തർജനത്തിന്റെ വിശ്വരൂപം എന്ന കഥയിലെ നായികയാണ് മിസ്സിസ് തലത്ത്.മിസ്റ്റർ തലത്തിനോടൊപ്പം ജീവിച്ച ഇവരുടെ ചിത്രം കഥയിലെ മറ്റൊരു കഥാപാത്രമായ സുധീർ ഓർക്കുന്നു.തന്റെ മക്കളെയോ മാതാപിതാക്കളെയോ പരിഗണിക്കാൻ മിസ്സിസ് തലത്തിന് ഒരിക്കലും കഴിഞ്ഞിട്ടില്ല.ഇന്ത്യയിലാണ് അവർ ജനിച്ചതെങ്കിലും ജീവിച്ചത് ലണ്ടനിലും ന്യൂയോർക്കിലുമാണ്.എല്ലാതരം പരിഷ്കാരത്തോടും കൂടി ജീവിച്ച അവരെ ഭാരതീയ സ്ത്രീത്വത്തിന്റെ അംബാസിഡർ എന്നാണ് പലരും വിശേഷിപ്പിച്ചത്.ഒരു മഹാറാണിയെപ്പോലെ ജീവിച്ച മിസ്സിസ് തലത്ത് തന്റെ നാല് കുട്ടികളെയും നാലിടത്തായാണ് വളർത്തിയത്.പാശ്ചാത്യ സംസ്കാരം സ്വാംശീകരിച്ചായിരുന്നു അവരുടെ ജീവിതം.ആ ജീവിതം തികച്ചും മിസ്റ്റർ തലത്തിനായി രൂപപ്പെടുത്തിയതായിരുന്നു.എന്നാൽ ഇന്ന് സാഹചര്യം മാറി.അതിനാൽ തന്നെ ഇന്നവർ തന്റെ നാടിനെയും മാതാപിതാക്കളെയും കുട്ടികളെയും കുറ്റബോധത്തോടെ ഓർക്കുന്നു.ഇന്ന് സന്ദർഭവും സാഹചര്യവുമെല്ലാം മാറി.അതിനാൽ കാലത്തിനും ദേശത്തിനും അനുസരിച്ച് പുതിയ ജീവിത രീതി സ്വീകരിക്കുന്നു.താപസോചിതമായ ജീവിതമാണ് ഇന്നവർ നയിക്കുന്നത്.അവരുടെ ചിന്തയിലുണ്ടായമാറ്റം ജീവിതത്തിലും പ്രകടമാണ്.

**8. ''ഞാൻ ഇന്ത്യയിൽ ജനിക്കാനാഗ്രഹിക്കുന്നു മാഡം...........ഇന്ത്യ എത്ര നല്ല നാടാണ്...''- വൃദ്ധന്റെ വാക്കുകളോടുള്ള പ്രതികരണം കുറിക്കുക.**

ഏറെ സമകാലിക പ്രസക്തിയുള്ള കഥയാണ് വിശ്വരൂപം. കഥയിലെ കഥാപാത്രങ്ങളാണ് മിസ്സീസ് തലത്തും സുധീറും.തന്റെ ജീവിതത്തെക്കുറിച്ച് കുറ്റബോധത്തോടെ ഓർക്കുന്ന മിസ്സിസ്

തലത്തിനെ കഥയിൽ കാണാം. മക്കളെ ശ്രദ്ധിക്കാതെ ജീവിച്ച അവർ ന്യൂയോർക്കിലായിരുന്നപ്പോൾ നേരിട്ട ഒരു അനുഭവം സുധീറുമായി പങ്കുവെക്കുന്നു. കുടുംബബന്ധങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്ന രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ.അച്ഛനും അമ്മക്കും സഹോദരീസഹോദരൻമർക്കും ഗുരുക്കന്മാർക്കും, എന്തിന് അതിഥി ക്കുപോലും ഭാരതീയ സംസ്കാരത്തിൽ വലിയ സ്ഥാനമുണ്ട്. എന്നാൽ വിദേശരാഷ്ട്രങ്ങളിൽ ഇത്തരം ബന്ധങ്ങൾക്ക് കെട്ടുറപ്പ് കുറവാണ്. ഇന്ത്യയിൽ ജനിച്ചാൽ മതിയായിരുന്നു എന്ന വൃദ്ധന്റെ വാക്കുകൾ ശ്രദ്ധേയമാണ്.എന്നാൽ വർത്തമാനകാലത്ത് ഇന്ത്യയെ സംബന്ധിച്ച് ഇത് പൂർണമായും ശരിയാണെന്ന് പറയാനാവില്ല. ഡേകെയർ സെന്ററുകളും വൃദ്ധസദനങ്ങളും പാശ്ചാത്യസംസ്കാരത്തിന്റെ ഭാഗമാണ്. എന്നാൽ ഇന്ന് ഇന്ത്യയിലും അവ വർദ്ധിച്ചു കൊണ്ടിരിക്കുന്നു.നാം പശ്ചാത്യ സംസ്കാരത്തെ അനുകരിക്കുന്നതിന്റെ തെളിവാണിത്. വിദ്യാഭ്യാസം കൂടുന്നതിനനുസരിച്ചും ശാസ്ത്ര സാങ്കേതിക വിദ്യയുടെ വികാസത്തിനനുസരിച്ചും ഉയർന്ന നിലവാരത്തിലേക്ക് കടന്നു പേകുന്ന ഭാരതീയന്റെ മൂല്യങ്ങൾക്ക് പല അവസരങ്ങളിലും ഇടിവ് സംഭവിക്കുന്നു.അതിനാൽ ഇന്ത്യയിൽ ജനിച്ചാൽ മതിയായിരുന്നു എന്ന വൃദ്ധന്റെ വാക്കുകൾക്ക് ഏറെ പ്രസക്തിയില്ല.

**9. ''മാഡം തലത്ത് മരിച്ചു പോയി മോനെ...............ഡോക്ടർ തലത്തിനോടൊ പ്പം അവരും പോയി ഇത് താഴത്ത് കുഞ്ഞിക്കുട്ടിയമ്മയാണ്. താഴത്ത് കു ഞ്ഞിക്കുട്ടിയമ്മ'' - എന്ന് സ്വയം പരിചയപ്പെടുത്തിയ മാഡം തലത്തിന്റെ വൈകാരികാവസ്ഥ കണ്ടെത്തി എഴുതുക.**

വിശ്വരൂപം എന്ന കഥയിലൂടെ സമകാലിക പ്രസക്തിയുള്ള ആശയങ്ങൾ ലളിതാംബിക അന്തർജനം വായനക്കാരുമായി പങ്കുവെക്കുന്നു.വിദേശത്ത് മിസ്റ്റർ തലത്തിനോടൊപ്പം മഹാറാണിയെപ്പോലെ ജീവിച്ച മിസ്സിസ് തലത്തിന്റെ ജീവിതം താഴത്ത് കുഞ്ഞിക്കുട്ടിയമ്മ യിലെത്തുമ്പോൾ തികച്ചും വ്യത്യസ്തമായിരിക്കുന്നു. വേഷത്തിലും ഭാവത്തിലും പെരുമാറ്റത്തിലും എല്ലാം ഇത് പ്രകടമാണ്.പോയകാലത്തെ അവരുടെ ജീവിതം മിസ്റ്റർതലത്തിനു വേണ്ടി രൂപപ്പെടുത്തിയതായിരുന്നു. എന്നാൽ കാലം മാറി.മാഡം എന്ന സംബോധനപോലും അവർ ഇഷ്ടപ്പെടുന്നില്ല. മാഡം തലത്ത് മരിച്ചുപോയി എന്നാണ് അവരുടെ പ്രതികരണം. വായനക്കാരായ നമുക്കും അങ്ങനെ കരുതാം. കാരണം മിസ്റ്റർ തലത്തിനോടൊപ്പം ജീവിച്ചതിൽ നിന്നും തികച്ചും വ്യത്യസ്തമായ ജീവിതരീതിയാണ് അവർ ഇന്ന് പിൻതുടരുന്നത്. മാത്രമല്ല ഇന്നവർ മിസ്സിസ് തലത്തിൽ നിന്ന് വ്യത്യസ്തമായി ഒരു പുതിയ കഥപാത്രമായി മാറിയിരിക്കുന്നു.താഴത്ത് കുഞ്ഞിക്കുട്ടിയമ്മയായി മാത്രം ജീവിക്കാൻ ആഗ്രഹിക്കുന്നു.

**10. ''നോക്കൂ നമുക്ക് അഞ്ചാമത് ഒരു കുട്ടി ഉണ്ടായിരിക്കുന്നു. ഒരു മകൻ പക്ഷേ ഒരു വ്യത്യാസമുണ്ട്.ഇവൻ കുറച്ച് നാൾ നമ്മോട് കൂടെ താമസിക്കും.''**
**ഇങ്ങനെ ഡോ.തലത്തിനെക്കൊണ്ട് പറയിപ്പിക്കാൻ പ്രേരിപ്പിച്ച പശ്ചാത്തലം എന്ത് ?**

ഏറെ സമകാലിക പ്രസക്തിയുള്ള കഥയാണ് ലളിതാംബിക അന്തർജനത്തിന്റെ വിശ്വരൂപം.ഇതിലെ മുഖ്യ കഥാപാത്രമായ മിസ്സിസ് തലത്തിന്റെ ജീവിതം അവരുടെ ഭർത്താവായ മിസ്റ്റർ തലത്തിനുവേണ്ടി ചിട്ടപ്പെടുത്തിയതായിരുന്നു. അതിനിടെ സ്വന്തം മക്കളെ സംരക്ഷിക്കാനോ അവരുടെ കാര്യം നോക്കാനോ മിസ്സിസ് തലത്തിന് നേരമുണ്ടായിരുന്നില്ല. അവർക്ക് നാല് കുട്ടികൾ ഉണ്ടായിരുന്നു. നാലു പേരും ബോർഡിങ്ങിലും ഹോസ്റ്റലുകളിലുമായാണ് പഠിച്ചത്.കുട്ടികളാരും അവരോടൊപ്പം ജീവിച്ചിരുന്നില്ല. ഇതിലുള്ള ദുഃഖം മിസ്റ്റർ തലത്തിന്റെ മനസ്സിലുണ്ടായിരുന്നു. അതിനാൽ തന്നെ തന്റെ സെക്രട്ടറിയായി ചാർജെടുത്ത സുധീറിനെ അഞ്ചാമത്തെ കുട്ടിയായി മിസ്റ്റർ തലത്ത് വിശേഷിപ്പിച്ചു. തലത്തിന്റെ കുട്ടികളാരും അവരോടൊപ്പം താമസിച്ചിരുന്നില്ലെങ്കിലും സുധീർ അവരോടൊപ്പം തന്നെ ജീവിച്ചു.ഈ ഒരു സംഭവം ജീവിതത്തിന്റെ അവസാനകാലത്ത് ഒറ്റപ്പെടലിന്റെ വേദന അനുഭവിക്കുന്നതുകൊണ്ടാണ് മിസ്സിസ് തലത്ത് ഓർത്തെടുക്കുന്നത്. ജീവിതത്തിന്റെ നല്ല കാലത്ത് മക്കളെനോക്കാനോ സംരക്ഷിക്കാനോ കഴിയാത്തതു കൊണ്ടാണ് അവരിലും അമ്മ എന്ന വികാരം ഇല്ലാതെ പോയതെന്ന് മിസ്സിസ് തലത്ത് തിരിച്ചറിയുന്നു.

**11. വിശ്വരൂപം എന്ന ശീർഷകം കഥയ്ക്ക് എത്രമാത്രം യോജിക്കുന്നു ?**

ഇതിലെ കേന്ദ്ര കഥാപാത്രം ഒരു മഹാറാണിയെ പോലെ ജീവിച്ച് ഒടുക്കം താപസോചിതമായി ജീവിച്ച് വഴിമാറി നടന്ന മിസ്സിസ് തലത്താണ്. മാഡം,യജമാനത്തി, ചക്രവർത്തിനി തുടങ്ങിയ വിശേഷണങ്ങളെല്ലാം മിസ്സിസ് തലത്തിന്റെ ജീവിതവുമായി ഏറെ ബന്ധപ്പെട്ടിരിക്കുന്നു. ആരുടെ മുന്നിലും തല കുനിക്കാത്ത തന്റേടിയും സമ്പന്നയുമായിരുന്നു അവർ. എന്നാൽ ഭർത്താവിന്റെ മരണവും മക്കളെല്ലാം പല സ്ഥലത്തായി താമസമുറപ്പിച്ചപ്പോളുണ്ടായ ഒറ്റപ്പെടലും അവരുടെ ജീവിതത്തിൽ പല മാറ്റങ്ങളുമുണ്ടാക്കി.ഭാരതീയസംസ്കാരം മുഴുവൻ മറന്നുപോയ മിസ്സിസ് തലത്ത് ഇപ്പോൾ താപസോചിതമായ വേഷത്തിൽ തന്റെ മുന്നിൽ ഇരിക്കുമ്പോൾ സുധീറിന് അത്ഭുതം തോന്നുന്നു. ഇന്നവർ വെറുമൊരു അമ്മയായി മാറിയിരിക്കുന്നു. മാതൃഭാവത്തിന്റെ മഹത്വം തിരിച്ചറിഞ്ഞിരിക്കുന്നു. സ്ത്രീയുടെ വിശ്വരൂപമാണ് മാതൃസഹജമായ ഭാവം പ്രകടിപ്പിക്കുന്നതിലൂടെ മിസ്സിസ് തലത്തിൽ സുധീർ ദർശിക്കുന്നത്. അതുകൊണ്ട് തന്നെ ഈയൊരു കഥയ്ക്ക് വിശ്വരൂപം എന്ന ശീർഷകം നൽകുന്നതിൽ യുക്തിയുണ്ട്.

**12. 1.മിസ്സിസ്സ് തലത്ത് പൊട്ടിച്ചിതറികൊണ്ട് വീണ്ടും അയാളെ കെട്ടിപിടിച്ചു.**
**2.അമ്മയുടെ കയ്യിൽ നിന്ന് ഗ്ലാസ് തറയിൽ വീണ് പൊട്ടിച്ചിതറി**
**അടിവരയിട്ട പദങ്ങൾ സന്ദർഭങ്ങൾക്കു നൽകുന്ന അർഥവ്യത്യാസം എഴുതുക**

- ഒന്നാമത്തെ വാചകത്തിൽ മിസ്സിസ്സ് തലത്ത് പൊട്ടിക്കരഞ്ഞു എന്നാണ്. അഥവാ അവരുടെ വികാരവിക്ഷോഭത്തെ കാണിക്കുന്നു.
- രണ്ടാമത്തെ വാചകത്തിൽ ഗ്ലാസ് തകർന്നുപോയി എന്നാണ് പറഞ്ഞത്.

**13. ''ആ പാണികൾ ഗ്രഹിച്ചപ്പോൾ ഇന്നത്തെ പോലെ ചൂട് ഇല്ലായിരുന്നുവെന്ന് അയാൾ ഓർക്കുന്നു.''- വാക്യം നൽകുന്ന അർഥ സാധ്യതകൾ വ്യക്തമാക്കുക.**

നമുക്ക് അഞ്ചാമത് ഒരു കുട്ടിയുണ്ടായിരിക്കുന്നുവെന്നും എന്നാൽ ഇവൻ ഇവിടെ നമ്മളോടുകൂടി താമസിക്കുന്നുവെന്ന വ്യത്യാസം കൂടിയുണ്ടെന്ന് പറഞ്ഞുകൊണ്ട് മിസ്റ്റർ തലത്ത് തന്റെ സെക്രട്ടറിയായി ചാർജെടുത്ത സുധീറിനെ ഭാര്യക്ക് പരിചയപ്പെടുത്തിക്കൊടുത്തു. അന്ന് ഒരു യജമാനത്തിയുടെ അകൽച്ചപാലിച്ചുകൊണ്ടാണ് അവർ സുധീറിന് നേരെ കൈകൾ നീട്ടിയത്. അത് വെറും ഔപചാരികമായ ഇടപെടൽ മാത്രമായിരുന്നു. ആത്മാർത്ഥതയുടെ ചെറിയൊരംശം പോലും ഇല്ലാത്തതിനാൽ നനിക്കു നീട്ടിയ കൈകളിൽ സ്നേഹത്തിന്റെയും പരിഗണനയുടെയും ചൂട് കണ്ടെത്താൻ സുധീറിന് കഴിഞ്ഞില്ല. എന്നാൽ ഒറ്റപ്പെടലിന്റെ വേദനയിൽ കഴിയുമ്പോൾ തന്റെ ആരുമല്ലാതിരുന്നിട്ടും ഒരുമിച്ചു നിന്ന കാലത്ത് സവിശേഷമായ ബന്ധം പുലർത്താതിരുന്നിട്ടും തന്നെ കാണാൻ വന്ന സുധീറിനെ തന്റെ ഭർത്താവിന്റെ ഓർമകൾ മനസ്സിൽ നിറച്ച് ആലിംഗനം ചെയ്തപ്പോൾ പണ്ട് തനിയ്ക്കു നേരെ നീട്ടിയ കൈകളിൽ കാണാനാവാത്ത ചൂട് സുധീറിന് ഇപ്പോൾ കാണാൻ കഴിഞ്ഞു.ഇന്ന് മിസ്സിസ് തലത്തിൽ മാതൃസഹജമായ ഭാവം നിറഞ്ഞിരിക്കുന്നു. മാത്രമല്ല അവകാശപ്പെടാൻ ഒരുതരത്തിലുമുള്ള ബന്ധം ഇല്ലാതിരുന്നിട്ടും സുധീർ തന്നെ കാണാൻ വന്നതിലുള്ള അത്ഭുതവും സന്തോഷവും അവരുടെ മനസ്സിൽ നിറഞ്ഞപ്പോഴുണ്ടായ സ്നേഹത്തിന്റെയും ആത്മാർത്ഥതയുടെ പ്രതിഫലനമാണ് ആലിംഗനത്തിന്റെ ശക്തിയായി സുധീറിന് അനുഭവപ്പെട്ടത്.

**14. ''അവസാനമായെങ്കിലും സ്ത്രീയുടെ ഈ വിശ്വരൂപം ദർശിച്ചുവല്ലോ'' -അടിവരയിട്ട പ്രയോഗം നല്കുന്ന അർഥവ്യാപ്തി കണ്ടെത്തി കുറിപ്പ് തയാറാക്കുക.**

തന്റെ ഭർത്താവിനല്ലാതെ സ്വന്തം മക്കൾക്കുപോലും തന്റെ ജീവിതത്തിൽ പരിഗണന നൽകാൻ മിസ്സിസ് തലത്തിന് കഴിഞ്ഞിരുന്നില്ല. മക്കളെ ലാളിക്കാനോ മുലയൂട്ടാനോ താരാട്ടുപാടി ഉറക്കാനോ അവർക്ക് കഴിഞ്ഞില്ല. അതുകൊണ്ടു തന്നെ മക്കളും മിസ്സിസ് തലത്തുമായി ആത്മാർത്ഥ

മായ ബന്ധം ഉണ്ടാവില്ല എന്ന് വാർദ്ധക്യത്തിലെത്തിയ അവർ ചിന്തിക്കുന്നു. ഇതുവരെ ആരോടും ഔപചാരികമായി ചിട്ടപ്പെടുത്തിമാത്രം പെരുമാറിയിരുന്ന മിസ്സിസ് തലത്ത് തന്നെ കാണാൻ വന്ന സുധീറിനോട് കാണിക്കുന്ന അടുപ്പവും സ്നേഹവും അയാളെ അത്ഭുതപ്പെടുത്തുന്നു.മിസ്സിസ് തലത്തിൽ നിന്നും താഴത്തു കുഞ്ഞിക്കുട്ടിയമ്മയിലേക്കു മാറുമ്പോൾ അവരുടെ ഉള്ളിൽ ഉണ്ടായ മാറ്റങ്ങൾ അവരുടെ ഇന്നത്തെ ജീവിതത്തിൽ നിന്നും മനസ്സിലാക്കാം.സുധീറിന്റെ ഭാര്യക്ക് നൽകാൻ അവർ പറഞ്ഞ ഉപദേശം ജീവിതത്തിലുണ്ടായ തിരിച്ചറിവുതന്നെയാണ്. മാത്രമല്ല യാത്ര ചോദിച്ചു പിരിയുമ്പോൾ നിന്റെ മനസ്സിലെങ്കിലും എനിയ്ക്കു ജീവിക്കണം എന്ന മിസ്സിസ് തലത്തിന്റെ മറുപടിയിൽ മക്കളുടെ സ്നേഹം കൊതിക്കുന്ന അമ്മയെതന്നെയാണ് കാണാൻ കഴിയുക. അതുകൊണ്ട് തന്നെയാണ് അമ്മയെന്ന വിശ്വരൂപം അവരിൽ ദർശിച്ചു എന്ന് സുധീർ പറയുന്നത്.

**15. "വൃദ്ധയും വല്ലാതെ പരുങ്ങിപ്പോയി.സ്ഥലകാലങ്ങളോട് പൊരുത്തപ്പെടാത്ത ഈ അതിഥി ആരാണ് ?" -അടിവരയിട്ട ഭാഗങ്ങൾ നൽകുന്ന രണ്ട് സൂചനകൾ കണ്ടെത്തിയെഴുതുക.**

1. താഴത്തു കുഞ്ഞികുട്ടിയമ്മയെ കാണാൻ ഈ നാട്ടിൽ ആരും തന്നെ വരുകയില്ല.
2. ന്യുയോർക്കിലായിരുന്നെങ്കിൽ ഇത്തരത്തിൽ പാശ്ചാത്യ വേഷം ധരിച്ച സന്ദർശകർ പതിവായിരുന്നു. എന്നാൽ മാറിയ സാഹചര്യത്തിൽ ഇത്തരത്തിലുള്ള അതിഥികൾ വരില്ല.

**16. "രണ്ടുപേർക്കും പ്രിയപ്പെട്ടതായിരുന്നതും തങ്ങളെ കൂട്ടിയിണക്കിയിരുന്നതുമായ ഒരു വ്യക്തിയുടെ സ്മരണ അതിലൂടെ ഒലിച്ചിറങ്ങി." -അടിവരയിട്ട പ്രയോഗങ്ങൾ സന്ദർഭത്തിന് നൽകുന്ന സവിശേഷതകൾ കണ്ടെത്തിയെഴുതുക.**

മിസ്റ്റർ തലത്തിന്റെ മരണശേഷം പല സ്ഥലങ്ങളിലായി ജോലി ചെയ്തു വർഷങ്ങൾക്കു ശേഷം തന്റെ യജമാന പത്നിയായ മിസ്സിസ് തലത്തിനെ കാണാൻ സുധീർ വന്നു. അതിലുള്ള അത്ഭുതവും ഒറ്റപ്പെടലിന്റെ ആഘാതം അനുഭവിക്കുമ്പോൾ ഒരു ബന്ധവുമില്ലാതിരുന്നിട്ടും സുധീർ തന്നെ കാണാൻ വന്നതിലുള്ള സന്തോഷം മനസ്സിൽ തിങ്ങിനിറഞ്ഞ് അവർ സുധീറിനെ ആലിംഗനം ചെയ്തു.ആ സമയത്ത് രണ്ടുപേരുടെയും കണ്ണുകൾ നിറഞ്ഞൊഴുകി. രണ്ടു പേരെയും കൂട്ടിയിണക്കുന്ന രണ്ടു പേർക്കും പ്രിയങ്കരനായ മിസ്റ്റർ തലത്തിന്റെ ഓർമകൾ അവരിൽ നിറഞ്ഞു എന്നു കാണിക്കുവാനാണ് കണ്ണുനീർ ഒലിച്ചിറങ്ങി എന്ന് കഥാകൃത്ത് പറഞ്ഞത്. ഈ കണ്ണുനീർ അവരുടെ മനസ്സിന്റെ അടയാളമാണ്.

**17. "അമ്മ തന്നെ വളർത്തണം.ശാസിക്കുകയും ലാളിക്കുകയും.........അമ്മയുടെ ഒരു ഭാഗവുമായിത്തീരുകയുള്ളു." -മിസ്സിസ്സ് തലത്തിന്റെ ഈ കാഴ്ചപ്പാടിനോട് നിങ്ങൾ യോജിക്കുന്നുണ്ടോ ? നിങ്ങളുടെ അഭിപ്രായം യുക്തിപൂർവം സമർഥിക്കുക.**

യോജിക്കുന്നു. ബന്ധങ്ങളുടെ വളർച്ചയ്ക്ക് പരസ്പരമുള്ള തിരിച്ചറിവും കൂടിച്ചേരലും ആവശ്യമാണ്. എന്നാൽ മക്കളെ പ്രസവിച്ചുവെന്നല്ലാതെ ഒരിക്കൽപോലും അവരെ ലാളിക്കാനോ കൂട്ടുകൂടാനോ മിസ്സിസ് തലത്ത് ശ്രമിച്ചിട്ടില്ല. അതുകൊണ്ടു തന്നെയാണ് ഇവർക്കിടയിൽ ആത്മബന്ധം ഇല്ലാതെ പോയത്. എന്നാൽ ഇന്നത്തെക്കാലത്ത് പാശ്ചാത്യസംസ്കാരത്തിലേക്ക് പൂർണമായും മാറിക്കൊണ്ടിരിക്കുന്ന നമ്മൾ രക്ഷിതാക്കൾ നോക്കിയാലും ബന്ധങ്ങളിൽ നിന്നും അകന്നുപോകുന്നുവെന്ന് കാണാൻ കഴിയും.അതിനുള്ള തെളിവാണ് വൃദ്ധസദനങ്ങൾ.

**18. "ഇവിടെ വന്നിട്ടുപോലും സംശയം തീർന്നില്ല.മാഡം തലത്ത് ഇങ്ങനെയൊരു സ്ഥലത്ത് ഇതുപോലെ" -സുധീർ ഇത്തരത്തിൽ ചിന്തിച്ചതെന്തുകൊണ്ട് ?**

മിസ്റ്റർ തലത്തിനോടൊപ്പം ജീവിച്ച നാളുകളിൽ കണ്ട മിസ്സിസ് തലത്തിനെയല്ല ഇപ്പോൾ സുധീർ കാണുന്നത്.ഇന്ത്യയിലാണ് അവർ ജനിച്ചതെങ്കിലും തീർത്തും പാശ്ചാത്യസംസ്കാരത്തിന്റെ ഭാഗമായി അവർ മാറിയിരുന്നു. ആഡംബരത്തോടെ മാത്രം ജീവിച്ച കാലഘട്ടമായിരുന്നു അത്. എന്നാൽ തികച്ചും വ്യത്യസ്തമായ രീതിയിലാണ് ഇപ്പോൾ അവരെ കാണുന്നത് എന്നതിനാ



visit www.shenischool.in or whatsapp 7012498606

ലാണ് സുധീർ സംശയിച്ചുപോയത്.

**19. ''ഡോളിയില്ലെങ്കിൽ ഞാൻ വെറും നിഴലായേനെ''**
**''നോക്കൂ നമുക്ക് അഞ്ചാമതൊരു.......നമ്മോടുകൂടി താമസിക്കും''**
**''വീടിനെ ഓർക്കുന്നത്......എന്നൊക്കെ വെച്ചാൽ...''**
**തന്നിരിക്കുന്ന സൂചനകൾ വിശകലനം ചെയ്ത് മിസ്റ്റർ തലത്തിന്റെ സ്വഭാവ സവിശേഷതകൾ കണ്ടെത്തി കഥാപാത്ര നിരൂപണം തയാറാക്കുക.**

ബന്ധങ്ങൾക്ക് എന്നും പ്രാധാന്യം കൊടുത്ത വ്യക്തിയായിരുന്നു മിസ്റ്റർ തലത്ത്. അതുകൊണ്ടു തന്നെ തന്റെ മക്കൾ അടുത്തില്ലാത്തതിൽ അയാൾക്ക് ദുഃഖമുണ്ടായിരുന്നു. തന്റെ കീഴിൽ ജോലി ചെയ്യുന്ന സുധീറനെ സ്വന്തം മകനായി കാണാനുള്ള കഴിവ് അദ്ദേഹത്തിന്റെ ഹൃദയ വിശാലതയാണ് വെളിപ്പെടുത്തുന്നത്. വീടും ബന്ധുക്കളും അയാൾക്ക് ഏറെ പ്രിയപ്പെട്ടതായിരുന്നു. അമ്മ, അമ്മൂമ്മ എന്നിവർക്കെല്ലാം അദ്ദേഹത്തിന്റെ ജീവിതത്തിൽ വലിയ സ്ഥാനമുണ്ടായിരുന്നു. മറ്റുള്ളവർക്ക് മനസ്സറിഞ്ഞ് എന്തും കൊടുക്കുന്ന അവരുടെ സംസ്കാരത്തെക്കുറിച്ച് അയാൾ ഓർക്കാറുണ്ട്. പാശ്ചാത്യനാടുകളിൽ ജീവിച്ചെങ്കിലും തന്റെ നാടിന്റെ സംസ്കാരം മറക്കാൻ അയാൾക്ക് കഴിഞ്ഞിരുന്നില്ല. ഭാരതീയ സംസ്കാരത്തിൽ അയാൾക്ക് അഭിമാനമുണ്ട്. മാത്രമല്ല മിസ്സിസ് തലത്തിന് അദ്ദേഹം നൽകുന്ന സ്ഥാനം ഏറെ മുകളിലാണ്. അവർ ഇല്ലായിരുന്നെങ്കിൽ ഞാൻ തന്റെ ജോലിയിൽ മികവു കാട്ടുമായിരുന്നില്ല എന്നു പോലും തലത്ത് ചിന്തിച്ചിരുന്നു.ഭാര്യയെ അംഗീകരിക്കാനുള്ള മനസ്സും അദ്ദേഹത്തിനുണ്ടായിരുന്നു.

**20. മിസ്സിസ്സ് തലത്ത് എന്ന കഥാപാത്രത്തിന്റെ കഥാപാത്ര നിരൂപണം തയാറാക്കുക.**

മിസ്റ്റർ തലത്തിനൊപ്പം തികച്ചും പാശ്ചാത്യമായ ജീവിതം നയിച്ചവരായിരുന്നു മിസ്സിസ് തലത്ത്.സ്വീകരണമുറിയിലും ക്ലബ്ബിലും ഉന്മേഷത്തോടെ പറന്നു നടന്ന അവരുടെ ജീവിതം പൂർണമായും ഭർത്താവിനു വേണ്ടി മാത്രം ചിട്ടപ്പെടുത്തിയതായിരുന്നു. അതുകൊണ്ടു തന്നെ തന്റെ മക്കളെ സംരക്ഷിക്കാനോ അവരോടു കൂട്ടുകൂടാനോ മിസ്സിസ് തലത്തിന് കഴിഞ്ഞില്ല.എന്നാൽ ഭർത്താവ് മരിച്ച് വാർദ്ധക്യത്തിലെത്തി നിൽക്കുമ്പോൾ തികച്ചും വ്യത്യസ്തമായ ജീവിതത്തിലേക്ക് അവർ മാറിയിരിക്കുന്നു.ഇപ്പോൾ മറ്റുള്ളവർക്ക് നൽകേണ്ട പരിഗണനയെക്കുറിച്ച് അവർക്കറിയാം. ആർക്കും എന്തും കൊടുക്കുമ്പോഴുണ്ടാവുന്ന സംതൃപ്തി അവർ തിരിച്ചറിഞ്ഞിരിക്കുന്നു. സ്നേഹം കൊടുത്താൽ മാത്രമേ കിട്ടുകയുള്ളു എന്നും താൻ ആർക്കും ഒന്നും മനസ്സറിഞ്ഞു കൊടുത്തിട്ടില്ലെന്നുമുള്ള തിരിച്ചറിവ് അവർക്കുണ്ട്.ആരുടെ മുന്നിലും തല കുനിക്കാൻ തയാറല്ലാത്ത മിസ്സിസ് തലത്ത് തന്റെ മക്കളുടെ ആശ്രിതയാവാൻ പോലും ആഗ്രഹിക്കുന്നില്ല.സുധീറിന് അയാളുടെ ഭാര്യയ്ക്കു കൊടുക്കാനുള്ള ഉപദേശം നൽകുന്നതിൽ നിന്നും കുട്ടികളെ സ്നേഹിക്കാനും അവരെ സംരക്ഷിക്കാനും കഴിയാതെ പോയതിലുള്ള കുറ്റ ബോധമാണ് വെളിപ്പെടുന്നത്.പാശ്ചാത്യസംസ്കാരം പൂർണമായും മറന്നുപോയിരുന്ന മിസ്സിസ് തലത്ത് ഇന്ന് തീർത്തും തന്റെ നാടിന്റെ സംസ്കാരത്തിലേക്കു മാറിയതായി കാണാം.

## വിഗ്രഹിക്കുക.

| | | |
|---|---|---|
| മുൻവാതിൽ | - | മുന്നിലെ വാതിൽ |
| രുദ്രാക്ഷമാല | - | രുദ്രാക്ഷത്തിന്റെ മാല |
| അച്ഛനമ്മമാർ | - | അച്ഛനും അമ്മയും |
| ബന്ധുവലയം | - | ബന്ധുക്കളുടെ വലയം |
| പൂർവകാലസ്മൃതി | - | പൂർവകാലത്തെ സ്മൃതി |
| നയതന്ത്രപ്രതിനിധി | - | നയതന്ത്രത്തിനുള്ള പ്രതിനിധി |
| ജീവിതചര്യ | - | ജീവിതത്തിലെ ചര്യ |

| | | |
|---|---|---|
| കൃശശരീരം | - | കൃശമായ ശരീരം. |
| സ്വീകരണമുറി | - | സ്വീകരണത്തിനുള്ള മുറി |
| അഭിമാനബോധം | - | അഭിമാനത്തെക്കുറിച്ചുള്ള ബോധം |
| പൗരസ്ത്യസംസ്കാരം | - | പൗരസ്ത്യമായ സംസ്കാരം. |
| പ്രൗഢവനിത | - | പ്രൗഢയായ വനിത |
| ഭാരതസ്ത്രീകൾ | - | ഭാരതത്തിലെ സ്ത്രീകൾ. |

## പദം പിരിച്ചെഴുതുക

| | | | | |
|---|---|---|---|---|
| വഴിയുടെ | - | വഴി | + | ഉടെ |
| അയാൾക്ക് | - | അ | + | ആൾക്ക് |
| കൃശമായ | - | കൃശം | + | ആയ |
| ഒലിച്ചിറങ്ങി | - | ഒലിച്ച് | + | ഇറങ്ങി |
| കെട്ടിപ്പിടിച്ചു | - | കെട്ടി | + | പിടിച്ചു |
| ആയയെ | - | ആയ | + | എ |
| കൂട്ടിയിണക്കി | - | കൂട്ടി | + | ഇണക്കി |
| വരേണ്ടതായിരുന്നു | - | വരേണ്ടത് | + | ആയിരുന്നു |

# കേരളപാഠാവലി 10
# അനുഭൂതികൾ ആവിഷ്കാരങ്ങൾ

## 5 പ്രിയദർശനം

**കുമാരനാശാൻ**
**1873 - 1924**

- ആധുനിക കവിത്രയത്തിൽപ്പെടുന്നു.
- സാമൂഹ്യപരിഷ്കർത്താവ്.
- ഖണ്ഡകാവ്യങ്ങളുടെ മഹത്ത്വം കൊണ്ട് മഹാകാവ്യമെഴുതാതെ തന്നെ മഹാകവിയായി.
- വിപ്ലവത്തിന്റെ ശുക്രനക്ഷത്രം എന്ന് ജോസഫ് മുണ്ടശ്ശേരി ആശാനെ വിശേഷിപ്പിച്ചു.
- വിപ്ലവത്തിന്റെ കവി ,നവോത്ഥാനത്തിന്റെ കവി എന്നിങ്ങനെ ആശാനെ വിശേഷിപ്പിച്ചത് തായാട്ട് ശങ്കരനാണ്.
- ദിവ്യകോകിലം എന്ന് ഡോ.എം.ലീലാവതി കുമാരനാശാനെ വിശേഷിപ്പിക്കുന്നു.
- സ്നേഹഗായകൻ, ആശയഗംഭീരൻ എന്നിങ്ങനെയെല്ലാം വിളിക്കപ്പെടുന്നു.
- ആശാൻ സ്ത്രീകൾക്ക് മാന്യമായ പരിഗണന നൽകി. മാത്രമല്ല വെറും ഭോഗവസ്തുമാത്രമായി പരിഗണിച്ചുപോന്ന സ്ത്രീകളെ നട്ടെല്ലുള്ള കഥാപാത്രമാക്കി അവതരിപ്പിക്കാൻ ആശാന് കഴിഞ്ഞു
- ജാതിമത ചിന്തകൾക്കെതിരായിരുന്ന ആശാൻ ശ്രീനാരായണ ഗുരുവിന്റെ ശിഷ്യനായിരുന്നു.

## നളിനി

- ഒരു സ്നേഹം എന്നു കൂടി പേരുള്ള ഖണ്ഡകാവ്യം.
- 1911 ൽ ഈ കൃതി പ്രസിദ്ധീകരിച്ചു.
- ആകെ 173 ശ്ലോകങ്ങൾ ഇതിലുണ്ട്.
- നളിനിയിലെ 57-ാം ശ്ലോകം മുതൽ 68-ാം ശ്ലോകം വരെയാണ് പാഠത്തിൽ ചേർത്തിട്ടുള്ളത്.
- നളിനി എന്ന ഖണ്ഡകാവ്യത്തിന് ആമുഖമെഴുതിയത് ഏ.ആർ.രാജരാജവർമ്മയാണ്.
- ഈ കാവ്യം മലയാള കവിതയിലെ ഒരു പ്രസ്ഥാനമാണ് എന്ന് ഏ.ആർ.രാജരാജ വർമ്മ അഭിപ്രായപ്പെട്ടു.
- ''സ്നേഹമാണഖിലസാരമൂഴിയിൽ'' എന്ന ശ്രദ്ധേയമായ വരി നളിനിയിലെ 136-ാം ശ്ലോകത്തിലേതാണ്.
- കുമാരനാശാന്റെ ഏറ്റവും വിശിഷ്ടമായ കൃതി എന്ന് പല നിരൂപകൻമാരും നളിനിയെക്കുറിച്ച് പറഞ്ഞിട്ടുണ്ട്

## പാഠസന്ദർഭം.

നളിനി എന്ന ഖണ്ഡകാവ്യത്തിൽ പ്രധാനമായും രണ്ട് കഥാപാത്രങ്ങളാണുള്ളത്. നളിനിയും ദിവാകരനും. കളികൂട്ടുകാരായിരുന്നു രണ്ടുപേരും .നളിനി ദിവാകരനെ സ്നേഹിച്ചിരുന്നു.ആ സ്നേഹം പ്രണയമായി വളർന്നു.എന്നാൽ ദിവാകരൻ ലൗകിക ജീവിതത്തോട് മടുപ്പ്

തോന്നി നാടുവിട്ടു. സന്ന്യാസ ജീവിതം നയിച്ചു. അഥവാ ദിവാകരൻ സാർവ്വലൗകിക പ്രണയത്തിന്റെ വക്താവായി മാറി.നളിനിയെ സംബന്ധിച്ച് ഈ വേർപാട് ഏറെ ദുഃഖം നിറഞ്ഞതായിരുന്നു. വിവാഹ പ്രായമെത്തിയപ്പോൾ അച്ഛൻ നളിനിയുടെ വിവാഹം ഉറപ്പിച്ചു.അതിനാൽ തന്നെ നളിനി ആരോടും പറയാതെ വീടുവിട്ടിറങ്ങി.സങ്കടം സഹിക്കാതെ ഒരു തടാകത്തിൽ ചാടി ആത്മഹത്യ ചെയ്യാൻ ശ്രമിച്ചു. അപ്പോൾ അവിടെയെത്തിയ സന്ന്യാസിനി അവളെ രക്ഷിക്കുകയും ആശ്രമത്തിലേക്ക് കൊണ്ടു പോവുകയും ചെയ്തു. അഞ്ചുവർഷക്കാലം താപസജീവിതമനുഷ്ഠിച്ച് നളിനിയവിടെ കഴിഞ്ഞു. ഒരു ദിവസം ഹിമാലയത്തിന്റെ ഉയർന്നതലത്തിൽവെച്ച് നളിനി ദിവാകരനെ കണ്ടുമുട്ടി. ദിവാകരന് നളിനിയെ മനസ്സിലായില്ല. അതിനാൽ സ്വയം പരിചയപ്പെടുത്തുകയും ചെയ്തു.പിന്നീട് അവർ തമ്മിൽ നടന്ന സംഭാഷണമാണ് പാഠഭാഗം

## ശ്ലോകങ്ങളുടെ ആശയത്തിലേക്ക്......

1 - കഷ്ടകാല.............................ഞാൻ മഹാമതേ.

**തന്റെ കഷ്ടകാലമെല്ലാം കഴിഞ്ഞിരിക്കുന്നു.എന്റെ ഭാഗ്യം രൂപമെടുത്ത് വന്നതുപോലെ (ശരീരമാർജിച്ചു വന്നതുപോലെ) അങ്ങയെ എനിയ്ക്കു കാണാൻ കഴിഞ്ഞു.അല്ലയോ മഹാത്മാവേ, അങ്ങേയ്ക്ക് ഏറെ ഇഷ്ടമുണ്ടായിരുന്ന നളിനിയാണ് ഞാൻ.**

( തന്നെ തിരിച്ചറിയാനാവാത്ത ദിവാകാരന് താൻ ആരാണെന്ന് പരിചയപ്പെടുത്തുകയാണ് നളിനി ചെയ്യുന്നത്.നളിനി ഇത്രയും കാലം ദിവാകരന് വേണ്ടി കാത്തിരിക്കുക യായിരുന്നു.അവസാനം ദിവാകരനെ കണ്ടതുകൊണ്ടാണ് എന്റെ കഷ്ടകാലം കഴിഞ്ഞുവെന്ന് നളിനി പറയുന്നത്. ഹാ എന്ന ശബ്ദം നളിനിക്കുണ്ടായ ആശ്വാസം പ്രകടിപ്പിക്കാൻ സഹായകമാണ്.)

പദപരിചയം

അഖിലം - മുഴുവൻ/എല്ലാം ദിഷ്ടം - ഭാഗ്യം
വടിവ് - രൂപം/ ആകൃതി ദൃഷ്ടൻ - കാണപ്പെട്ട
വൻ

2 - പ്രാണനോടു.............................പ്രിയമൊരിക്കലീശ്വരൻ.

**ജീവനോടെയിരിക്കുമ്പോൾ എന്നെങ്കിലുമൊരിക്കൽ അങ്ങയുടെ പാദം കാണാൻ ഞാൻ വളരെ കൊതിച്ചിരുന്നു.ആശയോടെ കരഞ്ഞു കഴിയുകയായിരുന്നു.മനസ്സറിഞ്ഞ് പ്രാർത്ഥിക്കുന്നവരുടെ ആഗ്രഹം എന്നെങ്കിലുമൊരിക്കൽ ഈശ്വരൻ സാധിച്ചു കൊടുക്കും.**

(തന്റെ മരണത്തിനു മുമ്പ് ദിവാകരനെ കാണണമെന്ന് നളിനി അതിയായി ആഗ്രഹിച്ചിരുന്നു.അതായിരുന്നു അവളുടെ ജീവിത ലക്ഷ്യം. അത് ഈശ്വരാനുഗ്രഹത്താൽ സാധിച്ചിരിക്കുന്നു.)

പദപരിചയം.

ചിരം - വളരെ
കേണുവാഴുക - കരഞ്ഞു കഴിയുക
അർഥിക്കുക - യാചിക്കുക.

3 - സന്ന്യസിച്ചളവു........ഓർത്തിടായ്കിലും.

**സന്ന്യസിച്ച അവസരത്തിൽ അങ്ങയോടുള്ള ആഗ്രഹത്താൽ (ദിവാകരനെ കാണണമെന്ന ആഗ്രഹത്താൽ) അങ്ങയെതന്നെ ഓർത്തു കൊണ്ട് താപസ ജീവിതം നയിക്കുകയായിരുന്നു ഞാൻ.അങ്ങ് എന്നെ ഓർത്താലും ഓർത്തില്ലെങ്കിലും ഇപ്പോൾ**

**അങ്ങയെ കാണാൻ കഴിഞ്ഞതിനാൽ ഞാൻ ഭാഗ്യവതിയായിരിക്കുന്നു.**

(ദിവാകരനെ കാണണമെന്ന് അതിയായി ആഗ്രഹിച്ച നളിനിയ്ക്ക് തന്റെ ആഗ്രഹം സാധിച്ചപ്പോൾ സംതൃപ്തിയായി.)

പദപരിചയം.

അളവിൽ - അവസരത്തിൽ

സന്ന്യസിച്ചളവ് - സന്ന്യസിച്ച അവസരത്തിൽ

ആസ്ഥയാൽ - ആഗ്രഹത്താൽ സപദി - ഇപ്പോൾ

4 - ഏവമോതി..........................സുഖോദയം

**ഇപ്രകാരം പറഞ്ഞ് കണ്ണീർ പൊഴിച്ചു കൊണ്ട് ഒന്നും സംസാരിക്കാനാവാതെ അവൾ നിന്നു.സ്നേഹത്തിലായിരുന്നവർ വേർപിരിഞ്ഞതിനുശേഷം വീണ്ടും കണ്ടുമുട്ടുമ്പോൾ സുഖത്തിന്റെ ഉദയം വികലമായിത്തീരും.**

(ദിവാകാരനെ കണ്ടതിനാൽ ഞാൻ ഭാഗ്യവതിയായി എന്നുപറഞ്ഞ് കരഞ്ഞുകൊണ്ട് പിന്നീട് ഒന്നും പറയാനാവാതെ വാക്കുകൾ കിട്ടാത്ത വൈകാരികാവസ്ഥയിലേക്ക് അവൾ മാറി.ഏറെ നാളുകൾക്കു ശേഷം കണ്ടുമുട്ടുമ്പോഴുണ്ടാവുന്ന സന്തോഷവും ദിവാകരൻ തന്നെ തിരിച്ചറിയാത്തതിലുള്ള സങ്കടവും വികാരതീവ്രയുമെല്ലാം ചേരുമ്പോൾ നമുക്ക് എന്തു പറയണമെന്നും ചെയ്യണമെന്നും അറിയാത്ത അവസ്ഥ വരും. ആ അവസ്ഥയിലാണു നളിനി.)

പദപരിചയം

ഏവം - ഇപ്രകാരം ഓതുക - പറയുക

ഇടർ - ദുഃഖം തൂവുക - പൊഴിക്കുക

മൊഴികുഴങ്ങുക - വാക്കുകൾ കിട്ടാതിരിക്കുക.

5 - ധീരനായ യതി.....................പനിനീർ സുമോപമം.

**ധീരനായ സന്ന്യാസി(ദിവാകരൻ) നളിനിയുടെ കണ്ണുനീർ ഇറ്റുവീണ് ചുവന്ന തുടുത്ത മുഖത്തേക്ക് നോക്കി.മഞ്ഞുതുള്ളികൾ വീണ് നനഞ്ഞ് പ്രഭാതത്തിൽ ശോഭയോടെ നിൽക്കുന്ന പനിനീർ പൂവിനോട് ഉപമിക്കാവുന്ന തരത്തിലാണ് നളിനിയുടെ മുഖം.**

(ചുവന്ന പനിനീർ പൂവിൽ മഞ്ഞുതുള്ളികൾ പറ്റി കിടക്കുന്നതു പോലെ കരഞ്ഞതിനാൽ ചുവന്നു തുടുത്ത മുഖത്ത് കണ്ണുനീരൊഴുക്കികൊണ്ടു നളിനി നിൽക്കുന്നു. രണ്ട് ചിത്രത്തിനും സാമ്യമുണ്ട്. ദിവാകരനെ സൂര്യനായും നളിനിയെ പനിനീർ പൂവായും സങ്കൽപിച്ചിരിക്കുന്നു. സൂര്യസാന്നിദ്ധ്യം കൊണ്ട് പനിനീർപൂവ് വിടരുന്നതു പോലെ ദിവാകര സാന്നിദ്ധ്യം നളിനിയുടെ സങ്കടത്താൽ തളർന്ന മനസ്സിന് ആശ്വാസം നൽകുന്നു.സൂര്യപ്രകാശം തട്ടി മഞ്ഞു തുള്ളികൾ ആവിയായി പോകുന്നതുപോലെ നളിനിയുടെ ദുഃഖം അകന്ന് അവൾക്ക് ആനന്ദം വരുന്നത് വ്യക്തമാകുന്നു.)

പദപരിചയം

യതി - സന്ന്യാസി ഭൂരി - ധാരാളം തന്വി - യുവതി

ബാഷ്പം - കണ്ണുനീർ ആഭ - ശോഭ ഉഷസ്സ് - പ്രഭാതം

6 - ആരതെന്നുടനറിഞ്ഞു......കനിഞ്ഞവൻ.

**തന്റെ മുന്നിൽ നിൽക്കുന്നത് ആരാണെന്ന് തിരിച്ചറിഞ്ഞ് വർദ്ധിച്ച സന്തോഷത്തോടെ പണ്ട് കഴിഞ്ഞുകൂടിയ ആ കാലത്തേതെന്ന പോലെ മനോഹരമായ ബാല്യകാല കഥയ്ക്കു ചേരുന്ന വിധമുള്ള വാക്കുകൾ പറഞ്ഞുകൊണ്ട് ദിവാകാരൻ അവളോട് കനിവ് കാട്ടി.**

(തങ്ങളുടെ കുട്ടിക്കാലത്തെ അനുഭവങ്ങൾക്ക് അനുസരിച്ച് ആ കാലത്തെ

സംഭവങ്ങൾക്ക് യോചിച്ച രീതിയിൽ ദിവാകരൻ അവളോട് സംസാരിച്ചു.)

പദപരിചയം

പാരം - വർദ്ധിച്ച പുരാഗതം - പണ്ടു കഴിഞ്ഞത്

ചാരു - മനോഹരം കൗതുകം - സന്തോഷം

7 - പാരവും പരിചയം....... വരുന്നയേ.

**ഏറ്റവും പരിചയമുള്ള(നല്ല പരിചയമുള്ള) നിന്റെ പേരും നിന്റെ മധുരമായ ശബ്ദവും നല്ലരീതിയിൽ തന്നെ നീയും നിന്റെ ദൂരെയുള്ള വീടും എന്റെ ഓർമ യിൽ തെളിയുന്നു.**

പദപരിചയം

കണ്ഠം - ശബ്ദം സാരമായ് - നല്ലരീതിയിൽ

സ്മൃതി - ഓർമ ഭവനം - വീട്

8 - കണ്ടുടൻ..............വല്ലിയായ് നീ

**കണ്ടയുടനെ നിന്നെ തിരിച്ചറിയാത്തതിനാൽ അല്ലയോ സഖീ നിനക്ക് സങ്കടം വേണ്ട. നീ കരയാതെ കേൾക്കൂ .പണ്ട് നീ ഒരു ഇളം കുരുന്നായിരുന്നു.(ദിവാക രൻ വീടു വിട്ട് പോകുന്ന കാലത്ത്) ഇപ്പോളാകട്ടെ നീയൊരു തളിർത്ത വള്ളി യായ് മാറി കഴിഞ്ഞിരിക്കുന്നു.**

(ദിവാകരൻ സന്ന്യാസ ജീവിതത്തിനു പോകുമ്പോൾ കണ്ട നളിനി ചെറിയ കുട്ടിയായിരുന്നു..ഇന്ന് വർഷങ്ങൾക്കു ശേഷം കാണുമ്പോൾ നളിനി യുവതി യായിരിക്കുന്നു. വളർച്ചയിൽ കണ്ട ഈ വ്യത്യാസം കൊണ്ടാണ് തനിയ്ക്ക് നളി നിയെ തിരിച്ചറിയാനാകാതെ പോയതെന്ന് ദിവാകരൻ നളിനിയോട് പറയുന്നു.)

പദപരിചയം

ഇണ്ടൽ - ദുഃഖം സപദി - ഇപ്പോൾ

തളിര് - നാമ്പ് വല്ലി - വള്ളി

9 - എന്നിൽ നിന്നണുവു.................വത്സലേ.

**എന്നിൽ നിന്ന് നിനക്ക് പ്രിയമല്ലാത്ത എന്തു സംഭവിച്ചാലും നീ കരയുമായിരു ന്നു.സ്നേഹത്താലുണ്ടാവുന്ന (പ്രണയത്താലുണ്ടാവുന്ന) ഈ ദൗർബല്യം അന്നും ഇന്നും ഒരുപോലെ നിന്നിൽ കാണുന്നു.**

(ദിവാകരൻ നാടുവിട്ടു പോകുന്നതിനുമുമ്പ് നളിനിയിയ്ക്ക് ഉണ്ടായിരുന്നസ്വ ഭാവങ്ങൾ ഇന്നും അവളിൽ കാണുന്നു.നളിനിയ്ക്ക് ഇഷ്ടപ്പെടാത്ത രീതിയി ലുള്ള എന്തു കാര്യത്തിനും അവൾ കരയുമായിരുന്നു.ഇന്നും അതിൽ മാറ്റമി ല്ല.)

പദപരിചയം

അണു - അല്പം അപ്രിയം - പ്രിയമല്ലാത്തത്.

11- പോയതൊക്കെ...................വാണിടുന്നു നീ

**നളിനീ നീ മനസ്സിലാക്കുക.കഴിഞ്ഞതൊക്കെ കഴിഞ്ഞു. നമ്മുടെ പ്രായവും അ തിനനുസരിച്ച് നമ്മുടെ ലക്ഷ്യവും മാറിയിരിക്കുന്നു. വേണ്ടത്ര പക്വത വന്ന് അറി വാർജിച്ചിരിക്കുന്നു.ഇതൊക്കെ തിരിച്ചറിഞ്ഞുകൊണ്ട് നീ എല്ലാം മറക്കു ക.അതെല്ലാം പോകട്ടെ നീ എന്തിനാണിവിടെ വസിക്കുന്നത്.**

12- ഓതുകിന്നഥവാ.................ശരീരികൾ

**നീ പറയുകെ എന്തിനാണിവിടെ വസിക്കുന്നത്.ഒരു തരത്തിൽ അതിന്റെ കാരണം അന്വേഷിക്കുന്നത് വെറുതെയാണ്. ഏതോ ഒരു കാര്യത്തിനു വേണ്ടി നീ തുനിഞ്ഞിറങ്ങി.സ്വന്തം കർമ്മം പൂർത്തിയാക്കുന്നതിനു വേണ്ടി മനുഷ്യർ ഏതു രീതിയിലുമുള്ള മാർഗവും സ്വീകരിക്കാറുണ്ട്.**

(ഓരോ മനുഷ്യനും അവന്റെ കർമഗതിയനുസരിച്ചാണ് ജീവിതം മുന്നോട്ട് കൊണ്ടു പോകുന്നത്. അതുകൊണ്ട് അതിന്റെ കാരണമന്വേഷിക്കുന്നത് വെറുതെയാണെന്ന് ദിവാകരൻ കരുതുന്നു.നളിനിയും സ്വന്തം കർമത്താൽ പ്രേരിതമായ ഒരു മാർഗം സ്വീകരിച്ചു എന്നു കരുതാം.)

പദപരിചയം

| | | | | |
|---|---|---|---|---|
| ഓതുക | - | പറയുക. | വൃഥാ - | വെറുതെ |
| ശുഭേ | - | മംഗള ശീലേ | ഹേതു - | കാരണം |
| നിജ | - | തന്റെ | കർമ്മം - | പ്രവൃത്തി |

നീതരാവുക - നയിക്കപ്പെടുന്നവർ

നിജകർമനീതരായ് - തന്റെ കർമ്മങ്ങളാൽ നയിക്കപ്പെടുന്നവർ.

ഏതു മാർഗമിയലാ - ഏതു വഴിസ്വീകരിക്കുകയില്ല.

13- പിന്നെയൊന്നൊരു......................വിവേകികൾ

**എന്ത് ഉപകാരത്തിനു വേണ്ടിയാണ് നീ എന്നെ ഓർത്ത് ഇവിടെ കഴിഞ്ഞത് ? നീ അതു പറയുക. വിവേകമുള്ളവർ സ്വന്തം ജീവിതം അന്യർക്ക് ഉപയോഗപ്രദമായ രീതിയിൽ വിനിയോഗിച്ച് സംതൃപ്തരാകും.**

(കുമാരനാശാന്റെ പ്രസിദ്ധമായ വരികളിലൊന്നാണിത്. അന്യരുടെ ജീവിതത്തിനു കൂടെ ഉപയോഗപ്പെടുന്ന രീതിയിൽ തന്റെ കർമം മുന്നോട്ടു കൊണ്ടു പോകുന്നവർ വിവേകശാലികളാണ്. ശ്രീനാരായണഗുരുവിന്റെ

അവനവനാത്മസുഖത്തിനാചരിക്കുന്നവ
അപരന്നു സുഖത്തിനായി വരേണം -

എന്ന വരികളുമായി ആശാന്റെ വരികൾക്ക് സാമ്യമുണ്ട്. പരോപകാരാർത്ഥമിദം ശരീരം- മറ്റുള്ളവർക്ക് ഉപകാര പ്രദമായ കാര്യങ്ങൾ ചെയ്യുന്നതിനു വേണ്ടിയാണ് ഈ ശരീരം എന്ന ആശയമാണ് ദിവാകരൻ അവതരിപ്പിക്കുന്നത്.)

പദപരിചയം

അമല - പരിശുദ്ധ

## ചോദ്യശേഖരം.....

**1. ''ഏകുമർഥിയാം പ്രാണിതൻ പ്രിയമൊരിക്കലീശ്വരൻ''**
**നളിനിയുടെ ഈ വാക്കുകളിൽ പ്രകടമാകുന്നതെന്ത് ?**

തന്റെ ആഗ്രഹം ഒരിക്കൽ സഫലമാകുമെന്ന ചിന്ത.

**2. ''പ്രാണനോടുമൊരു നാൾ......... പ്രിയമൊരിക്കലീശ്വരൻ -അർഥി എന്ന വാക്ക് സൂചിപ്പിക്കുന്നതാരെ ?**

നളിനിയെ

**3. ''പ്രാണനോടുമൊരു നാൾ......... പ്രിയമൊരിക്കലീശ്വരൻ'' – ഈ വരികളിൽ പ്രകടമാകുന്ന ഭാവം ?**

പ്രതീക്ഷ

**4. ''കഷ്ടകാലമഖിലം കഴിഞ്ഞു ഹാ !**
**ദൃഷ്ടമീ വടിവിയന്നു വന്നപോൽ'' – അടിവരയിട്ട ശബ്ദം കാവ്യസന്ദർഭത്തിൽ ധ്വനിപ്പിക്കുന്ന ഭാവം ?**

ആശ്വാസം

**5. ഭാവശാലികൾ പിരിഞ്ഞു കൂടിയ......... സുഖോദയം'' – വളരെ കാലത്തിനുശേഷം കണ്ടുമുട്ടുന്ന സ്നേഹബദ്ധരുടെ സുഖോദയം വികലമായി തീരുന്നുവെന്നു പറയാൻ കാരണമെന്ത് ?**

വികാര വൈവശ്യം കാരണമുള്ള വീർപ്പുമുട്ടൽ കൊണ്ട്.

**6. ''ഭാവശാലികൾ പിരിഞ്ഞു കൂടിയാ–**
**ലീവിധം വികലമാം സുഖോദയം'' – അടിവരയിട്ട പദം നൽകുന്ന അർത്ഥ സൂചനയോട് ഏറ്റവും അടുത്തു നിൽക്കുന്ന പദം ?**

സ്നേഹമുള്ളവർ

**7. ''പണ്ടു നിന്നെയൊരിളം കുരുന്നതായ്**
**കണ്ടു ഞാൻ, സപദി വല്ലിയായി നീ'' – അടിവരയിട്ട ഭാഗം സൂചിപ്പിക്കുന്നതെന്ത് ?**

രൂപപരമായ മാറ്റം

**8. ''പണ്ടു നിന്നെയൊരിളം കുരുന്നതായ്**
**കണ്ടു ഞാൻ, സപദി വല്ലിയായി നീ'' –അടിവരയിട്ട പദം സന്ദർഭത്തിനു നൽകുന്ന സവിശേഷ അർത്ഥം എന്ത് ?**

നളിനി വലുതായി എന്നു സൂചിപ്പിക്കുന്നു.

**9. ''ഏവമോതിയിടരാർന്നു എന്നത് ഏവം,ഓതി,ഇടർ,ആർന്നു എന്ന് വേർതിരിക്കാം. എങ്കിൽ പിന്നെയൊന്നൊരുപകാരം എങ്ങനെ വേർതിരിക്കാം.**

പിന്നെ,ഒന്ന്,ഒരു,ഉപകാരം

**10. പനിനീർ പൂവിനോട് സാദൃശ്യപ്പെടുത്തുന്നതെന്ത് ?**

നളിനിയുടെ മുഖത്തെ.

**11. ബാല്യത്തിലും യൗവനത്തിലും നളിനിയിൽ മാറ്റമില്ലാതെ കാണുന്നതെന്ത് ?**

പ്രണയ ചാപല്യം

**12. ''ധീരനായ യതി.........പനിനീർസുമോപമം''–**

- **ദിവാകരനെയും നളിനിയെയും സൂചിപ്പിക്കാൻ ഈ കാവ്യ ഭാഗത്ത് ഉപയോഗിച്ച പദങ്ങൾ ഏതെല്ലാം.**
  - **പ്രഭാതത്തിലെ സൂര്യ സാന്നിധ്യം കൊണ്ട് പനിനീർപൂവ് വികസിക്കുന്നതുപോലെ എന്ന പ്രയോഗം സന്ദർഭത്തിന് മിഴിവേകുന്നതെങ്ങനെ ?**

**ഈ വരികളിലെ ചമൽക്കാര ഭംഗി കണ്ടെത്തി കുറിപ്പെഴുതുക.**

മഹാകവി കുമാരനാശാന്റെ നളിനി എന്ന ഖണ്ഡകാവ്യത്തിലെ ചെറിയൊരു ഭാഗമാണ് പ്രിയദർശനം.ദിവാകരൻ തന്നെ തിരിച്ചറിയാത്തതിനാൽ കണ്ണുനീരൊഴുക്കി നിൽക്കുന്ന നളിനിയുടെ ചുവന്നു തുടുത്ത മുഖം വർണിക്കുകയാണ് കവി. നളിനിയുടെ മുഖത്തെ പ്രഭാതത്തിൽ വിടർന്നു വരുന്ന പനിനീർപൂവിനോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നു.നളിനിയുടെ കവിളിലുണ്ടായ ചുവന്ന തുടിപ്പിനെ പനിനീരിന്റെ ചുവന്ന നിറത്തോടും ഒഴുകിയിറങ്ങുന്ന കണ്ണീരിനെ പൂവിൽ പറ്റി നിൽക്കുന്ന മഞ്ഞു തുള്ളിയോടും സാദൃശ്യപ്പെടുത്തിയിരിക്കുന്നു. ദിവാകരൻ എന്നാൽ സൂര്യൻ എന്നാണ് അർത്ഥം.നളിനിയെന്നാൽ താമരയും. സൂര്യൻ വരുമ്പോൾ താമര വിടരുന്നതു പോലെ, ദിവാകാരസാന്നിധ്യം നളിനിയിൽ പുതിയ ഉണർവ്വുണ്ടാക്കുന്നു.സൂര്യന്റെ കിരണങ്ങളേറ്റ് മഞ്ഞു തുള്ളികൾ നീരാവിയായിപോകുന്നതുപോലെ നളിനിയുടെ കണ്ണീരകന്ന് അവളിൽ സന്തോഷം നിറയുന്നത് ഈ സാദൃശ്യകൽപ്പനയിലൂടെ വ്യക്തമാക്കുന്നു.

**13. ‘‘ഏവമോതി..............സുഖോദയം’’-ആശയഭംഗി വ്യക്തമാക്കുക.**

ദിവാകരനെ കണ്ടപ്പോൾ നളിനിയിലുണ്ടായ വൈകാരികാവസ്ഥയാണ് ഇവിടെ കാണുന്നത്.ദീർഘനാളത്തെ വേർപാടിന് ശേഷമാണ് നളിനി ദിവാകരനെ കാണുന്നത്. അതിനാൽതന്നെ വേർപാടിന്റെ ദുഃഖവും അപ്രതീക്ഷിതമായി കണ്ടുമുട്ടിയതിലുള്ള സന്തോഷവും നളിനിയിൽ നിറയുന്നു.സുഖദുഃഖങ്ങൾ ഇടകലർന്ന മാനസികാവസ്ഥയിലാണ് നളിനി.വികാരപാരവശ്യത്താൽ കണ്ണുനീർ തൂകി വാക്കുകൾ കിട്ടാതെ അവൾ വിഷമിച്ചു നിന്നു. പരസ്പരം സ്നേഹിച്ചവർ വേർപിരിഞ്ഞതിനു ശേഷം വീണ്ടും കണ്ടു മുട്ടുമ്പോൾ മനസ്സ് ഇങ്ങനെയായിരിക്കും.പറഞ്ഞറിയിക്കാനാവാത്ത സന്തോഷവുംവികാരതീവ്രതയുമുണ്ടാകും.പൂർണമായ സുഖമോ ദുഃഖമോ മനസ്സിനുണ്ടാവില്ല.ഈ അവസരത്തിൽ പൂർണസുഖത്തിന് കുറവ് വരാം എന്ന് കവി പറയുന്നു.

**14. ‘‘കഷ്ടകാലമഖിലം..........ഞാൻ മഹാമതേ’’- കാവ്യസന്ദർഭത്തിൽ തെളിയുന്ന നളിനിയുടെ മാനസികാവസ്ഥകൾ കണ്ടെത്തി കുറിപ്പ് തയാറാക്കുക..**

എന്റെ കഷ്ടകാലമെല്ലാം കഴിഞ്ഞു എന്ന് നളിനി ദിവാകരനെ കണ്ടതോടുകൂടി ചിന്തിക്കുന്നു. എന്റെ ഭാഗ്യം രൂപം പ്രാപിച്ചുവന്നതു പോലെ അങ്ങയെ എനിക്കു കാണാൻ കഴിഞ്ഞു. അല്ലയോ മഹാത്മാവേ, ഞാൻ പണ്ട് അങ്ങേക്ക് ഇഷ്ടമായിരുന്ന നളിനിയാണ്.-എന്ന് നളിനി ദിവാകരനോടു പറഞ്ഞു.ഞാൻ നളിനിയാണ് എന്ന് ഓർമപ്പെടുത്തേണ്ടിവരുന്ന നളിനിയുടെ നിസ്സഹായത ഇവിടെ നിന്നും നമുക്ക് മനസ്സിലാക്കാം.മാത്രമല്ല നളിനി ഇത്രയും കാലം എന്തിനുവേണ്ടി കാത്തിരുന്നുവോ അത് യാഥാർഥ്യമായിരിക്കുന്നു.അതിലുള്ള ആഹ്ലാദം നളിനിയുടെ വാക്കുകളിൽ തെളിയുന്നുണ്ട്.

**15. ‘‘പോയതൊക്കെ.........................സപദി മാറി കാര്യവും.’’**

**ദിവാകരൻ ഇങ്ങനെ പറയുന്നതിന്റെ പൊരുൾ കണ്ടെത്തുക.**

തന്നെ തിരിച്ചറിയാനാവാത്ത ദിവാകരനെ താനാരാണെന്ന് നളിനി ഓർമപ്പെടുത്തുന്നു. അതോടെ നളിനിയുടെ പേരും സ്ഥലവും വീടുമെല്ലാം ദിവാകരന്റെ ഓർമയിൽ തെളിഞ്ഞു.പണ്ട് ബാലസഹജമായ സ്വാതന്ത്ര്യം ദിവാകരൻ നളിനിയോടു കാട്ടിയിട്ടുണ്ടാവാം. എന്നാൽ ഇന്ന് അങ്ങനെയല്ല. രണ്ടുപേരും മുതിർന്നിരിക്കുന്നു.അതിനനുസരിച്ചുള്ള പക്വതയും വന്നിരിക്കുന്നു,ശൃംഗാരത്തിന് ഒരു പ്രാധാന്യവുമില്ലാത്ത സന്യാസ ജീവിതത്തിലാണ് ദിവാകരൻ. ഈശ്വരസാക്ഷാത്കാരമാണ് ദിവാകരന്റെ ലക്ഷ്യം. നളിനിയും ഇപ്പോൾ ഇതേ പാതയിലാണ്.ജീവിതാനുഭവങ്ങളിലൂടെ നളിനിയ്ക്കും പക്വതയാർജിച്ചിരിക്കുന്നു. ഇതെല്ലാം തിരിച്ചറിഞ്ഞ് മുന്നോട്ടു പോകുവാനാണ് ദിവാകരൻ പറയുന്നത്.

**16. ‘‘പോയതൊക്കെ........................ആയതത്വമറിവിന്നുമാർന്നു.’’ - അടിവരയിട്ട ഭാഗം നൽകുന്ന**

**അർത്ഥ സൂചനകൾ കണ്ടെത്തി എഴുതുക.**

ഏറെനാളുകൾക്കുശേഷം നളിനിയും ദിവാകരനും പരസ്പരം കണ്ടുമുട്ടുന്നു. നളിനിയിലെ പ്രണയ ചാപല്യത്തിന് അന്നും ഇന്നും ഒരു മാറ്റവുമുണ്ടായിട്ടില്ല എന്ന് അവളുടെ ഭാവപ്രകടനത്തിൽനിന്നും ദിവാകരന് മനസ്സിലാകുന്നു.രണ്ടുപേരും ഇപ്പോൾ സന്ന്യാസ ജീവിതത്തിലാണ്.ദിവാകരൻ പണ്ടു കണ്ട നളിനിയല്ല ഇപ്പോൾ മുന്നിലുള്ളത്. അവൾ വളർന്നിരിക്കുന്നു.അതിനനുസരിച്ചുള്ള അറിവും പക്വതയും അനുഭവങ്ങളിലൂടെ നേടിയിരിക്കുന്നു എന്ന സത്യം മനസ്സിലാക്കണമെന്നാണ് ദിവാകരൻ സൂചിപ്പിക്കുന്നത്.

**17. ''തന്റെ ജീവിതം ധന്യമായി എന്ന് നളിനി കരുതുന്ന നിമിഷമേത് ?**

ഏറെ നാളായി നളിനി ആഗ്രഹിക്കുന്ന കാര്യമാണ് ദിവാകരനെ കാണുക എന്നത് അവളുടെ ജീവിതലക്ഷ്യം തന്നെ അതായിരുന്നു. തന്റെ കാത്തിരിപ്പിനൊടുവിൽ ദിവാകരനെ കണ്ടുമുട്ടിയപ്പോഴാണ് തന്റെ ജീവിതം ധന്യമായി എന്ന് നളിനി പറഞ്ഞത്.

**18. ''ഭവാനു പണ്ടിഷ്ടയാം നളിനി ഞാൻ.''– നളിനി തന്നെ ഇങ്ങനെ പരിചയപ്പെടുത്തിയതിന്റെ കാരണമെന്ത് ?**

നാടുവിട്ട് സന്ന്യാസ ജീവിതത്തിലേക്ക് പോയ ദിവാകരനെ കാണാതെ നളിനി ഏറെ വിഷമിച്ചിരുന്നു.. അച്ഛൻ തന്റെ വിവാഹം ഉറപ്പിച്ചപ്പോൾ നാടുവിട്ട നളിനി വർഷങ്ങൾക്കു ശേഷം ദിവാകരനെ കണ്ടുമുട്ടുന്നു. തന്നെ ദിവാകരൻ തിരിച്ചറിഞ്ഞില്ലെന്ന് നളിനിയ്ക്ക് മനസ്സിലായി. ബാല്യകാലത്തിന്റെ അനുഭവങ്ങൾ ഓർമപ്പെടുത്താൻ പാകത്തിൽ അങ്ങേക്ക് ഏറെ ഇഷ്ടമുണ്ടായിരുന്ന കളികൂട്ടുകാരി നളിനിയാണ് ഞാനെന്ന് അവൾ ദിവാകരനോട് പറഞ്ഞു.തന്റെ ആഗ്രഹം നടന്നുവെങ്കിലും ദിവാകരൻ പഴയ സ്നേഹം മറന്നിരിക്കുമോ എന്ന വേവലാതിയും നളിനിയ്ക്ക് ഉണ്ടായിരിക്കാം. അതുകൊണ്ടാണ് ഇത്തരത്തിൽ പരിചയപ്പെടുത്തിയത് എന്ന് നമുക്ക് മനസ്സിലാക്കാം.

**19. ''കഷ്ടകാലമഖിലം..........ഞാൻ മഹാമതേ'' – വരികളിലെ കാവ്യപരമായ സവിശേഷതകൾ കണ്ടെത്തി എഴുതുക.**

ശ്ലോകത്തിലെ എല്ലാ വരികളിലെയും രണ്ടാമത്തെ അക്ഷരം ഒരുപോലെ വരുന്നു.കഷ്ടം, ദിഷ്ടം, ദൃഷ്ടം,ഇഷ്ടം എന്നിങ്ങനെ ഒരേ രീതിയിൽ അക്ഷരം ആവർത്തിക്കുമ്പോൾ കാവ്യഭംഗി ലഭ്യമാകുന്നു.എല്ലാവരികളിലെയും അക്ഷരങ്ങളുടെ എണ്ണം ഒരുപോലെയാണ്.ദിഷ്ടം,ദൃഷ്ടം എന്നിങ്ങനെ ഏകദേശം ഒരേപോലെയുള്ള പദങ്ങൾ പ്രയോഗിക്കപ്പെടുമ്പോൾ വരികൾക്ക് താളഭംഗി ലഭിക്കുന്നു.

**20. ''അന്യ ജീവനുതകി.........വിവേകികൾ''(കുമാരനാശാൻ)**

**''അവനവനാത്മ സുഖത്തിനാചരിക്കുന്നവ–**
**യപരന്ന് സുഖത്തിനായ് വരേണം''(ശ്രീ നാരായണഗുരു)**

**അപരനോടുള്ള പരിഗണനയാണ് ജീവിതത്തെ അർത്ഥപൂർണമാക്കുന്നത്**

**ഈ പ്രസ്താവനയുടെ വെളിച്ചത്തിൽ തന്നിരിക്കുന്ന വരികളിലെ ജീവിത സന്ദേശം താരതമ്യം ചെയ്യുക.**

മനുഷ്യസ്നേഹത്തെക്കുറിച്ചും അന്യരോടുള്ള പരിഗണനയെക്കുറിച്ചും വ്യക്തമാക്കുന്ന വരികളാണ് ചോദ്യത്തിൽ തന്നിരിക്കുന്നത്.ഒരു വ്യക്തി അവന്റെ സന്തോഷത്തിനു വേണ്ടി ചെയ്യുന്ന കാര്യങ്ങൾ മറ്റുള്ളവർക്കുകൂടി ഉപകാരപ്പെടുന്നതായിരിക്കണം എന്ന് ശ്രീനാരായണ ഗുരു പറയുന്നു.കുമാരനാശാൻ നളിനിയിലെഴുതിയ വരികൾ ശ്രീനാരായണ ഗുരുവിന്റെ ചിന്തയുടെ തുടർച്ച തന്നെയാണ്.എന്നാൽ ആശാൻ ഒരുപടികൂടി കടന്ന് മറ്റുള്ളവരുടെ ജീവിതത്തിന് ഉപകാരപ്പെടുന്ന രീതിയിൽ സ്വന്തം ജീവിതം ധന്യമാക്കുന്നവർ വിവേകശാലികളാണെന്ന്

പ്രഖ്യാപിക്കുന്നു.

**21. "പ്രാണനോടുമൊരുനാൾ......പ്രാണിതൻ പ്രിയമൊരിക്കലീശ്വരൻ"- പ്രാണി എന്ന് നളിനി സ്വയം വിശേഷിപ്പിച്ചത് എന്തു കൊണ്ടാവാം ? നിങ്ങളുടെ നിഗമനങ്ങൾ കുറിക്കുക.**

ദിവാകരനു മുന്നിൽ തന്റെ സ്ഥാനം എത്രയോ ചെറുതാണെന്നു കാണിക്കാനും താനിപ്പോൾ നിസ്സഹായയാണെന്നു വ്യക്തമാക്കാനുമാണ് പ്രാണി എന്ന് നളിനി സ്വയം വിശേഷിപ്പിച്ചത്.

**22. പ്രിയദർശനം എന്ന ശീർഷകത്തിന്റെ ഔചിത്യം പരിശോധിക്കുക.**

കുമാരനാശാന്റെ നളിനി എന്ന ഖണ്ഡകാവ്യത്തിൽ നിന്നെടുത്ത കാവ്യഭാഗമാണ് പ്രിയദർശനം.ബാല്യകാലത്ത് കളിക്കൂട്ടുകാരായിരുന്ന ദിവാകരനും നളിനിയുമാണ് ഇതിലെ കഥാപാത്രങ്ങൾ. പരസ്പരം സ്നേഹം പങ്കുവെച്ച് വളർന്നവരാണിവർ. നളിനിയിൽ ആ സ്നേഹം പ്രണയമായി വികസിച്ചു. എന്നാൽ ദിവാകരന്റെ ജീവിതത്തിൽ അത്തരം വികാരങ്ങൾക്ക് സ്ഥാനമുണ്ടായിരുന്നില്ല.അയാൾ ഈ ലോകത്തിൽ എല്ലാത്തിനോടും സമഭാവന പുലർത്തുന്ന സന്ന്യാസ ജീവിതത്തിൽ ആകൃഷ്ടനായിരുന്നു. അതുകൊണ്ട് തന്നെ നാടുവിട്ടുപോയ ദിവാകരന്റെ അസാന്നിധ്യം നളിനിയ്ക്ക് സഹിക്കാവുന്നതിനുമപ്പുറമാണ്. യുവതിയായപ്പോൾ തന്റെ വിവാഹം അച്ഛൻ ഉറപ്പിച്ചത് ഇഷ്ടപ്പെടാത്ത നളിനി വീടു വിട്ടിറങ്ങുകയും വർഷങ്ങൾക്കു ശേഷം ഹിമാലയത്തിൽവെച്ച് ദിവാകരനെ കാണുകയും ചെയ്തു. നളിനിയുടെ ജീവിത ലക്ഷ്യം ദിവാകരനെ കണ്ടെത്തുക എന്നതായിരുന്നു. ഏറെക്കാലമായി ആഗ്രഹിക്കുന്ന ദിവാകര ദർശനം സാധ്യമാകുന്ന രംഗമാണ് പാഠഭാഗം.നളിനിയ്ക്കു പ്രിയങ്കരമായ കാഴ്ചയാണ് പാഠഭാഗത്ത് അവതരിപ്പിച്ചിരിക്കുന്നത് എന്നതിനാൽ ശീർഷകം തീർത്തും അനുയോജ്യമാണ്.

**24. ദിവാകരൻ നളിനിയെ സംബോധന ചെയ്യാൻ ഉപയോഗിച്ച വാക്കുകൾ ഏതെല്ലാം ?**

സഖി,വത്സലേ,ശുഭേ

**25. വിഗ്രഹിക്കുക.**

| | | |
|---|---|---|
| ഭവൽപദം | - | ഭവാന്റെ പദം |
| സുഖോദയം | - | സുഖത്തിന്റെ ഉദയം |
| പൂരിതാഭ | - | പൂരിതമായ ആഭ |
| ചാരുശൈശവ കഥ | - | ചാരുവായ ശൈശവ കഥ |
| പ്രണയചാപലം | - | പ്രണയത്താലുള്ള ചാപലം |
| അന്യജീവൻ | - | അന്യന്റെ ജീവൻ |

## കുമാരനാശാന്റെ പ്രസിദ്ധമായ വരികൾ

- "മാംസനിബദ്ധമല്ല രാഗം" - ലീല
- "ജാതിചോദിക്കുന്നില്ല ഞാൻ സോദരി
  ചോദിക്കുന്നു നീർനാവു വരണ്ടഹോ
  ഭീതിവേണ്ട തരികതെനിക്കു നീ" - ചണ്ഡാലഭിക്ഷുകി
- "സ്നേഹിക്കയുണ്ണീ നീ നിന്നെ
  ദ്രോഹിക്കുന്ന ജനത്തെയും" - വിചിത്ര വിജയം
- "സ്വാതന്ത്ര്യം തന്നെ അമൃതം
  സ്വാതന്ത്ര്യം തന്നെ ജീവിതം

പാരതന്ത്ര്യം മാനികൾക്കു
മൃതിയേക്കാൾ ഭയാനകം.'' - ഒരു ഉദ്ബോധനം

- ''സ്നേഹത്തിൽ നിന്നുദിക്കുന്നു ലോകം
  സ്നേഹത്താൽ വൃദ്ധി തേടുന്നു.
  സ്നേഹം താൻ ശക്തി ജഗത്തിൽ സ്വയം
  സ്നേഹം താനാനന്ദമാർക്കും'' - ചണ്ഡാലഭിക്ഷുകി
- ''മാറ്റുവിൻ ചട്ടങ്ങളെ സ്വയമല്ലെങ്കിൽ
  മാറ്റുമതുകളീ നിങ്ങളെത്താൻ'' - ദുരവസ്ഥ
- ''തൊട്ടുകൂടാത്തവർ തീണ്ടികൂടാത്തവർ
  ദൃഷ്ടിയിൽപ്പെട്ടാലും ദോഷമുള്ളോർ'' - ദുരവസ്ഥ
- ''ഹാ സുഖങ്ങൾ വെറും ജാലം
  ആരറിവു നിയതിതൻ ത്രാസു
  പൊങ്ങുന്നതും താനേ താണുപോവതും'' - കരുണ

# 6 കടൽത്തീരത്ത്

**ഒ.വി.വിജയൻ**

**ഓട്ടുപുലാക്കൽ വേലുക്കുട്ടി വിജയൻ. എന്ന ഒ.വി വിജയനെക്കുറിച്ച്..........**

- ☞ മലയാളത്തിൽ ആധുനികസാഹിത്യത്തിന് അടിത്തറ പാകിയ സാഹിത്യകാരൻ.
- ☞ ചിത്രകാരനും കഥാകൃത്തും നോവലിസ്റ്റും കാർട്ടൂണിസ്റ്റും പത്രപ്രവർത്തകനുമായിരുന്നു.ഒ.വി.വിജയൻ
- ☞ ഖസാക്കിന്റെ ഇതിഹാസം,ധർമപുരാണം, മധുരം ഗായതി തുടങ്ങിയ മനോഹരമായ നോവലുകളുടെ സ്രഷ്ടാവ്.
- ☞ കടൽത്തീരത്ത്, കാറ്റുപറഞ്ഞ കഥ എന്നിങ്ങനെ ശ്രദ്ധേയമായ കഥകളുടെ രചയിതാവ്.
- ☞ തന്റെ ജീവിത പരിസരത്തെ ആഴത്തിൽ തിരിച്ചറിഞ്ഞ് അതിനെ വിലയിരുത്തി തന്റേതായ കാഴ്ചപ്പാടുകളും വിമർശനങ്ങളും ഉൾപ്പെടുത്തി ഏറെ ലളിതമായ രീതിയിൽ ഒ.വി.വിജയൻ കഥപറയുന്നു.

## കടൽത്തീരത്ത്- കഥയും പൊരുളും..........



- കഥയിലെ കടൽ വെള്ളായിയപ്പൻ എന്ന മനുഷ്യന്റെ സംഘർഷഭരിതമായ മനസ്സാണ്. മകനോടും അച്ഛനോടുമുള്ള ഒടുങ്ങാത്ത സ്നേഹത്തിന്റെ കടലും അയാൾ മനസ്സിലേറ്റുന്നു. ദുരിതങ്ങളുടെ വരിവരിയായുള്ള ഘോഷയാത്ര കടലിലെ തിരമാലകൾ എന്നതുപോലെ ചീറ്റിയടിച്ചുകൊണ്ട് വെള്ളായിയപ്പനെ തകർത്തു കൊണ്ടിരിക്കുന്നു.
- പാലക്കാട് ജില്ലയിലെ പാഴുതറ എന്ന ഗ്രാമത്തിൽ നിന്നും വെള്ളായിയപ്പൻ തന്റെ മകനെ കാണാൻ കണ്ണൂരിലേക്ക് പോകുന്നതും കാണുന്നതും ഈ കഥയിൽ അവതരിപ്പിച്ചിരിക്കുന്നു.
- പ്രകൃതിയുടെ ചലനാത്മകത കഥയിലുടനീളം ചിത്രീകരിക്കപ്പെടുന്നുണ്ട്.
- രണ്ട് യാത്രകൾ കഥയിലുണ്ട്. ഒന്നാമത്തേത് മകനെ കാണാനുള്ള കണ്ണൂരിലേക്കുള്ള യാത്ര. രണ്ടാമത്തേത് മകന്റെ ശവം അടക്കം ചെയ്യാൻ കൊണ്ടു പോകുമ്പോൾ അതിനെ അനുഗമിച്ചുകൊണ്ടുള്ള യാത്ര.
- ഒരു അച്ഛന്റെയും മകന്റെയും അതിരില്ലാത്ത സ്നേഹത്തിന്റെ ചിത്രീകരണമാണ് ഈ കഥ.വെള്ളായിയപ്പന് അയാളുടെ അച്ഛനോടുള്ള സ്നേഹവും മകനോടുള്ള സ്നേഹവും വിലമതിക്കാനാവാത്തതാണ്.
- കഥയിൽ കണ്ടുണ്ണി ചെയ്ത കുറ്റമെന്താണെന്ന് വ്യക്തമാക്കുന്നില്ല.
- ഗ്രാമത്തിലെ ആളുകളെല്ലാം വെള്ളായിയപ്പന്റെയും അയാളുടെ കുടുംബത്തിന്റെയും ദുഃഖത്തിൽ പങ്കു ചേരുന്നതിൽ നിന്നും അവർക്കെല്ലാം പ്രിയപ്പെട്ടവനായിരുന്നു

കണ്ടുണ്ണി എന്ന് മനസ്സിലാക്കാം.

- തെറ്റ് ചെയ്തതായി ഓർക്കാൻ കണ്ടുണ്ണിയ്ക്ക് കഴിയുന്നില്ലെങ്കിൽ അറിഞ്ഞുകൊണ്ട് ഒരു തെറ്റും കണ്ടുണ്ണി ചെയ്തിട്ടില്ല എന്ന് നമുക്ക് മനസ്സിലാക്കാം.
- പാഴുതറ എന്ന ഗ്രാമം മുഴുവൻ വെള്ളായിയപ്പന്റെ ദുഃഖത്തിൽ പങ്കു ചേരുന്നുവെന്ന് കാണുമ്പോൾ കണ്ടുണ്ണി ചെയ്യാത്ത കുറ്റത്തിനായിരിക്കാം ജയിലിലായതെന്ന സൂചനയും ലഭിക്കുന്നു.
- മകനേ നീ കൊലപാതകം നടത്തിയോ എന്ന ചോദ്യത്തിന് എനിയ്ക്ക് ഓർമയില്ല എന്ന മറുപടി പാവപ്പെട്ട കുട്ടിയുടെ നിഷ്കളങ്കമായ മറുപടി തന്നെയാണ്.
- അസ്തമയം കഥയിൽ ഒരു ബിംബമായി കടന്നുവരുന്നു. മകന്റെയും അച്ഛന്റെയും മരണം ഇതിലൂടെ സൂചിപ്പിക്കപ്പെടുന്നു.അസ്തമയത്തിന്റെ പക്ഷികൾ എന്നത് മരണത്തിലേക്ക് പറന്നുപോകുന്ന മകനെ ഓർമിപ്പിക്കുകയാവാം.
- വെള്ളായിയപ്പന്റെ ദുഃഖത്തെ ഉൾക്കൊണ്ടു കൊണ്ടുള്ളതാണ് കഥയിലെ ഓരോ പരാമർശ വും. ദുഃഖസഞ്ചാരങ്ങളുടെ തഴമ്പു പോലെ നീണ്ടു പോകുന്ന ചവിട്ടടിപ്പാതയും ഒഴു കുന്ന പുഴയും ഊട്ടു ദൈവങ്ങളും കാരണവൻമാരും പനമ്പട്ടകളുടെ ശബ്ദത്തിലൂടെ സംസാരിക്കുന്നതുപോലെ തോന്നുന്നതുമെല്ലാം ഇതിനുള്ള ഉദാഹരങ്ങളാണ്.
- പാവപ്പെട്ടവന്റെ കൂടെ നിൽക്കുന്ന ഗ്രാമ മനസ്സും ജയിലിലേക്കു വഴി ചോദിച്ചപ്പോൾ വെള്ളായിയപ്പനെ പരിഹസിക്കുന്ന നാഗരിക ബോധവും രണ്ടു സംസ്കാരങ്ങളെ കാണിച്ചു തരുന്നു.
- അപ്പൻ തന്റെ വേദന ഓർക്കുമോ എന്ന കണ്ടുണ്ണിയുടെ ചോദ്യത്തിലൂടെ മകനും അച്ഛനും തമ്മിലുള്ള ബന്ധത്തിന്റെ ആഴം എത്രത്തോളമുണ്ടെന്ന് കഥാകൃത്ത് വ്യക്തമാ ക്കുന്നു.
- മൗനങ്ങളാൽ പൂരിപ്പിക്കപ്പെടുന്ന സന്ദർഭങ്ങളാണ് കഥയിലധികവും. മൗനങ്ങൾക്കിട യിലും പലതും സംവേദനം ചെയ്യാൻ കഥാകാരന് കഴിഞ്ഞിരിക്കുന്നു. ദീർഘങ്ങളും സമ്പന്നങ്ങളുമായ സംഭാഷണങ്ങൾ അതിൽ ഒളിപ്പിച്ചുവെച്ചിരിക്കുന്നു.
- കൊലക്കയറുപോലെ ചുറ്റി വരിയുന്ന വാക്കുകൾ എന്നത് വെള്ളായിയപ്പൻ അനുഭവി ക്കുന്ന അസ്വസ്ഥതകളെ വെളിപ്പെടുത്തുന്നു.
- ജയിലധികാരികളുടെ പരുക്കൻ സമീപനവും കഥയിൽ കാണാം. വെള്ളായിയപ്പനോട് കാണി ക്കുന്ന ദയാവായ്പിൽ നിന്നും ഒരു സാധരണക്കാരനോടുള്ള ജയിലധികാരികളുടെ സമീ പനം അങ്ങനെയാണെന്ന് തെറ്റിദ്ധരിക്കരുത്. മകനെ തൂക്കിലേറ്റാൻ പോകുന്നുവെന്ന വാർത്ത യറിഞ്ഞപ്പോഴുണ്ടായ ചെറിയൊരു അനുകമ്പ മാത്രമാണത്.
- ഓർമകൾ തന്നെ ഒരു ത്രീവണ്ടി യാത്രയാണ്.അനുഭവങ്ങളുടെയും ഓർമകളുടെയും വിവി ധങ്ങളായ കമ്പാർട്ടുമെന്റുകളുമായി ജീവിതമെന്ന തീവണ്ടി ഓടിക്കൊണ്ടിരിക്കുന്നു.
- അച്ഛനെ കാണുമ്പോൾ കേൾവിക്കുമപ്പുറത്തുള്ള ശബ്ദത്തിൽ കണ്ടുണ്ണി നിലവിളിച്ചു. കണ്ടു ണ്ണിയുടെ മനസ്സിലുറഞ്ഞുകൂടിയ ആഴത്തിലുള്ള ദുഃഖമാണ് ഇവിടെ അണപൊട്ടി ഒഴുകുന്ന ത്.

## പാഠസംഗ്രഹം സൂചനകളിലൂടെ..................

- വെള്ളായിയപ്പൻ കണ്ണൂരിലേക്ക് പുറപ്പെട്ടു. വീട്ടിൽ നിന്നും നിലവിളിയുയർന്നപ്പോൾ ചുറ്റു പാടുമുള്ളവർ അത് ശ്രദ്ധിച്ചു. പാഴുതറയിലുള്ള എല്ലാ വീടുകളിലുള്ളവരുടെയും മനസ്സിൽ ഈ നിലവിളി അതിയായ സങ്കടം നിറച്ചു.
- കണ്ണൂർ ജയിലിലടയ്ക്കപ്പെട്ട തന്റെ മകൻ കണ്ടുണ്ണിയെ കാണാനുള്ള യാത്രയാണ് വെള്ളാ യിയപ്പന്റേത്.
- കയ്യിൽ പണമുണ്ടായിരുന്നെങ്കിൽ പാഴുതറയിലുള്ള അമ്മിണിയേടത്തിയും,മുത്തുവണ്ണനും നാകേലച്ചനുമെല്ലാം വെള്ളായിയപ്പനൊപ്പം കണ്ണൂരിലേക്ക് പോകുമായിരുന്നു.

- വെള്ളായിയപ്പൻ മുന്നോട്ടു പോകുന്തോറും നിലവിളികളുടെ ശബ്ദം നേർത്തു പോകുന്നു. നിലവിളികൾ കേൾക്കാൻ കഴിയാത്ത ദൂരത്തിലേക്ക് വെള്ളായിയപ്പൻ എത്തി എന്ന് സൂചിപ്പിക്കുന്നു.
- കണ്ണൂരിലേക്കുള്ള വെള്ളായിയപ്പന്റെ യാത്ര അവിടെയുള്ളവരുടെയെല്ലാം ദുഃഖത്തെയും വഹിച്ചുകൊണ്ടുള്ളതായതിനാൽ പാഴുതറ എന്ന ഗ്രാമത്തിനു വേണ്ടിയാണ് ഈ യാത്ര എന്നു തോന്നും.
- മുമ്പേ കടന്നുപോയവരുടെ ദുഃഖ സഞ്ചാരങ്ങളുടെ തഴമ്പായി നീണ്ടുകിടക്കുന്ന ചവിട്ടടിപ്പാതയിലൂടെ വെള്ളായിയപ്പൻ യാത്ര തുടർന്നു.( സങ്കടങ്ങളുടെയും ദാരിദ്ര്യത്തിന്റെയും ഭാരം പേറി നടന്നുപോയവരുടെ കാലടിപ്പാടുകളേറ്റ് സൃഷ്ടിക്കപ്പെട്ട വഴിയാണത്. ആ ദുരിതങ്ങളുടെ തഴമ്പായിട്ടാണ് ഈ വഴികളെ കഥാകാരൻ കാണുന്നത്.)
- യാത്രകൾക്കിടയിൽ ചവിട്ടടിപ്പാതയ്ക്കിരുവശവുമുള്ള കരിമ്പനകളിൽ കാറ്റു തട്ടുമ്പോൾ ഉണ്ടാവുന്ന ശബ്ദം മകനെയും ഓർമിച്ചു നടക്കുന്ന വെള്ളായിയപ്പന് ആദ്യമായി അപരിചിതമായി തോന്നി.മറ്റൊന്നും ഓർക്കാതെ മകനെ തന്നെ ഓർത്തു പോകുകയാണ് വെള്ളായിയപ്പൻ എന്ന് ഇതിലൂടെ മനസ്സിലാക്കാം.മറ്റ് ചിന്തകൾക്കും കാഴ്ചകൾക്കും വെള്ളായിയപ്പന്റെ ബോധത്തിലേക്ക് പ്രവേശനമില്ല.
- ഭാര്യ കെട്ടിക്കൊടുത്ത ചോറുപൊതിയുടെ നനവ് തോർത്തിലൂടെ കിനിഞ്ഞിറങ്ങുന്നു. ഭാര്യയുടെ കണ്ണിൽ നിന്നും ഇറ്റുവീഴുന്ന കണ്ണുനീരിന്റെ നനവായി ഇതിനെ വർണ്ണിച്ചിരിക്കുന്നു.
- യാത്ര തുടരുമ്പോൾ കുട്ട്യസ്സൻ മാപ്പിളയെയും നീലിമണ്ണാത്തിയെയും കാണുന്നു.
- പരസ്പരം പേര് വിളിക്കുക മാത്രമേ അവർ ചെയ്യുന്നുള്ളുവെങ്കിലും ആ വിളികൾക്കു ശേഷമുള്ള മൗനത്തിലും വിളിയിൽ അലിഞ്ഞു ചേർന്ന ഭാവത്തിലും പറയാനുള്ള പല കാര്യങ്ങളും ഒളിഞ്ഞിരിക്കുന്നു.വാക്കുകളാലല്ല മൗനം കൊണ്ടും മനസ്സുകൊണ്ടുമാണ് അവർ സംസാരിക്കുന്നത്.
- കുട്ട്യസ്സൻ മാപ്പിളയ്ക്കു കൊടുക്കാനുള്ള പണത്തിന്റെ കാര്യം കഥയിൽ പരാമർശിക്കുന്നു. കടം വാങ്ങിയ പണം തിരിച്ചുകൊടുക്കാൻ പറ്റാത്ത വെള്ളായിയപ്പന്റെ നിസ്സഹായതയും ക്ഷമാപണവും മരയ്ക്കാരേ എന്ന വെള്ളായിയപ്പന്റെ വിളിയിൽ നിഴലിക്കുന്നു. മരയ്ക്കാരുടെ വെള്ളായിയേ എന്ന വിളിയിൽ ആശ്വസിപ്പിക്കലിന്റെ സ്വരം നിറഞ്ഞിരിക്കുന്നു.
- അന്യന്റെ ദുഃഖം സ്വന്തം ദുഃഖമായി കാണാനുള്ള കഴിവ് ഗ്രാമവിശുദ്ധിയാണ്.സ്നേഹവും കടപ്പാടുകളുമാണ് മനുഷ്യരുടെ ബന്ധത്തെ നിലനിർത്തുന്നത്. ഇതു തന്നെയാണ് വെള്ളായിയപ്പന്റെയും മരക്കാരുടെയും കണ്ടുമുട്ടലിൽ തെളിയുന്നത്.
- വീടാത്ത കടങ്ങൾ പടച്ചവന്റെ സൂക്ഷിപ്പുകളാണ് എന്ന വാക്കുകളും ആശ്വസിപ്പിക്കലും മരയ്ക്കാരുടെ വെള്ളായിയേ എന്ന വിളിയിൽ നിറയുന്നുണ്ട്. പണം കയ്യിൽ തന്നെ ഇരിക്കട്ടെ എന്ന ആശ്വസിപ്പിക്കൽ ആപത്തിൽ കൂടെ നിൽക്കുന്ന ഗ്രാമീണ മനസ്സിന്റെ പ്രതിഫലനമാണ്.
- രണ്ടുപേരുടെയും ദൈവം അനുഗ്രഹിക്കട്ടെ എന്ന മരയ്ക്കാരുടെ വാക്കുകളിൽ മതത്തിന്റെ വേലിക്കെട്ടില്ലാത്ത സമത്വഭാവം തന്നെയാണ് നിഴലിക്കുന്നത്.
- ചവിട്ടടിപ്പാത വെട്ടുവഴിയിലെത്തി. വഴിനടന്ന് പുഴയിലേക്കിറങ്ങി. പുഴയുടെ നടുക്കെത്തിയപ്പോൾ കുളിയുടെ അനുഭവം വെള്ളായിയപ്പനെ തളർത്തി. ഈ അവസരത്തിൽ ഇതേ പുഴയിൽ വെച്ച് അപ്പന്റെ ശവത്തെ കുളിപ്പിച്ചതും മകനെയും കൊണ്ട് ഇവിടെ കുളിക്കാൻ വന്നതും അയാൾ ഓർക്കുന്നു. ഈ ഓർമകൾ വെള്ളായിയപ്പനെ കരയിച്ചു.
- തീവണ്ടിയാപ്പീസിലെത്തി.യാത്രയുടെ ഒരു ഘട്ടം കഴിഞ്ഞതുപോലെ വെള്ളായിയപ്പന് തോന്നി. ടിക്കറ്റെടുത്തു.ടിക്കറ്റ് മുണ്ടിന്റെ കോന്തലയിൽ കെട്ടി വെച്ചു.അതിനു ശേഷം റെയിൽവേ സ്റ്റേഷനിലെ സിമന്റു കസേരയിൽ അയാൾ ഇരുന്നു.
- സമയം സന്ധ്യയാകാറായി.ആ സമയത്ത് വീണ്ടും വെള്ളായിയപ്പൻ പലതും ഓർക്കുന്നു. തന്റെ കയ്യും പിടിച്ച് പോകുമ്പോൾ അസ്തമയത്തിന്റെ പക്ഷികളെ നോക്കി അത്ഭുതപ്പെ

ടുന്ന മകനെക്കുറിച്ചും അസ്തമയ നേരത്ത് പാടത്തേക്കു പോകുന്ന അപ്പനെക്കുറിച്ചും വെള്ളായിയപ്പൻ ഓർക്കുന്നു.ഈ അസ്തമയം അച്ഛന്റെ മരണവും മകന്റെ മരണവും സൂചിപ്പിക്കുന്നു.

- അസ്തമയം ദിവസത്തിന്റെ അവസാനമാണ്. മകന്റെ അവസാനവും അപ്പൻ എന്നോ അസ്തമിച്ചു പോയതും വെള്ളായിയപ്പന്റെ പ്രതീക്ഷകളുടെ അവസാനവും അസ്തമയം എന്ന വാക്കിലൂടെ തെളിഞ്ഞു കിട്ടുന്നു.
- അച്ഛന്റെയും മകന്റെയും ഓർമകളുടെതായ രണ്ട് ചിത്രങ്ങൾ വെള്ളായിയപ്പന്റെ മനസ്സിൽ നിറഞ്ഞു.അതിന്റെ ഇടയിൽ എന്തിന്റെയൊക്കെയോ നിറവ് അയാൾ അനുഭവിക്കുന്നു.
- ബഞ്ചിൽ വന്നിരുന്ന മറ്റൊരാൾ എവിടേക്കു പോകുന്നു എന്ന് ചോദിച്ച് വെള്ളായിയപ്പനെ ബുദ്ധിമുട്ടിക്കുന്നു. എവിടേയ്ക്കു പോകുന്നു എന്ന ചോദ്യം മകനെ കാണാൻ പോവുകയാണെന്നും അവന്റെ ദുരവസ്ഥയെന്താണെന്നുമുള്ള ചിന്ത വീണ്ടും വീണ്ടും വെള്ളായിയപ്പനിൽ നിറയ്ക്കും.അത് അയാളെ കൂടുതൽ തളർത്തും
- മറ്റുള്ളവരുടെ പ്രിയങ്കരമല്ലാത്ത ചോദ്യങ്ങൾ കൊലക്കയറുപോലെ വെള്ളായിയപ്പന്റെ കഴുത്തിൽ ചുറ്റിമുറുകുന്നു. മറ്റുള്ളവരുടെ വാക്കുകൾ അയാളെ അസ്വസ്ഥപ്പെടുത്തുന്നു. ബഞ്ചിലിരുന്നയാൾ അയാളുടെ വണ്ടി വന്നപ്പോൾ എഴുന്നേറ്റു പോയി.
- വെള്ളായിയപ്പൻ ബഞ്ചിലിരുന്ന് ഉറങ്ങിപ്പോയി. ഉറക്കത്തിൽ മകനെ സ്വപ്നം കണ്ടു.
- തീവണ്ടി വന്നപ്പോൾ പാഴുതറയക്കപ്പുറം ലോകം കണ്ടിട്ടില്ലാത്ത വെള്ളായിയപ്പൻ കമ്പാർട്ടുമെന്റ് തിരഞ്ഞ് ഒടുക്കം കണ്ടെത്തിയതിനുശേഷം അതിൽ കയറി.
- അയാൾ വണ്ടിയിലിരുന്ന് ഉറങ്ങിയില്ല. മകൻ ഉറങ്ങാത്ത രാത്രിയിൽ അയാൾക്കും ഉറങ്ങാനാവില്ല. നിലം മാറുന്നതിനനുസരിച്ച് മാറുന്ന തീവണ്ടിയുടെ താളം മാറിമറയുന്ന അയാളുടെ മനസ്സിനെ സൂചിപ്പിക്കുന്നു.
- മങ്ങിയ ചിത്രങ്ങൾ പതിച്ച ചുവരുകളുള്ള ഒരു തുരങ്കത്തിലൂടെ തീവണ്ടി പായുന്നു. ഓർമകൾ നിറഞ്ഞ ഭൂതകാലത്തിലേക്കുള്ള വെള്ളായിയപ്പന്റെ മനസ്സിന്റെ സഞ്ചാരമാണത്.
- വണ്ടി കണ്ണൂരിലെത്തി. നേരം പുലർന്നിട്ടില്ല. തീവണ്ടിയിൽ നിന്ന് ഇറങ്ങി. വണ്ടി വേണോ എന്ന് അയാളോട് ആരും ചോദിച്ചില്ല. കാഴ്ചയിൽ തന്നെ ദരിദ്രനായ വെള്ളായിയപ്പനെ പരിഗണിക്കാൻ അവിടെയുള്ളവർക്ക് കഴിയാത്തതു കൊണ്ടാണ് വണ്ടി വേണോ എന്ന് ആരും ചോദിക്കാത്തത്.
- ജയിലിലേക്കുള്ള വഴി ചോദിച്ചു.അവിടെയുള്ളവർ പരിഹസിച്ചു. കട്ടാൽ ജയിലിലെത്താം കാർന്നോരെ എന്ന മറുപടി വേദനിക്കുന്നവരെ തിരിച്ചറിയാനാവാത്ത പരിഷ്കൃതസമൂഹത്തിന്റെ അടയാളമാണ്. ഈ മറുപടി വെള്ളായിയപ്പനെ അസ്വസ്ഥപ്പെടുത്തുന്നു.
- ഒരാൾ വഴി പറഞ്ഞുകൊടുത്തു. ജയിലിലെത്തിയപ്പോൾ പുലർച്ചെ വന്നതെന്തിനാണെന്ന് ചോദിച്ച പാറാവുകാരന് ജയിലിൽ നിന്നയച്ച കത്തുകാണിച്ചു.
- കത്ത് വായിച്ച് മനസ്സിലാക്കാനുള്ള അക്ഷരജ്ഞാനം വെള്ളായിയപ്പന് ഉണ്ടായിരുന്നില്ല. അതിനാൽ അതിലെഴുതിയത് എന്താണെന്ന് അയാൾക്ക് അറിയില്ല.
- കത്ത് വായിച്ച പാറാവുകാരൻ തനിയ്ക്കു മുന്നിലുള്ള വൃദ്ധന്റെ മകന്റെ വധശിക്ഷയുടെ അറിയിപ്പാണ് അത് എന്ന് മനസ്സിലാക്കി വെള്ളായിയപ്പനോട് അനുകമ്പ കാണിച്ചു.വെള്ളായിയപ്പനോട് ഇരിക്കാൻ പറഞ്ഞു.
- പോലീസുകാരന്റെ 'നാളെയാണ് അല്ലെ' എന്ന ചോദ്യത്തിൽ നിന്നും കാര്യങ്ങൾ മനസ്സിലാക്കിയ വെള്ളായിയപ്പൻ തളർന്നു പോകുന്നു.
- അമ്പലത്തിന്റെ നട തുറക്കാൻ കാത്തിരിക്കുന്ന മനസ്സുപോലെ തീർത്തും ശൂന്യമായ മനസ്സോടെയാണ് വെള്ളായിയപ്പൻ ഇരിക്കുന്നത്.
- രാത്രിയിൽ മകൻ ഉറങ്ങിയിട്ടുണ്ടാവില്ലെന്നും, ഉറങ്ങാതെ ഉണരാതെ അവന് ചായ കുടിക്കാൻ കഴിയുന്നതെങ്ങനെയെന്നും വേദന തിന്നുന്ന മനസ്സോടെ വെള്ളായിയപ്പൻ ചിന്തിച്ചു. ഭാര്യ കൊടുത്തയച്ച ഭക്ഷണം പുളിച്ചിരുന്നു. പൊതിച്ചോറ് നിന്റെ അമ്മ എനിക്കു വേണ്ടി

പൊതിഞ്ഞതാണെന്നും നിനക്ക് തരാൻ ഇതു മാത്രമേ ഉള്ളൂ എന്നും നിസ്സഹായനായ ആ ദരിദ്ര പിതാവ് ചിന്തിച്ചു.

- നേരം വെളുത്തു.പാറാവുകാരൻ കടലാസ് പരിശോധിച്ചു. കുറച്ചു കഴിഞ്ഞ് മകനായ കണ്ടുണ്ണിയെ കാണാനുള്ള അവസരം ഉണ്ടായി.
- അപ്പനും മകനും കെട്ടിപ്പിടിച്ചു കരഞ്ഞു. കണ്ടുണ്ണി അപ്പാ എന്നും വെള്ളായിയപ്പൻ മകനേ എന്നും വിളിച്ചു. രണ്ടുപേരും മറ്റൊന്നും സംസാരിച്ചില്ല. എന്നാൽ ഈ രണ്ട് വാക്കുകൾക്കിടയിലും ഒളിഞ്ഞിരിക്കുന്ന ചില സംഭാഷണങ്ങൾ ഉണ്ടെന്ന് കഥാകൃത്ത് വ്യക്തമാക്കുന്നു.
- കൊലപാതകം നടത്തിയോ എന്നുള്ള ചോദ്യത്തിന് ഓർമയില്ലെന്ന മറുപടിയും തൂക്കി കൊല്ലാൻ അനുവദിക്കരുതേ എന്ന യാചനയും മൗനത്തിൽ നിഴലിക്കുന്നു.
- സന്ദർശന സമയം കഴിഞ്ഞതിനാൽ വെള്ളായിയപ്പൻ പുറത്തേക്ക് പോന്നു. വെള്ളായിയപ്പൻ പോകുന്നത് അപരിചിതനായി കണ്ടുണ്ണി കണ്ടുനിന്നു. വിറങ്ങലിച്ചു പോയ മനസ്സിന് അപരിചിതത്വം മാത്രമേ ഉണ്ടാകൂ.അവസാനത്തെ നോട്ടം മകനെ നോക്കി വെള്ളായിയപ്പൻ നടന്നു.
- പുറത്തു കാത്തു നിന്നു. പുലർച്ചെ കൊമ്പു വിളികൾ കേട്ടു. മകനെ തൂക്കി കൊല്ലുന്നതിനു മുമ്പുള്ള ചടങ്ങാണതെന്ന് വെള്ളായിയപ്പന് അറിയില്ല.
- ഒരു പേറ്റിച്ചി കുഞ്ഞിന്റെ ശരീരം ഏറ്റുവാങ്ങുന്ന സൂക്ഷ്മതയോടെ തന്റെ മകന്റെ ജീവനറ്റ ശരീരം വെള്ളായിയപ്പൻ ഏറ്റുവാങ്ങി.
- ശവം അടക്കം ചെയ്യാൻ പണം ഇല്ലെന്നു പറഞ്ഞപ്പോൾ ജയിലധികാരികൾ അതിനുള്ള സൗകര്യം ഒരുക്കി. കടൽത്തീരത്ത് ശവം അടക്കം ചെയ്യുകയും ചെയ്തു.
- തന്റെ കയ്യിലുള്ള ചോറ് മകനുള്ള ബലിച്ചോറായി കാക്കകൾക്ക് കൊത്താൻ ഇട്ടു കൊടുത്തു.സ്നേഹത്തിന്റെ നിസ്സീമമായ അടയാളമായും ഈ പൊതിച്ചോറ് മാറുന്നത് കാണാം.
- ഇവിടെ കടൽ വെള്ളായിയപ്പന്റെ മനസ്സു തന്നെയാണ്. ദുഃഖം അലയടിക്കുന്ന സംഘർഷഭരിതമായ മനസ്സ്.

**വിഗ്രഹിക്കുക**

| | | |
|---|---|---|
| കടൽത്തീരത്ത് | - | കടലിന്റെ തീരത്ത്. |
| ചോറുപൊതി | - | ചോറിന്റെ പൊതി |
| പുഴമണൽ | - | പുഴയിലെ മണൽ |
| പനമ്പട്ടകൾ | - | പനയുടെ പട്ടകൾ |
| കഞ്ഞിനനവ് | - | കഞ്ഞിയുടെ നനവ് |
| കണ്ണുനീർ | - | കണ്ണിലെ നീർ |
| നെടുവരമ്പ് | - | നെടുതായ വരമ്പ് |



## ചോദ്യശേഖരം

**1. വെള്ളായിയപ്പൻ കണ്ണൂരിലേക്കു പുറപ്പെടുമ്പോൾ വീട്ടിലുയർന്ന നിലവിളി പാഴുതറയിലെ അമ്പതിൽ ചില്വാനം കുടിലുകളിലെല്ലാം വിഷാദവും സഹാനുഭൂതിയും നിറച്ചു.- ഇവിടെ തെളിയുന്ന ഗ്രാമത്തിന്റെ സവിശേഷത.**

അന്യന്റെ ദുഃഖം തങ്ങളുടെ തന്നെ ദുഃഖമായി കാണുന്ന ഗ്രാമീണരുടെ നന്മ.

**2. കാരണവരെ കട്ടാൽ മതി ജയിലിലെത്തിച്ചേരാം- വാക്കുകളിൽ നിറഞ്ഞിരിക്കുന്ന ഭാവം?**

പരിഹാസം

**3. സാന്ത്വനം കൊടുക്കുകയോ വാങ്ങുകയോ ചെയ്യാനാവാത്ത മനസ്സിന്റെ മറ- ഇവിടെ മ്സ്സിന്റെ മറ എന്നതു കൊണ്ട് സൂചിപ്പിക്കുന്നത് എന്തായിരിക്കാം ?**

വെള്ളായിയപ്പനെയും മകനെയും അകറ്റി നിർത്തുന്ന ജയിലിലെ ഇരുമ്പഴികളെയാവാം ഇങ്ങനെ സൂചിപ്പിച്ചിരിക്കുന്നത്.

**4. വെള്ളായിയപ്പൻ യാത്ര പുറപ്പെട്ടപ്പോൾ വീട്ടിൽ നിന്നും കൂട്ട നിലവിളി ഉയർന്നു. നിലവിളിക്ക് പ്രേരകമായതെന്ത് എന്ന് വിലയിരുത്തുക.**

കടൽത്തീരത്ത് എന്ന കഥയിൽ കണ്ടുണ്ണിയുടെ മരണവുമായി ബന്ധപ്പെട്ട പ്രസ്താവനകൾ ഒന്നും തന്നെ കഥാകൃത്തായ ഒ.വി.വിജയൻ അവതരിപ്പിക്കുന്നില്ല. മകനെ കാണാൻ ജയിലിലേക്ക് യാത്രയാവുന്ന ഒരു അച്ഛനാണ് ഈ കഥയിലെ കേന്ദ്രബിന്ദു.കഥയുടെ ആദ്യ ഭാഗത്ത് എവിടെയും കണ്ടുണ്ണിയുടെ മരണത്തിന്റെ സൂചനകളൊന്നും നൽകുന്നില്ല.എന്നാൽ പാഴുതറ എന്ന ഗ്രാമത്തിലെ ഓരോ കുടിലിലുള്ളവരുടെയും വിഹ്വലതകളും നിലവിളികളും ഏതോ അത്യാഹിതത്തിന്റെ സൂചനയാണ് നൽകുന്നത്.ജയിലിൽ നിന്നും വന്ന മഞ്ഞ കടലാസ് കിട്ടിയപ്പോഴാണ് വെള്ളായിയപ്പൻ ജയിലിലേക്ക് പോയത്.മകന്റെ അടുത്തേക്ക് വെള്ളായിയപ്പൻ തനിച്ചാണ് പോകുന്നത്. എന്നാൽ വെള്ളായിയപ്പന്റെ കണ്ണൂരിലേക്കുള്ള തീവണ്ടിയാത്ര പാഴുതറ എന്ന ഗ്രാമത്തിന് വേണ്ടിയായിരുന്നു എന്ന് കഥാകൃത്ത് പറയുന്നു. ഗ്രാമവാസികൾ മുഴുവനും പണമുണ്ടായിരുന്നെങ്കിൽ വെള്ളായിയപ്പനോടൊപ്പം കണ്ണൂരിലേക്ക് പോകുമായിരുന്നു.ദരിദ്രരായ ഗ്രാമവാസികൾക്ക് ഇതിന് കഴിയില്ലെങ്കിലും അവരുടെയെല്ലാം മനസ്സ് വെള്ളായിയപ്പനോടൊപ്പം കണ്ണൂരിലേക്ക് യാത്ര തിരിച്ചു. ഇതെല്ലാം തന്നെ വെള്ളായിയപ്പനോടുള്ള ഗ്രാമത്തിന്റെ അനുഭാവമാണ് സൂചിപ്പിക്കുന്നത്.വീട്ടിൽ നിന്നുയർന്ന നിലവിളി കണ്ടുണ്ണിയെ ഓർത്തുള്ളതാണ്. ഈ നിലവിളി അടക്കാനാവാത്ത ദുഃഖ.ത്തിന്റെ രൂപത്തിൽ ഗ്രാമവാസികളിലെല്ലാം നിറഞ്ഞിരിക്കുന്നു.

**5. കണ്ടുണ്ണിയെ കാണാൻ വെള്ളായിയപ്പൻ ഒറ്റയ്ക്ക് യാത്രതിരിച്ചതിന്റെ കാരണം വ്യക്തമാക്കുക.**

വെള്ളായിയപ്പന്റെ കോടച്ചിയും അമ്മിണിയേടത്തിയും മുത്തുവണ്ണനും നാകേലച്ചനും കോമ്പിപൂശാരിയും പിന്നെ പാഴുതറയിലുള്ളവരത്രെയും വെള്ളായിയപ്പനോടൊപ്പം കണ്ണൂരിലേക്ക് പോകുമായിരുന്നു. എന്നാൽ അതിരു കവിഞ്ഞ ദാരിദ്ര്യമതിനനുവദിച്ചില്ല.അതുകൊണ്ടു തന്നെ പാഴുതറയിലുള്ളവരുടെയെല്ലാം മനസ്സ് വെള്ളായിയപ്പനോടൊപ്പം കണ്ണൂരിലേക്ക് യാത്ര തിരിച്ചു. ഒരു ഗ്രാമം മുഴുവൻ വെള്ളായിയപ്പനോടൊപ്പമുണ്ട്. വെള്ളായിയപ്പന്റെ ദുഃഖം നാടിന്റെ മുഴുവൻ ദുഃഖമാണ്.

**6. ''അപരിചിതന്റെ സംഭാഷണം ഒരു കൊലക്കയറിനെപ്പോലെ വെള്ളായിയപ്പന്റെ കഴുത്തിൽ ചുറ്റി മുറുകി.''**

**''അപരിചിതന്റെ താത്പര്യരഹിതമായ സംഭാഷണം എണ്ണമറ്റ കൊലക്കയറുകളായി മാറി. അപരിചിതരുടെ സ്വരങ്ങൾ കഴുത്തിനു ചുറ്റും പിരിഞ്ഞു മുറുകി.''**

**-ഇത്തരം ആഖ്യാനത്തിലൂടെ തെളിയുന്ന അർത്ഥ സാധ്യതകളെന്തെല്ലാം?**

ഭാഷ അപൂർണമായ മാധ്യമമാണ്. അതുകൊണ്ട് തന്നെ വസ്തുതകൾ പൂർണമായും അവതരിപ്പിക്കാൻ ഭാഷകൾ കൊണ്ട് സാധിച്ചു എന്ന് വരില്ല.വെള്ളായിയപ്പന്റെ വൈകാരികാനുഭവങ്ങളെ അവതരിപ്പിക്കാൻ എഴുത്തുകാരൻ വ്യത്യസ്തങ്ങളായ വഴികൾ സ്വീകരിക്കുന്നു. തൂക്കി കൊല്ലാൻ വിധിക്കപ്പെട്ട മകന്റെ അവസ്ഥയോർത്ത് ദുഃഖിതനായിരിക്കുന്ന വെള്ളായിയപ്പന് ആ ദുഃഖത്തിലേക്ക് വിരൽ ചൂണ്ടുന്നതും അതുതന്നെ വീണ്ടും ഓർമിപ്പിക്കുന്നതുമായ ഏത് സംഭാഷണവും സാഹചര്യങ്ങളും അസ്വസ്ഥത ജനിപ്പിക്കുന്നു.അതുകൊണ്ടാണ് അപരിചിതരുടെ സംഭാഷണങ്ങൾ കൊലക്കയറിനെപ്പോലെ വെള്ളായിയപ്പന്റെ കഴുത്തിൽ ചുറ്റി മുറുകുന്നതായി കഥാകാരൻ അവതരിപ്പിക്കുന്നത്. മാത്രമല്ല കൊലക്കയറ് എന്ന പദം മകന്റെ മരണത്തെ ഓർമിപ്പിക്കുന്നു. തന്റെ ദുഃഖം വർദ്ധിപ്പിക്കാൻ മറ്റുള്ളവരുടെ സംഭാഷണങ്ങൾക്ക്

കഴിയുന്നതുകൊണ്ടാണ് അവ കഴുത്തിനുചുറ്റും പിരിഞ്ഞുമുറുകി ശ്വാസം മുട്ടിക്കുന്നതുപോലെ വെള്ളായിയപ്പന് തോന്നുന്നത്. ഒരിക്കലും രക്ഷപ്പെടാനാവാത്ത ഈ മാനസികാവസ്ഥയിൽ ഓർമകൾ തിക്കിത്തിരക്കി മനസ്സിലേ ക്ക് കുതിച്ചെത്തുന്നു.ഓർമകൾ അല്ലെങ്കിൽ ജീവിതം തന്നെ വിവിധങ്ങളായ കമ്പാർട്ടുമെന്റുകളു ള്ള ഒരു തീവണ്ടി യാത്രയാണ്.ഈ അസ്വസ്ഥമായ യാത്രയിൽ ചോദ്യങ്ങൾ അങ്ങേയറ്റം ക്രൂരമാ യ ആയുധങ്ങളായി മാറുന്നു എന്ന യാഥാർത്ഥ്യം ഒ.വി.വിജയൻ ഈ സന്ദർഭത്തിലൂടെ വ്യക്തമാ ക്കുന്നു.

**7. പൊതിച്ചോറിന് കഥയിൽ സവിശേഷമായ സ്ഥാനമുണ്ട് കഥ വിശകലനം ചെയ്ത് ഈ പ്രസ്താവനയോട് പ്രതികരിക്കുക.**

ഒ.വി.വിജയന്റെ ശ്രദ്ധേയമായ കഥയാണ് കടൽത്തീരത്ത്.മകനെ കാണാൻ പാഴുതറയിൽ നിന്ന് കണ്ണൂരിലേക്ക് യാത്രതിരിക്കുന്ന വെള്ളായിയപ്പന് കോടച്ചി നൽകിയ പൊതിച്ചോറിന് കഥയിൽ പ്രത്യേക സ്ഥാനമുണ്ട്.വെള്ളായിയപ്പന് പാഥേയമായി കോടച്ചി നൽകിയ പൊതിച്ചോറിന്റെ സാന്നിദ്ധ്യം കഥാന്ത്യത്തിൽ വരെ കാണാം.ചോറ് പൊതിഞ്ഞുകെട്ടിയപ്പോൾ കോടച്ചി വീഴ്ത്തിയ കണ്ണുനീരിന്റെ നനവ് കഞ്ഞി നനവായി വെള്ളായിയപ്പന് അനുഭവപ്പെടുന്നു.യാത്രയിലുടനീളം തന്നോടൊപ്പമുണ്ടായിരുന്ന പൊതിച്ചോറ് വെള്ളായിയപ്പന്റെ കരുതൽ കൂടിയായിരുന്നു. വിശപ്പും ദാഹവും ഉണ്ടായിരുന്നിട്ടും തുവർത്തിന്റെ കെട്ട് അഴിക്കാൻ വെള്ളായിയപ്പൻ തയാറാവുന്നില്ല. തനിക്ക് വേണ്ടി പൊതിഞ്ഞ ചോറ് മകന് നൽകാൻ സ്നേഹസമ്പന്നനായ ആ അച്ഛൻ മാറ്റിവെച്ചു.അത്രമേൽ ദൃഢമായ ബന്ധമാണ് ഇതിലൂടെ വ്യക്തമാക്കുന്നത്.എന്നാൽ ചോറ് പുളിച്ച് പോയിരുന്നു.നിർഭാഗ്യവാനായ അച്ഛന്റെ ധർമസങ്കടം ഇവിടെ വ്യക്തമാണ്. മകന്റെ ശവദാഹത്തിന് ശേഷം ബലിച്ചോറായി കാക്കകൾക്കുമുന്നിൽ എത്തുന്ന ഈ പാഥേയം നിസ്സഹായന്റെ നിലവിളിയായി കഥാന്ത്യത്തിൽ പരിണമിക്കുന്നു. പൊതിച്ചോറ് വിശപ്പകറ്റാൻ ഉപയോഗിച്ച കാലം ഗ്രാമവിശുദ്ധിയുടെ അടയാളം കൂടിയാണ്. സ്നേഹത്തിന്റെയും കരുതലിന്റെയും വെളിച്ചമായി നിൽക്കാൻ അതിന് കഴിയുന്നുണ്ട്.പാഠാവസാനത്തിലും ബലിച്ചോറായി പരിണമിക്കുന്ന പൊതിച്ചോറ് ഇതേ ആശയത്തിൽ തന്നെയാണ് എത്തുന്നത്.

**8. കടൽത്തീരത്ത് എന്ന കഥയുടെ ശീർഷകം പരിശോധിക്കുക.**

കടൽ അഗാധമാണ്.ചിലപ്പോൾ പ്രക്ഷുബ്ധവുമായിരിക്കും.നമ്മുടെ മനസ്സും ഇതുപോലെയാണ്.വെള്ളായിയപ്പന്റെ മനസ്സും ഇതുപോലെയാണ്.തന്റെ കൈ പിടിച്ച് അസ്തമയത്തിന്റെ പക്ഷികളെ നോക്കി നടക്കുന്ന മകനെക്കുറിച്ചും അസ്തമയ നേരത്ത് പാടത്തിലിറങ്ങി നടക്കുന്ന സ്വന്തം അപ്പനെക്കുറിച്ചും ഓർക്കുമ്പോൾ മനസ്സിന് ശന്തതയുണ്ടാവുമായിരുന്നു.എന്നാൽ അസ്വസ്ഥമായ മനസ്സുമായാണ് ഇപ്പോൾ സഞ്ചരിക്കുന്നത്. അച്ഛന്റെ ശവത്തെ കുളിപ്പിച്ചതും മകനെയും കൂട്ടി കുളിക്കാൻ വന്നതും ഓർമ്മകളിൽ തെളിയുമ്പോൾ മനസ്സ് വല്ലാതെ അസ്വസ്ഥമാകുന്നു.മകന്റെ മൃതദേഹമടക്കാൻ കടൻത്തീരത്തെത്തിയ വെള്ളായിയപ്പന്റെ മനസ്സ് ആർത്തലയ്ക്കുന്ന കടൽ പോലെയാണ്.തന്റെ കോടച്ചി കെട്ടിതന്ന പൊതിച്ചോറ് ബലിച്ചോറായി കടൽത്തീരത്ത് വിതറുമ്പോൾ സംഘർഷഭരിതമായ കടലിനെ തന്നെയാണ് വെള്ളായിയപ്പൻ മനസ്സിലേറ്റിയത് അതുകൊണ്ട് ശീർഷകം കഥയ്ക്ക് അനുയോജ്യമാണ്.

**9. ''വീടാത്ത കടങ്ങൾ പടച്ചവന്റെ സൂക്ഷിപ്പുകളാണ്.''-കുട്ട്യസ്സൻ മാപ്പിളയുടെ വാക്കുകളിൽ തെളിയുന്ന വിശുദ്ധി ചർച്ച ചെയ്യുക.**

കുട്ട്യസ്സൻ മാപ്പിളയും വെള്ളായിയപ്പനും തമ്മിൽ കണ്ടുമുട്ടുമ്പോൾ അവരുടെ സംഭാഷണം ഒരു വിളിയിൽ മാത്രം ഒതുങ്ങി.എന്നാൽ ആ വിളി ഒരുപാട് ദീർഘസംഭാഷണങ്ങൾ ഉൾക്കൊള്ളുന്നത്ര സമ്പന്നമായിരുന്നു.പിന്നീടുള്ള സംഭാഷണങ്ങളത്രയും വെള്ളായിയപ്പന്റെ മനസ്സിലാണ് നടക്കുന്നത്. താൻ കൊടുക്കാനുള്ള പതിനഞ്ചുറുപ്പികയുടെ കടം വെള്ളായിയപ്പിന്

ഓർമ വരുന്നു.അതൊരിക്കലും വീടാൻ കഴിയുമെന്ന് തോന്നുന്നില്ലെന്ന് വെള്ളായിയപ്പൻ ചിന്തിക്കുന്നു.വീടാത്ത കടങ്ങൾ പടച്ചവന്റെ സൂക്ഷിപ്പുകളാണെന്ന് കുട്ട്യസ്സൻ മാപ്പിള പറയുന്നതായി വെള്ളായിയപ്പന് തോന്നുന്നു. നല്ലത് ചെയ്യുമ്പോൾ അതിനുള്ള പ്രതിഫലം പടച്ചവൻ വരവ് വെക്കും.കടം കൊടുത്തത് തിരിച്ച് കിട്ടാതാവുമ്പോൾ അതിന്റെ കണക്ക് പടച്ചവൻ സൂക്ഷിക്കും. കടം നൽകിയവന് പടച്ചവൻ അർഹമായ പ്രതിഫലം നൽകുകയും ചെയ്യും.അന്യന്റെ ദുഃഖം തന്റെ തന്നെ ദുഃഖമായി കാണാനുള്ള കഴിവ് ഗ്രാമവിശുദ്ധിയുടെ അടയാളമാണ്.നിന്റെയും എന്റെയും ദൈവങ്ങൾ തുണയ്ക്കട്ടെ എന്ന വാക്കുകൾ തന്നെ മതത്തിനും പണത്തിനുമപ്പുറത്തുള്ള സമത്വ ത്തിന്റെ വീക്ഷണം വെളിപ്പെടുത്തുന്നു.

**10. ''കുറച്ചു നടന്നപ്പോൾ കുട്ട്യസ്സൻ മാപ്പിളഎതിരെ വരുന്നു.....**
**വെള്ളായിയെ ....മാപ്പിള പറഞ്ഞു.**
**മരയ്ക്കാരെ – വെള്ളായിയപ്പൻ പ്രതിവചിച്ചു.**
**അലക്കിയ തുണികളുടെ കെട്ട് ...വഴിമാറി നടന്നു.''**

**അർത്ഥപൂർണമായ മൗനങ്ങളാണ് കഥയുടെ ഭംഗി. വിലയിരുത്തുക.**

ആശയവിനിമയത്തിന് വിവിധ മാർഗ്ഗങ്ങളുണ്ട്.ഭാഷ ഇതിനുള്ള ശക്തമായ ഉപാധിയാണ്.ഭാവതീവ്രമായ ആവിഷ്കാരത്തിൽ ഭാഷയുടെ സൂക്ഷ്മമായ പ്രയോഗത്തിന്റെ അംശങ്ങളുണ്ട്.കൊച്ചു കൊച്ചു വാക്കുകൾ,വാക്യങ്ങൾ എന്നിവയിലൂടെ ആവിഷ്കരിക്കുന്ന തീവ്ര ഭാവങ്ങൾ ആഖ്യാനകലയുടെ മികവാണ്.ഒ.വി.വിജയന്റെ രചനകളിൽ വാചാലമാകുന്ന മൗനങ്ങളുടെ അവതരണങ്ങൾ ഏറെയുണ്ട്.തീവണ്ടി ആപ്പീസിലേക്കുള്ള വെള്ളായിയപ്പന്റെ യാത്രക്കിടയിൽ കുട്ട്യസ്സൻ മാപ്പിളയുമായി കണ്ടുമുട്ടുന്നു. വെള്ളായിയേ എന്ന അയാളുടെ വിളിയിലും മരയ്ക്കാരേ – എന്ന വെള്ളായിയപ്പന്റെ മറു വിളിയിലും ദീർഘങ്ങളും സമ്പന്നങ്ങളുമായ സംഭാഷണ പരമ്പരകൾ അടങ്ങിയത് വെള്ളായിയപ്പനും കുട്ട്യസ്സൻ മാപ്പിളയും അറിഞ്ഞു.കുട്ട്യസ്സൻ മാപ്പിളയുടെ വിളിയിൽ വെള്ളായിയപ്പനോടുള്ള കരുണ നിറയുന്നുണ്ട്. വെള്ളായിയപ്പന്റെ മറുവിളിയിൽ അയാളുടെ നിസ്സഹായതയും. ഇതു തന്നെയാണ് നീലി മണ്ണാത്തി വിളിക്കുമ്പോഴും സംഭവിക്കുന്നത്. പറയാതെ പറയുന്ന ഇത്തരം മൗനങ്ങളാണ് കഥയുടെ ആഖ്യാന മികവിന്റെ സാക്ഷ്യപത്രങ്ങൾ. ജയിലിലെത്തിയ വെള്ളായിയപ്പന്റെ മകനേ എന്ന വിളിയിലും അപ്പാ,എന്ന മറുവിളിയിലും സാന്ദ്രമായ ദുഃഖത്തിന്റെ മൂർത്തഭാവങ്ങളാണ് ആവിഷ്കരിക്കുന്നത്. വെള്ളായിയപ്പന്റെ അന്തർ സംഘർഷങ്ങൾ ഇവിടെയെല്ലാം തെളിയുന്നുണ്ട്.

**11. കണ്ടുണ്ണി ജയിലിലായത് സ്വന്തം ഗ്രാമത്തിന് വേണ്ടിയാണ് എന്ന് സംശയിക്കാവുന്ന സന്ദർഭമേത്? വ്യക്തമാക്കുക.**

വെള്ളായിയപ്പന്റെ കണ്ണൂരിലേക്കുള്ളയാത്ര ഏറെ മിഴിവോടെയാണ് കഥയിൽ അവതരിപ്പിച്ചിരിക്കുന്നത്. വെള്ളായിയപ്പൻ യാത്ര പുറപ്പെടുമ്പോൾ വീട്ടിൽ നിന്നും കൂട്ട നിലവിളി ഉയരുന്നുണ്ട്. വീടിനടുത്തുള്ള അമ്മിണിയുടെ വീട്ടിലും അതിനുമപ്പുറത്ത് മുത്തുരാവുത്തന്റെ വീട്ടിലും ആളുകൾ ഈ ദുഃഖത്തോട് കൂട്ടുചേരുന്നു. ആ വീടുകൾക്കപ്പുറത്ത് പാഴുതറയിലെ അൻപതിൽ ചില്വാനം കുടിലുകളിലത്രയും ഈ വിഷാദവും സഹാനുഭൂതിയും നിറഞ്ഞു. വെള്ളായിയപ്പൻ കണ്ണൂരിലേക്ക് പോവുകയാണ്.വെള്ളായിയപ്പന്റെ കൂടെ തീവണ്ടി കേറാൻ പണമുണ്ടായിരുന്നെങ്കിൽ അമ്മിണിയേടത്തിയും മുത്തുവണ്ണനും നാകേലച്ചനും കോമ്പി പൂശാരിയും പിന്നെ പാഴുതറയിലുള്ളവരത്രയും തന്നെ കണ്ണൂരിലേക്ക് പോകുമായിരുന്നു.കുട്ട്യസ്സൻ മാപ്പിളയുടെയും നീലിയു ടെയും നിസ്സഹായത നിറഞ്ഞ വിളികളും ആ ഗ്രാമത്തിന്റേതുതന്നെയായിരുന്നു. ഈ ദുഃഖം ഇത്രയും പേരിലേക്ക് പടരണമെങ്കിൽ കണ്ടുണ്ണി അവർക്കെല്ലാം പ്രിയങ്കരനായിരുന്നിരിക്കാം.ഒരുപക്ഷെ ഇവർക്കെല്ലാം വേണ്ടിയായിരിക്കാം കണ്ടുണ്ണി ജയിലിലേക്ക് പോയത്.കണ്ണൂരിലേക്കുള്ള തീവണ്ടിയാത്ര പാഴുതറ എന്ന ഗ്രാമത്തിനു വേണ്ടിയായിരുന്നുവെന്ന് തോന്നും എന്ന് കഥാകൃത്ത് എഴുതുമ്പോൾ ഗ്രാമത്തിന്റെ ദുഃഖം തന്നെയാണ് ഇത് എന്ന് ഉറപ്പിക്കാം.

**12. പുഴയുടെ നടുക്കെത്തിയപ്പോൾ വെള്ളായിയപ്പന് ഉണ്ടായ അനുഭവങ്ങൾ എന്തെല്ലാം ? വിശദമാക്കുക.**

വെള്ളായിയപ്പൻ വെട്ടുവഴിയിലൂടെ നടന്ന് പുഴയിലേക്കിറങ്ങി പുഴ കടന്ന് മേട് കയറിയാൽ പിന്നെ തീവണ്ടിയാപ്പീസിലേക്കുള്ള വഴിയാണ്. പുഴമണലിൽ നിന്ന് വെള്ളായിയപ്പൻ പുഴവെള്ളത്തിലേക്കിറങ്ങി.കാൽവണ്ണയെ തഴുകി ക്കൊണ്ട്,പരൽ മീനുകളെ പേറിക്കൊണ്ട് പുഴ ഒഴുകി.പുഴയുടെ നടുക്കെത്തിയപ്പോൾ കുളിയുടെ അനുഭവം വെള്ളായിയപ്പനെ തളർത്തി.അപ്പന്റെ ശവത്തെ കുളിപ്പിച്ചതും മകനെ അവന്റെ കുട്ടിക്കാലത്ത് കുളത്തിൽ കുളിപ്പിച്ചതുമെല്ലാം ഇളം ചൂടുള്ള വെള്ളം വെള്ളായിയപ്പനെ ഓർമിപ്പിച്ചു.പുഴകടന്ന് അപ്പുറത്തെ മേട് കയറുവോളം വെള്ളായിയപ്പൻ ഈ അനുഭവങ്ങളൊക്കെ ഓർത്തുകൊണ്ടേയിരുന്നു.

**13. ''തന്റെ ചെറുവിരൽ പിടിച്ചുകൊണ്ട് അസ്തമയത്തിന്റെ പക്ഷികളെ നോക്കി അത്ഭുതപ്പെട്ട മകനെ വെള്ളായിയപ്പൻ ഓർത്തു''- അസ്തമയത്തിന്റെ പക്ഷികൾ എന്ന പ്രയോഗം നൽകുന്ന ആശയങ്ങൾ എന്തെല്ലാം ?**

അച്ഛൻ മരിച്ചുപോയതും മകന്റെ അവസാനം അടുക്കാറായതും ഇവിടെ സൂചിപ്പിക്കപ്പെട്ടിരിക്കുന്നു.

**14. ''ഈ പുലർച്ചെ ആരാ വരാമ്പറഞ്ഞത്**
**പാറാവുകാരൻ പരുക്കനായി പറഞ്ഞു.**
**ആപ്പീസ് തൊറക്കട്ടെ ഏതോ ശീലത്തിന്റെ സ്വാധീനത്തിൽ പാറാവുകാരൻ കടലാസ് നിവർത്തി നോക്കി. പാറാവുകാരന്റെ മുഖം പൊടുന്നനെ കനിവുറ്റതായി.''**

**പാറാവുകാരന്റെ ഈ മനോഭാവത്തിന്റെ കാരണവും സന്ദർഭവും വിശകലനം ചെയ്യുക.**

ജയിലിൽ നിന്നും അയച്ച കത്ത് കിട്ടിയ വെള്ളായിയപ്പൻ കത്തുമായി ജയിലിലെത്തി.ആ കത്ത് പാറവുകാരനെ കാണിച്ചു.കുറ്റവാളികളെ കാണാൻ ഈ സമയത്ത് പലരും വരാറുണ്ട്.അതിനാൽ വെള്ളായിയപ്പനെ അത്തരത്തിലൊരു സന്ദർശകൻ മാത്രമായാണ് പാറാവുകാരൻ കണ്ടത്.പാറാവുകാരന്റെ ആദ്യ സമീപനത്തിൽ നിന്നും അധികാരത്തിന്റെ ക്രൂരമായ ഭാവം തന്നെയാണ് പ്രകടമാകുന്നത്. എന്നാൽ എഴുത്ത് കാണിക്കുകയും അത് വായിക്കുകയും ചെയ്തപ്പോൾ പാറാവുകാരന്റെ ഭാവം മാറി. അടുത്ത ദിവസം കണ്ടുണ്ണിയെ തൂക്കികൊല്ലാൻ പോകുന്നു എന്നറിയിക്കുന്ന മരണവാറണ്ടായിരുന്നു അത്. മകനെ നഷ്ടപ്പെടാൻ പോകുന്ന നിസ്സഹായനായ ഈ മനുഷ്യന്റെ ഭാവം കണ്ടതുകൊണ്ടാണ് പാറാവുകാരന്റെ മനസ് കനിവുറ്റതായത്.

**15. ''ഒരു പേറ്റിച്ചിയെപ്പോലെ തന്റെ മകന്റെ ദേഹത്തെ വെള്ളായിയപ്പൻ പാറാവുകാരിൽ നിന്ന് ഏറ്റു വാങ്ങി. ''**

**അടിവരയിട്ട പദം സന്ദർഭത്തിന് നൽകുന്ന ആശയതലം വ്യക്തമാക്കുക.**

പ്രസവമെടുക്കുന്നവരാണ് പേറ്റിച്ചികൾ.നിഷ്കളങ്കരായ കുട്ടികൾ ഇവരുടെ കൈകളിലേക്കാണ് പിറന്നു വീഴുന്നത്. വളരെ സൂക്ഷ്മതയോടും ശ്രദ്ധയോടെയുമാണ് അവർ കുഞ്ഞിനെ തന്റെ കൈകളിലേക്ക് സ്വീകരിക്കുക.നിഷ്കളങ്കരായ കുഞ്ഞിന്റെ ശരീരം പോലെ നിഷ്കളങ്കമായ കണ്ടുണ്ണിയുടെ ജീവനില്ലാത്ത ശരീരം ശ്രദ്ധയോടെ ഏറ്റുവാങ്ങുകയാണ് വെള്ളായിയപ്പൻ.

**16. തീവണ്ടിയാപ്പീസിന്റെ മുറ്റത്ത് കൂട്ടംതട്ടിനിന്ന കുതിരവണ്ടിക്കാർ വണ്ടി വേണോയെന്ന് വെള്ളായിയപ്പനോട് ചോദിച്ചില്ല.- സമൂഹത്തിന്റെ ഏത് മനോഭാവമാണ് ഇവിടെ പ്രകടമാകുന്നത്.**

ദരിദ്രരോടുള്ള അവഗണന

**17. "പറമ്പിലെ മഞ്ഞപ്പുല്ലിലൂടെ ആരുടെയൊക്കെയോ ദുഃഖസഞ്ചാരങ്ങളുടെ തഴമ്പായി ചവിട്ടടിപ്പാത നീണ്ടു പോകുന്നു"-വെള്ളായിയപ്പന്റെ ജീവിതവുമായി ബന്ധപ്പെട്ട എന്തെല്ലാം സൂചനകളാണ് ഈ വാക്യത്തിൽ തെളിയുന്നത്.**

- ഉത്തരം കിട്ടാത്ത ജീവിതം, മകൻ നഷ്ടപ്പെട്ട ജീവിതം ഇനി എന്തിനാണെന്ന ഉത്തരം കിട്ടാതെ അകന്നുപോകുന്ന ചോദ്യം
- അവസാനിക്കാത്ത ദാരിദ്ര്യം.
- തിരിച്ചു വരാനാവാതെ ജീവിതത്തിൽ നിന്ന് അകന്ന് പോകുന്ന മകന്റെ ചിത്രം.
- ഈ വഴികളിലൂടെ കടന്നു പോയവരുടെ ദുരിതങ്ങളുടെ ഭാരം പേറി രൂപപ്പെട്ട വഴിയാണ് അത്

**18. "പടച്ചവൻ തുണയ്ക്കട്ടെ ....ദൈവങ്ങൾ തുണയ്ക്കട്ടെ"**
**"കാരണവരേ കട്ടാൽ മതി ജയിലിലെത്താം."**

**ഗ്രാമീണരും നാഗരികരും വെള്ളായിയപ്പനോട് പെരുമാറുന്നത് ഒരു പോലെയാണോ ? കഥ വിശകലനം ചെയ്തു സ്വാഭിപ്രായം കുറിക്കുക.**

മകനായ കണ്ടുണ്ണിയെ കാണാൻ കണ്ണൂരിലേക്ക് പുറപ്പെടുന്ന വെള്ളായിയപ്പന്റെ ദുഃഖം പാഴുതറയിലെ ഓരോ മനുഷ്യന്റെയും മനസ്സിൽ നിറയുന്നു. മരയ്ക്കാരുടെ നിന്റെയും എന്റെയും ദൈവങ്ങൾ തുണയ്ക്കട്ടെ എന്ന വാക്കുകൾ മതത്തിന്റെ മതിൽകെട്ടിനുമപ്പുറത്തുള്ള സൗഹൃദവും ബന്ധവുമാണ് വെളിപ്പെടുത്തുന്നത്. അന്യന്റെ ദുഃഖത്തെ സ്വന്തം ദുഃഖമായി കാണാനുള്ള കഴിവ് പാഴുതറ എന്ന ഗ്രാമത്തിലുള്ള എല്ലാവർക്കും ഉണ്ട്. ഇത് ഗ്രാമീണ സംസ്കൃതി തന്നെയാണ്. എന്നാൽ നാഗരിക സമൂഹം ഇങ്ങനെയല്ല. മറ്റുള്ളവരെ മനസ്സിലാക്കാനും അവരെ സഹായിക്കുവാനുമുള്ള ഹൃദയ വിശാലത നാഗരിക സമൂഹത്തിലുള്ളവർക്ക് കുറവാണ് എന്നതിന്റെ തെളിവാണ് ജയിലിലേക്കുള്ള വഴി ചോദിച്ചപ്പോൾ വെള്ളായിയപ്പനോടുള്ള അവിടെയുള്ളവരുടെ പരിഹാസം നിറഞ്ഞ സംസാരം.സമൂഹത്തിന്റെ രണ്ടുതരം കാഴ്ചപ്പാടുകളാണ് ഒ.വി.വിജയൻ ഈ രണ്ടു ചിത്രങ്ങളിലൂടെ വെളിപ്പെടുത്തുന്നത്.

**19. 'യാത്രയുടെയും വേർപാടിന്റെയും ഉറഞ്ഞുകൂടിയ ദുഃഖത്തിന്റെയും കഥയാണ് കടൽത്തീരത്ത്.' ഈ നിരീക്ഷണത്തോട് നിങ്ങൾ യോചിക്കുന്നുണ്ടോ ? കഥയിൽ നിന്നും തെളിവുകൾ കണ്ടെത്തി പ്രതികരിക്കുക.**

രണ്ട് യാത്രകൾ ചിത്രീകരിക്കപ്പെടുന്ന കഥയാണ് കടൽത്തീരത്ത്. ജയിലിലടയ്ക്കപ്പെട്ട മകനെ കാണാൻ കണ്ണൂരിലേക്കുള്ളയാത്രയാണ് ആദ്യത്തേത്. മകന്റെ മരണശേഷം ശവം ഒരു പേറ്റിച്ചിയെപ്പോലെ ഏറ്റുവാങ്ങിക്കൊണ്ട് ജയിലധികാരികളുടെ ഔദാര്യത്താൽ അടക്കം ചെയ്യാൻ കൊണ്ടുപോകുമ്പോൾ ശവത്തെ അനുഗമിച്ചുള്ള യാത്രയാണ് രണ്ടാമത്തേത്. ഓർമകളിലൂടെയുള്ള യാത്രയും നമുക്ക് കാണാം. യാത്രയിലുടനീളം മകനെ ഓർത്ത് വിലപിക്കുകയാണ് വെള്ളായിയപ്പൻ. മകനോടൊപ്പമുള്ള നിമിഷങ്ങൾ അയാൾ ഓർത്തെടുക്കുന്നു. മകനെ കുളിപ്പിക്കാൻ പുഴയിലേക്ക് കൊണ്ടു പോകുന്നതും മുണ്ടകപ്പാടത്തെ വരമ്പിലൂടെ നടന്നു പോകുമ്പോൾ അസ്തമയത്തിന്റെ പക്ഷികളെ നോക്കി മകൻ അത്ഭുതപ്പെടുന്നതും ഓർത്ത് വെള്ളായിയപ്പൻ വേദനിക്കുന്നു.അസ്തമയം എന്നത് മരണത്തിന്റെ പ്രതീകമാണ്.അച്ഛന്റെയും മകന്റെയും മരണം കഥയിലുണ്ട്. മരണം എന്നത് വേർപാടു തന്നെയാണ്. സങ്കടങ്ങളുടെ ഒടുങ്ങാത്ത പ്രവാഹം കഥയിൽ കാണാം.ദാരിദ്ര്യത്തിന്റെ അവശതകൾ തൊട്ട് സമൂഹത്തിന്റെ പ്രതികരണങ്ങളും മരണങ്ങളും വരെ നീണ്ടു നിൽക്കുന്ന അനുഭവങ്ങളുടെ കണ്ണുനീർ കഥയിൽ ഉറഞ്ഞുകൂടിയിരിക്കുന്നു.

**20. വികാരം ഭാഷയെ അപ്രസക്തമാക്കുന്നു എന്നു ചൂണ്ടികാണിക്കാവുന്ന ഒരു സന്ദർഭം കടൽത്തീരത്ത് എന്ന കഥയിൽ നിന്നും കണ്ടെത്തുക.**

മകനെ കാണാൻ ജയിലിലെത്തിയ വെള്ളായിയപ്പൻ മകനെ കെട്ടിപ്പിടിച്ചപ്പോൾ കേൾവിയ്ക്കുമപ്പുറത്തുള്ള ശബ്ദത്തിൽ കണ്ടുണ്ണി നിലവിളിച്ചു.അപ്പാ, മകനേ എന്നിങ്ങനെ രണ്ടു വിളി

കൾ മാത്രമേ അവിടെ ഉണ്ടായിരുന്നുള്ളു. ഇതിനകത്ത് ഭാഷ കൊണ്ട് പ്രകടിപ്പിക്കാൻ കഴിയുന്നതിനേക്കാൾ ശക്തമായ വൈകാരികാനുഭവമാണ് ഉൾച്ചേർന്നിരിക്കുന്നത്. രണ്ടു വിളികൾക്കിടയിലുമുള്ള മൗനം പലതും വിനിമയം ചെയ്യുന്നു. അത്തരത്തിലുള്ള അവതരണമാണ് ഈ സന്ദർഭത്തെ മനോഹരമാക്കുന്നത്.

**21. ''ശവത്തിന്റെ ചുമതല നിങ്ങൾ ഏൽക്കുന്നില്ലേ**
**യജമാനൻമാരേ, എന്റെ കയ്യിൽ പണമില്ല.''**
**ഈ വാക്കുകൾ വെള്ളായിയപ്പന്റെ മാനസികാവസ്ഥയെക്കുറിച്ച് നൽകുന്ന സൂചനയെന്ത് ?**

വെള്ളായിയപ്പന്റെ നിസ്സഹായാവസ്ഥയാണ് ഇതിൽ വെളിപ്പെടുന്നത്. ദാരിദ്ര്യം കൊണ്ട് കഷ്ടതയനുഭവിക്കുന്ന വെള്ളായിയപ്പന് മകനു വേണ്ടി ചെയ്യാവുന്ന അവസാനത്തെ കർമം അവന്റെ ശവം അടക്കം ചെയ്യുക എന്നതു തന്നെയാണ്. എന്നാൽ അതിന് ഗതിയില്ലാത്ത ഒരു അച്ഛന്റെ ദയനീയാവസ്ഥയാണ് നമുക്കിവിടെ കാണാനാവുന്നത്.

**22. ''ആ വീടുകൾക്കപ്പുറത്ത്......സഹാനുഭൂതിയും നിറഞ്ഞു''**
**''കിഴവൻ നേരം പുലരും..........ജയിലിലെത്താം'' - കടൽത്തീരത്ത്**
**''നാട്യ പ്രധാനം നഗരം ദരിദ്രം**
**നാട്ടിൻപുറം നന്മകളാൽ സമൃദ്ധം'' -(കുറ്റിപ്പുറത്ത് കേശവൻ നായർ)**
**കാവ്യഭാഗത്ത് പരാമർശിച്ചിരിക്കുന്ന കഥാ സന്ദർഭങ്ങൾ കവിതയിലെ വരികളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.**

കുറ്റിപ്പുറത്ത് കേശവൻ നായരുടെ വരികൾക്ക് പാഠഭാഗത്ത് നിന്ന് ഉദാഹരണങ്ങൾ കണ്ടെത്താൻ കഴിയും. വെള്ളായിയപ്പന്റെ വീട്ടിൽ നിന്നും ഉയരുന്ന നിലവിളികൾക്ക് കാതു കൊടുത്ത് അത് തങ്ങളുടെ തന്നെ ദുഃഖമായി കാണുന്ന പാഴുതറയിലെ ഗ്രാമീണർ നാട്ടിൻപുറത്തിന്റെ നന്മകളുടെ അടയാളമാണ്.അന്യന്റെ ദുഃഖത്തിനൊപ്പം നിന്ന് അവരെ ആശ്വസിപ്പിക്കാൻ ശ്രമിക്കുക എന്നത് സ്നേഹത്തിന്റെയും പരിഗണനയുടെയും ഉദാത്തമായ മാതൃകയാണ്. എന്നാൽ ആത്മാർത്ഥയില്ലാത്ത മനുഷ്യരുടെ പ്രതിനിധികളെയാണ് തീവണ്ടിയിറങ്ങിയ വെള്ളായിയപ്പൻ അഭിമുഖീകരിക്കുന്നത്. ജയിലിലേക്കുള്ള വഴി ചോദിച്ച വെള്ളായിയപ്പനോട് കട്ടാൽ ജയിലിലെത്താം എന്ന് മറുപടി പറയുന്നവർ സ്വന്തം സുഖത്തിനും സന്തോഷത്തിനും മാത്രം പ്രാധാന്യം കൊടുക്കുന്ന , ആത്മാർത്ഥത തീരെയില്ലാത്ത നഗരജീവിതത്തിന്റെ ദുഷിച്ച മുഖം തന്നെയാണ്.പണത്തിനു മാത്രം പ്രാധാന്യം കൊടുക്കുന്ന അവർ രൂപം കൊണ്ട് വിലയിരുത്തിയതിനാൽ വെള്ളായിയപ്പനോട് വണ്ടി വേണോ എന്ന് ചോദിച്ചില്ല. സഹായിക്കുക എന്ന മനോഭാവം അൽപം പോലുമില്ലാത്ത നഗരത്തിലെ ജനങ്ങളുടെ ജീവിതം ഉള്ളുപൊള്ളയായ നാട്യങ്ങൾതന്നെയാണെന്ന് നിസ്സംശയം പറയാം

**23.യാത്രയുടെ ഒരുഘട്ടം താണ്ടാൻ വെള്ളായിയപ്പനെ സഹായിച്ചത് പാഴുതറ എന്ന ഗ്രാമത്തിന്റെ നന്മകളായിരുന്നു- അനുയോജ്യമായ സന്ദർഭങ്ങൾ കണ്ടെത്തി പ്രസ്താവന വിലയിരുത്തുക.**

കണ്ണൂരിലേക്ക് പോകാൻ ഒരുങ്ങുന്ന വെള്ളായിയപ്പനൊപ്പം പണമുണ്ടായിരുന്നെങ്കിൽ പാഴുതറയിലുള്ള പലരും പോകുമായിരുന്നു. യാത്രയ്ക്കുള്ള പണമില്ലാത്തതിനാൽ വെള്ളായിയപ്പനൊപ്പം പോയില്ലെങ്കിലും അവരുടെയെല്ലാം മനസ്സും പ്രാർത്ഥനയും അയാൾക്ക് ഉണ്ടായിരുന്നു. മരയ്ക്കാരുടെയും നീലിമണ്ണാത്തിയുടെയും വെള്ളായിയേ എന്ന വിളിയിൽ ആശ്വസിപ്പിക്കലിന്റെയും പ്രാർഥനയുടെയും സ്വരമുണ്ട്. തനിയ്ക്കു ചുറ്റുമുള്ളവർ വെള്ളായിയപ്പനോട് കാണിക്കുന്ന ആർദ്രത തന്നെയാണ് അയാളുടെ യാത്രയിൽ തണലായി നിന്നത് എന്ന് നമുക്ക് മനസ്സിലാക്കാം.

**വിഗ്രഹിക്കുക**

| | | |
|---|---|---|
| കടൽത്തീരത്ത് | - | കടലിന്റെ തീരത്ത് |
| പുഴമണൽ | - | പുഴയിലെ മണൽ |
| പനമ്പട്ടകൾ | - | പനയുടെ പട്ടകൾ |
| കഞ്ഞിനനവ് | - | കഞ്ഞിയുടെ നനവ് |
| ചോറുപൊതി | - | ചോറിന്റെ പൊതി |
| കണ്ണുനീർ | - | കണ്ണിലെ നീർ |
| തീവണ്ടി | - | തീ കൊണ്ട് ഓടുന്ന വണ്ടി |
| കാക്കക്കരച്ചിൽ | - | കാച്ചയുടെ കരച്ചിൽ |

# അടിസ്ഥാന പാഠാവലി

## മലയാളം

ജ്വാല -2021

ഫോക്കസ് ഏരിയ

മലയാളം ദർശന വേദി



# ജീവിതം പടർത്തുന്ന വേരുകൾ

**യൂണിറ്റ് 1**

**യൂണിറ്റിന് പ്രവേശകമായി നൽകിയിരിക്കുന്നത് മലയാളത്തിലെ ശ്രദ്ധേയനായ എഴുത്തുകാരൻ ഡി വിനയചന്ദ്രന്റെ വേരുകൾ എന്ന ചെറുകഥയാണ്**

## പ്രവേശകം നൽകുന്ന സൂചനകൾ

- ☞ മരങ്ങളുൾപ്പെടെ സർവ്വജീവജാലങ്ങളുടെയും മാതാവാണ് ഭൂമി. അതിനാൽ എല്ലാത്തിന്റെയും വേരുകൾ ഈ ഭൂമിയിൽ തന്നെയാണ് ആഴ്ന്നിറങ്ങിയിരിക്കുന്നത്.
- ☞ മരങ്ങളുടെ വേര് പൊക്കിൾക്കൊടി പോലെ ഭൂമിയോട് ബന്ധപ്പെട്ടിരിക്കുന്നു.
- ☞ പ്രകൃതിപ്രതിഭാസങ്ങളെ അതിജീവിച്ച് വൃക്ഷങ്ങൾ ഭൂമിയിൽ വീഴാതെ നിൽക്കുന്നത് മണ്ണിലേക്ക് അവ പടർത്തിയിട്ട വേരുകളുടെ കരുത്തുകൊണ്ടാണ്. പൊക്കിൾകൊടിയിലൂടെ കുഞ്ഞുങ്ങൾ അവർക്കു വേണ്ടതെല്ലാം വലിച്ചെടുത്തതുപോലെ ഈ വേരുകളിലൂടെയാണ് മരങ്ങൾ അവയ്ക്ക് വേണ്ടതെല്ലാം വലിച്ചെടുക്കുന്നത്.
- ☞ മനുഷ്യന്റെ വേരും അവൻ ജീവിച്ച മണ്ണിൽ തന്നെ. ഈ മണ്ണിൽ ഊന്നിയാണ് മനുഷ്യനും പടർന്ന് പന്തലിക്കുന്നത്.
- ☞ സ്നേഹവും കാരുണ്യവും ദയയും ഉൾപ്പെടെയുള്ള മൂല്യങ്ങളാണ് മനുഷ്യനെ അവന്റെ സമൂഹവുമായി ബന്ധിപ്പിക്കുന്ന വേരുകൾ.
- ☞ ഭൂമി അമ്മ തന്നെയാണ്. അതിലേക്ക് പടർന്നവന് തളരാതെ നിൽക്കാൻ കഴിയും.
- ☞ മനുഷ്യനെ മനുഷ്യനാക്കി മാറ്റുന്നത് അവന്റെ സമൂഹമാണ്.
- ☞ വീട്ടുകാരും അയൽക്കാരും ഉൾപ്പെടെയുള്ള സമൂഹം നൽകുന്ന പാഠങ്ങളിൽ നിന്നാണ് അവൻ വികസിക്കുന്നത്. അതുകൊണ്ട് ഇവരോടു പുലർത്തുന്ന ബന്ധങ്ങളാണ് സമൂഹത്തിൽ തളരാതെ നിൽക്കാൻ അവനെ പ്രാപ്തനാക്കുന്നത്. അങ്ങനെ വരുമ്പോൾ മരത്തിന് വേരുകൾ നൽകുന്ന കരുത്തുതന്നെയാണ് ബന്ധങ്ങളുടെ ഊഷ്മളത മനുഷ്യന് നൽകുന്നത്
- ☞ താൻ അധിവസിക്കുന്ന സമൂഹത്തിന്റെ സംസ്കാരിക ഉൽപ്പന്നമാണ് ഓരോ മനുഷ്യരും. അതുകൊണ്ട് അവന്റെ സ്വഭാവത്തിന്റെയും പെരുമാറ്റത്തിന്റെയും ഇടപെടലുകളുടെയും വേരുകൾ ആ സംസ്കാരത്തിലേക്ക് ആഴത്തിൽ വ്യാപിച്ചിരിക്കുന്നു.അവിടെയുള്ള അനുഭവങ്ങളെ വലിച്ചെടുത്ത് മനുഷ്യൻ കരുത്തനാകുന്നു.

**1. "അപ്പോൾ നമ്മുടെ വേരുകളോ? "**
**"അതും ഈ അമ്മയായ ഭൂമിയിൽത്തന്നെ." -അടിവരയിട്ട പ്രയോഗത്തിന് ഏറ്റവും യോജിച്ചത് ?**

- ചിന്തയും പ്രവർത്തനവും.
- പാരമ്പര്യവും സംസ്കാരവും
- ദേശവും കാലവും
- സ്നേഹവും വിശ്വാസവും

പാരമ്പര്യവും സംസ്കാരവും

# 1 പ്ലാവിലക്കഞ്ഞി

## തകഴി ശിവശങ്കരപ്പിള്ള

**കേരള മോപ്പസാങ്,കുട്ടനാടിന്റെ കഥാകാരൻ എന്നീ വിശേഷണങ്ങൾ തകഴിയ്ക്കുണ്ട്.**

- 1984 ൽ ജ്ഞാനപീഠ പുരസ്കാരം കരസ്ഥമാക്കിയ മലയാള നോവലിസ്റ്റാണ് തകഴി ശിവശങ്കരപ്പിള്ള.
- രണ്ടിടങ്ങഴി എന്ന നോവലിലെ 17-ാം അധ്യായമാണ് പാഠഭാഗം.
- 3 ഭാഗങ്ങളിലായി 26 അധ്യായങ്ങളുള്ള നോവലാണ് രണ്ടിടങ്ങഴി.
- രണ്ടിടങ്ങഴി നെല്ല് കൂലി കിട്ടേണ്ട സ്ഥാനത്ത് വിശപ്പകറ്റാൻ ഒരു കുമ്പിൾ കഞ്ഞിയെങ്കിലും കിട്ടാത്തവരുടെ ദുരിതം പാഠഭാഗത്ത് നോവലിസ്റ്റ് അവ തരിപ്പിച്ചിരിക്കുന്നു.
- കുട്ടനാടൻ കർഷകർ അനുഭവിക്കുന്ന ജീവിത യാതനകളാണ് നോവലി ന്റെ വിഷയം.
- കുട്ടനാടിൽ താമസിക്കുന്ന സാധാരണക്കാരന്റെ ഭാഷയിൽ നോവലിന്റെ രചന നിർവഹിച്ചതിനാൽ രണ്ടിടങ്ങഴി കൂടുതൽ ആസ്വാദ്യകരമാകുന്നു.
- ദാരിദ്ര്യത്തിലും നോവലിലെ കഥാപാത്രങ്ങളായ കോരനും ചിരുതയും പുലർത്തുന്ന സ്നേഹവും കരുതലും ശ്രദ്ധേയമാണ്.പിതൃപുത്ര ബന്ധത്തിന്റെ ഊഷ്മളത സമൂഹത്തിന് കാണിച്ചു കൊടുക്കാൻ തകഴിയ്ക്ക് ഈ നോവലി ലൂടെ കഴിഞ്ഞു.
- എല്ലുമുറിയെ പണിയെടുത്താലും തൊഴിലാളിക്ക് ലഭിക്കുന്നത് പട്ടിണി മാത്രമാ ണെന്ന് നോവലിൽ നിന്നും മനസ്സിലാക്കാം. ഇന്നും ഇതിന് മാറ്റം വന്നിട്ടില്ല.ഒരു തരത്തിൽ രണ്ടിടങ്ങഴി അന്നത്തെ കഥ മാത്രമല്ല. ഇന്നും രാജ്യത്ത് നടക്കുന്ന അതിജീവന സമരങ്ങൾ ഇതിലുണ്ട്.ഇന്നലെയുടെയും ഇന്നിന്റെയും കഥയാ ണിത്
- ജന്മിമാരിൽ നിന്നും നെല്ല് കൂലിയായി കിട്ടാത്തതിന്റെ കാരണം തിരിച്ചറിയുന്ന കോരനിൽ പ്രതികരിക്കാൻ പഠിച്ച സമൂഹത്തിന്റെയും കേരളത്തിലുണ്ടായ കർഷകസമരങ്ങളുടെയും തുടക്കം വായനക്കാരന് മനസ്സിലാക്കാം.
- അടിച്ചമർത്തപ്പെട്ട തൊഴിലാളികളുടെ ആവശ്യങ്ങൾക്കായി അണിനിരക്കാൻ സമൂഹത്തോട് ആഹ്വാനം ചെയ്യാൻ നോവലിന് കഴിഞ്ഞു.

### നോവലിനെക്കുറിച്ച് നിരൂപകർ

- "കുട്ടനാടൻ കർഷകത്തൊഴിലാളിയുടെ വർഗ്ഗസമരത്തിന്റെ സൂക്ഷ്മചരിത്രം അവതരിപ്പിക്കുന്ന ഭാവോജ്വല കൃതിയാണ് രണ്ടിടങ്ങഴി"
  - ജോർജ് ഓണക്കൂർ
- "വർഗബോധത്തെയും പുതിയ വ്യവസ്ഥിതിയെയും കുറിച്ചുള്ള സ്വപ്നമാണ് രണ്ടിടങ്ങഴി മുന്നോട്ടു വെച്ചത്.അരാഷ്ട്രീയനായ വ്യക്തിയും രാഷ്ട്രീയഭാഗധേ യവും തമ്മിലുള്ള വൈരുദ്ധ്യാത്മക ബന്ധത്തിന്റെ അടിസ്ഥാനത്തിൽ ഈ നോവലിലെ രാഷ്ട്രീയാംശം വികസിക്കുന്നു." - പി.രാജശേഖരൻ
- "പ്രണയവും സാമൂഹികദുരന്തവും തമ്മിൽ ഇണക്കിച്ചേർത്തുകൊണ്ട് സ്വാഭാ വികവും ശക്തവും ഭാവസാന്ദ്രവുമായ ഭാഷണങ്ങളിൽക്കൂടി കഥാപാത്രങ്ങളുടെ

ഹൃദയങ്ങളെ മാത്രമല്ല,മനുഷ്യപ്രകൃതിയുടെ അകത്തളങ്ങളെത്തന്നെ അദ്ദേഹം അഭിവ്യഞ്ജിപ്പിക്കുന്നു.'' - കെ.എം.തരകൻ

- ''കുട്ടനാടൻ മണ്ണിന്റെ പശിമയും വീര്യവും ഉൾത്തിങ്ങിയ രണ്ടിടങ്ങഴി കർഷക ത്തൊഴിലാളികളുടെ ജീവിതം ആഖ്യാനം ചെയ്യുന്ന ആദ്യ മലയാള നോവലാണ്.'' - എരുമേലി പരമേശ്വരൻ പിള്ള

## രണ്ടിടങ്ങഴി നോവൽ സംഗ്രഹം

കാളിപ്പറയന്റെയും കുഞ്ഞാളിപ്പറയിയുടെയും മകളായ ചിരുതയെ കോരനും ചാത്തനും ഒരേസമയം പ്രണയിച്ചു.തന്റെ മകളെ വിവാഹം കഴിക്കാൻ രണ്ടു പേർ ആഗ്രഹിക്കുന്ന കാര്യം മുതലെടുത്ത് 50 രൂപയും 25 പറനെല്ലും പെൺപണം തരുന്നവന് മകളെ വിവാഹം കഴിച്ചു നൽകുമെന്ന് കാളിപ്പറയൻ പറഞ്ഞു. ചാത്തന് അത് നൽകാനായില്ല. കോരൻ പുഷ്പവേൽ ഔസേപ്പ് എന്ന ജന്മിയിൽ നിന്ന് 50 രൂപയും 25 പറനെല്ലും കടം വാങ്ങി ചിരുതയെ വിവാഹം കഴിച്ചു. വിവാഹത്തോടു കൂടി കോരൻ അപ്പനുമായി പിണക്കത്തിലായി കോരന് പുഷ്പവേലിൽ ഔസേപ്പിന്റെ കടക്കാരനായി അയാളുടെ കീഴിൽ ജോലി ചെയ്യേണ്ടി വന്നു. കൂലി രണ്ടിടങ്ങഴി നെല്ല്. എന്നാൽ മുമ്പ് വാങ്ങിയ കടം വീട്ടാനുള്ളത് കൂലിയൽ നിന്നും പിടിച്ചെടുക്കുന്നതിനാൽ ഒരു നേരത്തെ അന്നത്തിനു പോലും കൂലി തികഞ്ഞില്ല.ചിലപ്പോൾ നെല്ലിനു പകരം പണമാണ് നൽകിയിരുന്നത്. നെല്ല് രാത്രി സമയങ്ങളിൽ കൂടുതൽ വിലക്ക് വിൽക്കുന്നുവെന്ന വിവരം കോരന് മനസ്സിലായി. തങ്ങൾക്കെതിരെയുള്ള ജന്മിയുടെ ചൂഷണം തിരിച്ചറിഞ്ഞ കോരൻ തൊഴിലാളികളെ സംഘടിപ്പിച്ച് അവകാശങ്ങൾ നേടിയെടുക്കാൻ ശ്രമിച്ചു. അതുകൊണ്ട് തന്നെ കോരനെ കള്ള ക്കേസിൽ കുടുക്കി ജയിലിലടയ്ക്കാൻ ജന്മിമാർ ശ്രമിച്ചുകൊണ്ടിരുന്നു. ഇത് അറിയാവുന്ന കോരൻ ഒളിവിൽ കഴിഞ്ഞു. ഈ സമയത്താണ് ജന്മിയുടെ മകനായ ചാക്കോ കോരന്റെ ഭാര്യയെ ഉപദ്രവിക്കാൻ ശ്രമിച്ചത്. ഇതറിഞ്ഞ കോരൻ ചാക്കോയെ വധിച്ച് തടവിൽ പോയി. ആ സമയത്ത് ചിരുതയുടെ സംരക്ഷണം ചാത്തനിലായിരുന്നു. സ്വന്തം സഹോദരിയെപ്പോലെ ചിരുതയെ നോക്കിയ ചാത്തൻ സ്വന്തം മകനെ പോലെ ചിരുതയുടെയും കോരന്റെയും മകനെയും സംരക്ഷിച്ചു.ജയിൽവാസം കഴിഞ്ഞ് പുറത്തിറങ്ങിയ കോരൻ ചിരുതയുടെയും മകന്റെയും അടുത്തെത്തുകയും അവരെ സ്വീകരിക്കുകയും ചെയ്തു. കോരന്റെ മകൻ കയ്യുയർത്തി കൃഷി ഭൂമി കർഷകന് എന്ന് പറയുന്നിടത്ത് നോവൽ അവസാനിക്കുന്നു.

### പ്ലാവിലക്കഞ്ഞി പാഠസംഗ്രഹം സൂചനകളിലൂടെ......

- പുഷ്പവേലിൽ ഒരേക്കർ നിലം പുരയിടമാക്കാനുള്ള ജോലിയിൽ ഏർപ്പെട്ട തൊഴിലാളികൾ വൈകുന്നേരം കൂലിയ്ക്കു പോയപ്പോൾ ജന്മിയായ ഔസേപ്പ് മുക്കാൽ രൂപ വീതം കൂലി നൽകി.
- കോരന് നെല്ല് കൂലിയായി കിട്ടണം.നെല്ലിന് ജന്മിയോട് ചോദിച്ചെങ്കിലും കൊടുത്തില്ല. നെല്ല് കൊടുത്താൽ അത് കൊണ്ടു പോയി വിൽക്കുമെന്നാണ് അയാൾ പറയുന്നത്.
- കോരൻ കിട്ടിയ പണവുമായി അരിക്കു വേണ്ടി അന്വേഷിച്ചു നടന്നു.രാത്രിയുടെ മറവിൽ നെല്ല് വൻവിലയ്ക്കു വിൽക്കുവാൻ കടത്തിക്കൊണ്ടു പോകുന്നത് കോരൻ കണ്ടു.അയാളിൽ പ്രതിഷേധം നിറയുന്നുണ്ട്.ഇതു തന്നെയായിരിക്കും പുഷ്പവേലിലും നടക്കുന്നത് എന്ന് കോരൻ ഉറപ്പിക്കുന്നു.
- രാത്രിയിൽ നടക്കുന്ന നെല്ല് കടത്ത് എല്ലാവരെയും അറിയിക്കണമെന്ന് കോരൻ ചിന്തിച്ചു. നെല്ലു കിട്ടിയില്ലെങ്കിൽ പണിക്കുപോകില്ല എന്നു തീരുമാനിച്ചാലോ എന്നും വിചാരിച്ചു. എന്നാൽ കൂടെയുള്ളവർ പണിക്കുപോവുകയും താൻ ഒറ്റപ്പെടുകയും ചെയ്യുമെന്ന് കോരന് അറിയാമായിരുന്നു.
- കോരന് നെല്ല് തന്നെ കൂലിയായി കിട്ടണമെന്ന് നിർബന്ധമായിരുന്നു. അയാൾ

ഉച്ചയ്ക്ക് പുഷ്പവേലിൽ നിന്ന് കഞ്ഞികുടിച്ചിട്ടുണ്ട്. എന്നാൽ ഭാര്യയായ ചിരുത ഒന്നും കഴിച്ചിട്ടില്ല.അതിനാൽ അയാൾ അസ്വസ്ഥനാണ്.

- കോരൻ 6 അണ കൊടുത്ത് നാഴി അരിയും 4 ചക്രത്തിന് കപ്പയും വാങ്ങി കുടിലിലെത്തി.
- ചിരുത ഭക്ഷണം പാകം ചെയ്യുമ്പോൾ മുഴുവനും അവൾക്ക് കൊടുക്കാൻ വയറുവേദന നടിച്ച് ഭക്ഷണം വേണ്ടെന്നു പറഞ്ഞു കോരൻ കിടന്നു.
- ചിരുതയുടെ നിർബന്ധത്തിന് വഴങ്ങി കഞ്ഞി കുടിച്ചെന്നുവരുത്തി. അവളോട് കുടിക്കാൻ പറഞ്ഞു.
- അന്നുവെച്ച കഞ്ഞിയിൽ നല്ലൊരു ഭാഗം അവൾ സൂക്ഷിച്ചുവെച്ചു.ഇത് കോരൻ കണ്ടുപിടിക്കുകയും എന്തിനാണ് ഇങ്ങനെ മാറ്റിവെച്ചത് എന്നു ചോദിച്ച് അവളോട് കുടിയ്ക്കാൻ പറയുകയും ചെയ്തു.
- നാളെ പണിയ്ക്കു പോയാൽ ഉച്ച തിരിഞ്ഞേ എന്തെങ്കിലും കിട്ടുകയുള്ളു എന്നതിനാൽ രാവിലെ ഇതെങ്കിലും കുടിച്ചു പോകാം എന്നതാണ് ചിരുതയുടെ ന്യായം. ചിരുതയുടെ ഭർതൃസ്നേഹവും കരുതലും ഇവിടെ കാണാം.
- ഭാര്യയെ കഞ്ഞി കുടിക്കാൻ നിർബന്ധിക്കുന്ന കോരന്റെ പ്രവൃത്തിയിൽ ചിരുതയോടുള്ള കോരന്റെ സ്നേഹം നിറഞ്ഞിരിക്കുന്നു.
- അടുത്ത ദിവസം ജോലി കഴിഞ്ഞ് തിരിച്ചു വന്നപ്പോൾ വീട്ടിൽ കോരന്റെ അപ്പൻ ഉണ്ടായിരുന്നു.
- ആരോഗ്യത്തോടെ ഇരുന്ന ആ മനുഷ്യൻ ശരീരമെല്ലാം നീരുവന്ന് തടിച്ച അവസ്ഥയിലാണ്. എങ്കിലും മകനോടുള്ള പിണക്കം മറന്ന് അവനെ തേടിയെത്തിയിരിക്കുന്നു
- അപ്പനെ തനിച്ചാക്കി സ്വന്തം സുഖം നോക്കി പോന്നത് ക്ഷമിക്കാനാവാത്ത തെറ്റായിപോയി എന്ന് കോരന് തോന്നുന്നു. അതിലുള്ള കുറ്റബോധം അയാൾക്കുണ്ട്.
- അപ്പന്റെ അധ്വാന ശേഷിയെക്കുറിച്ചും തൊഴിലിലെ ആത്മാർത്ഥതയെക്കുറിച്ചും കോരൻ ഓർത്തുപോകുന്നു.തന്റെ അധ്വാനം കൊണ്ട് എത്രയോ പേരുടെ വയറു നിറയ്ക്കാൻ ആയകാലത്ത് അപ്പന് കഴിഞ്ഞിരുന്നു.
- ജന്മിയ്ക്കു വേണ്ടി കഠിനാധ്വാനം ചെയ്ത് അവരുടെ പത്തായം നിറച്ച കർഷകരുടെ അവസാനകാലം വളരെ ദയനീയമായിരിക്കുമെന്ന് കോരന്റെ അപ്പന്റെ ചിത്രത്തിൽ നിന്നും നമുക്ക് മനസ്സിലാക്കാം.പാടത്ത് പണിയെടുക്കുന്ന കർഷകന്റെ അവസ്ഥ അന്നും ഇന്നും ഒരു പോലെയാണ്.
- പുഞ്ചപ്പാടത്തിന്റെ വരമ്പിലൂടെ ഇനി കൃഷി നോക്കി നടക്കാൻ അയാൾക്കാവില്ല.ഒരു പുറവേലിയിൽ നിന്ന് പാടത്തിന്റെ അങ്ങേയറ്റത്ത് നിൽക്കുന്ന പുലയനെ കൂകി വിളിക്കാൻ അയാൾക്ക് ഇനി ആവില്ല.
- അരിയിട്ട് തിളപ്പിച്ച കഞ്ഞി കുടിക്കണമെന്നാണ് അപ്പന്റെ അവസാനത്തെ ആഗ്രഹം.
- ചിരുതയെ അപ്പൻ മോളെ എന്നുവിളിച്ചതു കേട്ട് കോരന് സന്തോഷമായി.
- അപ്പന് വല്ലതും കഴിക്കാൻ കൊടുത്തോ എന്നു ചിരുതയോടു ചോദിച്ചപ്പോൾ താനുണ്ടാക്കിയ മുറം വിറ്റ് കിട്ടിയ പണം കൊണ്ട് അരിവാങ്ങി കഞ്ഞിയുണ്ടാക്കി ഞങ്ങൾ കുടിച്ചു എന്ന് ചിരുത പറഞ്ഞു.
- ഞങ്ങൾ എന്നത് വൃദ്ധൻ തിരുത്തി.അയാൾ മാത്രമാണ് കുടിച്ചത്.
- അപ്പന്റെ വയറു നിറച്ചതിനാൽ താൻ ചെയ്യേണ്ടത് ചെയ്തുവെന്ന സംതൃപ്തി ചിരുതയ്ക്കുണ്ടായി.
- വിവാഹത്തിനുമുമ്പുള്ള ചിരുതയുടെ ചിത്രം അപ്പൻ ഓർമിച്ചു.
- അവൾ ഒന്നും കഴിക്കാതെ മറ്റുള്ളവരെ തീറ്റുകയാണെന്നും അതിനാൽ അവൾ ക്ഷീണിച്ചു പോയെന്നും കോരൻ അപ്പനോട് പറഞ്ഞു.താൻ നോക്കുന്നില്ല എന്ന ചീത്തപ്പേര് കേൾപ്പിക്കരുത് എന്ന് കോരൻ ചിരുതയോട് പറയാറുണ്ട്.
- കോരൻ കൊണ്ടുവന്ന ഇരുനാഴി അരികൊണ്ട് കഞ്ഞിവെച്ച് കപ്പയും പുഴുങ്ങി അവർ

അന്നത്തെ അത്താഴം കഴിച്ചു.

- അപ്പന് കഞ്ഞികൊടുക്കാൻ കഴിഞ്ഞതിനാൽ കോരന് തന്റെ ജീവിതത്തിലെ ഏറ്റവും നല്ല ദിനമായി ഈ ദിവസം അനുഭവപ്പെട്ടു.
- കഞ്ഞി കുടിക്കാൻ ആഗ്രഹമുണ്ടെങ്കിലും പണ്ടു കാലത്ത് ഒരുപാട് ഭക്ഷണം കഴിക്കുമായിരുന്ന അപ്പന് ഇന്ന് അതു കഴിയുന്നില്ല എന്ന് കോരന് മനസ്സിലായി.
- കുറച്ച് കഞ്ഞി അടുത്തദിവസത്തേക്ക് ചിരുത മാറ്റി വെച്ചു. അതിൽ കോരൻ പരിഭവിച്ചില്ല.അത് അപ്പന് കൊടുക്കാനാണെന്ന് അയാൾക്ക് അറിയാം
- അടുത്ത ദിവസം നെല്ല് കൂലി കിട്ടണം എന്ന് കോരന് നിർബന്ധമുണ്ടായിരുന്നു.അപ്പന് ഒരു നേരമെങ്കിലും വയറ് നിറച്ച് ഭക്ഷണം കൊടുക്കണമെന്നാണ് അവന്റെ ആഗ്രഹം.

## രണ്ടിടങ്ങഴി - വാക്കും ഭാഷയും

- കുട്ടനാട്ടിലെ തനി സാധാരണക്കാരുടെ ഭാഷയിൽ രചിച്ച രണ്ടിടങ്ങഴി എന്ന നോവൽ വായനക്കാരുമായി ഇഴുകി ചേർന്നതിൽ അവതരണത്തിനുപയോഗിച്ച ഭാഷയ്ക്ക് വലിയ സ്ഥാനമുണ്ട്.
- ഭാഷ എന്നത് ഒരു സാംസ്കാരിക നിർമ്മിതിയാണ്. രൂപപ്പെട്ട നാടിന്റെ സ്വഭാവവും ജീവിതവും അതിൽ നിഴലിക്കും. അതുകൊണ്ട് കുട്ടനാടിന്റെ ചിത്രം വരച്ചുവെക്കാൻ തകഴി അവിടെയുള്ള വാമൊഴിയെ തന്നെ ഉപയോഗിച്ചു.
- **വ** എന്ന അക്ഷരത്തിനു പകരം **മ** എന്ന അക്ഷരം ഉപയോഗിക്കുന്നത് പലയിടത്തും കാണാം. **മ**േണ്ട(വേണ്ട),**മ**യറ്റില്(വയറ്റില്),**മ**യറ്(വയറ്),**മ**ച്ചിരുന്നു(വെച്ചിരുന്നു),**മെ**ള്ളം(വെള്ളം)
- കുട്ടനാട്ടിലെ ഒഴുക്കൻ മട്ടിലുള്ള വാമൊഴി ഭാഷയ്ക്ക് അതിന്റേതായ തനിമയും താളവും ഉണ്ട്

## കഥാപാത്രങ്ങളും സവിശേഷതകളും



### 1. കോരൻ

- അധ്വാനത്തിന്റെ മഹത്വം തിരിച്ചറിഞ്ഞ കഥാപാത്രം
- സ്നേഹിച്ചവളെ സ്വന്തമാക്കാൻ തന്റെ അധ്വാനത്തെ പണയം വെക്കാൻ ഒരു മടിയും കാണിച്ചില്ല.
- കൈമെയ്യ് മറന്ന് അധ്വാനിച്ചിട്ടും വേണ്ടത്ര പ്രതിഫലം കിട്ടാത്തതിൽ പ്രതിഷേധമുള്ള കഥാപാത്രം.കൂട്ടത്തിലുള്ളവർ പ്രതികരിക്കാതെ കിട്ടിയതും കൊണ്ട് പോകുമ്പോൾ ഓച്ഛാനിച്ച് നിൽക്കാൻ കോരൻ തയ്യാറല്ല.
- അരി തേടി നടക്കുമ്പോൾ നെല്ല് കടത്തിക്കൊണ്ട് പോകുന്നത് കണ്ട കോരന്റെ ഉള്ളിൽ അതിലുള്ള പ്രതിഷേധം നിറയുന്നു.ഇത് ജന്മിയ്ക്കുമുന്നിൽ എല്ലാം അടിയറ വെച്ച് പ്രതിഷേധിക്കാതെ നിന്നവരുടെ പക്ഷത്തു നിന്നുണ്ടാകുന്ന മാറ്റത്തിന്റെ സൂചനയാണ്.
- ജന്മികളുടെ ചൂഷണത്തോട് പ്രതികരിക്കാൻ മുന്നോട്ടു വന്ന അടിയാള വർഗത്തിന്റെ കരുത്തുറ്റ പ്രതിനിധിയാണ് കോരൻ.
- ഭാര്യയായ ചിരുതയെ അതിരറ്റ് സ്നേഹിക്കുന്നു. അവളുടെ വിശപ്പകറ്റാനുള്ള ചിന്തയും ആധിയും അവളോടുള്ള സ്നേഹത്തിൽ നിന്നുണ്ടായതാണ്.
- ചിരുതയുടെ താടിയിൽ വാത്സല്യപൂർവ്വം കുത്തിയിട്ട് എന്തിനാണ് കഞ്ഞിമാറ്റി വെച്ചത് എന്നും നാഴി അരി മാത്രമല്ലേ വെച്ചത്- നീ കുടി എന്നും പറയുന്നതിൽ ചിരുതയോടുള്ള ആത്മാർത്ഥതയാണ് തെളിയുന്നത്.
- അച്ഛനെ തനിച്ചാക്കി സ്വന്തം സുഖം നോക്കി പോയതിൽ കുറ്റബോധം നിറയുന്ന

കോരന്റെ മനസ്സ് വൃദ്ധരോടുള്ള പരിഗണന എന്തായിരിക്കണം എന്ന് സമൂഹത്തിനെ ബോധ്യപ്പെടുത്തുന്നു.

- അച്ഛനെക്കുറിച്ചുള്ള പഴയ കാര്യങ്ങൾ ഓർക്കുമ്പോൾ പിതൃഭക്തി അയാളിൽ നിറയുന്നത് കാണാം. പാടത്ത് അധ്വാനിച്ച് ജന്മിയുടെ പത്തായം നിറയ്ക്കുന്നവന് അവസാന കാലത്ത് വരുന്ന ഇത്തരം അവസ്ഥകളെക്കുറിച്ച് കോരൻ ചിന്തിക്കുമ്പോൾ വർഗ ബോധം അയാളുടെ മനസ്സിൽ ഉയരുന്നു.
- എല്ലുമുറിയെ പണിയെടുത്ത് തന്റെ ഊർജ്ജം മുഴുവൻ ജന്മിക്കുവേണ്ടി ചെലവഴിച്ച കർഷകന്റെ അവസാനം ഇങ്ങനെയാണെന്ന് തിരിച്ചറിയുന്ന കോരനിലുണ്ടാവുന്നത് വിപ്ലവ ബോധമാണ്.

**2. ചിരുത**

- 'അധഃസ്ഥിതവർഗത്തിലെ ഇന്ദുലേഖ' എന്നാണ് ഈ കഥാപാത്രത്തെക്കുറിച്ച് മുണ്ടശ്ശേരി വിശേഷിപ്പിച്ചത്.
- കോരന്റെ ഭാര്യയാണ് ചിരുത.
- ഭർത്താവിനോട് അതിയായ സ്നേഹം അവൾക്കുണ്ട്.
- തനിയ്ക്ക് കഞ്ഞി വേണ്ടെന്ന് പറഞ്ഞ് വയറു വേദന നടിച്ച് കിടന്ന കോരനെ നിർബന്ധിച്ച് കഞ്ഞി കുടിപ്പിക്കുന്നതിൽ ചിരുതയുടെ ഭർതൃസ്നേഹം നമുക്ക് മനസ്സിലാക്കാം.
- കഞ്ഞി അൽപം മാറ്റി വെക്കുന്നിടത്തും ഈ സ്നേഹമാണ് തെളിയുന്നത്. അടുത്ത ദിവസം ഉച്ചയ്ക്ക് മാത്രമാണ് പാടത്ത് അധ്വാനിക്കുന്ന ഭർത്താവിന് ഭക്ഷണം കിട്ടുകയുള്ളു എന്ന് അറിയാവുന്നതു കൊണ്ട് രാവിലെ എന്തെങ്കിലും കുടിപ്പിച്ച് പറഞ്ഞയക്കണം എന്ന ചിരുതയുടെ ബോധം കോരനോടുള്ള അവളുടെ സ്നേഹവും കരുതലും വ്യക്തമാക്കുന്നു.
- ഭർത്താവിന്റെ കുടുംബഭാരത്തെ തന്നാലാവും വിധം കുറയ്ക്കുവാൻ ചിരുത ശ്രമിക്കുന്നുണ്ട്. വീട്ടിലിരുന്ന് മുറം നെയ്ത് അത് വിറ്റ് കിട്ടുന്ന കാശു കൊണ്ട് അരി വാങ്ങുന്നത് അതിനുള്ള തെളിവാണ്.
- കോരന്റെ അച്ഛൻ വന്നപ്പോൾ അയാളുടെ വയറു നിറയ്ക്കാൻ ചിരുത ശ്രമിക്കുന്നു.
- ചിരുത തന്റെ വിശപ്പകറ്റുന്നതിനേക്കാൾ കോരന്റെയും അവന്റെ അച്ഛന്റെയും വിശപ്പകറ്റാൻ ശ്രമിക്കുന്നു.ഇത് അവളുടെ കുടുംബ സ്നേഹം വ്യക്തമാക്കുന്നു.

**3. വെളുത്ത**

- കോരന്റെ അച്ഛൻ.
- അധ്വാനത്തിന്റെ മഹത്വം തിരിച്ചറിഞ്ഞ് പാടത്ത് എല്ലുമുറിയെ പണിയെടുത്ത് ഒരുപാടു പേരുടെ വിശപ്പകറ്റിയ കഥാപാത്രമാണ് വെളുത്ത.
- തന്റെ തീരുമാനങ്ങളിൽ ഒരിക്കലും മാറ്റം വരുത്താത്ത ആളാണെങ്കിലും മകനോടുള്ള പിണക്കം മറന്ന് വെളുത്ത അവനെ തേടിയെത്തുമ്പോൾ മകനോടുള്ള അയാളുടെ സ്നേഹം നമുക്ക് മനസ്സിലാക്കാം.
- വെളുത്തയുടെ അവസാനത്തെ ആഗ്രഹം അരിയിട്ടു തിളപ്പിച്ച വെള്ളം കുടിക്കുക എന്നതായിരുന്നു.
- കോരന്റെ വീട്ടിലെത്തിയ വെളുത്തയുടെ ചിത്രം വളരെ ദയനീയമായിരുന്നു.ശരീരമാകെ നീരു വന്ന് ചീർത്തിരിക്കുന്നു. എഴുന്നേറ്റ് നിൽക്കാൻ പോലും കഴിയാത്ത അവസ്ഥയിലാണ് അയാളിപ്പോൾ.
- നിറഞ്ഞ ആരോഗ്യവും ആനയുടെ കരുത്തും അപ്പനുണ്ടായിരുന്നുവെന്ന് കോരൻ ഓർക്കുന്നു.
- പുഞ്ചപ്പാടത്തിന്റെ വരമ്പിലൂടെ ഇനി കൃഷി നോക്കി നടക്കാൻ അയാൾക്കാവില്ല.ഒരു

പുറവേലിയിൽ നിന്ന് പാടത്തിന്റെ അങ്ങേയറ്റത്ത് നിൽക്കുന്ന പുലയനെ കൂകി വിളിക്കാൻ അയാൾക്ക് ഇനി ആവില്ല.

- കൃഷിക്കാരന്റെ വേലക്കാരനായിട്ട് എട്ടു വയസ്സിൽ കൂടിയതാണ് വെളുത്ത.എത്രയോ വർഷം അധ്വാനിച്ചു. ഈ വൃദ്ധന്റെ പ്രയത്നത്താൽ എത്രയോ വയറുകൾ നിറഞ്ഞിരുന്നുവെന്ന് കോരൻ ഓർക്കുന്നു. ഇതിലൂടെ വെളുത്തയുടെ ഇന്നലെകളെയാണ് എഴുത്തുകാരൻ നമുക്കു മുന്നിൽ തുറന്നിടുന്നത്.

**പിരിച്ചെഴുതുക**

| | |
|---|---|
| ഇക്കൊല്ലം | = ഇ + കൊല്ലം |
| പ്ലാവിലക്കഞ്ഞി | = പ്ലാവില + കഞ്ഞി |
| രാത്രിയിൽ | = രാത്രി + ഇൽ |
| അല്പമെങ്കിലും | = അല്പം + എങ്കിലും |
| വരമ്പിൽക്കൂടി | = വരമ്പിൽ + കൂടി |
| ഉഴക്കരി | = ഉഴക്ക് + അരി |
| പട്ടിണിക്കാലം | = പട്ടിണി + കാലം |
| അണുവിട | = അണു + ഇട |

**അപരിചിത പദങ്ങൾ**

| | |
|---|---|
| അത്താഴക്കരിക്കാടി | = അത്താഴത്തിനുള്ള കഞ്ഞി |
| കൊട്ടിൽ | = കുടിൽ |
| അക്ഷന്തവ്യം | = ക്ഷമിക്കാൻ കഴിയാത്ത. |
| കൃതകൃത്യത | = ചെയ്യേണ്ടത് ചെയ്തതിലുള്ള സംതൃപ്തി |

**വിഗ്രഹിക്കുക**

| | |
|---|---|
| പുരയിടം | = പുരയുടെ ഇടം |
| നെല്ലുവില | = നെല്ലിന്റെ വില |
| ചീത്തപ്പേര് | = ചീത്തയായ പേര് |

## പാഠപുസ്തകത്തിലെ ചോദ്യങ്ങളും അവയുടെ ഉത്തരങ്ങളും.

**1. ചുവടെ കൊടുത്തിരിക്കുന്നവ ശ്രദ്ധിക്കൂ.**

**"ഏനു മേണ്ട...................."**

**ഊഷ്മളമായ സ്നേഹബന്ധങ്ങളാണ് ജീവിതത്തിന് കരുത്തും കാന്തിയും പകരുന്നത്.-പാഠഭാഗം ആസ്പദമാക്കി പ്രസ്താവനയുടെ സാധുത ചർച്ചചെയ്യുക.**

രാപകൽ അധ്വാനിച്ചിട്ടും ജീവിക്കാനുള്ള വക കിട്ടാതെ ജന്മിയുടെ ചൂഷണത്തിന് വിധേയനായ കർഷകനാണ് കോരൻ. ഉച്ചയ്ക്ക് താൻ കഞ്ഞി കുടിച്ചെങ്കിലും ഭാര്യയായ ചിരുത ഒന്നും കഴിച്ചിട്ടില്ലെന്ന ചിന്ത അയാളെ അസ്വസ്ഥനാക്കുന്നു.അരിയും കപ്പയും വാങ്ങി കുടിലിലെത്തിയപ്പോൾ ചിരുത അത്താഴമുണ്ടാക്കി. പാകം ചെയ്തതു മുഴുവൻ ചിരുതകുടിക്കട്ടെ എന്നു കരുതി വയറുവേദന നടിച്ച് ഇരിക്കുകയാണ് കോരൻ.ഇതിൽ കോരന്റെ സ്നേഹം നിഴലിക്കുന്നു. ഭർത്താവ് കഴിച്ചില്ലെങ്കിൽ താനും കഴിക്കില്ലെന്ന ചിരുതയുടെ വാശിക്കു മുന്നിൽ കോരൻ കീഴടങ്ങുന്നു. ഭർത്താവിനെ പട്ടിണി കിടക്കാൻ അനുവദിക്കാത്ത ചിരുതയുടെ ആത്മാർത്ഥതയും ഇവിടെ വ്യക്തമാണ്. അടുത്ത ദിവസം പണിയ്ക്കുപോകേണ്ട കോരന് ഉച്ചതിരിഞ്ഞു മാത്രമേ ഭക്ഷണം കിട്ടു എന്നുള്ളതിനാൽ അൽപ്പം കഞ്ഞി രാവിലേക്ക് മാറ്റിവെക്കുന്ന ചിരുതയുടെ പ്രവൃത്തിയിൽ

നിന്നും കോരനോടുള്ള അവളുടെ കരുതൽ നമുക്ക് മനസ്സിലാക്കാം. കോരനും അപ്പനും തമ്മിലുള്ള കൂടിക്കാഴ്ച പിതൃപുത്രബന്ധത്തിന്റെ ആഴം വെളിപ്പെടുത്തുന്നു. കോരന്റെ അപ്പൻ വന്നപ്പോൾ മുറം വിറ്റ് കിട്ടിയ പണം കൊണ്ട് അരി വാങ്ങി കഞ്ഞിയുണ്ടാക്കി അപ്പനെ തീറ്റിക്കനാണ് ചിരുത ശ്രമിച്ചത്. കോരനോട് ഞങ്ങൾ കഞ്ഞി കുടിച്ചു എന്നു പറയുമ്പോൾ ഞാൻ മാത്രമാണ് കുടിച്ചെതെന്ന് പറഞ്ഞ് ചിരുതയുടെ വാക്കുകളെ ആ വൃദ്ധൻ തിരുത്തി.അച്ഛന്റെ വയറു നിറച്ചതിൽ ചിരുതയ്ക്ക് സംതൃപിതിയുണ്ട്. അപ്പനുവേണ്ടി അടുത്ത ദിവസത്തേക്ക് കഞ്ഞി മാറ്റി വെക്കുന്നതും കഥയിൽ കാണാം. വിവാഹത്തിനു മുമ്പ് ആരോഗ്യവതിയായ ചിരുത ഇന്ന് ഏറെ ക്ഷീണിച്ചുപോയിരിക്കുന്നു എന്ന് കോരന്റെ അപ്പൻ പരിതപിക്കുന്നു. പിണങ്ങിയ അപ്പനും മകനും പിണക്കം മറന്ന് സ്നേഹിച്ചതിൽ ചിരുതയ്ക്ക് സന്തോഷമുണ്ടായി..ജീവിതം ദാരിദ്ര്യം നിറഞ്ഞതാണെങ്കിലും ഉള്ളതു പങ്കുവെച്ച് പരസ്പരം കരുതലുള്ള അവരുടെ ജീവിതം ശ്രദ്ധേയമാവുന്നത് അതിരുകളില്ലാത്ത സ്നേഹത്തിന്റെ ദൃഢത കൊണ്ടാണെന്ന് നമുക്ക് മനസ്സിലാക്കാം.

**2. ''അതെന്തൊരു അക്ഷന്തവ്യമായ അപരാധമാണ്.....ന്യായീകരിക്കാവുന്നതല്ല''**
**കോരന്റെ ധാർമികബോധം വർത്തമാന സമൂഹത്തിൽ എത്രത്തോളം നിലനിൽക്കുന്നുണ്ട്. ? സ്വാഭിപ്രായം കുറിക്കുക.**

തന്റെ കുടിയിലെത്തിയ അപ്പന്റെ ദയനീയമായ അവസ്ഥകണ്ട് കോരന്റെ മനസ്സിൽ കുറ്റബോധം നിറയുന്നു.വിവാഹം കഴിഞ്ഞപ്പോൾ അപ്പനെ തനിച്ചാക്കി സ്വന്തം സുഖം നോക്കി പോയതിൽ കോരന് പശ്ചാത്താപമുണ്ട്. തന്നോടൊപ്പമായിരുന്നു അപ്പൻ കഴിഞ്ഞിരുന്നതെങ്കിൽ നീരുവന്ന് ചീർത്ത നിലയിലെക്ക് അപ്പൻ മാറില്ലായിരുന്നുവെന്ന് കോരൻ ചിന്തിക്കുന്നു.കോരന്റെ പശ്ചാത്താപം പുതിയ തലമുറയ്ക്കുള്ള പാഠമാണ്. വൃദ്ധരായ മാതാപിതാക്കളെ തനിച്ചാക്കി പോകുന്ന വർത്തമാന സമൂഹത്തിന് കോരന്റെ തിരിച്ചറിവ് മാതൃകയാണ്. ഈ തിരിച്ചറിവ് എല്ലാവർക്കും വേണമെന്ന പാഠമാണ് നോവലിലൂടെ തകഴി നൽകുന്നത്.

**3. ''തമ്പ്രാ ഏന് നെല്ല് കൂലി മതി ചക്രം മേണ്ട''**
**''രാത്രിയിൽ..............കോരൻ ചിന്തിച്ചു.''**
**എല്ലുമുറിയെ പണിയെടുത്തിട്ടും പട്ടിണി കിടക്കേണ്ടിവരുന്ന കർഷകത്തൊഴിലാളികളുടെ പ്രതിഷേധ സൂചനകളാണല്ലോ ഈ വരികളിൽ തെളിയുന്നത്.ഇത്തരത്തിലുള്ള കൂടുതൽ സന്ദർഭങ്ങൾ പാഠഭാഗത്തു നിന്നു കണ്ടെത്തി അക്കാലത്തെ സാമൂഹിക ജീവിതാവസ്ഥ വിമർശനാത്മകമായി വിലയിരുത്തുക.**

എല്ലുമുറിയെ പണിയെടുത്തിട്ടും കുട്ടനാടൻ കർഷകർ ദാരിദ്ര്യത്തിൽ നിന്നും കരകേറിയില്ല. നെല്ലിനുവേണ്ടി ജന്മിയുടെ മുന്നിൽ വാദിച്ചുവെങ്കിലും ഒരു രൂപ കോരന് കൂലിയായി കിട്ടി. അരിയന്വേഷിച്ച് നടന്നപ്പോൾ രാത്രിയുടെ മറവിൽ നടന്ന നെല്ലുകടത്ത് അവൻ കണ്ടുപിടിച്ചു. അത് പരസ്യപ്പെടുത്തണമെന്ന ആഗ്രഹം കോരനുണ്ടായിരുന്നു. കോരന്റെ പ്രതിഷേധമാണ് അവിടെ ജ്വലിക്കുന്നത്. ജോലിയ്ക്ക് പോകാതിരുന്നാലെന്തെന്നു കൂടി അവൻ ചിന്തിച്ചു. ജന്മിമാർ നെല്ല് പൂഴ്ത്തിവെച്ച് കൂടുതൽ വിലയ്ക്കു വിൽക്കുന്ന സാമൂഹികാവസ്ഥ നോവൽ വ്യക്തമാക്കുന്നു.കോരന്റെ അപ്പൻ അരിയിട്ട് തിളപ്പിച്ച വെള്ളം കുടിച്ചിട്ട് 10 ദിവസമായി എന്നു പറയുന്നിടത്തുതന്നെ അന്നത്തെ കർഷകർ അനുഭവിച്ച ദുരിത ജീവിതം നമുക്ക് തിരിച്ചറിയാം. തന്റെ ജീവിതം പൂർണമായും കൃഷി ഭൂമിയിൽ അർപ്പിച്ച് ജന്മിയുടെ പത്തായം നിറച്ച കഠിനാധ്വാനിയായ അപ്പന്റെ അവസാനകാലം ഒരു നീറ്റലും പ്രതിഷേധവുമായി കോരനിൽ നിറഞ്ഞു. കിട്ടുന്ന കൂലികൊണ്ട് ഒരിക്കൽപോലും നെല്ല് വാങ്ങാൻ കഴിയാത്തതുകൊണ്ട് തന്നെ ദാരിദ്ര്യം തന്നെയാണ് അവരുടെ നിത്യജീവിതത്തിൽ ഉണ്ടായിരുന്നത്.കേരളീയ കർഷകന്റെ ഈ ദയനീയ ജീവിതത്തിൽ നിന്നുയർന്ന പ്രതിഷേധമാണ് പിന്നീട് കേരളത്തിന്റെ ചരിത്രത്തെ തന്നെ മാറ്റിമറിച്ചത്.

## കൂടുതൽ ചോദ്യങ്ങൾ

**1.“അവിടെങ്ങും നെല്ല് കണികാണാനില്ല.ഒള്ളോൻ വെളി കാണിക്കത്തില്ല.രാത്രീല് ഏഴു രൂപയാ വെല ”– കോരന്റെ അപ്പന്റെ വാക്കുകളിൽ തെളിയുന്ന ഭാവമെന്ത് ?**

- **പരിഹാസം**
- **പരിഭവം**
- **അമർഷം**
- **അത്ഭുതം**

അമർഷം

**2. ‘ആ ദിവസം കോരന്റെ ജീവിതത്തിലെ സ്മരണീയ ദിവസമായിരുന്നു. അവന്റെ ഒരുദിവസത്തെ കൂലിയിലെ കടം അന്ന് അവൻ വീട്ടി കഴിഞ്ഞു.’ – അടിവരയിട്ട പ്രയോഗം സൂചിപ്പിക്കുന്നതെന്ത് ?**

പുത്രൻ എന്ന നിലയിൽ കടമ നിർവഹിച്ചതിന്റെ സംതൃപ്തി.

**3. “തമ്പ്രാ ഏനു നെല്ല് കൂലി മതി.ചക്രം മേണ്ട”–കോരൻ ഇങ്ങനെ പറയാനുള്ള കാരണമെന്ത് ?**

പാടത്ത് അധ്വാനിക്കുന്നവന് നെല്ല് കൂലിയായി കിട്ടിയിരുന്ന കാലമുണ്ടായിരുന്നു. അന്ന് വിശപ്പറിയാതെ അവൻ ജീവിച്ചു. എന്നാൽ പുഷ്പവേലിൽ ഔസേപ്പിന്റെ നിലത്ത് ജോലി ചെയ്തവർക്ക് നെല്ലിനു പകരം പണമാണ് കൊടുക്കുന്നത്. ഇത് ഒരു നേരത്തെ അരി വാങ്ങാൻ തന്നെ തികയുകയില്ല. കോരന് നെല്ല് തന്നെ കിട്ടണമെന്നുണ്ട്. വീട്ടിലിരിക്കുന്ന ചിരുതയുടെ വിശപ്പ് മാറ്റാൻ നെല്ല് കൂലിയായി കിട്ടിയേ തീരൂ. കോരൻ പണത്തിനു പകരം നെല്ല് ആവശ്യപ്പെട്ടെങ്കിലും നെല്ലിന് വില കൂടിയപ്പോൾ പണം കൂലിയായി നൽകി.ഇവർക്ക് കൊടുക്കേണ്ട നെല്ല് കൂടിയ വിലയ്ക്കു വിറ്റ് ലാഭം കൊയ്യുകയാണ് ജന്മിമാരുടെ ലക്ഷ്യം. കൂലിയായി കിട്ടിയ പണം കൊണ്ട് അരിയന്വേഷിച്ച് നടന്നിട്ട് പ്രയോജനമില്ലെന്ന് കോരനറിയാം. കിട്ടുന്ന പണം ഒരു നേരത്തെ ഭക്ഷണത്തിനു തന്നെ തികയില്ല എന്നതുകൊണ്ടാണ് നെല്ല് കൂലിയായി കിട്ടണമെന്ന് കോരൻ ആവശ്യപ്പെട്ടത്.

**4. രാത്രിയുടെ കൂരിരുട്ടിൽ നടക്കുന്ന ചില വ്യാപാരങ്ങൾ കോരൻ കണ്ടു. കോരന്റെ തിരിച്ചറിവുകൾക്കും പ്രതിഷേധത്തിനും ഈ കാഴ്ച എത്രത്തോളം സഹായകമായി വിലയിരുത്തുക.?**

എല്ലുമുറിയെ പണിയെടുക്കുന്ന കർഷകന് ഒരു നേരമെങ്കിലും വയറു നിറച്ച് ഉണ്ണുവാൻ കഴിയാത്ത തരത്തിലുള്ള ദുരിതമാണ് കുട്ടനാട്ടിലെ കർഷകർ നേരിട്ടത്. നെല്ല് കൂലിയായി കിട്ടേണ്ട സ്ഥാനത്ത് ചെറിയ പണം നൽകി അവരെ കബളിപ്പിക്കുകയാണ് ജന്മിമാർ ചെയ്തത്. നെല്ലുവില കൂടി വന്നപ്പോൾ അടിയാളർക്കു നൽകേണ്ട നെല്ലു പോലും മറച്ചുവിറ്റ് പണം ഉണ്ടാക്കുന്നവർ ചെറിയ തുക കൂലിയായി നൽകി കർഷകരെ ചൂഷണം ചെയ്യുന്നു. കർഷകന് കിട്ടുന്ന തുക കൊണ്ട് ഒരു നേരത്തെ അരി പോലും വാങ്ങാൻ കഴിയില്ലെന്നതാണ് വാസ്തവം. അരി തേടി നടന്ന കോരന് രാത്രിയുടെ മറവിൽ നെല്ല് വള്ളത്തിൽ കയറ്റി കടത്തിക്കൊണ്ടു പോകുന്ന കാഴ്ച കണ്ടപ്പോൾ തന്നെ നെല്ല് കൂലിയായി തരാത്തതിന്റെ കാരണം മനസ്സിലായി. കർഷകർ കബളിപ്പിക്കപ്പെടുകയാണെന്ന തിരിച്ചറിവ് പ്രതിഷേധിക്കുവാനുള്ള ഊർജ്ജം കോരനിലുണ്ടാക്കി. ഇതുകൊണ്ടാണ് ഈ കാഴ്ച പരസ്യപ്പെടുത്തണമെന്നും അടുത്ത ദിവസം നെല്ല് തന്നെ കൂലിയായി കിട്ടണമെന്നുമുള്ള ചിന്ത കോരനുണ്ടായത്.

**5. ‘അങ്ങനെ പാതിരയ്ക്കു ശേഷം ആ കുടിലിൽ വെളിച്ചമുണ്ടായി’ – വരികൾ നൽകുന്ന ആശയ സാധ്യത പരിശോധിക്കുക ?**

ദാരിദ്ര്യത്തിന്റെ ആഴമേറിയ ചിത്രങ്ങൾ രണ്ടിടങ്ങഴിയിൽ കാണാം.ഭാര്യയുടെ വയറു നിറ



visit www.shenischool.in or whatsapp 7012498606

ക്കാൻ അരിയന്വേഷിച്ച് നടന്ന് അരിയും കപ്പയും വാങ്ങി കോരൻ വീട്ടിലെത്തിയപ്പോഴാണ് അവിടെ അടുപ്പെരിഞ്ഞത്. പാതിരാത്രിക്ക് കോരന്റെ ഭാര്യയായ ചിരുത ഭക്ഷണം പാകം ചെയ്യുമ്പോൾ അടുപ്പിൽ നിന്നും തീയുടെ വെളിച്ചം അവിടെയാകെ പരന്നു. ഈ വെളിച്ചം തീയുടെ വെളിച്ചം മാത്രമല്ല. ദാരിദ്ര്യത്തിനിടയ്ക്ക് അന്നത്തെ വിശപ്പകറ്റാനുള്ള ഭക്ഷണം കിട്ടിയ സന്തോഷം കൂടി യാണ്. കോരന്റെ മനസ്സിലെ സംതൃപ്തിയും കോരനും ചിരുതയും തമ്മിലുള്ള സ്നേഹത്തിന്റെ തിളക്കവും ഇതിൽ നിഴലിക്കുന്നു.

**6. കർഷകരോടുള്ള ജന്മികളുടെ ചൂഷണത്തിന്റെ ചിത്രം പാഠഭാഗത്ത് കാണാം. ഉദാഹ രണ സഹിതം വ്യക്തമാക്കുക ?**

നെല്ലിന് വില കൂടിയതിനാൽ അടിയാളന് നെല്ല് കൊടുക്കാതെ തുച്ഛമായ പണം നൽകു കയും നെല്ല് മറിച്ച് വിൽക്കുകയും ചെയ്യുന്നതിൽ നിന്ന് കർഷകരോടുള്ള ജന്മിയുടെ ചൂഷണ മാണ് വ്യക്തമാകുന്നത്. നെല്ല് കൂലിയായി കൊടുത്താൽ അത് പൊട്ടവിലയ്ക്ക വിൽക്കുമെന്ന ന്യായം പറഞ്ഞ് ചെറിയപണം മാത്രം കൂലിയായി കൊടുത്ത് അവരെ കബളിപ്പിക്കാനാണ് ജന്മി മാർ ശ്രമിക്കുന്നത്. പാടത്ത് പണിയെടുക്കുന്നവന് വയറ് നിറച്ച് ഉണ്ണാനുള്ള വക നൽകാതെ രാത്രിയുടെ മറവിൽ നെല്ല് മറിച്ച് വിൽക്കുന്നത് കാണാം. അത്യധികം ആരോഗ്യമുണ്ടായിരുന്ന കോരന്റെ അപ്പന്റെ അവസനകാല ചിത്രത്തിൽ നിന്ന് ചൂഷണത്തനിരയായി തളർന്നു പോകുന്ന അടിയാളന്റെ ജീവിതം വായനക്കാരന് വ്യക്തമാകും.

**7. കോരന്റെ അച്ഛൻ ആവശ്യശേഷം വലിച്ചെറിയപ്പെടുന്ന അടിയാള ജീവിതത്തിന്റെ പ്രതിനിധിയാണോ? വിലയിരുത്തി കുറിപ്പ് തയാറാക്കുക ?**

ജീവിതകാലം മുഴുവൻ ജന്മിയുടെ പത്തായം നിറയ്ക്കാനും അവരുടെ വിശപ്പകറ്റാനും ശ്രമിച്ച എല്ലാ കർഷകരുടെയും അവസാന കലത്തെ ദയനീയ ചിത്രത്തിന് ഉദാഹരണമാണ് കോരന്റെ അപ്പനായ വെളുത്ത. ആയകാലത്ത് തന്റെ അധ്വാനം കൊണ്ട് ജന്മിയുടെ വയറ് നിറച്ചെങ്കിലും ഒരു കുമ്പിൾ കഞ്ഞി പോലും വകയില്ലാത്ത രീതിയിലേക്ക് അയാൾ മാറുന്നത് പാഠഭാഗത്ത് കാണാം.അയാളുടെ അവസാനത്തെ ആഗ്രഹം അരിയിട്ടു തിളപ്പിച്ച വെള്ളം കുടിക്ക ണമെന്നാണ്.തന്റെ അധ്വാനം കൊണ്ട് എത്രയോ പറ നെല്ല് ജന്മിക്ക് ഉണ്ടാക്കി കൊടുത്ത വെളു ത്തയ്ക്ക് അരി ഭക്ഷണം കിട്ടാത്തത് തീർത്തും അന്യായമായ വസ്തുതയാണ്.ശ്വാസം പോലും വലിയ്ക്കാൻ കഴിയാതെ കിതച്ചു പോകുന്ന വാർദ്ധക്യത്തിന്റെ ഏറ്റവും ദയനീയമായ അവസ്ഥ യിലേക്ക് അവസാനതുള്ളി ചോരയും വലിച്ചെടുത്ത് തള്ളിവിടുന്ന ജന്മിത്തത്തെ നമുക്കിവിടെ കാണാം.

**8. 'ജീവിതത്തിന് എന്തെന്നു സംഭാവനകൾ ചെയ്ത ഒരു ജീവിതത്തിന്റെ അവസാന അധ്യായങ്ങളാണ് ഒരു കുറുകുറുപ്പോടെ അവിടെ വലിച്ചു കഴിയുന്നത്.'-വൃദ്ധൻ നൽകിയ സംഭാവനകൾ എന്തെല്ലാം ? ഇന്നത്തെ അയാളുടെ ചിത്രമെന്താണ് ? വ്യക്ത മാക്കുക.**

എട്ടാമത്തെ വയസ്സിൽ അധ്വാനം തുടങ്ങിയ കോരന്റെ അപ്പൻ ജന്മിയുടെ സമ്പത്ത് വർദ്ധി പ്പിക്കുക മാത്രമേ ചെയ്തിട്ടുള്ളു.എത്രയോ പറ നെല്ല് അറുപത്തിരണ്ട് വയസ്സിനിടയിൽ അയാൾ ഉണ്ടാക്കിയിരുന്നു. തന്റെ അധ്വാനത്തിന്റെ മികവു കൊണ്ട് എത്രയോ പേരുടെ വിശപ്പകന്നു. താൻ വിതച്ച് കൊയ്തതൊന്നും സ്വാതന്ത്ര്യത്തോടെ അനുഭവിക്കാൻ അയാൾക്കാവില്ല.ജന്മികൾ അയാ ളുടെ അവസാനത്തെ ഊർജ്ജവും ഊറ്റിയെടുത്തിരുന്നു.തങ്ങൾക്കു വേണ്ടി പണിയെടുത്തവനെ അധ്വാനിക്കാനുള്ള ശേഷിയില്ലാതാവുമ്പോൾ കയ്യൊഴിയാൻ മാത്രമേ ജന്മികൾക്കാവുകയുള്ളു. അതിന്റെ നേർ ചിത്രമാണ് കോരന്റെ അപ്പനായ വെളുത്ത. ആനയുടെ കരുത്തുണ്ടായിരുന്ന അയാൾക്ക് നെല്പാടത്തിന്റെ അങ്ങേയറ്റത്തുള്ള പുലയനെ കൂവി വിളിക്കാൻ ഒരു കാലത്ത് പറ്റു മായിരുന്നെങ്കിൽ ഇന്ന് ശ്വാസം പോലും വലിക്കാൻകഴിയാതെ ശരീരം മുഴുവൻ നീരു വന്ന് അയാൾ

തളർന്നിരിക്കുന്നു.

**9. ഭർത്താവിനെ ഊട്ടാൻ ശ്രമിക്കുന്ന ഭാര്യയെയും ഭാര്യയെ കരുതലോടെ പരിഗണിക്കുന്ന ഭർത്താവിനെയും പ്ലാവിലക്കഞ്ഞിയിൽ കാണാം-ഉചിതമായ സന്ദർഭങ്ങൾ കണ്ടെത്തി പ്രസ്തവന വിശകലനം ചെയ്യുക.**

താൻ പണിക്കുപോയ സ്ഥലത്തു നിന്നും വിശപ്പകറ്റിയെങ്കിലും ഭാര്യയായ ചിരുത ഒന്നും കഴിക്കാതെ വീട്ടിലിരിക്കുകയാണെന്ന ചിന്ത കോരനെ അസ്വസ്ഥനാക്കി.കിട്ടിയ പണവും കൊണ്ട് അരി വാങ്ങിയ കോരൻ വീട്ടിലെത്തി. അത്താഴമുണ്ടാക്കുമ്പോൾ മുഴുവൻ അവൾക്കു നൽകാനായി വയറു വേദന നടിച്ചു കിടക്കുകയാണ് കോരൻ . കോരന്റെ ചിരുതയോടുള്ള അതിയായ സ്നേഹമാണ് ഇവിടെ വ്യക്തമാകുന്നത്.എന്നാൽ അത്തഴം കഴിക്കണമെന്ന ചിരുതയുടെ നിർബന്ധത്തിന് കോരന് വഴങ്ങേണ്ടി വന്നു. കോരൻ കഴിച്ചില്ലെങ്കിൽ താനും കഴിക്കില്ലെന്ന വാശിയാണ് ചിരുതയ്ക്ക്. കഞ്ഞി കുടിക്കുന്നുവെന്ന് ഭാവിക്കുക മാത്രമാണ് കോരൻ ചെയ്തത്. കൂടുതലും അവളെ കൊണ്ട് കുടിപ്പിക്കാനാണ് കോരൻ ശ്രമിക്കുന്നത്. കഞ്ഞിയിൽ നിന്നും കോരൻ കാണാതെ അൽപ്പം മാറ്റിവെച്ചെങ്കിലും അയാൾ അത് കണ്ടുപിടിക്കുന്നു. എന്തിനാണ് ഇങ്ങനെ ചെയ്തത് എന്നതിന് ചിരുതയ്ക്ക് കൃത്യമായ ഉത്തരമുണ്ട്. അടുത്തദിവസം ഉച്ചയ്ക്കു മാത്രമേ കോരൻ എന്തെങ്കിലും കഴിക്കാനവൂ. അതിനാൽ രാവിലെ ഇത്തിരിയെന്തെങ്കിലും കുടിച്ചുപോകാമെന്നുള്ളതിനാലാണ് ചിരുത അങ്ങനെ ചെയ്തത്. ഇതിൽ ചിരുതയ്ക്ക് കോരനോടുള്ള സ്നേഹവും കരുതലുമാണ് നമ്മൾ തിരിച്ചറിയുന്നത്.

**10. 'അത് കണ്ണ് തണുപ്പിക്കുന്ന ഒരു കാഴ്ച തന്നെയായിരുന്നു.' ഈ പ്രയോഗം നോവൽ സന്ദർഭത്തിനു നൽകുന്ന സവിശേഷത വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.**

വിവാഹശേഷം അച്ഛനുമായുണ്ടായ കലഹം കാരണം വീടു വിട്ടിറങ്ങിയതാണ് കോരനും ഭാര്യയായ ചിരുതയും. നാളുകൾക്കു ശേഷം പിണക്കമെല്ലാം മറന്ന് കോരന്റെ അപ്പനായ വെളുത്ത കോരനെ തേടിയെത്തി. ജോലി കഴിഞ്ഞെത്തിയ കോരൻ കാണുന്നത് തന്റെ ഭാര്യയോട് സ്നേഹത്തോടെ സംസാരിച്ചിരിക്കുന്ന അപ്പനെയാണ്.തന്റെ ഭാര്യയായ ചിരുതയെ അപ്പൻ 'മോളെ' എന്നു വിളിക്കുന്നത് കേട്ട് കോരന്റെ മനസ്സ് നിറഞ്ഞു.കണ്ണിന് കുളിർമയേകുന്ന കാഴ്ചയായിരുന്നു അത് എന്നാണ് നോവലിസ്റ്റ് വ്യക്തമാക്കുന്നത്. അപ്പനും മകനും തമ്മിലുള്ള പുനഃസമാഗമത്തിന്റെ സന്ദർഭം എത്രത്തോളം കോരനിൽ സന്തോഷമുണ്ടാക്കുന്നുവെന്ന് തെളിയിക്കാൻ ഈ പ്രയോഗത്തിന് കഴിയുന്നുണ്ട്.

**11. 'ചിരുത <u>കൃതകൃത്യയായി</u>' - അടിവരയിട്ട പദം സന്ദർഭത്തിനു നൽകുന്ന സവിശേഷാർത്ഥം കുറിക്കുക.**

പിണക്കമെല്ലാം മറന്ന് മകനായ കോരനെ കാണാനെത്തിയ അപ്പനെ കണ്ടപ്പോൾ കോരന് സന്തോഷമായി അച്ഛന് കഴിക്കാനെന്തെങ്കിലും കൊടുത്തോ എന്ന് കോരൻ ചോദിച്ചപ്പോൾ മുറം വിറ്റ് കിട്ടിയ പണം കൊണ്ട് അരി വാങ്ങി ഞങ്ങൾ രണ്ടു പേരും കുടിച്ചു എന്ന് ചിരുത മറുപടി കൊടുത്തു. എന്നാൽ ചിരുതയുടെ ഞങ്ങൾ എന്ന പ്രയോഗത്തെ കോരന്റെ അപ്പൻ തിരുത്തി. ഞാനാണ് കഞ്ഞി മുഴുവൻ കുടിച്ചതെന്നും അവൾ കഞ്ഞി കോരികോരി തന്ന് തന്നെ തീററിക്കുകയുമായിരുന്നെന്ന് അപ്പൻ കോരനോട് പറഞ്ഞു. അപ്പന്റെ വാക്കുകൾ കേട്ട് തന്റെ കടമ നിറവേറ്റിയതായി ചിരുതയ്ക്കു തോന്നി. അതിൽ അവൾക്കുണ്ടായ സംതൃപ്തിയെ കാണിക്കുവാനാണ് നോവലിസ്റ്റ് കൃതകൃത്യയായി എന്ന

പദം പ്രയോഗിച്ചത്.

**12. ''നെല്ലില്ല പിശാശുക്കള്''**
**''നെല്ല് കൊണ്ടുചെന്ന് വല്ല പീടികയിലും പെട്ടവിലയ്ക്ക് വിൽക്കാനാണ്''**
**''അല്ല തമ്പ്രാ അത്താഴകരിക്കാടിക്കാ..''**
**ജന്മിയുടെയും കോരന്റെയും സംഭാഷണത്തിൽ തെളിയുന്ന ജീവിതാവസ്ഥയെക്കുറിച്ച് കുറിപ്പ് തയാറാക്കുക.**

അധ്വാനത്തിന്റെ കൂലി നെല്ലായി തരണമെന്ന് കോരൻ പറഞ്ഞപ്പോൾ അതിന്റെ ആവശ്യം തിരിച്ചറിയാൻ ജന്മിയ്ക്കു കഴിഞ്ഞില്ല. പകലന്തിയോളം അധ്വാനിച്ചിട്ടും അർഹതപ്പെട്ട കൂലി യാചിച്ചു വാങ്ങേണ്ട ഗതികേടിലാണ് കർഷകർ. ജന്മിമാർ നൽകുന്ന കാശ് ഒരു നേരത്തെ ഭക്ഷണത്തിനുപോലും തികയില്ലെന്ന് കോരനറിയാം. നെല്ല് ചോദിക്കുമ്പോൾ കൊടുക്കാതിരിക്കാൻ ജന്മിമാർ നിരത്തുന്ന ന്യായം വിചിത്രമാണ്. നെല്ല് കൂലിയായി വാങ്ങി ചെറിയ വിലയ്ക്കു വിറ്റു കളയനാണ് കർഷകർ ശ്രമിക്കുന്നതെന്ന് ജന്മിമാർ പറയുന്നു. അന്നന്ന് കിട്ടുന്ന കൂലി കൊണ്ട് ജീവിതം മുന്നോട്ടു നീക്കുന്ന കർഷകന്റെ വിശപ്പിനെ തിരിച്ചറിയാനുള്ള കഴിവ് മൂന്നു നേരവും വയറ് നിറച്ച് ഭക്ഷണം കഴിക്കുന്ന ജന്മിമാർക്കില്ല.അടിയാളന്റെ അവസാനത്തെ തുള്ളി ചോരയും വറ്റിക്കുന്ന രീതിയിൽ പണിയെടുപ്പിക്കുന്ന ജന്മിയ്ക്കി തങ്ങളുടെ ജീവിതം മാത്രമാണ് ലക്ഷ്യം.

**13. 'കോരൻ ആ ചക്രവും മടിയിലിട്ട് ഊന്നി നടന്നു.'**
**'അയാളുടെ പ്രസംഗത്തിനിടയിൽ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെപ്പറ്റി ഊന്നിപ്പറയുകയുണ്ടായി.'**
**അടിവരയിട്ട പദത്തിന്റെ അർത്ഥവ്യത്യാസം കുറിക്കുക**

രണ്ടു വാചകങ്ങളിലും വ്യത്യസ്ത അർത്ഥങ്ങളിലാണ് ഊന്നി എന്ന പദം പ്രയോഗിച്ചിരിക്കുന്നത്. ഭാര്യയുടെ വിശപ്പകറ്റാൻ ഇത്തിരി അരിയെങ്കിലും സംഘടിപ്പിക്കുക എന്നത് കോരന്റെ ശക്തമായ ആവശ്യമാണ്.ഈ ആവശ്യത്തിന്റെ പ്രാധാന്യം നിറവേറ്റാനുള്ള ആത്മാർത്ഥമായ ശ്രമത്തെ സൂചിപ്പിക്കാനാണ് ഊന്നി നടന്നു എന്ന് പറഞ്ഞത്. എന്നാൽ രണ്ടാമത്തെ വാചകത്തിൽ താൻപറയുന്ന കാര്യങ്ങൾ കുറച്ചുകൂടി പ്രാധാന്യത്തോടെ എടുത്തു പറയുവാനാണ് ഊന്നിപ്പറയുക എന്ന് പ്രയോഗിച്ചത്. തന്റെ കാഴ്ചപ്പാടിനെ ഉറപ്പിച്ച് പറയുകയാണ് പ്രസംഗകൻ.

**14. രാത്രിയിൽ നടക്കുന്ന നെല്ലുവ്യാപാരത്തെ പരസ്യപ്പെടുത്താനുള്ള തീരുമാനത്തിൽ നിന്നും കോരൻ പിൻമാറാനുള്ള കാരണമെന്ത് ?**

നെല്ല് കൂലിയായി കിട്ടിയില്ലെങ്കിൽ പണിക്കു പോകാതിരുന്നെങ്കിലോ എന്ന് കോരൻ ചിന്തിക്കുന്നു. എന്നാൽ തന്റെ കൂടെയുള്ളവർ തനിക്കൊപ്പം നിൽക്കാതെ പണിയ്ക്കു പോകുമെന്ന് കോരനറിയാം. പ്തികരിക്കാനുള്ള ബോധം ഉദിച്ചിട്ടില്ലാത്ത കുട്ടനാട്ടിലെ കർഷകത്തൊഴിലാളികൾക്കിടയിൽ ചിന്തിക്കുന്ന കഥാപാത്രമാണ് കോരൻ. നെല്ല് വ്യാപാരം പരസ്യപ്പെടുത്തിയാൽ താൻ ഒറ്റപ്പെടുകയേ ഉള്ളൂ എന്ന് കോരനറിയാം അതുകൊണ്ടാണ് കോരൻ അതിന് മുതിരാതിരുന്നത്.

**15. ''ഇത് കഞ്ഞികുടിക്കുന്നെന്ന ബാവമേ ഉള്ളൂ.**
**അല്ലടി ഏൻ കുടിക്കുവാ**

**എടീ കള്ളീ നീയത് ഒളിച്ചു മച്ചിരുന്നോ**
**എന്തിനായിത് നാഴി അരി അല്യോ മച്ചൊള്ളു.''**

**ഹൃദയത്തിലെ സ്നേഹമാണ് വാക്കുകളായി ഒഴുകുന്നത്.**

**ചിരുതയും കോരനും അപ്പനും തമ്മിൽസ്നേഹബന്ധത്തിന്റെ നനവ് എത്രത്തോളമുണ്ട് ? വിലയിരുത്തുക.**

ദാരിദ്ര്യത്താൽ നിറഞ്ഞ ജീവിതമാണെങ്കിലും ഉള്ളത് പങ്കുവെക്കാനുള്ള കോരന്റെയും ചിരുതയുടെയും മനസ്സ് ശ്രദ്ധേയമാണ്. വയറ് നിറഞ്ഞില്ലെങ്കിലും പരസ്പരമുള്ള പരിഗണനകൊണ്ട് അവരുടെ മനസ്സ് നിറയുന്നുണ്ട്. ചിരുതയുടെ വിശപ്പകറ്റാൻ വയറുവേദനയാണെന്നു പറഞ്ഞ് ഉള്ളതു മുഴുവൻ അവളെക്കൊണ്ട് കുടിപ്പിക്കാൻ ശ്രമിക്കുകയാണ് കോരൻ ഇതിൽ നിന്നും ചിരുതയോടുള്ള കോരന്റെ അതിയായസ്നേഹം നമുക്ക് കാണാം. കോരൻ കഴിച്ചില്ലെങ്കിൽ താനും കഴിക്കില്ല എന്ന ചിരുതയുടെ വാശിയും സ്നേഹത്തിൽ നിന്നുണ്ടായതാണ്.അതേപോലെ തന്റെ ഭർത്താവിനെ ഊട്ടാനാണ് ചിരുതയ്ക്ക് തിടുക്കം. താൻ കഴിച്ചില്ലെങ്കിലും ഉള്ളതിൽ നല്ലൊരു ഭാഗം രാവിലെ പണിക്കു പോകേണ്ട കോരന് വേണ്ടി മാറ്റിവെക്കുന്ന ചിരുത തന്റ ഭർത്താവിന് നൽകുന്ന കരുതൽ ചെറുതല്ല. അപ്പനെ ഊട്ടുന്ന ചിരുതയുടെ ഭാവത്തിൽ നിന്നും മറ്റുള്ളവരുടെ വിശപ്പ് അകറ്റുന്നതിൽ അവൾ അനുഭവിക്കുന്ന സംതൃപ്തി നമുക്ക് തിരിച്ചറിയാം.തന്റെ അപ്പനെ ചിരുത ഊട്ടുന്നതും അപ്പൻ അവളോടു കാണിക്കുന്ന വാത്സല്യവും കോരന്റെ മനസ്സിനെ കുളിരണിയിക്കുന്നു. സ്നേഹബന്ധങ്ങളുടെ ആഴം ഈ മൂന്നു പേരുടെയും ഇടപെടലിൽ നിന്ന് നമുക്ക് മനസ്സിലാക്കാം.

**16. കോരന്റെ ജീവിതത്തിലെ സുപ്രധാന ദിവസമായി അയാൾ കാണുന്നത് എന്നായിരുന്നു ?**


അച്ഛന് വയറു നിറച്ച് കഞ്ഞി കൊടുത്ത ദിവസം

# 2 ഓരോ വിളിയും കാത്ത്

**യു.കെ.കുമാരൻ**

- മലയാളത്തിലെ അറിയപ്പെടുന്ന ചെറുകഥാകൃത്തും നോവലിസ്റ്റുമാണ് യു.കെ.കുമാരൻ.
- ഇദ്ദേഹത്തിന്റെ വയലാർ പുരസ്കാരം നേടിയ കൃതിയാണ് **തക്ഷൻകുന്ന് സ്വരൂപം**

**ഓരോ വിളിയും കാത്ത് - കഥയെക്കുറിച്ച്.....**



- ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള ആഴമേറിയ ബന്ധം കഥയിൽ കാണാം.
- വൃദ്ധർ അനുഭവിക്കുന്ന ഒറ്റപ്പെടലാണ് കഥ മുന്നോട്ടു വെക്കുന്നത്.
- കുടുംബത്തിലെ ഓരോ അംഗവും തമ്മിലുള്ള തെളിമയാർന്ന ബന്ധം കഥയിലുണ്ട്. അച്ഛൻ സമൂഹവുമായി പുലർത്തിയതും ഈ ബന്ധം തന്നെയാണ്.
- അച്ഛൻ എന്ന കഥാപാത്രം നേരിട്ട് കഥയിൽ എത്തുന്നില്ല. മറിച്ച് അമ്മയുടെയും മകന്റെയും ഓർമകളിലൂടെയാണ് അച്ഛന്റെ ചിത്രം വായനക്കാർക്ക് കിട്ടുന്നത്.
- തഴക്കം വന്ന കർഷകനാണ് ഇതിലെ അച്ഛൻ. മണ്ണിനെ തൊട്ടറിഞ്ഞ കൃഷിക്കാർക്കുള്ള ശക്തമായ ഉദാഹരണമാണ് ഇദ്ദേഹം.
- ഒരു വീട്ടിൽ സ്ത്രീകൾ അനുഭവിക്കുന്ന വിശ്രമമില്ലാത്ത ജീവിതത്തിന്റെ അടയാളമാണ് ഈ കഥയിലെ അമ്മ.
- അച്ഛന്റെ മരണശേഷം ഉത്തരവാദിത്തം കൂടിയെന്നാണ് അമ്മ വിശ്വസിക്കുന്നത്. അച്ഛൻ നന്നായി നോക്കിയ പാടവും പറമ്പും ഉപേക്ഷിച്ചു വരാൻ തനിയ്ക്കാവില്ലെന്ന് അമ്മ പറയുന്നു.
- വാർദ്ധക്യം എന്നത് ജരാനരകളുടെ കാലം മാത്രമല്ല.അകത്തിരുന്ന് പാടത്തെയും പറമ്പിലെയും കാര്യങ്ങൾ കൃത്യമായി പ്രവചിക്കാൻ കഴിയുന്ന തരത്തിലേക്ക് മാറുന്ന അച്ഛൻ അനുഭവജ്ഞാനത്തിന്റെ തളരാത്ത വെളിച്ചമാണെന്നുകൂടി മനസ്സിലാക്കണം.



## പാഠസംഗ്രഹം സൂചനകളിലൂടെ............

- അച്ഛൻ ഇല്ലാത്ത വീട്ടിൽ അമ്മ തനിച്ചു താമസിക്കുന്നത് എങ്ങനെയെന്ന് മകൻ ആലോചിക്കുന്നു.
- അച്ഛൻ എപ്പോഴും അമ്മയെ വിളിച്ചുകൊണ്ടിരിക്കും. എവിടെ വെച്ച് വിളിച്ചാലും അമ്മ വിളി കേൾക്കും. ഇല്ലെങ്കിൽ അച്ഛൻ കോപിയ്ക്കും. ഇനി വിളിക്കാൻ അച്ഛനില്ല.
- അച്ഛനില്ലാത്ത വീട്ടിൽ അമ്മയെ തനിച്ചാക്കി പോകുവാൻ മകന് സങ്കടമുണ്ട്.
- ദുഃഖം മനസ്സിലൊതുക്കി താൻ തനിച്ചാകുന്ന പ്രശ്നമില്ലെന്നും നീ നഗരത്തിലേക്ക് പോയ്ക്കോളൂ എന്നും അമ്മ പറഞ്ഞു.
- അച്ഛന്റെ മരണം എന്തെല്ലാമോ ചോർന്നു പോയതു പോലെ വീട്ടിൽ വലിയ ശൂന്യത സൃഷ്ടിച്ചു.
- മരണമെന്ന കാറ്റിൽ ശബ്ദങ്ങളുടെ കരിയിലകൾ അപ്പാടെ പാറിപ്പോയിരിക്കുന്നു.(അച്ഛന്റെ മരണത്തിന്റെ സൂചന)
- അച്ഛന്റെ ശബ്ദവും സാന്നിധ്യവുമാണ് ആ വീടിനെ വീടാക്കുന്നത്. അച്ഛനില്ലാത്ത വീട് ജീവനറ്റതാണ്. ആ വീട് വെറും കല്ലും മണ്ണും മാത്രമായിത്തീരുന്നു.
- വീട്ടിലുള്ളവരുടെ പരസ്പര ബന്ധവും സ്നേഹവും ഇണക്കങ്ങളും പിണക്കങ്ങളുമാണ് വീടിനെ ജീവനുള്ളതാക്കി മാറ്റുന്നത്

- കിടപ്പിലായപ്പോൾ പോലും വീടിന്റെ ഓരോ കാര്യത്തിലും അച്ഛൻ ശ്രദ്ധിച്ചിരുന്നു.
- പാടത്തും കവുങ്ങിൻ തോട്ടത്തിലുമുള്ള കാര്യങ്ങൾ കട്ടിലിൽ കിടന്നു തന്നെ അച്ഛൻ അറിഞ്ഞിരുന്നു.അടക്കപഴുത്തതും തേങ്ങവിളഞ്ഞതും കന്നി നെല്ലിന് വേലി കെട്ടാനുള്ള സമയമായതും ശീലം കൊണ്ട് സമയബന്ധിതമായി തിരിച്ചറിയാൻ അച്ഛന് കഴിഞ്ഞു.അത്രത്തോളം കൃഷിയെക്കുറിച്ച് ജ്ഞാനമുണ്ടായിരുന്നു.
- കട്ടിലിൽ കിടന്ന് അച്ഛൻ പറയുന്ന കാര്യങ്ങൾ വസ്തുതകൾക്കു നിരക്കാത്തതാണെന്നു തോന്നുമെങ്കിലും പാടത്തും തോട്ടങ്ങളിലും ചെന്നു നോക്കിയാൽ അച്ഛൻ പറഞ്ഞത് ശരിയായിരുന്നു. എന്ന് മനസ്സിലാക്കാം.
- മനസ്സിന്റെ ക്ലാവു പിടിച്ച കണ്ണാടിയിലൂടെ അച്ഛൻ എല്ലാം നോക്കി കണ്ടു.
- അച്ഛന് ഇതെല്ലാം എങ്ങനെ മനസ്സിലാകുന്നുവെന്ന ചോദ്യത്തിന് പറമ്പിലെ ജോലിക്കാരനായ കണാരന് കൃത്യമായ ഉത്തരമുണ്ട്. ഇവിടെ ഇരുന്നു തന്നെ ഓർക്ക് എല്ലാം അറിയാനാവും എന്നാണ് കണാരൻ പറയുന്നത്.
- കിടക്കുന്നിടത്തു നിന്ന് അച്ഛൻ ചോദിക്കുന്ന ചോദ്യങ്ങൾക്കെല്ലാം അമ്മ മറുപടി നൽകി. അച്ഛൻ പറയുന്ന കാര്യങ്ങൾ അനുസരിക്കും. ചോദ്യങ്ങൾ അസഹ്യമായാൽ പൊട്ടിത്തെറിച്ച് വ്യാകുലതകൾ സ്വയം പറഞ്ഞ് ആശ്വസിക്കും.
- അമ്മ മറുപടി പറഞ്ഞില്ലെങ്കിൽ താൻ ഈ അവസ്ഥയിലായിപ്പോയതു കൊണ്ട് എന്നെ വേണ്ടാതായി അല്ലേ എന്ന് ചോദിച്ച് അച്ഛൻ പരിഭവിക്കും.എങ്കിലും ഇതൊക്കെ ഉണ്ടാക്കിത്തരാൻ കഴിഞ്ഞെന്നത് ഓർക്കുന്നത് നല്ലതാണെന്ന താക്കീതും നൽകും.
- വിഷമം സഹിക്കാതാവുമ്പോൾ പറ്റാഞ്ഞിട്ടും വിളിക്കുന്നിടത്ത് എത്തുന്നത് തന്നെ വലിയ കാര്യമാണെന്ന് അമ്മ പറയും.ദേഷ്യം കൊണ്ടല്ല ഇങ്ങനെ പരിഭവിക്കുന്നത്. മറിച്ച് അച്ഛൻ വിളിക്കുന്നതിന് അനുസരിച്ച് ഓടിയെത്താൻ കഴിയാത്ത തന്റെ അവശകതകൾ ഓർത്താണ്.
- അമ്മയിൽ നിന്ന് എന്തെങ്കിലും കേൾക്കാൻ വേണ്ടിയാണ് അച്ഛൻ പരിഭവിക്കുന്നത് എന്ന് മകന് തോന്നാറുണ്ട്.ഇതിൽ നിന്നും അച്ഛന് അമ്മയോടുള്ള സ്നേഹം നമുക്ക് മനസ്സിലാകും.
- അച്ഛൻ മരിച്ചതോടെ കടുപ്പിച്ച് സംസാരിക്കാനുള്ള അവസരവും അച്ഛന്റെ വിളികേട്ട് ഓടിയെത്താനുള്ള അവസരവും ഇല്ലാതായതിലുള്ള സങ്കടം അമ്മയ്ക്കുണ്ട്.
- അച്ഛന്റെ മുറി ശൂന്യമായതോടെ അമ്മ മൗനത്തിലായി.
- അമ്മ അച്ഛന്റെ വിളിക്ക് എന്നും കാതോർക്കും.അച്ഛന്റെ വിളികൾക്കു പിന്നാലെ ഏതവസ്ഥയിലും ഉണർവ്വോടെ പ്രവർത്തിക്കാൻ അമ്മയ്ക്ക് കഴിയാറുണ്ട്.അമ്മ ചെറുപ്പത്തിലേക്കു മടങ്ങും.(വാർദ്ധക്യത്തിന്റെ അവശതകൾ മറക്കും)
- അച്ഛന്റെ വിളി ഇല്ലാതായതോടെ ഉണ്ടായ ശൂന്യത അമ്മയെ തീർത്തും വാർദ്ധക്യത്തിന്റെ നിസ്സഹായതയിലേക്കു തള്ളിവിട്ടു.
- ഒരിക്കലും ഒറ്റയ്ക്കാണെന്ന് തോന്നിയിട്ടില്ലെന്ന് നഗരത്തിലേക്ക് വരാൻ പറഞ്ഞ മകനോട് അമ്മ പറഞ്ഞു.
- മകനോടൊപ്പം പോകാതിരിക്കാൻ അമ്മയ്ക്ക് കാരണങ്ങളുണ്ട്.അച്ഛൻ നോക്കി നടത്തിയ പറമ്പ് നോക്കാൻ താൻ പോയാൽ ആരുമുണ്ടാവില്ല എന്നതാണ് അമ്മയുടെ ഉത്തരം.
- വീട് വാടകയ്ക്കു കൊടുക്കാമെന്നും ബാക്കിയെല്ലാം കണാരനെ ഏൽപ്പിക്കാമെന്നും പറയുന്ന മകൻ അമ്മയ്ക്ക് വയ്യാതായാൽ ഇതൊക്കെ ആരാണ് ചെയ്യുക എന്നാണ് ചോദിക്കുന്നത്.
- വാവു കഴിഞ്ഞിട്ടു വരാമെന്ന് അമ്മ പറയുന്നു.
- വാവിന് പരേതാത്മാക്കൾക്ക് ഭക്ഷിക്കാൻ അവർക്ക് ഇഷ്ടപ്പെട്ട വിഭവങ്ങൾ അകത്തു വെച്ചുകൊടുക്കും.ഇളനീരിനൊപ്പം ഇപ്രാവശ്യം അമ്മ ഒരു കപ്പ് കാപ്പികൂടി അകത്തു വെച്ചു കൊടുത്തു.അച്ഛന് ഇഷ്ടം അതാണ്.അച്ഛന് ഇഷ്ടമുള്ളത് വെച്ചു കൊടുക്കുന്ന പ്രവൃത്തിയിൽ അവർ തമ്മിലുള്ള സ്നേഹം തന്നെയാണ് വ്യക്തമാകുന്നത്.
- അച്ഛനുള്ളപ്പോൾ അകത്തുവെച്ചു കൊടുക്കുന്ന ദിവസം അച്ഛന്റെ കൂട്ടുകാരെയും വിളിക്കാറു



visit www.shenischool.in or whatsapp 7012498606

ണ്ട്.അച്ഛനില്ലാതായപ്പോൾ ആ പതിവ് തെറ്റിച്ചില്ല.

- കാലത്തെ ബസ്സിന് മകനോടൊപ്പം പോകുമെന്ന് അച്ഛന്റെ കൂട്ടുകാരെ അറിയിച്ചു. വീട് വാടകയ്ക്കു കൊടുക്കാമെന്നും വാടകക്കാർ വരുന്നതുവരെ കണാരൻ നോക്കട്ടെയെന്നും അമ്മ പറഞ്ഞു.
- നഗരത്തിലേക്ക് അമ്മയെ നിർബന്ധിച്ച് വിളിക്കാൻ മകൻ തയാറായില്ല.അങ്ങനെ വന്നാൽ അമ്മയ്ക്കു വീട്ടിലേക്കു തിരിച്ചു പോകാനുള്ള ചിന്തയായിരിക്കും.
- എല്ലാവരും പോയപ്പോൾ നഗരത്തിലെ വിശേഷങ്ങൾ അമ്മ ചോദിച്ചു. കൂമന്റെ കൂവലിന് മറുകൂവൽ നൽകിയ ചെറുമകനോട് നിന്റെ നഗരത്തിൽ കൂമൻ മൂളുന്ന ശബ്ദം കേൾക്കുമോ എന്ന് ചോദിക്കുന്നത് ശ്രദ്ധേയമാണ്.
- ടീവിയുടെ ശബ്ദം മാത്രമേ കേൾക്കൂ എന്നു പറയുമ്പോൾ മകന്റെ മുന്നിൽ യാന്ത്രിക ലോകത്തിന്റെ കാഴ്ചകൾ മാത്രമേ ഉള്ളൂ എന്നു മനസ്സിലാക്കാം.
- നല്ല വെള്ളവും നിലാവും കൂമന്റെ ഒച്ചയുമില്ലാത്ത നാട് അമ്മയ്ക്ക് വലിയ തമാശയായി തോന്നുന്നു.
- ചാത്തുചെട്ടിയാരുമായുള്ള അച്ഛന്റെ സൗഹൃദം കഥയിൽ പരാമർശിക്കുന്നു. വീട്ടിൽ വരുന്നവർ അച്ഛനെ ചോദിക്കുമ്പോൾ പോയി എന്ന് അമ്മ പറയും.അത് കേൾക്കുന്നവർ അച്ഛൻ മരിച്ചതറിയാതെ  മറ്റെവിടെയോ പോയതാണെന്ന് തെറ്റിദ്ധരിക്കാറുണ്ടെന്ന് അമ്മ പറയുന്നു.
- പോയി എന്ന് എല്ലാവരോടും പറയുമെങ്കിലും അമ്മയെ സംബന്ധിച്ച് അച്ഛൻ പോയിട്ടില്ല.
- അമ്മയ്ക്ക് ഉറങ്ങാനുള്ള ഭാവമില്ല. നാളെ പോകാനുള്ള തയാറെടുപ്പിലാണ്.ഉറക്കമൊഴിച്ച് എല്ലാം കൃത്യമായി അടുക്കി വെക്കുന്നു.
- പുലർച്ചെ താക്കോൽ വാങ്ങാൻ കണാരൻ വന്നു. അമ്മ പോകാനുള്ള ഭാവമില്ലാതെ എന്തൊക്കെയോ ആലോചിച്ചു കിടന്നു.
- അച്ഛൻ എപ്പോഴും വിളിച്ചുകൊണ്ടിരിക്കുന്നതായി അമ്മ അറിയുന്നു. അതിനാൽ വരാൻ കഴിയില്ലെന്ന് അമ്മ പറഞ്ഞു. മരിച്ചെങ്കിലും അച്ഛന്റെ സാന്നിധ്യം അമ്മ അറിയുന്നുണ്ട്.

## വിഗ്രഹിക്കുക.

| | | |
|---|---|---|
| കന്നിനെല്ല് | - | കന്നിയിലെ നെല്ല് |
| വിഷാദസ്വരം | - | വിഷാദത്തിന്റെ സ്വരം |
| കാൽമുട്ട് | - | കാലിന്റെ മുട്ട് |
| അപരാധബോധം | - | അപരാധം ചെയ്തു എന്ന ബോധം |

## കഥയിലെ കഥാപാത്രങ്ങളും അവരുടെ സവിശേഷതകളും

*കഥാപാത്ര നിരൂപണം തയാറാക്കാൻ ഓരോ കഥാപാത്രങ്ങൾക്കും നൽകിയ സൂചനകൾ പ്രയോജനപ്പെടുത്തുക.*

**1. അമ്മ**

- അവശതകളുണ്ടെങ്കിലും ഭർത്താവ് വിളിക്കുമ്പോൾ ഓടിയെത്തും.
- ഭർത്താവിന്റെ വിളികളിൽ സന്തോഷം കണ്ടെത്തുന്നതിനാൽ ചെറുപ്പത്തിന്റെ ഉത്സാഹത്തോടെ കാര്യങ്ങൾ അനുസരിക്കും
- ഭർത്താവിന്റെ മുറി ശൂന്യമായപ്പോൾ അമ്മ മൗനത്തിലേക്ക് വഴുതി വീഴുന്നതിൽ നിന്നും അവരുടെ ഭർത്താവുമായുള്ള ആത്മബന്ധം വ്യക്തമാകുന്നു.

- ഭർത്താവിന്റെ വിളികൾ അസഹ്യമാകാറുണ്ടെങ്കിലും അദ്ദേഹത്തിന്റെ ആവശ്യങ്ങൾ പരിഗണിക്കുന്നു.
- ഭർത്താവ് പോയി എന്നു മറ്റുള്ളവരോട് പറയുമ്പോഴും പോയിട്ടില്ല എന്നു കരുതുന്നു.
- ഭർത്താവിന്റെ സാന്നിധ്യം തനിയ്ക്കു ചുറ്റും അനുഭവിക്കുന്നു.
- തന്റെ നാടിന്റെ സൗന്ദര്യത്തിലും സമ്പന്നതയിലും അഭിമാനിക്കുന്നു.
- അച്ഛൻ ജീവിച്ച മണ്ണിൽ നിന്ന് അച്ഛന്റെ വിളികൾക്ക് ചെവി കൊടുക്കാതെ മാറി നിൽക്കാനാവില്ലെന്ന ഉറച്ച തീരുമാനത്തിലെത്തുന്നു.
- വാർദ്ധക്യത്തിന്റെ അവശതകളനുഭവിക്കുന്ന എല്ലാവരുടെയും ചിത്രം അമ്മയിൽ കാണാം.
- ഭർത്താവിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിൽ സംതൃപ്തി കണ്ടെത്തുന്നത് അകത്ത് കാപ്പി വെച്ചു കൊടുക്കുന്നതിൽ നിന്നും മനസ്സിലാക്കാം.മാത്രമല്ല അവരുടെ ഭർത്താവിനോടുള്ള ഇഷ്ടം തന്നെയാണ് അവിടെ തെളിയുന്നത്.
- തന്റെ ചുമതലകളെക്കുറിച്ച് കൃത്യമായ ബോധ്യം അമ്മയ്ക്കുണ്ട്.അതുകൊണ്ടാണ് അച്ഛൻ നോക്കി നടന്ന പറമ്പ് അനാഥമാക്കി അമ്മയ്ക്ക് വരാൻ കഴിയില്ലെന്നു പറഞ്ഞത്.


**2. അച്ഛൻ**

- കിടപ്പിലായപ്പോഴും വീടുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും സജീവമായ ശ്രദ്ധയുണ്ടായിരുന്നു.
- അനുഭവത്തിലൂടെ ആർജ്ജിച്ച ജ്ഞാനത്തിന്റെ ഉടമ (നെല്ല് പാകമാകുന്നതും അടക്ക മൂത്തു പഴുക്കുന്നതുമെല്ലാം കിടന്ന കിടപ്പിൽ അറിയാനാവുന്നത് പാടത്തു നിന്നു നേടിയ അഗാധമായ അറിവ് കൂടെയുള്ളതു കൊണ്ടാണ്.
- അച്ഛന്റെ വിളി അമ്മയോടുള്ള കരുതലാണ്.
- കിടപ്പിലായപ്പോഴും വീട്ടിൽ തന്റെ ശബ്ദത്തിലൂടെ അച്ഛൻ നിറഞ്ഞു നിന്നു.(അമ്മയെ വിളിക്കുന്നതും നിർദ്ദേശങ്ങൾ നൽകുന്നതുമെല്ലാം കിടന്നകിടപ്പിൽ തന്നെയാണ്.അതുകൊണ്ടാണ് ശബ്ദങ്ങളുടെ കരിയിലകൾ പാറിപ്പോയി എന്ന് കഥാകൃത്ത് പറഞ്ഞത്.
- നല്ല സൗഹൃദങ്ങൾ കാത്തുസൂക്ഷിച്ച വ്യക്തി. വരുന്നവരെല്ലാം അദ്ദേഹത്തെക്കുറിച്ച് അന്വേഷിക്കുന്നതിൽ നിന്നും നമുക്കത് തിരിച്ചറിയാം
- കിടപ്പിലായപ്പോഴും കുടുംബത്തിലെ എല്ലാ കാര്യങ്ങളിലും ഇടപെട്ട് നിർദ്ദേശങ്ങൾ നൽകി കുടുംബത്തെ നയിച്ച വ്യക്തി.
- വളരെ പെട്ടെന്ന് കോപിഷ്ഠനാകുന്ന പ്രകൃതം(അമ്മ വിളി കേട്ടില്ലെങ്കിൽ പരിഭവിക്കും)

**3. മകൻ**

- അച്ഛന്റെയും അമ്മയുടെയും സ്നേഹത്തിന്റെ ആഴം തിരിച്ചറിയാൻ കഴിഞ്ഞ മകൻ.
- അമ്മയെ തനിച്ചാക്കി പോകുന്നതിൽ വല്ലാത്ത പ്രയാസം അനുഭവിക്കുന്നുണ്ട്.
- രാത്രി അമ്മയ്ക്ക് കൂട്ടായി ഒരാളെ ചുമതലപ്പെടുത്തിയത് അമ്മയോടുള്ള മകന്റെ കരുതലാണ് വെളിപ്പെടുത്തുന്നത്.
- മകന്റെ കാഴ്ചയിലൂടെയാണ് കഥ അവതരിപ്പിക്കപ്പെടുന്നത്.
- അമ്മയെ നിർബന്ധിച്ച് നഗരത്തിലേക്ക് കൊണ്ടുപോകാൻ ശ്രമിക്കാത്ത മകൻ അമ്മയുടെ ഇഷ്ടങ്ങൾക്കു തന്നെയാണ് വില കൊടുക്കുന്നത്.

## ചോദ്യശേഖരം



**1. താഴെ പറയുന്നതിൽ മരണത്തെ സൂചിപ്പിക്കുന്ന പ്രയോഗം എന്ത് ?**

- **കന്നിപ്പാടത്ത് വെയിലിന്റെ വേലിയേറ്റം** • **മൂപ്പര് പോയി**
- **മനസ്സിന്റെ ക്ലാവ് പിടിച്ച കണ്ണാടി** • **ജര ബാധിച്ച സമയം**

മൂപ്പര് പോയി.

**2. ''ശബ്ദങ്ങളുടെ കരിയിലകൾ പാറിപ്പോയി''- അടിവരയിട്ട പദം കൊണ്ട് അർത്ഥമാക്കുന്നതെന്ത് ?**

വാർദ്ധക്യം.

**3. ''ശബ്ദങ്ങളുടെ കരിയിലകൾ പാറിപ്പോയി''- അടിവരയിട്ട പദം കൊണ്ട് അർത്ഥമാക്കുന്നതെന്ത് ?**

അച്ഛന്റെ മരണം.

**3. കന്നിനെല്ലിന് വേലികെട്ടാൻ സമയമായി- കന്നിനെല്ല് എന്ന പദത്തിന്റെ ശരിയായ വിഗ്രഹരൂപം എന്ത് ?**

കന്നിയിലെ നെല്ല്.

**4. ''കാലത്തെ ബസ്സിന് ഞാള് പോവും**
**എല്ലാരുടേം കണ്ണ് ഇങ്ങോട്ടുണ്ടാകണേ'' -അടിവരയിട്ട പദത്തിനു പകരം പദമെഴുതുക.**

ശ്രദ്ധയുണ്ടാകണേ.

**5. വാവിന് പരേതാത്മാക്കൾക്ക് അകത്ത് വെച്ചു കൊടുക്കുമ്പോൾ ഇളനീരിനൊപ്പം ഒരു കപ്പ് കാപ്പി കൂടി വെച്ചു കൊടുത്തതിൽ നിന്നും തെളിയുന്ന അമ്മയുടെ ഭാവം എന്ത് ?**

അച്ഛന് പ്രിയങ്കരമായ കാപ്പി വെച്ചു കൊടുക്കുന്നതിലൂടെ അച്ഛനോടുള്ള അമ്മയുടെ അതിയായ സ്നേഹം നമുക്ക് മനസ്സിലാക്കാം.

**6. അമ്മ ഒരിക്കലും അതിന് ഇടകൊടുക്കാറില്ല. എന്തിന് ?**

വിളിക്കുമ്പോൾ വിളികേട്ടില്ലെങ്കിൽ അച്ഛൻ കോപിക്കാറുണ്ടായിരുന്നു. അച്ഛനെ ദേഷ്യം പിടിപ്പിക്കാനുള്ള അവസരം അമ്മ ഉണ്ടാക്കാറില്ല. അച്ഛന്റെ വിളിയ്ക്ക് മറുവിളി കൊടുക്കുക എന്നത് അമ്മയുടെ ശീലമായിരുന്നു.എന്തു ശബ്ദം കേട്ടാലും വിളികേൾക്കുന്ന തരത്തിലേക്ക് അമ്മ മാറിയത് കഥയിൽ കാണാം.

**7. വീട് വീടല്ലാതായി തീർന്നുവെന്ന് മകന് തോന്നാനുള്ള കാരണമെന്ത് ?**

അച്ഛന്റെ ശബ്ദം കൊണ്ടു തന്നെ ചലനാത്മകമായി തീർന്നതായിരുന്നു ആവീട്. അച്ഛൻ മരിച്ചതോടു കൂടി അവിടെ നിശബ്ദത കനത്തു. ഇപ്പോൾ വീടിന്റെ ജീവൻ നഷ്ടമായിരിക്കുന്നു. അതു കൊണ്ടാണ് ഇതൊരു വീടല്ലാതായി മാറിയെന്ന് മകന് തോന്നുന്നത്.

**8. കന്നിപ്പാടത്തും കമുകിൻ തോട്ടങ്ങളിലുമുള്ള കാര്യങ്ങൾ കിടപ്പിലായിട്ടും തിരിച്ചറിയാൻ അച്ഛന് കഴിയുന്നത് എന്തുകൊണ്ടായിരിക്കാം ?**

ഇത്രയും കാലം പാടത്തും പറമ്പിലും അധ്വാനിച്ചതിന്റെ അനുഭവവും അറിവും അദ്ദേഹത്തിനുണ്ട്.അതിനാൽ നെല്ല് പാകമാകാനും അടക്കമൂത്ത് പഴുക്കാനും തേങ്ങ വിളഞ്ഞ് കൊയ്യാനുമാവുന്ന സമയം കൃത്യമായും അദ്ദേഹത്തിനറിയാം. അതുകൊണ്ട് തന്റെ ദീർഘകാലത്തെ പരിചയത്തിന്റെ വെളിച്ചത്തിൽ കൃത്യമായ നിർദ്ദേശങ്ങൾ നൽകാൻ കിടന്ന കിടപ്പിൽ നിന്നു തന്നെ അച്ഛന് കഴിയുമായിരുന്നു.

**9. '<u>ക്ലാവ് പിടിച്ച കണ്ണാടിയിലൂടെ</u> അച്ഛൻ കണ്ടതെല്ലാം ശരിയായിരുന്നു.'þ അടിവരയിട്ട ഭാഗം നൽകുന്ന ആശയമെന്ത് ?**

ഉപയോഗിച്ച് പഴകുമ്പോഴാണ് ക്ലാവ് പിടിക്കുന്നത്. ക്ലാവ് പിടിച്ച കണ്ണാടിയ്ക്ക് വ്യക്തത കുറയും. ഇവിടെ കണ്ണാടി അച്ഛന്റെ മനസ്സാണ്. വാർദ്ധക്യത്തിന്റെ അവശതകൾ ശരീരത്തെയും മനസ്സിനെയും ബാധിക്കുമ്പോൾ ചിന്തയിലും കാഴ്ചയിലും അവ്യക്തതയുണ്ടാവാം.എങ്കിലും അവ്യക്തമായ രീതിയിലെങ്കിലും കാര്യങ്ങൾ കൃത്യമായി തിരിച്ചറിയാൻ അദ്ദേഹത്തിന് കഴിഞ്ഞു.അനുഭവത്തിന്റെ തഴക്കം കൊണ്ട് എല്ലാം തിരിച്ചറിയാൻ അയാൾക്ക് കഴിഞ്ഞിരുന്നു.

**10. അമ്മയെ തന്നോടൊപ്പം നഗരത്തിലേക്കു കൊണ്ടു പോകാമെന്നാണ് മകൻ ചിന്തിക്കുന്നത്. ഇതിനുള്ള കാരണങ്ങൾ എന്തായിരിക്കാം ? നിങ്ങളുടെ നിരീക്ഷണം കുറിക്കുക.**

അച്ഛന്റെ വിളികൾക്ക് കാതോർത്ത് അതിനൊത്ത് നീങ്ങിയ കഥാപാത്രമാണ് കഥയിലെ അമ്മ.അതുകൊണ്ട് തന്നെ അച്ഛന്റെ വിയോഗം അമ്മയെ സംബന്ധിച്ച് തീർത്തും ഒറ്റപ്പെടൽ സമ്മാനിക്കും.തന്റെ ഏകാന്തമായ ജീവിതത്തിൽ താനിനി ആർക്കു വേണ്ടിയാണ് കാതോർക്കുക എന്ന് അമ്മ ചിന്തിക്കുന്നുണ്ടാവും. അച്ഛന്റെ വിളികൾക്കു പിന്നാലെ പോകുമ്പോൾ അമ്മ എന്ത് ആരോഗ്യപ്രശ്നങ്ങളുണ്ടായാലും ചെറുപ്പത്തിന്റെ ഊർജ്ജസ്വലതയോടെ അച്ഛന് മുന്നിൽ എത്താറുണ്ട്. അച്ഛൻ പോകുന്നതോടെ മാനസ്സികമായും ശാരീരികമായും വാർദ്ധക്യം അമ്മയെ കീഴ്പ്പെടുത്തും.അച്ഛൻ കിടന്ന മുറി ശൂന്യമായതോടെ അമ്മ പലപ്പോഴും മൗനത്തിലേക്ക് ഇറങ്ങിപ്പോകുന്നു.അതു കൊണ്ട് അമ്മയെ ഇവിടെ തനിച്ചാക്കി പോകാൻ മകന് കഴിയുന്നില്ല. ഈ കാരണം കൊണ്ടാണ് അമ്മയെ നഗരത്തിലേക്ക് കൂട്ടി കൊണ്ടു പോകാൻ മകൻ ശ്രമിക്കുന്നത്.

**11. വീട്ടിൽ വരുന്നവർ തന്റെ ഭർത്താവിനെക്കുറിച്ച് ചോദിക്കുമ്പോൾ പോയി എന്നു പറയുന്ന അമ്മയുടെ വാക്കും വരുന്നവർ മനസ്സിലാക്കുന്ന കാര്യവും തമ്മിലുള്ള പൊരുത്തക്കേടുകൾ വ്യക്തമാക്കുക.**

അച്ഛൻ മരിച്ചതറിയാതെ അച്ഛനെവിടെ എന്നു ചോദിക്കുന്നവരോട് പോയി എന്നാണ് അമ്മ പറയുക. ചോദിച്ചവർ മനസ്സിലാക്കിയത് ദൂരെയെവിടെയോ യാത്ര പോയെന്നാണ്. എന്നാൽ മരിച്ചു പോയി എന്ന അർത്ഥത്തിലാണ് അമ്മ അങ്ങനെ പറഞ്ഞത്.

**12. "നിർബന്ധിച്ച് അമ്മയെ ഒരിക്കലും നഗരത്തിലേക്ക് വിളിക്കരുത്.വിളിച്ചാൽ വരുമായിരിക്കും. പക്ഷേ തിരിച്ചു പോകേണ്ട ചിന്തയിലായിരിക്കും എപ്പോഴും അമ്മ."**

**കഥയിൽ അച്ഛനും അമ്മയും തമ്മിലുള്ള ആത്മബന്ധം മനസ്സിലാക്കാൻ മകന് കഴിയുന്നുണ്ടോ?**

എപ്പോഴും അച്ഛന്റെ വിളികൾക്ക് കാതോർത്ത് ഓടിയെത്താറുള്ള അമ്മയ്ക്ക് അച്ഛന്റെ മരണം തീർത്തും ഒറ്റപ്പെടൽ സമ്മാനിയ്ക്കുമെന്ന് മകന് അറിയാമായിരുന്നു. കാരണം അവർ തമ്മിലുള്ള ആത്മബന്ധം അത്രമാത്രം ശക്തമാണ്. അച്ഛന്റെ വിളി കേട്ട് ഓടിയെത്താറുള്ള അമ്മ ആ വിളികൾ കേട്ട് ചെറുപ്പത്തിലേക്കു പോകാറുണ്ടെന്നുപോലും മകന് തോന്നുന്നു. അച്ഛന്റെ മരണം അമ്മയെ ശാരീരികമായും മാനസികമായും വാർദ്ധക്യത്തിന്റെ നിസ്സഹായവസ്ഥയിലേക്കു തള്ളി വിടുമെന്ന് മകനറിയാം. ഈ അവസ്ഥയിൽ അമ്മയെ വീട്ടിൽ തനിച്ചാക്കി പോകാൻ മകൻ ഇഷ്ടപ്പെടുന്നില്ല.അമ്മയെ നിർബന്ധിച്ച് തന്നോടൊപ്പം നഗരത്തിലേക്കു കൂട്ടി കൊണ്ടു പോകാനും

മകൻ തയാറല്ല.അച്ഛന്റെ സാന്നിധ്യം എപ്പോഴും അനുഭവിക്കുന്ന അമ്മയ്ക്ക് അവിടം വിട്ടു പോകാനാവില്ലെന്നും മകൻ മനസ്സിലാക്കുന്നു. സ്വന്തം താൽപര്യത്തോടെ വന്നില്ലെങ്കിൽ എല്ലായിപ്പോഴും വീട്ടിലേക്കു തിരിച്ചു പോകാനുള്ള ചിന്തയായിരിക്കും അമ്മയ്ക്ക്. അമ്മയുടെയും അച്ഛന്റെയും സ്നേഹം തിരിച്ചറിയാൻ കഴിഞ്ഞതു കൊണ്ട് തന്നെയാണ് നഗരത്തിലേക്കു വരണോ വേണ്ടയോ എന്ന് അമ്മ തന്നെ തീരുമാനിക്കട്ടെ എന്ന് മകൻ ചിന്തിച്ചത്.

**13. ''അച്ഛന്റെ മരണത്തോടുകൂടി വീട്ടിൽ നിന്ന് എന്തെല്ലാമോ ചോർന്നുപോയ പോലെ ഒരു നാൾ നിനച്ചിരിക്കാതെ ഒരുപാടു പേർ ഇവിടെ നിന്ന് ഇറങ്ങിപ്പോയിരിക്കുന്നു.''**
**അടിവരയിട്ട പദങ്ങൾ കഥാസന്ദർഭത്തിനു നൽകുന്ന ആശയ സാധ്യതകൾ കുറിക്കുക.**

അച്ഛന്റെ വിളികൾ കേട്ട് അവശതകൾ മറന്ന് ഓടിയെത്തുമ്പോൾ ചെറുപ്പത്തിന്റെ ഉണർവ്വിലേക്ക് അമ്മ പോവുന്നതായി മകന് തോന്നാറുണ്ട്. കിടന്ന കിടപ്പിൽ നിന്നു തന്നെ തന്റെ പാടത്തും പറമ്പിലും നടക്കുന്നതെല്ലാം മനക്കണ്ണുകൊണ്ട് നോക്കി കാണുന്ന അച്ഛൻ അവിടെ നിന്നു തന്നെ എല്ലാം നിയന്ത്രിച്ചു പോന്നു. അച്ഛന്റെ ഒച്ചകളും വിളികളും പരിഭവങ്ങളും കൊണ്ട് എല്ലായിപ്പോഴും ശബ്ദ മുഖരിതമായിരുന്ന വീട് അച്ഛന്റെ മരണത്തോടെ നിശബ്ദമായി. മാത്രമല്ല ഇത് അമ്മയെ മാനസ്സികമായും ശാരീരികമായും വാർദ്ധക്യത്തിന്റെ അവശതകളിലേക്കു പൂർണമായും കൊണ്ടു പോകും. അച്ഛനുള്ളപ്പോഴുള്ള ഉത്സാഹം അമ്മയിൽ ചോർന്നുപോയിരിക്കുന്നു. അച്ഛന്റെ ഒഴിഞ്ഞമുറി അമ്മയെ മൗനത്തിലേക്കാഴ്ത്താറുണ്ട്. വീടിന്റെ ജീവൻ അവിടെയുള്ളവരുടെയെല്ലാം സാന്നിധ്യവും സന്തോഷവും പരസ്പര സ്നേഹവുമാണ്.അച്ഛന്റെ മരണത്തോടെ അതെല്ലാം ചോർന്നു പോയിരിക്കുന്നു. അതുകൊണ്ടു തന്നെ ഇപ്പോൾ ഈ വീട് വെറും കല്ലും മണ്ണും കൊണ്ട് കെട്ടിയ നിർജ്ജീവ വസ്തുവാണ്. വീട്ടിൽ നിറസാന്നിധ്യമായിരുന്ന ഒരാൾ നിനച്ചിരിക്കാതെ ഒരു നാൾ വിട്ടകലുമ്പോൾ ഒരുപാടു പേർ ഒരുമിച്ച് ഇറങ്ങിപ്പോയ പ്രതീതിയാണ് ഉണ്ടാവുക. അച്ഛന്റെ വിടവ് വീട്ടിലുണ്ടാക്കിയ ആഘാതം വെളിപ്പെടുത്താൻ ചോദ്യത്തിൽ കൊടുത്ത വരികൾക്ക് കഴിയുന്നുണ്ടെന്ന് നിസംശയം പറയാം

**14. ''കാലത്തെ ബസ്സിന് ഞാള് പോവും. എല്ലാരുടേം കണ്ണ് ഇങ്ങോട്ടൊന്നുണ്ടാകണേ''**
**''ഞാനെങ്ങന്യാ മോനേ വരാ ? അച്ഛൻ എന്നെ എപ്പോഴും വിളിച്ചോണ്ടിരിക്കുകയാ''**
**അമ്മയുടെ തീരുമാനത്തിൽ മാറ്റമുണ്ടായത് എന്തു കൊണ്ടാവാം ?**

അച്ഛനില്ലാത്ത വീട് അമ്മയെ വല്ലാതെ തളർത്തുന്നുണ്ട്. അവർ തമ്മിലുള്ള ആത്മബന്ധം അത്രയ്ക്ക് അഗാധമായിരുന്നു. എവിടെ നിന്നു വിളിച്ചാലും അച്ഛന്റെ വിളികൾ കേട്ട് അമ്മ അവിടെ ഓടിയെത്തും. ഏതു സമയവും അച്ഛന്റെ വിളികൾക്ക് കാതോർത്തു കൊണ്ടാണ് അമ്മ നിന്നിരുന്നത്.മകനോടൊപ്പം പോകാമെന്ന് തീരുമാനിച്ചപ്പോൾ കണാരന് വേണ്ട നിർദ്ദേശങ്ങൾ അമ്മ നൽകിയിട്ടുണ്ടായിരിക്കണം. കാരണം അച്ഛൻ അത്ര പ്രാധാന്യത്തോടെ നോക്കി നടന്ന നിലം ഒന്നുമല്ലാതായി പോകുന്നത് അമ്മയ്ക്ക് സഹിക്കാനാവില്ല. രാവിലെ മകൻ വിളിക്കുമ്പോൾ അമ്മ ഏതോ ചിന്തയിൽ മുഴുകിയിരിക്കുകയായിരുന്നു. മകൻ വിളിച്ചപ്പോൾ അമ്മ തന്റെ തീരുമാനം മാറ്റിയതായി പറഞ്ഞു. അച്ഛന്റെ സാന്നിധ്യം അമ്മയ്ക്ക് നല്ലതു പോലെ അനുഭവപ്പെടുന്നു. പരസ്പരം നന്നായി സ്നേഹിച്ചിരുന്നവർക്ക് മരിച്ചാലും അവരുടെ സാന്നിധ്യം അനുഭവപ്പെടും. അച്ഛൻ വിളിക്കുന്നതായി അമ്മയ്ക്ക് തോന്നുന്നുമുണ്ട്. തന്റെ ഭർത്താവ് എവിടെ എന്ന മറ്റുള്ളവരുടെ ചോദ്യത്തിന് പോയി എന്ന് മറുപടി പറയുന്ന അമ്മയ്ക്ക് അച്ഛൻ പോയിട്ടില്ലെന്ന് ഉറപ്പാണ്. തനിയ്ക്കൊപ്പം ഭർത്താവ് ഉണ്ടെന്നു തന്നെയാണ് അവരുടെ വിശ്വാസം.അങ്ങനെ അച്ഛന്റെ വിളികൾ നിലയ്ക്കാത്ത വീട്ടിൽ നിന്നും തനിയ്ക്ക് വരാൻ കഴിയില്ലെന്ന് അമ്മ പറയുമ്പോൾ അവർ തമ്മിലുള്ള സ്നേഹത്തിന്റെ ആഴം വായനക്കാർക്ക് മനസ്സിലാകും.

**15. ''നെന്റെ വീട്ടിലിരുന്നാൽ കൂമൻ മൂളുന്ന ഒച്ച കേക്കോ നീയ്യ്''**

**"ഇല്ലച്ഛമ്മേ, ഒന്നും കേൾക്കില്ല ടീവിന്റെ ഒച്ച മാത്രമേ കേൾക്കാൻ പറ്റൂ."**

**ഈ വരികളിൽ തെളിയുന്ന കുട്ടിയുടെ മാനസ്സികാവസ്ഥ രണ്ടോ മൂന്നോ വാക്യത്തിൽ വ്യക്തമാക്കുക.**

നഗരത്തിന്റെ കെട്ടുകാഴ്ചയിൽ നിൽക്കുന്ന കുട്ടിയ്ക്ക് മുറിയിൽ തുറന്നു വെച്ച ടി.വിയുടെ ശബ്ദം മാത്രമേ കേൾക്കാനാകുന്നുള്ളു. യാന്ത്രികമായ അനുഭവങ്ങൾ മാത്രമാണ് അവിടെ ഉണ്ടാവുക. എന്നാൽ ഗ്രാമത്തിൽ അവൻ കേൾക്കുന്ന കൂമന്റെ കൂവലിനൊപ്പിച്ച് അവനും കൂവുമ്പോൾ നാട്ടിൻ പുറത്തിന്റെ ശബ്ദവൈവിധ്യവും പ്രകൃതിയുമാണ് കുട്ടി തിരിച്ചറിയുന്നത്.ഇടുങ്ങിയ മുറികളിൽ നിന്നു മാറി ഗ്രാമത്തിലെത്തിയപ്പോൾ ആ കുട്ടി അനുഭവിക്കുന്ന സ്വാതന്ത്ര്യമാണ് കൂമന്റെ വിളിക്ക് മറുകൂവൽ നൽകിയതിലൂടെ തെളിഞ്ഞത്.

**16."ഞാനെങ്ങന്യാ മോനേ വരാ ? അച്ഛൻ എന്നെ എപ്പോഴും വിളിച്ചോണ്ടിരിക്കുകയാ.ഞാനിവിടെ ഇല്ലാന്ന് വെച്ചാൽ"- വരികളിൽ തെളിയുന്ന അമ്മയുടെ വികാരം എന്ത് ?**

അച്ഛനോടുള്ള അമ്മയുടെ നിർമലമായ സ്നേഹം.

**17. "ഞാനെങ്ങന്യാ മോനേ വരാ ? അച്ഛൻ എന്നെ എപ്പോഴും വിളിച്ചോണ്ടിരിക്കുകയാ.ഞാനിവിടെ ഇല്ലാന്ന് വെച്ചാൽ"**

**ആത്മബന്ധത്തിന്റെ ആഴമാണ് അമ്മയുടെ ഈ തോന്നലിൽ തെളിയുന്നത്.കഥാസന്ദർഭങ്ങൾ വിശകലനം ചെയ്ത് പ്രസ്താവന സാധൂകരിക്കുക.**

അല്ലെങ്കിൽ

**ഓരോ വിളിയും കാത്ത് എന്ന കഥയിൽ അച്ഛന്റെ വിളിയും കാത്തിരിക്കുന്ന അമ്മ ഒരു പ്രതീകമാണോ ? വിശകലനം ചെയ്ത് സ്വാഭിപ്രായം കുറിക്കുക.**

അച്ഛനും അമ്മയും തമ്മിലുള്ള സ്നേഹത്തിന്റെ ആഴം മകന് നല്ലതുപോലെ അറിയാം. അച്ഛൻ എവിടെ നിന്നു വിളിച്ചാലും വാർദ്ധക്യത്തിന്റെ അവശതകളെല്ലാം അവഗണിച്ച് അമ്മ ഓടിയെത്താറുണ്ട്. അച്ഛന്റെ വിളി കേട്ട് ശീലിച്ച അമ്മയുടെ ജീവിതം എന്തു ശബ്ദം കേട്ടാലും വിളി കേൾക്കുന്ന തരത്തിലേയ്ക്കു മാറിയിരുന്നു.അതുകൊണ്ടു തന്നെ അച്ഛന്റെ മരണം ഉണ്ടാക്കി വെച്ച വിടവ് അമ്മയെ സംബന്ധിച്ച് വളരെ വലുതാണ്. വാർദ്ധക്യം ബാധിച്ചെങ്കിലും അച്ഛനുള്ളപ്പോൾ ചെറുപ്പത്തിന്റെ പ്രസരിപ്പോടെ അമ്മ ഓടിയെത്തുമായിരുന്നു. അച്ഛന്റെ മരണത്തോടെ അമ്മ മാനസികമായും ശാരീരികമായും വാർദ്ധക്യത്തിന്റ അവശതകളിലേക്കു പോകുമെന്ന് ഉറപ്പാണ്. തീർച്ചയായും അമ്മ ഒറ്റപ്പെടലിന്റെ ഏകാന്തത അനുഭവിക്കും. അച്ഛനില്ലാത്ത മുറിയിലേക്ക് നോക്കി അമ്മ പലപ്പോഴും മൗനത്തിലേക്കു പോകാറുണ്ട്. ഭർത്താവ് മരിച്ചെങ്കിലും തനിയ്ക്കു ചുറ്റും ഭർത്താവിന്റെ സാന്നിധ്യം അവർ അറിയുന്നു. അതിനാൽ നഗരത്തിലേക്കു വിളിച്ചപ്പോൾ ആദ്യം വരാമെന്ന് പറഞ്ഞ അമ്മ തന്റെ തീരുമാനം മാറ്റുന്നത് കാണാം.അച്ഛൻ ഇപ്പോഴും വിളിച്ചുകൊണ്ടിരിക്കുന്ന വീട്ടിൽ അച്ഛന്റെ വിളികൾക്ക് ചെവി കൊടുക്കാതെ മകനോടൊപ്പം പോകാൻ അമ്മയ്ക്കു കഴിയില്ല. മാത്രമല്ല അച്ഛൻ പരിപാലിച്ചതൊക്കെയും അതേ പ്രാധാന്യത്തോടെ നോക്കണമെന്നും അമ്മ കരുതുന്നു.ഇതെല്ലാം അച്ഛനും അമ്മയും തമ്മിലുള്ള ബന്ധത്തിന്റെ ആഴമാണ് പ്രതിഫലിപ്പിക്കുന്നത്.അച്ഛന്റെ വിളിക്കു വേണ്ടി കാത്തിരിക്കുന്ന അമ്മ ഒരിക്കലും തളരാത്ത ആത്മബന്ധത്തിന്റെ പ്രതീകമാണെന്നു നമുക്ക് പറയാം.

**17. ഗ്രാമനഗര ജീവിതങ്ങളുടെ താരതമ്യം ഓരോവിളിയും കാത്ത് എന്ന് കഥയിൽ പ്രതിഫലിക്കുന്നുണ്ടോ? -സമർത്ഥിക്കുക.**

ഗ്രാമത്തിന്റെ സുഖവും ശാന്തതയും പട്ടണത്തിനില്ല എന്ന് അമ്മയ്ക്കറിയാം. കൂമന്റെ കൂവലിനൊത്ത് മൂളുന്ന പേരക്കുട്ടിയോട് നിന്റെ നഗരത്തിൽ ഈ ശബ്ദം കേൾക്കാനാവുമോ എന്ന് അമ്മ ചോദിക്കുന്നുണ്ട്. കുട്ടി ഇല്ലെന്ന് പറയുമ്പോൾ അമ്മ അത്ഭുതപ്പെടുന്നു.ഒപ്പം നഗര ജീവിതത്തിന്റെ ദരിദ്രമായ ചുറ്റുപാടുകളെക്കുറിച്ച് പരിഹാസത്തോടെ പറയുകയും ചെയ്യുന്നു. കൂമന്റെ വിളിയും നല്ല വെള്ളവും തെളി നിലാവും കാണാനാവില്ലെങ്കിൽ നഗരം എന്തിനു കൊള്ളാം

എന്നാണ് അമ്മയുടെ ചിന്ത. ഗ്രാമത്തിൽ നല്ല വെള്ളവും മനോഹരമായ കാറ്റും പാടവും കിളികളുടെ ശബ്ദവും അയൽക്കാരോടുള്ള നിർമലമായ സ്നേഹവുമുണ്ട്. ഈ കാര്യങ്ങളിലെല്ലാം അവനവന്റെ ജീവിതം മാത്രം പ്രധാനമായി കാണുന്ന നഗരം ഏറെ ദരിദ്രമാണ്. യാന്ത്രികമായ ബന്ധങ്ങൾക്കും ശബ്ദങ്ങൾക്കും അനുഭവങ്ങൾക്കും മാത്രമേ അവിടെ സ്ഥാനമുള്ളു എന്ന് അമ്മയ്ക്കറിയാം. ഇതിൽ നിന്നു തന്നെ അമ്മയുടെ ഗ്രാമത്തോടുള്ള പ്രിയവും നഗരത്തോടുള്ള വിമുഖതയും നമുക്ക് കാണാം.

**18. വീടിനോടെന്ന പോലെ തന്റെ ചുറ്റുപാടുകളോടും ആത്മബന്ധം പുലർത്താൻ ഓരോ വിളിയും കാത്ത് എന്ന കഥയിലെ അച്ഛന് കഴിയുന്നുണ്ട്- സമർത്ഥിക്കുക.**

വീടുമായി ബന്ധപ്പെട്ട ഓരോ കാര്യത്തിലും കിടപ്പിലാണെങ്കിലും അച്ഛന്റെ ശ്രദ്ധയെത്തിയിരുന്നു. മനസ്സിന്റെ ക്ലാവു പിടിച്ച കണ്ണാടിയിലൂടെ അച്ഛൻ എല്ലാം തിരിച്ചറിഞ്ഞു.തനിയ്ക്കു ചുറ്റുമുള്ള പ്രകൃതിയോടും ഈ ആത്മബന്ധം നിലനിർത്താൻ അദ്ദേഹത്തിനു കഴിയുന്നു. അതുകൊണ്ടാണ് കിടപ്പിലാണെങ്കിലും കന്നിപ്പാടത്ത് വേലികെട്ടാത്തതിനാൽ നെല്ലിൻകുലകൾ വരമ്പിലേക്ക് ചാഞ്ഞ് കിടന്ന് കുട്ടികൾ അതിനു മുകളിലൂടെ നടന്ന് അവ നശിച്ചു പോകുന്നത് അച്ഛന് തിരിച്ചറിയാനാവുന്നുത്. വാവലുകൾ കടിച്ചീമ്പിയ അടയ്ക്കകൾ അവിടെ ചെന്നു നോക്കിയില്ലെങ്കിലും ഇവിടെ ഇരുന്നുകൊണ്ട് അച്ഛന് കാണാനാവുന്നുണ്ട്. കുന്നിൻപുറത്തുള്ള പറമ്പിൽ വരണ്ട തേങ്ങകൾ വീണു കിടക്കുന്നതും അദ്ദേഹം അറിയുന്നു.തന്റെ ചുറ്റുപാടുകളെ ദീർഘകാലത്തെ അനുഭവം കൊണ്ട് മനഃപാഠമാക്കിയതിനാൽ പ്രകൃതിയുടെ ഓരോ ചലനവും മാറ്റവും അദ്ദേഹത്തിന് തിരിച്ചറിയാം.

**19. ''ഓർക്ക് ഇതെല്ലാം കാണാൻ ഏടേം പോണോന്നില്ല.ആടകെടന്നാലറിയാം കാറ്റ് എങ്ങോട്ടാ അടിക്കുന്നതെന്ന്.''- ഇതിൽനിന്നും തെയിയുന്ന അച്ഛന്റെ പ്രത്യേകത വ്യക്തമാക്കുക.**

ദീർഘനാളത്തെ അധ്വാനം കൊണ്ട് മണ്ണിന്റെ മനസ്സറിഞ്ഞ കർഷകനാണ് അച്ഛൻ. അടയ്ക്കയുണ്ടാവുന്നതിനും പഴുത്ത് വീഴുന്നതിനും തേങ്ങ വിളയുന്നതിനും കന്നിപ്പാടത്ത് നെല്ല് വിളഞ്ഞ് പാകമാകുന്നതിനും എത്ര സമയം വേണമെന്നുള്ള അറിവ് അനുഭവങ്ങൾ കൊണ്ട് അദ്ദേഹം നേടിയിട്ടുണ്ട്. അതുകൊണ്ട് ഇതെല്ലാം അറിയാൻ അച്ഛന് പാടത്ത് പോയി നോക്കണമെന്നില്ല. അച്ഛൻ വീട്ടിലിരുന്നു പറയുന്ന കാര്യങ്ങൾ വിഡ്ഢിത്തമായി നമുക്ക് തോന്നുമെങ്കിലും പറമ്പിലും പാടത്തും ചെന്നു നോക്കിയാൽ അത് സത്യമായിരുന്നുവെന്ന് നമുക്ക് മനസ്സിലാകും.താൻ ചെയ്ത ജോലിയിലെ അർപ്പണബോധവും എല്ലാത്തിലും ഉള്ള ശ്രദ്ധയും കൊണ്ട് അദ്ദേഹം മികച്ച കർഷകനായി മാറിയിട്ടുണ്ടെന്ന് കണാരന്റെ വാക്കുകളിൽ നിന്നും നമുക്ക് തിരിച്ചറിയാം.

# 3 അമ്മത്തൊട്ടിൽ

റഫീക്ക് അഹമ്മദ്

- വളർത്തി വലുതാക്കിയവർ വൃദ്ധരായാൽ തങ്ങൾക്ക് ബാദ്ധ്യതയാവുമെന്നു കരുതി ഉപേക്ഷിക്കുന്ന വർത്തമാനസമൂഹത്തിനുള്ള മറുപടിയാണ് കവിത.
- പണം കൊണ്ട് ബന്ധങ്ങളെ അളക്കുന്ന തരത്തിൽ ഇന്നത്തെ മനുഷ്യർക്കിടയിൽ അവനവന്റെ ജീവിതം മാത്രം പ്രധാനമായി കാണുന്നവരുണ്ട്.
- പിച്ചവെച്ച നാൾ മുതൽ തങ്ങൾക്കു ചുറ്റു ജാഗ്രതയോടെ നിലയുറപ്പിച്ച് തങ്ങളെ സംരക്ഷിച്ചവരെ വാർധക്യത്തിന്റെ അവശതകൾ പിടിമുറുക്കുമ്പോൾ തങ്ങൾക്ക് കുഞ്ഞുനാളിൽ കിട്ടിയ സുരക്ഷിതത്വം തിരിച്ചു കൊടുക്കാൻ ഇന്നത്തെ സമൂഹത്തിൽ പലർക്കും കഴിയുന്നില്ല.
- ബന്ധങ്ങൾക്ക് ഇഴയടുപ്പമില്ലാത്ത പാശ്ചാത്യസംസ്കാരത്തിന്റെ വഴിയിലേക്ക് മാതാപിതാക്കളെ ദൈവതുല്യം കാണുന്ന നമ്മുടെ സംസ്കാരവും നീങ്ങുന്നുവെന്നത് ഭയപ്പാടുള്ള വസ്തുതയാണ്.
- വാർദ്ധക്യത്തിന്റെ ആവശ്യങ്ങളെ അംഗീകരിക്കാനാവാത്ത പുതുസമൂഹത്തിന്റെ കാഴ്ചപ്പാടിനെ കവിത തുറന്നുകാട്ടുന്നു.
- ഉപേക്ഷിക്കപ്പെട്ട കുഞ്ഞുങ്ങൾക്കുള്ള ഇടമാണ് അമ്മത്തൊട്ടിൽ. അമ്മയെ ഉപേക്ഷിക്കുവാനുള്ള ശ്രമങ്ങളാണ് കവിതയിൽ കാണുന്നത്.അതുകൊണ്ട് അമ്മത്തൊട്ടിൽ അമ്മയ്ക്കുള്ള തൊട്ടിലുകൂടിയായി മാറുന്നു.
- ചെറിയ കുഞ്ഞിനെപ്പോലെ മറ്റൊരാളുടെ ആശ്രയം പൂർണമായും വേണ്ട പ്രയമാണ് വാർദ്ധക്യം. കവിതയിലെ അമ്മയും അങ്ങനെയൊരു അവസ്ഥയിലാണ്.അതുകൊണ്ട് അമ്മത്തൊട്ടിൽ ഉപേക്ഷിക്കപ്പെടുന്ന അമ്മമാർക്കുള്ള ഇടം കൂടിയായിമാറുന്നു.
- തന്റെ ബാല്യകാലത്ത് അമ്മ നൽകിയ കരുതലിന്റെ നിരവധി ചിത്രങ്ങൾ മകന്റെ മനസ്സിലൂടെ കടന്നു പോകുന്നു.
- ജീവിതത്തിന്റെ പിന്നാമ്പുറങ്ങളിലേക്ക് തള്ളപ്പെടുന്ന അമ്മയുടെ ചിത്രം കവിതയിൽ കാണാം. ജീവിത ദുരുതങ്ങളോട് മുൻനിരയിൽനിന്ന് പൊരുതി മകന് മികച്ച ജീവിതസാഹചര്യമൊരുക്കി കൊടുക്കാൻ ശ്രമിച്ച അമ്മ മകനും ഭാര്യയും ഉൾപ്പെടുന്ന കുടുംബത്തിന്റെ പിൻനിരയിലേക്ക് തള്ളപ്പെടുന്നത് ധ്വനിപ്പിക്കാൻ പിൻസീറ്റ് എന്ന പ്രയോഗത്തിന് കഴിയുന്നു.

## പ്രിയ വിദ്യാർത്ഥികളേ.....

കട്ടിയുള്ള അക്ഷരത്തിൽ കൊടുത്തിരിക്കുന്നത് കവിതയുടെ നേരിട്ടുള്ള ആശയമാണ്.അതിനു താഴെയായി വരികളുടെ വിശദമായ പഠനം നൽകിയിരിക്കുന്നു.
അവ നന്നായി വായിക്കണേ.....

## കവിതയുടെ ആശയം

ഭാര്യയുടെ നിർബന്ധത്തിനു വഴങ്ങി തന്നെ വളർത്തി വലുതാക്കിയ അമ്മയെ ഉപേക്ഷിക്കുവാൻ കാറിൽ കയറ്റി പോവുകയാണ് മകൻ. ഉപേക്ഷിക്കാൻ കൊണ്ടു പോകുന്നതിനിടയ്ക്ക് തന്നെ താനാക്കിയ അമ്മയുടെ കരുതലിനെ മകൻ ഓർമിച്ചുപോകുന്നതും

പശ്ചാത്തപിക്കുന്നതും കവിതയിൽ കാണാം.ഇനി കവിതയിലേക്ക്...........

- ***പിൻസീറ്റിലെത്രയ്ക്കു................ഏറെപ്പണിപ്പെട്ടടച്ചു തുറന്നവർ***

  **കാറിന്റെ പിൻസീറ്റിൽ എത്രതന്നെ നേരെയിരുത്തിയിട്ടും അമ്മ ഒരുവശത്തേക്ക് ചരിഞ്ഞു മടങ്ങിയിരിക്കുകയാണ്.ശരീരത്തിലെ നീരെല്ലാം വറ്റി ഉണങ്ങി വരണ്ട ചുള്ളിക്കമ്പുകൾ പോലെയുള്ള കൈകൾ നിവർത്താതെ മാറോട് ചേർത്തു വെച്ചിട്ടുണ്ട്.എങ്ങോട്ടാണ് പോകുന്നതെന്നും എന്തിനാണ് പോകുന്നതെന്നും അമ്മ ചോദിച്ചില്ല. അമ്മയുടെ കണ്ണുകൾ ഉപയോഗിച്ച് പഴകിയ പിഞ്ഞാണത്തിന്റെ നിറമായിരിക്കുന്നു. ആ കണ്ണുകളെ പാടയും പീളയും മൂടിയിരിക്കുന്നു.അങ്ങനെയുള്ള കണ്ണുകൾ ഏറെ ബുദ്ധിമുട്ടിയാണ് അവർ തുറക്കുന്നത്.**

എല്ലും തോലുമായി മാറിയ അമ്മയുടെ വാർദ്ധക്യത്തിന്റെ അവസ്ഥകൾ കവിതയുടെ ആദ്യവരികളിൽ തന്നെ കാണാം. മകനു വേണ്ടി ജീവിച്ച് അവന്റെ വളർച്ചയ്ക്കു വേണ്ടി ഉരുകിത്തീർന്ന ആ ജീവിതം ഇന്ന് ഒന്നു നേരെയിരിക്കാൻ പോലും കഴിയാത്ത രീതിയിൽ ക്ഷീണിച്ചു പോയിരിക്കുന്നു. എല്ലും തോലുമായി തീർന്ന അമ്മയുടെ ദയനീയ ചിത്രം വ്യക്തമാക്കാൻ നീരറ്റ ചുള്ളിക്കമ്പുകൾ പോലെയുള്ള കൈ എന്ന പ്രയോഗം തീർത്തും അനുയോജ്യമാണ്.എങ്ങോട്ടു പോകുന്നുവെന്നും എന്തിന് പോകുന്നുവെന്നും അമ്മ ചോദിക്കാത്തത് അരുതാത്തതൊന്നും മകൻ തന്നോട് ചെയ്യില്ലെന്ന ഉറച്ചവിശ്വാസം കൊണ്ടാണ്.അതു പോലെ മകനോട് തന്റെ ആഗ്രഹങ്ങളും ആവശ്യങ്ങളും പറയാനും ചോദിക്കാനുമുള്ള അവകാശങ്ങൾ ഇന്ന് നഷ്ടപ്പെട്ടിരിക്കുന്നു എന്നും നമുക്ക് മനസ്സിലാക്കാം.ആയകാലത്ത് അവനു വേണ്ടി പണിയെടുത്ത് അവനു ചുറ്റും സുരക്ഷയൊരുക്കാൻ കണ്ണു തുറന്ന് ജാഗ്രതയോടെ ഇരുന്നവരാണ് ആ അമ്മ.പണ്ട് കാലത്ത് ഭക്ഷണം വിളമ്പാൻ ഉപയോഗിച്ചിരുന്നത് പിഞ്ഞാണപാത്രമാണ്. ഉപയോഗിച്ചുപയോഗിച്ച് അതിന്റെ നിറം മങ്ങി പോകാറുണ്ട്.മക്കൾക്കു ചുറ്റും എല്ലാസമയത്തും കണ്ണു തുറന്നു വച്ച് സുരക്ഷിതവലയം തീർത്ത അമ്മയുടെ കണ്ണുകളും പഴകിയ പിഞ്ഞാണം പോലെ നിറം കെട്ടു പോയിരിക്കുന്നു.പാടയും പീളയും മൂടിയ കണ്ണുകൾ വാർദ്ധക്യത്തിന്റെ അടയാളമാണ്. അമ്മ മകനുവേണ്ടി അനുഭവിച്ച കഷ്ടപ്പാടുകളുടെ ആഴം വ്യക്തമാക്കാൻ ഈ വർണന തീർത്തും അനുയോജ്യമാണ്. ഒരു തരത്തിൽ അമ്മയുടെ കണ്ണുകളിൽ ബാധിച്ച ഈ അന്ധത വാർദ്ധക്യത്തിന്റെതാണെങ്കിൽ മകനുൾപ്പെടുന്ന പരിഷ്കൃത സമൂഹത്തിന് ബാധിക്കുന്ന അന്ധത സ്വാർത്ഥതയുടേതാണ്.

- ***ഇപ്പോൾ വിജനമായീ................കുരച്ചത് ചാടിക്കുതിക്കുന്നു.***

  **രാത്രിയായതോടുകൂടി തെരുവീഥികളിൽ ആരുമില്ലാതായിരിക്കുന്നു.ആകാശംമുട്ടി നിൽക്കുന്ന വലിയഗോപുരങ്ങൾക്കുതാഴെ അവർ നാളെ ഉണരുന്നതിനായി കിടന്നുറങ്ങുകയാണ്(അവിടെയുള്ളവർ യാന്ത്രികമായ ഉറക്കത്തിലാണ്).ഇവിടെയുള്ള വലിയ ഷോപ്പിംഗ് മാളിന്റെ തൊട്ടടുത്തായി അമ്മയെ ഇറക്കിവിട്ടാലോ എന്ന് ഓർത്തുപോയി.അവിടെ പെറ്റു കിടക്കുന്ന പട്ടിയ്ക്ക് എന്തൊരു ശക്തിയാണ്.അത് കുരച്ചു കൊണ്ട് ചാടിക്കുതിക്കുന്നു.**

രാത്രിയായതോടു കൂടി എല്ലാവരും ഉറക്കത്തിലാണ്.എന്നാൽ ഈ ഉറക്കം യാന്ത്രികമാണ് തിരക്കുപിടിച്ച നഗരത്തിൽ നാളെയുടെ തിരക്കിലേക്ക് ലാഭം കൊയ്യണം എന്ന ചിന്തയോടെ ഉണരാണ് അവർ ഉറങ്ങുന്നത്. എന്തും വാങ്ങാൻ കിട്ടുന്ന ഇടങ്ങളാണ് വലിയ മാളുകൾ.അത് സമ്പത്തും ലാഭനഷ്ടകണക്കുകളും മാത്രം നോക്കി മുന്നോട്ടു പോകുന്ന ഇടമാണ്. എന്നാൽ അമ്മയെയും അവർ കാണിക്കുന്ന സ്നേഹത്തെയും അവിടെ വാങ്ങാൻ കിട്ടില്ല. അങ്ങനെയൊരു മാളിനടുത്ത് ആ വൃദ്ധയെ ഉപേക്ഷിക്കാൻ ശ്രമിക്കുന്നത് ശ്രദ്ധേയമാണ്.അമ്മയിൽ നിന്ന് ഇനി ഒന്നും തന്നെ മകന് കിട്ടാനില്ല. പ്രായമായതു കൊണ്ട് അമ്മ അവർക്ക് ഒരു ഭാരമായിത്തീരുമെന്നാണ് ധാരണ. പെരുംമാൾ എന്നുമാത്രല്ല പെരുമാൾ എന്നുകൂടി കവി പറയുന്നതു കാണാം.സമ്പത്തിനെ ദൈവമായി കണ്ട് അതിനുവേണ്ടി മാത്രം ജീവിക്കുന്ന ആധുനിക സമൂഹ



visit www.shenischool.in or whatsapp 7012498606

ത്തിന് ലാഭം മാത്രമേ ചിന്തിക്കാനാവൂ.അങ്ങനെ വരുമ്പോൾ അമ്മ ഇനി അവർക്ക് ഒരു നഷ്ടം മാത്രമാണ്. അമ്മയെ വലിയ മാളിനടുത്ത് ഉപേക്ഷിക്കാൻ ശ്രമിച്ചപ്പോൾ തെരുവുപട്ടി കുരച്ചു ചാടിയത് തന്റെ മക്കളെ അപായപ്പെടുത്താനാണ് മറ്റുള്ളവർ വരുന്നതെന്നു കരുതിയാണ്. പട്ടികൾ സ്വന്തം കുഞ്ഞുങ്ങളെ നോക്കുന്നതിലുള്ള ജാഗ്രതയും സ്നേഹവും മനുഷ്യർ സ്വന്തം അമ്മയെ സംരക്ഷിക്കാൻ കാണിക്കുന്നില്ല. മാത്രമല്ല ഈ തെരുവുപട്ടി സ്വന്തം കുഞ്ഞിനെ നോക്കിയതു പോലെ അങ്ങേയറ്റം ജാഗ്രതയോടെയാണ് ആ അമ്മ തന്റെ മകനെയും നോക്കിയത് എന്ന് നമ്മളോർക്കണം.അറിവു നേടിയിട്ടും പട്ടിയുടെ വിവേകം പോലുമില്ലാത്ത രീതിയിൽ മനുഷ്യൻ അധഃപതിക്കുന്നു.തെരുവു പട്ടികൾ കുരച്ചുവന്നതിനാൽ അമ്മയെ അവർ ആക്രമിക്കുമെന്ന് കരുതിയിട്ടോ കുറ്റബോധം കൊണ്ടോ അമ്മയെ അവിടെ ഇറക്കാതെ മകൻ കാറോടിച്ച് മറ്റൊരിടം തേടി പോയി.

➤ *ജില്ലാശുപത്രിക്കരികിലൊരു..............മനസ്സിലൂടപ്പോൾ കടന്നുപോയ്.*

**ജില്ലാശുപത്രിക്കരികിൽ ഈ രാത്രി സമയത്ത് ഒരേയൊരു കടമാത്രം തുറന്നിട്ടിട്ടുണ്ട്.അവിടെ ഉറക്കച്ചടവോടെ രണ്ടുമൂന്നാളുകൾ നിൽക്കുന്നു. കടയ്ക്കു പിറകിലായി തീർത്തും ഇരുട്ടു നിറഞ്ഞ സ്ഥലമുണ്ട്.അമ്മയെ ഇവിടെ കളഞ്ഞാലോ എന്ന് ചിന്തിച്ചപ്പോൾ മകന്റെ ഓർമകൾ ആശുപത്രിയുടെ പടികളിലുടക്കി നിന്നു.പണ്ട് പനിപിടിച്ചതുംഅപ്പോൾ തന്നെയുമെടുത്തുകൊണ്ട് ആശുപത്രിയുടെ പടികളോരോന്നും അമ്മ കിതപ്പോടെ കേറിയതും മകൻ ഓർക്കുന്നു. അന്ന് അവിടെ വെച്ച് അനുഭവിച്ച സൂചിപ്രയോഗത്തിന്റെ  നീറ്റൽ പോലെ ഒരു നീറ്റൽ അമ്മയെ ഉപേക്ഷിക്കാൻ ശ്രമിക്കുമ്പോൾ മനസ്സിലൂടെ കടന്നുപോയി.**

ഇന്നത്തെ മനുഷ്യർ രാത്രിയുടെ മാറവിൽ അവരുടെ വീട്ടിലെ മാലിന്യങ്ങൾ കളയുന്നത് ആരും ഇല്ലാത്ത സ്ഥലങ്ങളിലാണ്. അങ്ങനെയൊരു സ്ഥലമാണ് ആളനക്കമില്ലാത്ത ആശുപത്രിയുടെ പിന്നാമ്പുറം. അവിടെ തന്റെ വീട്ടിലുള്ളവർക്കും തനിയ്ക്കും ഭാരമായിത്തീർന്ന അമ്മയെ ഉപേക്ഷിക്കാൻ മകൻ  ശ്രമിക്കുന്നു. അപ്പോൾ പണ്ട് അമ്മ തന്നെ ഈ ആശുപത്രിയിലേക്കു കൊണ്ടുവന്നതും തനിയ്ക്കു വേണ്ടി ഒത്തിരി സഹിച്ചതും അവൻ ഓർമിച്ചു. അതോടെ പണ്ട് നടത്തിയ സൂചിപ്രയോഗത്തിന്റെ നീറ്റൽ പോലെയുള്ള നീറ്റൽ മകന്റെ മനസ്സിൽ അനുഭവപ്പെട്ടു. അത് കുറ്റബോധത്തിൽ നിന്നും ഉണ്ടാകുന്നതാണ്. പനിപിടിച്ച് വാടിത്തളർന്ന തന്നെയുമെടുത്ത് ആശുപത്രിയുടെ പടികൾ അമ്മ ഓടിക്കയറിയത് കിതച്ചുകൊണ്ടാണ്. അതിൽനിന്നും അമ്മയ്ക്ക് തന്റെ ബുദ്ധിമുട്ടിനേക്കാൾ വലുതാണ് മകന്റെ ആരോഗ്യം എന്ന് മനസ്സിലാക്കാം.തന്റെ മകനോടുള്ള സ്നേഹത്തിനുമുന്നിൽ അതൊന്നും തന്നെ അവർക്ക് പ്രശ്നമല്ല. എന്നാൽ വാർദ്ധക്യത്തിന്റെ തളർച്ച ബാധിച്ച അമ്മ മകനൊരു ഭാരമായി മാറുന്നത് ഇവിടെ കാണാം. ആശുപത്രിക്കടുത്ത് വെച്ച് അമ്മ തനിയ്ക്കുവേണ്ടി സഹിച്ച ത്യാഗങ്ങൾ ഓർമിച്ചപ്പോൾ ഇപ്പോൾ ചെയ്യാനൊരുങ്ങുന്ന തെറ്റിനെക്കുറിച്ചോർത്ത് മകന്റെ മനസ്സിൽ കുറ്റബോധത്തിന്റെ നീറ്റൽ അനുഭവപ്പെടുന്നു.

➤ *പിന്നെയും മുന്നോട്ട്.........................വാഹനം മുന്നോട്ടു പോകയായ്.*

**പിന്നെയും മുന്നോട്ടുപോയി. വെളിച്ചവും ആളുമില്ലാത്ത ഏകാന്തത കണ്ണുപൊത്തിക്കളിക്കുന്ന വിദ്യാലയമുറ്റമാണ് ഇനി ഉള്ളത്.(അമ്മയെ ഇവിടെ ഉപേക്ഷിച്ചാലോ എന്നു ചിന്തിക്കുന്നു.)അവിടെ എത്തിയപ്പോൾ പണ്ട് ഇവിടെ വെച്ച് വാശിപിടിച്ചതും പൊട്ടിക്കരഞ്ഞതും സ്കൂളിലെത്തിയ സമയം മുതൽ ഉച്ചയാവോളം അമ്മ മതിലിനു പുറത്ത് തന്നെയും കാത്തു നിന്നതും ഹൃദയത്തിൽ കരച്ചിൽ കുരുങ്ങിക്കിടന്നതും അവൻ ഓർമ്മിച്ചു.ആരോ നുള്ളിയതായി തോന്നി. കരിഞ്ഞുണങ്ങിയ ഈ കൈകളാണോ ? പെട്ടെന്ന് അമ്മയെ ഇവിടെ ഉപേക്ഷിക്കേണ്ട എന്നു ചിന്തിച്ച് അവിടെ നിന്നും വാഹനം മുന്നോട്ടു പോയി.**

പണ്ട് സ്കൂളിൽ പഠിക്കുന്ന കാലത്ത് അമ്മ തന്നെയും സ്കൂളിലാക്കി പോകുമ്പോൾ അമ്മയോടൊപ്പം പോകാൻ ഞാൻ വാശി പിടിച്ച് കരയാറുണ്ടായിരുന്നു.അമ്മ പോകുമ്പോൾ കരഞ്ഞു

കരഞ്ഞ് വിതുമ്പലവസാനിക്കാതെ താൻ ഉച്ചവരെ അവിടെ കഴിച്ചുകൂട്ടും. മകന്റെ അവസ്ഥ അറിയാവുന്ന അമ്മ സ്കൂളിന്റെ ചുറ്റുമതിലിനു പുറത്ത് വെയിലുകൊണ്ട് ഉച്ചയാവോളം അവനെയും കാത്ത് നിന്നു.ഇതെല്ലാം ഓർത്തപ്പോൾ പൊട്ടിക്കരയണമെന്നുണ്ട്. എന്നാൽ കരച്ചിൽ തൊണ്ടയൽ കുരുങ്ങി നിൽക്കുന്നു. ചെയ്യുന്ന തെറ്റിലുള്ള കുറ്റബോധം മനസ്സിൽ നിറയുമ്പോൾ തന്നെയാരോ പിച്ചിയതായി അയാൾക്കു തോന്നി.തന്റെ വാശിയ്ക്കും തെറ്റുകൾക്കുമെല്ലാം ചെറിയ ശിക്ഷ അമ്മ നൽകാറുണ്ട് അതുപോലെ അമ്മയുടെ കരിഞ്ഞുണങ്ങിയ കൈകളാണോ തന്നെ നുള്ളിയത് എന്ന് മകൻ ചിന്തിക്കുന്നു. യഥാർത്ഥത്തിൽ പിച്ചി നോവിക്കുന്നത് അമ്മയോടുള്ള കടമ നിറവേറ്റാതെ അമ്മ തനിയ്ക്കു വേണ്ടി സഹിച്ചൊതൊക്കെയും മറന്നു പോയതിലുള്ള അയാളുടെ മനസ്സിലെ കുറ്റബോധമാണ്.

➤ ***എങ്ങിനി കൊണ്ടിറക്കേണ്ടു...........കൊള്ളാനിറങ്ങിയോ ?***

**ഇനി എവിടെയാണ് അമ്മയെ ഇറക്കി വിടേണ്ടത് ? സ്വബുദ്ധിയില്ലാതെ ഓർമകൾ നഷ്ടപ്പെടുന്ന വാർദ്ധക്യത്തിൽ അമ്മ എപ്പോഴും തന്നെ കൊണ്ടു പോകണമെന്ന് ശല്യപ്പെടുത്താറുള്ള കോവിലിനു മുമ്പിൽ ഇറക്കി വിട്ടാലോ ? ആരാണ് മുന്നിൽ നിൽക്കുന്നത്.അശാന്തിയോടെ കാറ്റുകൊള്ളാനെന്ന ഭാവത്തോടെ ഈശ്വരൻ പുറത്തിറങ്ങിയോ ?**

ഇനി എവിടെയാണ് അമ്മയെ കൊണ്ടിറക്കേണ്ടത് എന്ന് മകൻ ചിന്തിക്കുന്നു. ഇറക്കിയിടാൻ അമ്മ എന്നത് വണ്ടിയിൽ കയറ്റിയ വസ്തുവല്ല. എവിടെയെങ്കിലും ഈ ഭാരം ഉപേക്ഷിക്കണമെന്നാണ് അവന്റെ ചിന്ത. അമ്മ അയാൾക്കും ഭാര്യയ്ക്കും അവരുടെ ജീവിതത്തിനിടയ്ക്ക് ഒഴിവാക്കേണ്ട ഭാരമാണ്.സ്വന്തമായി ഒന്നും ചെയ്യാനാവാത്ത അവസ്ഥയാണ് വാർദ്ധക്യം. തനിച്ച് എവിടെയും പോകാനും കഴിയില്ല. ആ അവസ്ഥയിൽ മകനോട് തന്നെ അമ്പലത്തിൽ കൊണ്ടു പോകണമെന്ന് അമ്മ എപ്പോഴും പറയാറുണ്ട്. ഇത് ആവർത്തിക്കുമ്പോൾ മകന് അത് ശല്യമായി തോന്നാറുണ്ട്. പണ്ട് മകന്റെ എത്ര വലിയ വാശിയെയും അമ്മ ശല്യമായി കണ്ടിട്ടില്ല. എന്നാൽ അമ്മയുടെ ചെറിയ ആവശ്യങ്ങൾ പോലും മകനെ ശല്യപ്പെടുത്തുന്നു. മകന്റെ മനസ്സിൽ തന്നോടുള്ള അകൽച്ച അറിയാത്ത അമ്മ അവനു വേണ്ടി പ്രാർത്ഥിക്കുവാൻ തന്നെയാണ് അമ്പലത്തിൽ പോകുന്നത്. (ഒരു പക്ഷേ അത് ഈ ഭൂമിയിൽ നിന്നും തന്നെ എത്രയും വേഗം കൊണ്ടു പോകണേ എന്ന അമ്മയുടെ പ്രാർത്ഥനയുമാവാം.അവഗണനകളെല്ലാം സഹിച്ച് തന്നെ ഇവിടെ നിന്നും എത്രയും വേഗം കൊണ്ടു പോകണേ എന്ന പ്രാർത്ഥന ഈശ്വരനെപ്പോലും അസ്വസ്ഥപ്പെടുത്തിയിരിക്കാം.)അതൊന്നും ചിന്തിക്കാതെ അമ്മയെ അവിടെ ഇറക്കിവിട്ടാലോ എന്ന് മകൻ ചിന്തിക്കുന്നു.എന്നാൽ നേരെത്തെയുണ്ടായിരുന്ന കുറ്റബോധത്തിന്റെ ശേഷിപ്പ് അയാളുടെ മനസ്സിലുണ്ട്.അയാൾ ചെയ്യുന്ന പ്രവൃത്തി കണ്ട് സഹിക്കാതെ ഈശ്വരൻ അശാന്തിയോടെ കോവിലിൽ നിന്നും കാറ്റു കൊള്ളാനെന്ന ഭാവത്തോടെ ഇറങ്ങിപ്പോവുകയാണോ ?. മനുഷ്യരുടെ ദയാരഹിതമായ പ്രവൃത്തികൾ ഈശ്വരനെ അസ്വസ്ഥപ്പെടുത്തുന്നു.പുതിയ കാലത്തിന്റെ പ്രവൃത്തികൾ കണ്ട് ഈശ്വരനു പോലും സമാധാനമില്ലാതായിരിക്കുന്നു. ക്ഷേത്രത്തിനു മുന്നിലെത്തിയപ്പൾ വീശികടന്നുപോയ കാറ്റിനെ ഈശ്വരന്റെ ഇറങ്ങിപ്പോക്കായാണ് മകൻ സംശയിക്കുന്നത്.അമ്മയുടെ മനസ്സിന് ആശ്വാസം നൽകിയ ഈശ്വരൻ തന്റെ ഒരിക്കലും ക്ഷമിക്കാനാവാത്ത പ്രവൃത്തി കണ്ട് ഇറങ്ങിപ്പോയതായി മകന് തോന്നുന്നു.

➤ ***ഏറെത്തണുക്കുന്നു..................പുകയുന്നതിൻ മണം.***

**വല്ലാതെ തണുക്കുന്നു.തണുപ്പ് തട്ടാതിരിക്കാൻ കാറിന്റെ ചില്ല് ഉയർത്തുമ്പോൾ അവൻ ഓർത്തു-കരിമ്പടത്തിനുള്ളിൽ അമ്മയുടെ വയറിനോട് ചേർന്ന് പറ്റിക്കിടന്നപ്പോൾ അനുഭവിച്ചചൂടും വിയർപ്പിനോടൊപ്പം കലർന്ന കാച്ചെണ്ണയുടെ മണവും പുലർച്ചെ മുതൽ അടുക്കളയിൽ ഓലക്കൊടികൾ പുകയുന്ന ഗന്ധവും മകൻ ഓർത്തു.**

കാറിന്റെ തുറന്നിട്ട ചില്ലിനിടയിലൂടെ കാറ്റ് ഉള്ളിലേയ്ക്ക് കടക്കുമ്പോൾ വല്ലാതെ തണു



visit www.shenischool.in or whatsapp 7012498606

ക്കുന്നുണ്ട്. അതിനാൽ ചില്ലുയർത്തുമ്പോൾ പണ്ട് തനിയക്ക് തണുപ്പേൽക്കാതിരിക്കാൻ കമ്പിളിപ്പുതപ്പിനുള്ളിൽ തന്നെ ചേർത്തു കിടത്തിയ അമ്മയെക്കുറിച്ച് മകൻ ഓർക്കുന്നു. അന്ന് അമ്മയോട് ചേർന്നു കിടന്നപ്പോൾ അനുഭവിച്ച ചൂട് ഇപ്പോഴും മറക്കാതെ അവന്റെ ഉള്ളിലുണ്ട്.അമ്മയുടെ വിയർപ്പും കാച്ചെണ്ണയും ചേർന്നുണ്ടായ ഗന്ധവും ഓലക്കൊടികൾ കത്തുമ്പോഴുണ്ടാകുന്ന പുകയുടെ ഗന്ധവും അവൻ ഇപ്പോഴും ഓർമിക്കുന്നു. പുലർച്ചെ മുതൽ അടുക്കളയിലെ പുകയേറ്റ് മകനു വേണ്ടതെല്ലാം ഒരുക്കി കൊടുക്കുമ്പോൾ അടുപ്പിൽ നിന്നുമുയർന്ന ഓലക്കൊടികളുടെ ഗന്ധം അവന് മറക്കാനാവില്ല.അടുപ്പിലെരിഞ്ഞ ഓലക്കൊടികൾ പോലെ അവനു വേണ്ടി എരിഞ്ഞുതീർന്നവളാണ് ആ അമ്മ. അമ്മയെക്കുറിച്ചുള്ള ഓർമകൾ തിക്കിത്തിരക്കി മനസ്സിലേക്കു വരുന്നതോടെ അവന്റെ കുറ്റബോധം വല്ലാതെ വർദ്ധിക്കുന്നു.സ്പർശനത്തിന്റെയും ഗന്ധത്തിന്റെയുമെല്ലാം രൂപത്തിൽ ഓർമകൾ മകന്റെ മനസ്സിൽ നിറഞ്ഞിരിക്കുന്നു.

➤ ***ഒന്നിനും കൊള്ളരുതാത്തവനെ.............നിർദയം***

**ഒന്നിനും കൊള്ളാത്തവൻ എന്ന് ഭാര്യ ഇന്നും തന്നെ കുറ്റം പറയുമായിരിക്കും.എന്നാലും മടങ്ങി പോവാതിരിക്കാൻ കഴിയില്ല.തലയ്ക്കകത്ത് എന്തൊക്കെയോ പുകഞ്ഞുയരുന്നുണ്ട്.മെല്ലെ പുറകോട്ട് തിരിഞ്ഞ് അമ്മയെ നോക്കി.പിറകിലെ സീറ്റിൽ അമ്മ വലതുഭാഗത്തേക്ക് പൂർണമായും ചരിഞ്ഞ് മടങ്ങി ഉറങ്ങിക്കിടക്കുന്നു.പീള വന്ന് നിറം മങ്ങിയ അമ്മയുടെ കണ്ണുകൾ ഒരു ദയയുമില്ലാതെ അടയ്ക്കാതെ വെച്ചതെന്തിനാണ് ?**

അമ്മയെ ഉപേക്ഷിക്കണെമെന്ന ഭാര്യയുടെ നിർബന്ധബുദ്ധികൊണ്ടാണ് മകൻ അതിനായി ഇറങ്ങിത്തിരിച്ചത്. എന്നാൽ ഉപേക്ഷിക്കാൻ അമ്മയെയും കാറിൽ കയറ്റി പോകുന്ന സമയത്ത് അമ്മ തനിയ്ക്കുവേണ്ടി അനുഭവിച്ച കഷ്ടപ്പാടുകൾ ഓരോന്നും അവൻ ഓർത്തെടുക്കുന്നു. അതോടെ അവന്റെ മനസ്സ് കുറ്റബോധത്താൽ നിറയുന്നുണ്ട്. ഭാര്യ എന്തുപറഞ്ഞാലും അമ്മയെ ഉപേക്ഷിക്കില്ലെന്ന ചിന്തയിലേക്ക് മകൻ വന്നു. മാത്രമല്ല വീട്ടിലേക്ക് മടങ്ങിപ്പോകാൻ തീരുമാനിക്കുകയും ചെയ്തു. അവൻ കാറിന്റെ പിൻസീറ്റിൽ ഇരിക്കുന്ന അമ്മയെ നോക്കി. ഒരു വശത്തേക്ക് ചാഞ്ഞ് ഇരിക്കുന്ന അമ്മ കണ്ണു തുറന്ന് മയങ്ങി കിടക്കുകയാണ്. കണ്ണു തുറന്ന് ഉറങ്ങുന്ന ഈ മയക്കം ഒരിക്കലും ഉണരാത്തതാണ്.ഉറങ്ങുമ്പോഴും തുറന്നുവെച്ച അമ്മയുടെ കണ്ണുകൾ മരണത്തിലുമുള്ള മകനോടുള്ള ജാഗ്രതയുടെ പ്രതീകമാണ്. അടയ്ക്കാത്ത കണ്ണുകൾ പ്രായമായവരെ തെരുവിലുപേക്ഷിക്കുന്ന സ്വാർത്ഥസമൂഹത്തിനു നേരെ തുറന്നിട്ടതുകൂടിയാവണം. അമ്മയെ വീട്ടിലേക്കു കൊണ്ടു പോകാൻ തീരുമാനിക്കുമ്പോഴേക്കും അമ്മ മരണത്തിലേക്ക് പോയിരുന്നു.

## മനസ്സിരുത്തേണ്ട പ്രയോഗങ്ങളും വരികളും.

ഇവയുടെ ആശയങ്ങൾ വരികളുടെ വിശദീകരണങ്ങളിൽ നിന്നും മനസ്സിലാക്കുക.

- കൈച്ചുള്ളികൾ
- ഇപ്പെരുംമാൾ
- പെറ്റുകിടക്കും തെരുവുപട്ടിക്കെന്തൊരൂറ്റം.
- അന്നത്തെ സൂചി പ്രയോഗത്തിൻ നീറ്റൽ പോ-
  ലൊന്ന് മനസ്സിലൂടപ്പോൾ കടന്നുപോയി.
- പിച്ചിയതാര് കരിഞ്ഞൊരിക്കൈകളോ..
- കരിന്തിരിയാളും വരെ...
- ആരാണ് മുന്നിൽ പുറത്തേക്കശാന്തനാ-
  യീശ്വരൻ കാറ്റൊന്നു കൊള്ളാനിങ്ങിയോ ?
- പീളയടിഞ്ഞ് നിറം പോയ കണ്ണുക
  ളെന്തേയടയ്ക്കാതെ വെച്ചമ്മ നിർദയം ?

## ചോദ്യശേഖരം 

**1. ''കണ്ണുകൾ മങ്ങിപ്പഴകിയ പിഞ്ഞാണവർണമായ്''-ഈ വരികൾ ധ്വനിപ്പിക്കുന്ന അർത്ഥ സൂചന താഴെക്കൊടുത്തിരിക്കുന്നവയിൽ ഏതാണ്.**

- **പോളകൾ തൂങ്ങിയിരിക്കുന്നു**
- **പീള അടിഞ്ഞിരിക്കുന്നു**
- **കണ്ണിന്റെ വെളിച്ചം നഷ്ടപ്പെട്ടു**
- **കണ്ണ് മഞ്ഞ നിറമായിരിക്കുന്നു.**

കണ്ണിന്റെ വെളിച്ചം നഷ്ടപ്പെട്ടു.

**2. അമ്മയുടെ വാർദ്ധക്യത്തിന്റെയും അവശതകളുടെയും പലതരം സൂചനകൾ കവിതയിൽ കാണാം- അവ ക്രോഡീകരിക്കുക.**

ജീവിതകാലം മുഴുവൻ സഹിച്ച യാതനകളുടെ അടയാളങ്ങൾ അമ്മയിൽ നിഴലിക്കുന്നു. ചോര നീരാക്കി അധ്വാനിച്ച് മകനെ ഉയർന്ന നിലയിലെത്തിച്ച അമ്മയുടെ ശരീരം എല്ലും തോലുമായിരിക്കുന്നു.നീരറ്റ് ഉണങ്ങിവരണ്ട ചുള്ളിക്കമ്പു പോലെ എല്ലുമാത്രം തെളിഞ്ഞു കാണുന്നതാണ് അവരുടെ കൈകൾ.കരിഞ്ഞുണങ്ങിയ കൈകളെന്നും കവിതയിൽ മറ്റൊരിടത്ത് പറഞ്ഞിരിക്കുന്നു.മകന് ചുറ്റും കണ്ണുകൾ തുറന്ന് വെച്ച് ജാഗ്രതയോടെ കാത്തുപോന്ന അമ്മയുടെ കണ്ണുകൾ ഉപയോഗിച്ച് പഴകിയ പിഞ്ഞാണപ്പാത്രം പോലെ തിളക്കം നഷ്ടപ്പെട്ടിരിക്കുന്നു.പാടയും പീളയും വന്ന് അവരുടെ കാഴ്ച മങ്ങിയിട്ടുന്നു.കണ്ണുകൾ അടച്ചു തുറക്കാൻ പോലും കഴിയാത്ത രീതിയിൽ വാർദ്ധക്യം അവരെ കീഴടക്കിയിട്ടുണ്ട്. നേരെയിരിക്കാൻ പോലും അവർക്ക് ഒരു താങ്ങ് ആവശ്യമാണ്. അതു കൊണ്ടാണ് നേരെയിരുത്തിയിട്ടും ചരിഞ്ഞ് കൂനിക്കൂടിയിരിക്കുന്ന അമ്മയ്ക്ക് നിവർന്നു നിൽക്കാൻ കഴിയാത്തത്.അത്രത്തോളം ജീവിതഭാരം പേറി അവർ ഈ അവസ്ഥയിലായി. വിചാരിക്കുന്നിടത്ത് മനസ്സും ശരീരവുമെത്താത്ത, ഒന്നും ഓർത്തെടുക്കാൻ കഴിയാത്ത അമ്മയെ കത്തിത്തീരാറായ കരിന്തിരിയോട് കവി സാദൃശ്യപ്പെടുത്തിയിരിക്കുന്നു. ഇതിൽ നിന്നെല്ലാം അമ്മയെന്ന കഥാപാത്രത്തിന്റെ ദയനീയ ചിത്രം നമ്മുടെ മനസ്സിൽ തെളിഞ്ഞുകിട്ടും.

**3.'മങ്ങിപ്പഴകിയ പിഞ്ഞാണ വർണമായ്' - അമ്മയുടെ ദയനീയ ചിത്രം വ്യക്തമാക്കാൻ ഉപയോഗിച്ച വർണനയുടെ ഔചിത്യം പരിശോധിക്കുക.**

**അല്ലെങ്കിൽ**

**''പക്ഷേ കണ്ണുകൾ, കണ്ണുകൾ**
**മങ്ങിപ്പഴകിയ പിഞ്ഞാണവർണമായ്''**

**കണ്ണുകൾക്ക് നൽകിയിരിക്കുന്ന വിശേഷണത്തിൽ തെളിയുന്ന അമ്മയുടെ അവസ്ഥ വ്യക്തമാക്കുക,**

വാർദ്ധക്യത്തിന്റെ അവശതകൾ കാണിക്കുവാനുപയോഗിച്ച മനോഹരമായ വർണനയാണിത്. ഉപയോഗിച്ച് പഴകുമ്പോഴാണ് പിഞ്ഞാണത്തിന്റെ നിറം മങ്ങുക.ഇതു പോലെ ഉപയോഗിച്ച് പഴകിയവയാണ് അമ്മയുടെ കണ്ണുകൾ. ഇന്നത് അടയ്ക്കാനും തുറക്കാനും ഏറെ പ്രയാസമുണ്ട്.തന്റെ മകന്റെ വളർച്ചയുടെ ഓരോ ഘട്ടത്തിലും ഇമചിമ്മാതെ അവനും ചുറ്റും ജാഗ്രതയോടെ നിൽക്കുവാൻ അമ്മയ്ക്കു കഴിഞ്ഞു.അമ്മയുടെ കണ്ണെത്താത്ത ഇടങ്ങൾ ചുരുക്കമാണ്. മകന്റെ അവശ്യങ്ങൾ കണ്ടറിഞ്ഞ് അവനോടൊപ്പം അതീവ ശ്രദ്ധയോടെ അമ്മയുമുണ്ടായിരുന്നു.അങ്ങനെ അവനു ചുറ്റും സുരക്ഷിത വലയം തീർത്ത് തുറന്നു വെച്ച കണ്ണുകൾ പാടയും പീളയുമടിഞ്ഞ് ഇരുട്ടിലേക്ക് പോയ്ക്കൊണ്ടിരിക്കുന്നു. അമ്മ മകനു വേണ്ടി അനുഭവിച്ചതിന്റെയൊക്കെയും ആഴം വ്യക്തമാക്കാൻ ഈ വർണന തീർത്തും അനുയോജ്യമാണ്.

**4.'കരിന്തിരിയാളുക'- പ്രയോഗം കൊണ്ട് അർത്ഥമാക്കുന്നതെന്ത്?**

**അല്ലെങ്കിൽ**

**''എങ്ങിനി കൊണ്ടിരിക്കേണ്ടു സ്വയം ബുദ്ധി**

**കെട്ടുകരിന്തിരിയാളുംവരെയവർ**
**ഒന്നെന്നെ കൊണ്ടുപോയീടണമെന്നുള്ള**
**ശല്യപ്പെടുത്തൽ പ്രതിഷ്ഠിച്ച കോവിലിൽ" - അടിവരയിട്ട പ്രയോഗത്തിന്റെ ഔചിത്യം വ്യക്തമാക്കുക.**

കരിന്തിരി എന്നാൽ കത്തിത്തീരാറായ തിരിയാണ്. അവസാനത്തെ ആളിക്കത്തലോടെ അത് അവസാനിക്കും. അതു പോലെയാണ് അമ്മയും. തന്റെ ജീവിതം മുഴുവൻ എരിച്ചു കൊണ്ട് മകന് വെളിച്ചമായി നിന്ന അമ്മ ജീവിതത്തിന്റെ അവസാനഘട്ടത്തിലാണ് എന്ന് സൂചിപ്പിക്കാനാണ് കരിന്തിരിയാളും വരെ എന്ന് അമ്മയുടെ ചിത്രം വ്യക്തമാക്കാൻ കവി പ്രയോഗിച്ചത്.

**5."ആരാണു മുന്നിൽ,പുറത്തേക്കശാന്തനാ-**
**യീശ്വരൻ കാറ്റൊന്നു കൊള്ളാനിറങ്ങിയോ" - ഇത്തരമൊരു ചിന്ത മകന്റെ മനസ്സിലുണ്ടായത് എന്തു കൊണ്ടായിരിക്കാം വിശദമാക്കുക.**

കരിന്തിരി എന്നാൽ കത്തിത്തീരാറായ തിരിയാണ്. അവസാനത്തെ ആളിക്കത്തലോടെ അത് അവസാനിക്കും. അതു പോലെയാണ് അമ്മയും. സ്വയം എരിഞ്ഞു കൊണ്ട് മകന് വെളിച്ചമായി നിന്ന അമ്മ ജീവിതത്തിന്റെ അവസാനഘട്ടത്തിലാണ്. വാർദ്ധക്യത്തിന്റെ അവശതകളിൽ ഏറ്റവും ഭീതിതമായ അവസ്ഥയാണ് സ്വബോധം നഷ്ടപ്പെടുകയെന്നത്. ഇങ്ങനെ സ്വബോധം നഷ്ടപ്പെടുന്ന അവസരംവരെ അമ്മ മകനോട് നിരന്തരം ആവശ്യപ്പെട്ടുകൊണ്ടിരുന്നത് തന്നെ അമ്പലത്തിൽ കൊണ്ടു പോകണമെന്നു മാത്രമാണ്. തന്റെ മകനു വേണ്ടിയുള്ള പ്രാർത്ഥനായ്ക്കായാണ് അമ്മ അമ്പലത്തിൽ പോകുന്നത്.ഇത് ആലോചിക്കാതെ അമ്മയുടെ ആവശ്യങ്ങളെ ശല്യമായി കാണുകയാണ് മകൻ. തന്റെ കുട്ടിക്കാലത്ത് ഇതിലും എത്രയോ കാര്യങ്ങൾ മകൻ അമ്മയോട് ആവശ്യപ്പെട്ടിരിക്കാം. എന്നാൽ അതൊന്നും അമ്മയ്ക്ക് ശല്യമാകുന്നില്ലെന്നു കൂടി നാം ആലോചിക്കണം.അമ്മയെ ക്ഷേത്രത്തിനുമുന്നിൽ ഉപേക്ഷിക്കാമെന്ന് മകൻ കരുതുമ്പോൾ ഉള്ളിൽ നിറയുന്ന കുറ്റബധം അയാളെ അസ്വസ്ഥനാക്കുന്നു. ഈ കുറ്റബോധം കൊണ്ടാണ് അപ്പോൾ തനിയ്ക്കു മുന്നിലൂടെ കടന്നുപോയ കാറ്റേൽക്കുമ്പോൾ ഈശ്വരൻ തന്റെ പ്രവൃത്തികൾ സഹിക്കാനാവാതെ കോവിലിൽ നിന്നും ഇറങ്ങി പോവുകയാണോ എന്ന് മകൻ സംശയിക്കുന്നത്. ഇത് ഒരു തരത്തിൽ കവിയുടെ സമൂഹത്തിനു നേരെയുള്ള വിമർശനമാണ്.തെറ്റ് ചെയ്യുന്നവർക്കു മുന്നിൽ ഈശ്വരൻ പോലും കോവിൽ വിട്ട് പുറത്തു പോകുന്നുവെന്നതിൽ നിശിതമായ വിമർശനമാണ് കാണുന്നത്

**6. 'ഇപ്പെരുംമാൾ', 'തെരുവുപട്ടിയുടെ ഊറ്റം' എന്നീ പ്രയോഗങ്ങളിലൂടെ കവി അർത്ഥമാക്കുന്നതെന്ത് ?**

വലിയമാൾ,ദൈവം എന്നീ ദ്വയാർത്ഥങ്ങളിലാണ് ഇപ്പെരുംമാൾ എന്ന് കവി പ്രയോഗിച്ചത്. എന്തും വാങ്ങാൻ കിട്ടുന്ന ഇടങ്ങളാണ് വലിയ മാളുകൾ. ഉപഭോഗസംസ്കാരത്തിന്റെ ഏറ്റവും വലിയ അടയാളമാണത്.ഉപയോഗശേഷം വലിച്ചെറിഞ്ഞ് പുതിയതൊന്ന് വാങ്ങാൻ കച്ചവട ലോകം നമ്മളെ പ്രേരിപ്പിക്കുന്നു. എന്നാൽ അമ്മയെയും അവർ കാണിക്കുന്ന സ്നേഹത്തെയും എവിടെയും വാങ്ങാൻ കിട്ടില്ലെന്ന് വലിച്ചെറിയുമ്പോൾ  നാം ഓർക്കേണ്ടതുണ്ട്. മനുഷ്യന്റെ പ്രാർത്ഥനകൾക്ക് എന്തും കനിഞ്ഞരുളുന്ന ദൈവത്തിനു പോലും രണ്ടാമത് ഒരു അമ്മയെ നൽകാൻ കഴിയില്ല. വൃദ്ധയെ ഉപേക്ഷിക്കാൻ ശ്രമിക്കുന്നത് ഇങ്ങനെയൊരു മാളിനടുത്താവുമ്പോൾ കവി നൽകുന്ന അർത്ഥസാദ്ധ്യതകൾ വളരെ വലുതാണ്. അമ്മയെ വലിയ മാളിനടുത്ത് ഉപേക്ഷിക്കാൻ ശ്രമിച്ചപ്പോൾ തെരുവുപട്ടി കുരച്ചു ചാടിയത് തന്റെ മക്കളെ അപായപ്പെടുത്താനാണ് മറ്റുള്ളവർ വരുന്നതെന്നു കരുതിയാണ്. പട്ടികൾ സ്വന്തം കുഞ്ഞുങ്ങളെ നോക്കുന്നതിലുള്ള ജാഗ്രതയും സ്നേഹവും മനുഷ്യർ സ്വന്തം അമ്മയെ സംരക്ഷിക്കാൻ കാണിക്കുന്നില്ല. മാത്രമല്ല ഈ തെരുവുപട്ടി സ്വന്തം കുഞ്ഞിനെ നോക്കിയതു പോലെ അങ്ങേയറ്റം ജാഗ്രതയോടെയാണ് ആ അമ്മ തന്റെ മകനെയും നോക്കിയത് എന്ന് നമ്മളോർക്കണം.അറിവു നേടിയിട്ടും പട്ടിയുടെ

വിവേകം പോലുമില്ലാത്ത രീതിയിൽ മനുഷ്യൻ അധഃപതിക്കുന്നു.

**7. ''അന്നത്തെ സൂചി പ്രയോഗത്തിൻ നീറ്റൽ പോ-
ലൊന്ന് മനസ്സിലൂടപ്പോൾ കടന്നുപോയി.''- അടിവരയിട്ട കാവ്യ ഭാഗം നൽക്കുന്ന സവിശേഷ അർത്ഥം എന്ത് ?.**

ഇന്നത്തെ മനുഷ്യർ രാത്രിയുടെ മാറവിൽ അവരുടെ വീട്ടിലെ മാലിന്യങ്ങൾ കളയുന്നത് ആളനക്കമില്ലാത്ത സ്ഥലങ്ങളിലാണ്. അങ്ങനെയൊരു സ്ഥലമാണ് ആശുപത്രിയുടെ പിന്നാമ്പുറം. അവിടെ തന്റെ വീട്ടിലുള്ളവർക്കും തനിയ്ക്കും ഭാരമായിത്തീർന്ന അമ്മയെ ഉപേക്ഷിക്കാൻ മകൻ ശ്രമിക്കുന്നു. അപ്പോൾ പണ്ട് അമ്മ തന്നെയുംകൊണ്ട് ഈ ആശുപത്രിയിലെത്തി തനിയ്ക്കുവേണ്ടി ഒത്തിരി സഹിച്ചതും അവൻ ഓർമിച്ചു. അതോടെ പണ്ട് നടത്തിയ സൂചിപ്രയോഗത്തിന്റെ നീറ്റൽ പോലെയുള്ള നീറ്റൽ മകന്റെ മനസ്സിൽ അനുഭവപ്പെട്ടു. അത് കുറ്റബോധത്തിൽ നിന്നും ഉണ്ടാകുന്നതാണ്. പനിപിടിച്ച് വാടിത്തളർന്ന തന്നെയുമെടുത്ത് ആശുപത്രിയുടെ പടികൾ അമ്മ ഓടിക്കയറിയത് കിതച്ചുകൊണ്ടാണ്. മകനോടുള്ള സ്നേഹത്തിനുമുന്നിൽ അതൊന്നും തന്നെ അവർക്ക് പ്രശ്നമല്ല. എന്നാൽ വാർദ്ധക്യത്തിന്റെ തളർച്ച ബാധിച്ച അമ്മ മകനൊരു ഭാരമായി മാറുന്നത് ഇവിടെ കാണാം. ആശുപത്രിക്കടുത്ത് വെച്ച് അമ്മ തനിയ്ക്കുവേണ്ടി സഹിച്ച ത്യാഗങ്ങൾ ഓർമിച്ചപ്പോൾ ഇപ്പോൾ ചെയ്യാനൊരുങ്ങുന്ന തെറ്റിനെക്കുറിച്ചോർത്ത് മകന്റെ മനസ്സിൽ കുറ്റബോധത്തിന്റെ നീറ്റൽ അനുഭവപ്പെടുന്നുവെന്നാണ് വരികൾ വ്യക്തമാക്കുന്നത്.

**8. ''പണ്ടു പനിച്ചതും അമ്മയെടുത്തുകൊ-
ണ്ടപ്പടിയോരോന്നു കേറിക്കിതച്ചതും
അന്നത്തെ സൂചിപ്രയോഗത്തിൻ നീറ്റൽ പോ-
ലൊന്ന് മനസ്സിലൂടപ്പോൾ കടന്നുപോയി''**

**അമ്മയെ സംബന്ധിച്ചുള്ള ഓർമകൾ മകന്റെ മനസ്സിൽ നിറയുന്നത് അനുഭവങ്ങളിലൂടെയും ഗന്ധങ്ങളിലൂടെയുമാണ്. കവിത വിശകലനം ചെയ്ത് പ്രസ്താവന സാധൂകരിക്കുക.**

തന്നെ വളർത്തിവലുതാക്കിയ അമ്മയെ ഭാര്യയുടെ നിർബന്ധപ്രകാരം ഉപേക്ഷിക്കാൻ പുറപ്പെടുന്ന മകന്റെയുള്ളിലേക്ക് അമ്മ നൽകിയ അനുഭവങ്ങളുടെ തീവ്രമായ ഓർമകൾ കടന്നെത്തുന്നു.ആശുപത്രിക്കരികിൽ അമ്മയെ ഉപേക്ഷിക്കാമെന്ന് വിചാരിക്കുമ്പോഴേക്കും കുട്ടിക്കാലത്ത് പനി വന്നപ്പോൾ സംഘർഷമായ മനസ്സോടെ തന്നെയുമെടുത്ത് ആശുപത്രിയിലേക്കോടിയ അമ്മയുടെ ചിത്രം ഇപ്പോഴും മകന്റെ മനസ്സിലുണ്ട്. അമ്മ അന്ന് അനുഭവിച്ച കിതപ്പ് മകനോടുള്ള സ്നേഹത്തിനു മുന്നിൽ ഒന്നുമല്ലാതായിത്തീർന്നു തണുപ്പേൽക്കാതിരിക്കാൻ കരിമ്പടത്തിനുള്ളിൽ അമ്മ മകനെ ചേർത്തുപിടിച്ചു. ആ സമയത്ത് അനുഭവിച്ച ഗന്ധങ്ങൾ അമ്മയുടെ ചൂടുള്ള ഓർമകളായി അവന്റെ മനസ്സിലെത്തുന്നു.അമ്മവയറിനോട് പറ്റി നിൽക്കുമ്പോൾ അനുഭവിക്കുന്ന ചൂടും വിയർപ്പിനോടു കലർന്ന കാച്ചെണ്ണയുടെ ഗന്ധവും പുലർച്ചയ്ക്ക് തനിയ്ക്ക് ഭക്ഷണമുണ്ടാക്കുമ്പോൾ അടുപ്പിലൂതി കത്തിച്ച ഓലക്കൊടികളിൽ നിന്നുയർന്ന പുകമണവും ഇപ്പോഴും അമ്മയ്ക്കൊപ്പം ചേർന്ന് നിന്ന നാളിന്റേതായി മകനിലുണ്ട്. അതു കൊണ്ടു തന്നെ അമ്മയുടെ ഓർമകൾ മകനിൽ നിറയുന്നത് അനുഭവങ്ങളിലൂടെയും സ്പർശങ്ങളിലൂടെയും ഗന്ധങ്ങളിലൂടെയുമാണെന്ന് നമുക്ക് നിസ്സംശയം പറയാം

**9. ''പിച്ചിയതാര് കരിഞ്ഞൊരിക്കൈകളോ''**

**- മകന് ഇത്തരമൊരു തോന്നൽ ഉണ്ടായത് എന്തു കൊണ്ടായിരിക്കാം.**

അമ്മയെ താൻ പഠിച്ച വിദ്യാലയമുറ്റത്ത് ഉപേക്ഷിക്കാൻ മകൻ ശ്രമിക്കുമ്പോഴേക്കും തന്റെ ബാല്യകാലത്ത് അമ്മ തന്നെയും കാത്ത് പൊരിവെയിലത്ത് ചുറ്റുമതിലിന് പുറത്ത് ഉച്ചയാവോളം കാത്തു നിന്നത് മറക്കാതെ മനസ്സിലുണ്ട്. മകന്റെ വാശിയും ശാഠ്യവും അവഗണിച്ച് അമ്മയ്ക്ക് വീട്ടിലേക്ക് പോകാമായിരുന്നു. എന്നാൽ മകന്റെ ഈ അവസ്ഥ അമ്മയിൽ വേദനയായി നിറയു



visit www.shenischool.in or whatsapp 7012498606

ന്നു. അതു കൊണ്ടാണ് ഉച്ചയാകുന്നതു വരെ അവനെയും കാത്ത് അമ്മ സ്കൂളിനു പുറത്ത് നിന്ന ത്. ഇത്തരം വാശികൾക്കിടയിൽ ചെറിയ ശിക്ഷകൾ അമ്മ നൽകാറുണ്ട്. അന്നത്തേതുപോലെ ഇ പ്പോൾ ആരോ തന്നെ നുള്ളിയതായി മകന് തോന്നുന്നു. കരിഞ്ഞുണങ്ങിയ അമ്മയുടെ കൈക ളാണോ അത് എന്ന് സംശയിക്കുന്നുണ്ടെങ്കിലും യഥാർഥത്തിൽ നുള്ളി നോവിച്ചത് അയാളിൽ ഉറഞ്ഞുകൂടിയ കുറ്റബോധം തന്നെയാണ്. താൻ ചെയ്യുന്ന പാപത്തെക്കുറിച്ചോർത്തുള്ള നീറ്റൾ തന്നെയാണത്.

**10. അമ്മത്തൊട്ടിൽ എന്ന ശീർഷകത്തിന്റെ ഔചിത്യം പരിശോധിക്കുക.**

ഉപേക്ഷിക്കപ്പെട്ട കുഞ്ഞുങ്ങൾക്കുള്ള ഇടമാണ് അമ്മത്തൊട്ടിൽ. അമ്മയെ ഉപേക്ഷിക്കു വാനുള്ള ശ്രമങ്ങളാണ് കവിതയിൽ കാണുന്നത്.പണ്ടു കാലത്ത് കുഞ്ഞുങ്ങളാണ് ഉപേക്ഷിക്ക പ്പെട്ടതെങ്കിൽ ഇന്ന് അമ്മമാരുൾപ്പെടെ പ്രായമായവരിൽ പലരും തെരുവിലേക്കിറക്കപ്പെടുന്നു. അതോടെ കുഞ്ഞുങ്ങൾക്കു വേണ്ടി ഒരുക്കിയ അഭയ കേന്ദ്രം അമ്മമാർക്കു കൂടിയായിത്തീ രുന്നു എന്ന് സങ്കൽപിച്ചത് ശീർഷകത്തെ അർത്ഥപൂർണമാക്കുന്നു.

**11. ''ആരാണു മുന്നിൽ,പുറത്തേക്കശാന്തനാ-**
**യീശ്വരൻ കാറ്റൊന്നു കൊള്ളാനിറങ്ങിയോ'' - വരികളിൽ തെളിയുന്ന ഭാവം എന്ത് ?**

ആക്ഷേപഹാസ്യം

**12. അമ്മയെ ഉപേക്ഷിക്കാൻ മകൻ നടത്തുന്ന യാത്ര മകന്റെ മുൻകാല ജീവിതാനുഭവങ്ങ ളിലേക്കു കൂടിയുള്ള യാത്രകൂടിയാണ്. ഈ പ്രസ്തവനയോടുള്ള നിങ്ങളുടെ പ്രതികര ണക്കുറിപ്പ് തയാറാക്കുക.**

ഭാര്യയുടെ നിർബന്ധത്താൽ അമ്മയെ ഉപേക്ഷിക്കാൻ പല സ്ഥലങ്ങൾ കണ്ടെത്തുന്ന മകന്റെ മനസ്സിലേക്ക് അവന്റെ കുട്ടിക്കാലവുമായി ബന്ധപ്പെട്ട വിവിധ അനുഭവങ്ങൾ ഇരച്ചെത്തു ന്നുണ്ട്.അതുകൊണ്ട് അമ്മയെ ഉപേക്ഷിക്കാനുള്ള യാത്ര മകന്റെ ഓർമയിലേക്കുള്ള യാത്ര കൂടി യാണ്.ആശുപത്രിക്കരികിൽ ഉപേക്ഷിക്കാനെത്തിയപ്പോൾ പനിപിടിച്ച് തളർന്ന അമ്മ തനിയ്ക്കു വേണ്ടി സഹിച്ച ത്യാഗങ്ങൾ അവൻ ഓർത്തു പോകുന്നു. അതു കൊണ്ടു തന്നെ അമ്മയെ അവിടെ ഉപേക്ഷിക്കാൻ അവന് കഴിയുന്നില്ല. കുറ്റബോധം നിറയുന്ന മകൻ പിന്നീട് കണ്ടെത്തിയസ്ഥലം വിദ്യാലയമുറ്റമാണ് വാശി പിടിച്ച് കരയുന്ന മകന്റെ അവസ്ഥ സഹിക്കാനാവാതെ സ്കൂളിന്റെ മതിലിനുപുറത്ത് വെയിലുകൊണ്ട് തന്നെയും കാത്ത് നിന്ന അമ്മയുടെ ചിത്രവും അവന് ഓർമ യുണ്ട്. തണുപ്പേൽക്കാതിരിക്കാൻ അമ്മ തന്നെ കമ്പിളിപ്പുതപ്പിനുള്ളിൽ അമ്മയോട് ചേർത്ത് കിട ത്താറുണ്ട. ആസമയത്ത് അമ്മയിൽ നിന്നുയർന്ന കാച്ചെണ്ണയുടെ ഗന്ധവും അമ്മയേറ്റ പുകയുടെ ഗന്ധവും അമ്മയോടൊപ്പം ചേർന്നുകിടന്നപ്പോൾ അമ്മയുടെ സ്പർശനത്താൽ അനുഭവിച്ച ചൂടും എല്ലാം ഇപ്പോഴും മകന്റെ മനസ്സിലുണ്ട്. ഇതെല്ലാം ഓർത്തെടുക്കാൻ ഇത്രയും സമയം വേണ്ടി വന്നു എന്നത് ഏറെ ദുഃഖകരമായ അവസ്ഥയാണ്.

**12. ''പീളയടിഞ്ഞ് നിറം പോയ കണ്ണുക**
**ളെന്തേയടയ്ക്കാതെ വെച്ചമ്മ നിർദയം ?'' - അമ്മ കണ്ണുകൾ തുറന്നുവെച്ചത് എന്തു കൊണ്ടാവാം ? നിങ്ങളുടെ നിരീക്ഷണം കുറിക്കുക.**

നമ്മുടെ ജീവിതാഭിലാഷങ്ങൾ പൂർത്തിയാകാതെ മരിക്കുമ്പോഴാണ് കണ്ണുകൾ തുറന്നു വെക്കുന്നതെന്ന് പറയാറുണ്ട്. വൃദ്ധയായ അമ്മയുടെ ആവശ്യങ്ങൾക്ക് ചെവികൊടുക്കാൻ മകൻ തയാറാകാറില്ലെന്ന് നമുക്ക് കവിതയിൽ കാണാം. മാത്രമല്ല തുറന്നുവെച്ച കണ്ണുകൾ മര ണത്തിലും അവസാനിക്കാത്ത മകനോടുള്ള കരുതലാണ് കാണിക്കുന്നത്.ഒരുപക്ഷേ അത് വൃദ്ധരായവരോട് ഇന്നത്തെ സമൂഹം കാണിക്കുന്ന വിവേചനത്തോടുള്ള പ്രതിഷേധവുമാവാം.

# നിലാവുപെയ്യുന്ന നാട്ടുവഴികൾ

## യൂണിറ്റ് 2



- നാട്യപ്രധാനം നഗരം ദരിദ്രം
  നാട്ടിൻപുറം നന്മകളാൽ സമൃദ്ധം
- നന്മകളാൽ സമൃദ്ധമായ നാട്ടുവഴികളിൽ പെയ്ത നിലാവ് സ്നേഹത്തിന്റെയും പരസ്പരാശ്രിതത്വത്തിന്റെയും സത്യത്തിന്റെയും കുളിർമയുള്ളതും ഊഷ്മളമായതുമായ വെളിച്ചം തന്നെയാണ്. ഈ നിലാവിനെ മനസ്സിലേറ്റിയവർ നാടിന്റെ സ്പന്ദനങ്ങളായി മാറി. അവർ കാണിച്ചുതന്നതും പറഞ്ഞുതന്നതുമായ ജീവിതപാഠം മാനവിക ബോധത്തിന്റെതായിരുന്നു.

**പ്രവേശകം.**

- ഔവ്വയാറുടെ പുറനാനൂറിലെ വരികൾക്ക് മനോജ് കുറൂർ നൽകിയ വിവർത്തനമാണ് പ്രവേശകമായി നൽകിയിരിക്കുന്നത്.
- നാടായാലും കാടായാലും കുഴിയായാലും കുന്നായാലും അവിടെ നല്ലവർ ജീവിക്കുകയാണെങ്കിൽ ആ സ്ഥലങ്ങളെല്ലാം നല്ലതാണ്.ഒരു സ്ഥലത്ത് ജീവിക്കുന്നവരുടെ നന്മയാണ് ആ സ്ഥലത്തെ മഹത്ത്വമുള്ളതാക്കി മാറ്റുന്നത്.
- ഭൂമിശാസ്ത്രപരമായി അത് എത്ര തന്നെ മനോഹരമാണെങ്കിലും വരണ്ട മനസ്സുകളാണ് അവിടെ നിലനിൽക്കുന്നതെങ്കിൽ ആ സ്ഥലം ഒരിക്കൽ പോലും നമുക്ക് ആശ്വാസം നൽകുകയില്ല.

## 4 കൊച്ചുചക്കരച്ചി

**എ.പി.ഉദയഭാനു**

- ലളിതവും സുന്ദരവുമായ ഭാഷയിലാണ് ലേഖനം രചിച്ചിരിക്കുന്നത്
- വായനക്കാരനെ ഓർമകളിലേക്ക് വലിച്ചുകൊണ്ടു പോകുന്ന അവതരണ രീതി ഉപന്യാസത്തെ ഹൃദ്യമാക്കുന്നു.
- സ്വപ്നങ്ങളും കുസൃതികളും നിറഞ്ഞുനിന്ന ബാല്യകാലത്തിന്റെ കളികളെല്ലാം അരങ്ങേറിയിരുന്നത് മാവിൻ ചുവട്ടിലാണ്.
- പൂവാലനണ്ണാനോട് മാമ്പഴം തരണമെന്ന് പറഞ്ഞ് മാങ്ങയ്ക്കായി കൊതിച്ചുനിന്ന ബാല്യം ആരുടെയും ഓർമകളിൽ മായാതെ നിൽക്കും.
- മാമ്പഴം എന്ന വൈലോപ്പിള്ളി കവിതയിലൂടെ മലയാളത്തിലേക്കു വന്നത് മറ്റൊരു മാമ്പഴക്കാലമാണ്.
- മാവും മാങ്ങയും മലയാളികൾക്ക് രുചിയുടെ അനുഭവം മാത്രമല്ല. അവ മലയാളിയുടെ ജീവിതത്തിന്റെ തന്നെ ഭാഗമായിരുന്നു.

- ✦ മധുരിക്കും ഓർമകളേ
മലർ മഞ്ചൽ കൊണ്ടു വരൂ
കൊണ്ടു പോകൂ ഞങ്ങളെ-
യാ മാഞ്ചുവട്ടിൽ -എന്നു പാടിയ മലയാളിയ്ക്ക് മാമ്പഴക്കാലവും മാവും മനസ്സിൽ മായാതെ നിൽക്കുന്ന അനുഭൂതിയാണ്
- ✦ ഓർമകൾ ഓടിക്കളിക്കുവാനെത്തുന്ന
മുറ്റത്തെച്ചക്കര മാവിൻ ചുവട്ടിൽ
മുറ്റത്തെച്ചക്കര മാവിൻ ചുവട്ടിൽ - ഈ സിനിമാ ഗാനവും നമ്മെ മാവിൻ ചുവട്ടിൽ അരങ്ങേറിയ ബാല്യകാലാനുഭവങ്ങൾ ഓർമപ്പെടുത്തുന്നു
- ✦ മാമ്പഴത്തിന്റെ രുചിയറിഞ്ഞ നാവിനെ കൃത്രിമ രുചികൾക്കു പണയപ്പെടുത്തിയത് അവതരിപ്പിച്ച പി.പി.രാമചന്ദ്രന്റെ മാമ്പഴക്കാലം എന്ന കവിത ഏറെ ശ്രദ്ധേയമാണ്.
- ✦ ലേഖകന്റെ മുല്ലശ്ശേരി തറവാട്ടിലാണ് കൊച്ചുചക്കരച്ചി പടർന്നു പന്തലിച്ചു നിന്നത്.
- ✦ മാവിനെ കുടുംബത്തിലെ ഒരംഗത്തെപ്പോലെ പരിഗണിച്ചത് ശ്രദ്ധേയമാണ്.
- ✦ സ്വന്തം വീട്ടിലെ അംഗത്തെപ്പോലെ കൊച്ചുചക്കരച്ചിയെ കണ്ടിരുന്നവർക്ക് ആ മാവ് കടപുഴകി വീണത് അസഹനീയമായിരുന്നു.
- ✦ കൊച്ചുചക്കരച്ചിയുടെ മകൾ എന്ന പേരിൽ മറ്റൊരു മാവ് അമ്മ സംരക്ഷിച്ചു പോരുന്നതിൽ പ്രകൃതിയോടുള്ള ബന്ധം കൂടി വായിച്ചെടുക്കണം. വീണമരത്തിനു പകരം മറ്റൊന്ന് വളർത്തുന്ന പാരിസ്ഥിതികാവബോധം എല്ലാവരിലും വളരേണ്ടതുണ്ട്.
- ✦ മധുരമുള്ള പഴങ്ങൾ തന്ന കൊച്ചുചക്കരച്ചിയ്ക്കു ശേഷം മുളച്ച് വളർന്ന മാവിലുണ്ടായത് പുളിച്ചിയാണ്. നഷ്ടപ്പെടുന്ന മാനവികബോധത്തിന്റെയും നന്മയുടെയും അടയാളങ്ങൾ ഇവിടെ കാണാം. ബന്ധങ്ങൾ പുളിച്ചുപോകുന്ന സ്വാർത്ഥ ലോകത്തിന്റെ ചിത്രം ഈ വരികളിൽ പ്രതിഫലിക്കുന്നു.

.

## കൊച്ചുചക്കരച്ചി പാഠസംഗ്രഹം സൂചനകളിലൂടെ.....



- വൃക്ഷങ്ങളിൽ ഏറ്റവും മികച്ചതാണ് മാവ്.
- മാവ് പൂക്കുന്ന കാലം നാടിന് ഉത്സവമാണ്.
- ഉണ്ണിമാങ്ങ തൊട്ട് പഴുത്തമാങ്ങവരെ ഓരോന്നിനും അതിന്റേതായ പ്രാധാന്യമുണ്ട്.
- പഴുത്ത മാങ്ങ കയ്യിൽവെച്ച് കശക്കി ഊറിക്കുടിക്കുന്നതിന്റെ അനുഭവം ലേഖകൻ പങ്കുവെക്കുന്നു.
- മാങ്ങ പലരൂപത്തിൽ സൂക്ഷിക്കാറുണ്ട്.(ഉപ്പിലിട്ടതും,ഉണക്കിയതും...) മാങ്ങയുടെ അണ്ടിപ്പരിപ്പ് ഔഷധഗുണമുള്ളതാണ്.
- വിവിധതരം മാങ്ങകളെക്കുറിച്ച് ലേഖകൻ പറയുന്നു. ആദ്യത്തേത് ചക്കക്കുരുവിന്റെ വലുപ്പം പോലുമില്ലാത്ത കുരുടിച്ചി മാങ്ങ. അതിന്റെ രുചി ഇപ്പോഴും ലേഖകന്റെ നാവിലുണ്ട്.
- മാങ്ങാക്കൊതിയൻമാരായ കുട്ടികൾ ശർക്കരമാവിനു ചുവട്ടിൽ ഒത്തുകൂടുന്നു.കൊതിയ സമാജം എന്നാണ് ലേഖകൻ ഈ കൂട്ടായ്മയെ വിശേഷിപ്പിച്ചത്.
- മാവിനു ചുററും നിന്ന് കുട്ടികൾ അണ്ണാൻ പിറന്നാൾ ആഘോഷിക്കാറുണ്ടായിരുന്നു.(ചുള്ളിക്കമ്പുകളിൽ കരിയിലയിട്ട് കത്തിച്ച് ഹോമകുണ്ഡം തീർത്ത് അതിലേക്ക് മാങ്ങയുടെ നീര് ഉറ്റിക്കുന്നു.മാങ്ങയിട്ടു തരുന്ന അണ്ണാന്റെ പിറന്നാൾ ആഘോഷി



visit www.shenischool.in or whatsapp 7012498606

ക്കുന്ന രസകരമായ കളിയാണിത്. പുകയേറ്റ് മാങ്ങ പഴുത്തു വീഴാനാണിത് കളിക്കുന്നത്.)

- മാവുമായി ബന്ധപ്പെട്ട് രസകരമായ വിശ്വാസങ്ങൾ നാട്ടിൻപുറത്ത് ഉണ്ടായിരുന്നു. വീണമാങ്ങയുടെ ഞെട്ടി നുള്ളിയിട്ടാൽ പകരം ഒരു മാങ്ങ വീഴും എന്നാണ് വിശ്വാസം. നുള്ളിയിടുന്ന ആളാണ് ഇതിന്റെ അവകാശി.
- മാങ്ങ വീഴ്ത്താൻ മന്ത്രങ്ങൾ എന്നപോലെ രസകരമായ പാട്ടും അവർക്കുണ്ടായിരുന്നു.(ഈ കാറ്റും കാറ്റല്ല...,അണ്ണാൻ കുഞ്ഞൂഞ്ഞേ)
- മാവിനോടുള്ള സ്നേഹം കുട്ടികൾക്കു മാത്രമല്ല. കവികൾക്കും ഉണ്ടായിരുന്നു.
- കുട്ടിക്കാലത്ത് കൊതിയ സമാജത്തിൽ അംഗമായതു കൊണ്ടായിരിക്കാം അവർക്ക് തേനൂറുന്ന കവിതകൾ രചിയ്ക്കാനായത്.(വൈലോപ്പിള്ളിയും പി.പി.രാമചന്ദ്രനുമെല്ലാം ഇതിലംഗങ്ങളായിരിക്കാം)
- ഭംഗിയുള്ള വൃക്ഷങ്ങൾ ഏറെയുണ്ടെങ്കിലും കവി ഭാവനയെ തൊട്ടുണർത്തിയത് മാവു തന്നെയാണ്.
- ഒരുതരത്തിൽ കവികൾ അവർക്കു പ്രിയപ്പെട്ട മാമ്പൂവൊടിച്ച് കാമദേവന്റെ അമ്പാക്കി തീർക്കുകയായിരുന്നു.(കാമദേവന്റെ അമ്പുകളിലൊന്ന് മാമ്പൂവാണ്)
- മാമ്പഴവുമായി ബന്ധപ്പെട്ട് മനോഹരമായ കവിത വേദനയുടെ മാധുര്യം പകർന്നു കൊണ്ട് നമുക്ക് സമ്മാനിച്ച കവിയാണ് വൈലോപ്പിള്ളി(വൈലോപ്പിള്ളിയുടെ മാമ്പഴം എന്ന കവിത ഓർക്കുക)
- ലോകപ്രസിദ്ധമായ മാവുകളുടെ വംശത്തിൽപ്പെട്ട മാവാണ് കൊച്ചുചക്കരച്ചി.
- കൊച്ചുചക്കരച്ചിയുമായി അടുപ്പമുണ്ടാവുന്നത് ലേഖകനും അമ്മയും തറവാട്ടു വീട്ടിൽ താമസിച്ചതോടെയാണ്.അവരുടെ കൂടെ മറ്റാരും ഉണ്ടായിരുന്നില്ല.(മൂത്ത സഹോദരി ഭർത്താവിന്റെ വീട്ടിലും ഇളയ സഹോദരി പഠനാവശ്യാർത്ഥം എറണാകുളത്തുമാണ് ഉള്ളത്)
- തറവാട്ടിലെ താമസ സമയത്തുണ്ടായ ഏകാന്തത ലേഖകനെ വൃക്ഷലതാതികളുമായി അടുപ്പിച്ചു.
- തറവാട്ടിലുള്ള ഏറ്റവും ശ്രേഷ്ഠമായ മാവുകൾ വലിയ ചക്കരച്ചിയും കൊച്ചു ചക്കരച്ചിയുമായിരുന്നു.
- വലിയചക്കരച്ചി പറമ്പിന്റെ തെക്കു പടിഞ്ഞാറും കൊച്ചുചക്കരച്ചി നാലുകെട്ടിനും നെൽപുരയ്ക്കും മധ്യേയുള്ള തെക്കേ മുറ്റത്ത് പടിഞ്ഞാറുമാറി കറ്റപ്പുരയുടെയും തേങ്ങാക്കൂട്ടിന്റെയും അതിർത്തിയിലും അധീശ്വരിയെപ്പോലെ നീണ്ടു നിവർന്ന് പടർന്നു പന്തലിച്ചു.
- അറുപത് വർഷങ്ങൾക്കു മുമ്പ് തന്റെ പ്രൗഢിയുടെ അടയാളമായ മാളികയ്ക്ക് തടസ്സമാകുന്നുവെന്ന് പറഞ്ഞ് കൊച്ചുചക്കരച്ചിയെ മുറിച്ചു നീക്കാൻ പാട്ടത്തിലെ അപ്പൂപ്പൻ തുനിഞ്ഞിരുന്നു.എന്നാൽ വേണ്ടപ്പെട്ടവർ ഇടപെട്ട് അത് തടഞ്ഞു.
- ഈ കഥ കൊച്ചുചക്കരച്ചിയോടുള്ള എല്ലാവരുടെയും പ്രിയം വർദ്ധിപ്പിച്ചു.
- എത്രയോ തലമുറകൾ ഈ മാവിനു ചുവട്ടിൽ അതിലെ മാങ്ങയുടെ രുചിയറിഞ്ഞ് ഒടുക്കം വൃദ്ധരായി മരണത്തിലേക്കു കടന്നുപോയി.
- നാവുണ്ടായിരുന്നെങ്കിൽ തനിയ്ക്കു ചുവട്ടിൽ അരങ്ങേറിയതെല്ലാം കൊച്ചു ചക്കരച്ചി പറയുമായിരുന്നു.
- തറവാട്ടു വീട്ടിൽ താമസിക്കുമ്പോൾ പണത്തിനുള്ള ബുദ്ധിമുട്ടു കാരണം കൊച്ചുചക്കരച്ചിയിലെ മാങ്ങ വിൽക്കാൻ ശ്രമിച്ചെങ്കിലും നീറുകൾ അതിന് ശ്രമിച്ചവരെയെല്ലാം ഓടിച്ചു കളഞ്ഞു.
- വിൽക്കാനുള്ളതല്ല ആളുകൾക്ക് തിന്നാനുള്ളതാണ് തന്റെ മാങ്ങ എന്നതാണ് കൊച്ചു ചക്കരച്ചിയുടെ നില.

- യുദ്ധകാലമായതോടെ മാവുകൾക്ക് വിലകൂടുകയും മാവു വാങ്ങാൻ ആളുകൾ വരുകയും ചെയ്തു.
- ലേഖകൻ യുദ്ധകാലത്ത് മാവിന് വില കൂടിയതിനെ തമാശയായി കാണുന്നു. പടർന്നു പന്തലിച്ച കൊച്ചുചക്കരച്ചിയെ പട്ടാളത്തിൽ ചേർക്കാൻ എല്ലാ പ്രലോഭനങ്ങളുമായി ആളുകൾ വന്നെങ്കിലും പണത്തിന് ബുദ്ധിമുട്ടുണ്ടായിരുന്നെങ്കിലും അവരെല്ലാം തുരത്തപ്പെട്ടു എന്നാണ് ലേഖകൻ പറയുന്നത്.(പട്ടാളപ്പാളയങ്ങൾ ഉൾപ്പെടെ പല തരം നിർമിതികൾക്ക് മാവ് ഉപയോഗിച്ചിരിക്കാം.)
- മുറിക്കാൻ ഇഷ്ടമല്ലാതിരുന്നിട്ടും ലേഖകനും മാവ് മുറിക്കണമെന്ന് വാദിച്ചു.മാവിന് കേടുണ്ടായതിനാൽ അത് വീണ് നാശനഷ്ടങ്ങളുണ്ടായാൽ അതിന് സമാധാനം പറയാൻ കഴിയില്ല എന്നതു കൊണ്ടാണ് മാവ് മുറിക്കാൻ തീരുമാനിച്ചത്.
- അമ്മ ഒരു വാദവും കേട്ടില്ല. കൊച്ചുചക്കരച്ചി വീഴില്ലെന്നും വീണാലും ആപത്തൊന്നും വരുത്തില്ലെന്നുമാണ് അമ്മയുടെ വിശ്വാസം. അമ്മ അതിൽ ഉറച്ചു നിന്നു.
- കാറ്റും മഴയും വന്നാൽ അമ്മ പൂമുഖത്ത് ചെന്നിരിക്കും. കൊച്ചുചക്കരച്ചി വീഴില്ലെന്ന വിശ്വാസം കൊണ്ടോ അതോ വീണാൽ അതോടൊപ്പം താനും തകരട്ടെ എന്ന ചിന്ത കൊണ്ടോ ആയിരിക്കാം അങ്ങനെ ചെന്നിരിക്കുന്നത്.
- ജീവനില്ലാതാക്കുന്ന തരത്തിലുള്ള രോഗം പിടിപെട്ടിട്ടും മാമ്പഴം നൽകി വീഴുമോ എന്ന ആശങ്ക നിലനിർത്തിക്കൊണ്ട് പിന്നെയും പത്തു കൊല്ലക്കാലം കൊച്ചുചക്കരച്ചി വീഴാതെ നിന്നു.
- ശക്തമായ കാറ്റ് കൊച്ചു ചക്കരച്ചിയെ വീഴ്ത്താതെ അതിന്റെ പടർന്നു പന്തലിച്ച ചില്ലകളിൽ തലോടിക്കൊണ്ട് കടന്നു പോയി.
- ഇരുപത് വർഷം മുമ്പുണ്ടായ കാറ്റും മഴയുമേറ്റ് കൊച്ചുചക്കരച്ചി നിലംപതിച്ചു.
- വലിയ നഷ്ടങ്ങളൊന്നും കൊച്ചുചക്കരച്ചിയുടെ വീഴ്ച്ചയാലുണ്ടായില്ല.നല്ലൊരു മരം വെട്ടുകാരനു പോലും നാശനഷ്ടങ്ങൾ വരുത്താതെ ഇത്രയും സുരക്ഷിതമായ രീതിയിൽ മരം മുറിച്ചിടാൻ കഴിയില്ല.
- കൊച്ചുചക്കരച്ചി നേരുള്ള മാവാണ്.അവൾ ദോഷം വരുത്തുകയില്ല എന്ന അമ്മയുടെ വിശ്വാസം തന്നെ ജയിച്ചു.
- അവിടെ കിളിർത്തു പൊന്തിയ മാവിനെ കൊച്ചുചക്കരച്ചിയുടെ മകളായി കണ്ട് വളർത്തി. അത് കായ്ച്ചു. അത് പുളിച്ചിയായിരുന്നു.(ഈ മാവിലുണ്ടായ മാങ്ങ പുളിയുള്ളതായിരുന്നു.)



## വിഗ്രഹിക്കുക

| | | |
|---|---|---|
| വൃദ്ധമുത്തശ്ശി | - | വൃദ്ധയായ മുത്തശ്ശി |
| മന്ത്രതന്ത്രങ്ങൾ | - | മന്ത്രവും തന്ത്രവും |
| മാങ്ങാനീര് | - | മാങ്ങയുടെ നീര് |
| രോഗഹേതു | - | രോഗത്തിന്റെ ഹേതു |
| ഔഷധമൂല്യം | - | ഔഷധത്തിന്റെ മൂല്യം |
| ഗ്രാമീണാന്തരീക്ഷം | - | ഗ്രാമീണമായ അന്തരീക്ഷം |
| പ്രേരകശക്തി | - | പ്രേരകമായ ശക്തി |
| ഹോമധൂപം | - | ഹോമത്തിന്റെ ധൂമം |

**കൊച്ചുചക്കരച്ചിക്ക് നൽകിയ മാനുഷിക ഭാവങ്ങൾ.**

- കുലശ്രേഷ്ഠകൾ എന്നാണ് മാവിനെ വിളിച്ചിരിക്കുന്നത്.
- മാവുകൾക്ക് ഓരോന്നിനും ഓരോ തരം പേരുകൾ നൽകിയിരിക്കുന്നു.
- ആ കഥ അവൾക്കൊരു അരുമത്തം നൽകി എന്നു പറയുമ്പോൾ കൊച്ചുചക്കരച്ചിക്ക്

മനുഷ്യന് തുല്യമായ സ്ഥാനമുണ്ടായിരുന്നുവെന്ന് മനസ്സിലാക്കാം.

- തറവാടിന്റെ ചിരബന്ധുവാണ് കൊച്ചുചക്കരച്ചി.അതുകൊണ്ട് അതിനെ മുറിച്ചു മാറ്റാൻ ആർക്കും സമ്മതമല്ല. ബന്ധു എന്ന ചിന്ത മനുഷ്യനോടൊപ്പം കൊച്ചുചക്കര ച്ചിയെ ചേർത്തു നിർത്തുന്നു.
- കൊച്ചുചക്കരച്ചിയുടെ പടർന്നു പന്തലിച്ച ശാഖകളെയും ഇലകളെയും നിബിഡവും ശ്യാമളവുമായ തലമുടികളായി വർണ്ണിച്ചതിൽ മനുഷ്യഭാവം നൽകിയതിനുള്ള സൂച നയുണ്ട്.
- കൊച്ചുചക്കരച്ചി നേരുള്ള മാവാണ്. അവൾ ദോഷം വരുത്തുകയില്ല എന്ന കാഴ്ചപ്പാട്.
- ഗൗരവം വിടാതെ അർദ്ധവൃത്താകാരത്തിൽ ലേശം ഒന്നു തിരിഞ്ഞു നൃത്തം വയ്ക്കു ന്നു എന്ന വർണന തന്നെ മനുഷ്യനു തുല്യമായ കാഴ്ചപ്പാടിൻഫെ പ്രതിഫലനമാണ്.
- നാവുണ്ടായിരുന്നെങ്കിൽ അവൾ എല്ലാം പറയുമായിരുന്നു.
- പുതുതായി കിളിർത്ത മാവിനെ കൊച്ചുചക്കരച്ചിയുടെ മകളായി കാണുന്നതും ശ്രദ്ധേ യമാണ്

## ചോദ്യശേഖരം



**1. വൃക്ഷങ്ങളിൽ ഏറ്റവും മികച്ചതായി ലേഖകൻ പരിഗണിക്കുന്നത് ഏതിനെ ?**

മാവിനെ.

**2. "കശക്കി ഊറിക്കുടിച്ചാലുള്ള അമൃതരസത്തിനു മീതെ മറ്റൊരു രസമില്ല." – ഏത് അനുഭവത്തെക്കുറിച്ചാണ് എ.പി.ഉദയഭാനു പരാമർശിക്കുന്നത് ?**

പഴുത്ത മാങ്ങ ഊറിക്കുടിക്കുന്ന അനുഭവത്തെക്കുറിച്ച്.

**3. പത്തു നാൽപത്തഞ്ചു കൊല്ലങ്ങൾക്കപ്പുറത്ത് നിന്ന് ഇന്നും ലേഖകന്റെ നാവിൽ മായാതെ നിൽക്കുന്ന രുചിയനുഭവം ഏത് മാങ്ങയുടേതാണ് ?**

കുരിടിച്ചി മാങ്ങയുടെ.

**4. കുരുടിച്ചി മാങ്ങയെക്കുറിച്ച് ലേഖകൻ ഓർത്തെടുക്കുന്നതെന്തെല്ലാം ?**

ലേഖകന്റെ തറവാട്ടിൽ ആകാശം മുട്ടി നിൽക്കുന്ന മാവുകളിലൊന്നാണ് കുരുടിച്ചി. ചക്ക ക്കുരുവിന്റെ പോലും വലുപ്പമില്ലാത്ത മാങ്ങയാണ് ഈ മാവിലുണ്ടാവുന്നത്. അതുകൊണ്ടാണ് മാങ്ങയ്ക്ക് ഇങ്ങനെ ഒരു പേരു വന്നത്.കുട്ടികൾക്കു പോലും ഒരേ സമയം രണ്ടെണ്ണം വായിലിട്ട് നുണയാൻ കഴിയുന്ന വലുപ്പമേ ഇതിനുള്ളു.മാത്രമല്ല പത്തുനാൽപത്തഞ്ചു കൊല്ലങ്ങൾക്കപ്പു റത്ത് നിന്നും ഓർത്തെടുക്കാൻ കഴിയുന്ന തരത്തിൽ ഇന്നും കൊച്ചുചക്കരച്ചിയുടെ രുചി ലേഖ കന്റെ നാവിൽ തങ്ങിനിൽക്കുന്നു.

**5. ലേഖകൻ ഉൾപ്പെടെയുള്ളവരുടെ ബാല്യകാലത്തെ ഒത്തുചേരലിനെ അദ്ദേഹം വിശേ ഷിപ്പിച്ചത് എങ്ങനെയായിരുന്നു ?**

കൊതിയ സമാജം.

**6. കവി ഭാവനയെ ഏറ്റവും കൂടുതൽ സ്വാധീനിച്ച വൃക്ഷം ?**

മാവ്

**7. ഉൽക്കടമായ വേദനയുടെ മാധുര്യം മലയാളിക്കു പകർന്നു നൽകിയ വൈലോപ്പിള്ളി ശ്രീധരമേനോന്റെ കവിത ഏത് ?**

മാമ്പഴം.

**8. പൂത്തിരികത്തിച്ചതുപോലെയുള്ള മാമ്പൂക്കുല ഒടിച്ച് കൃസൃതിക്കുട്ടനെപ്പോലെ കവിതാങ്കണത്തിൽ ഓടിയെത്തിയ കവി എന്നു ലേഖകൻ വിശേഷിപ്പിക്കുന്നതാരെ ?**

വൈലോപ്പിള്ളിയെ

**9. ലേഖകന്റെ തറവാട്ടിലുണ്ടായ മാവുകളിൽ കുലശ്രേഷ്ഠകളായി പരിഗണിച്ച മാവുകൾ ഏതെല്ലാം ?**

വലിയ ചക്കരച്ചിയും കൊച്ചു ചക്കരച്ചിയും.

**10. നാവുണ്ടായിരുന്നെങ്കിൽ കുടുംബത്തിന്റെ കഥ അവൾ പറയുമായിരുന്നു. ആര് ?**

കൊച്ചുചക്കരച്ചി

**11.മാവ് വെട്ടിക്കളയണമെന്ന് അമിതമായി വാശിപിടിച്ച് അതിനായി തുനിഞ്ഞത് ആരായിരുന്നു ?**

പാട്ടത്തിലെ അപ്പൂപ്പൻ

**12.മാവിൽ കയറാൻ ശ്രമിക്കുന്നവരെ തുരത്തിയോടിച്ച നീറുകളെ ലേഖകൻ വിശേഷിപ്പിച്ചതെന്ത് ?**

ചാവേറ്റുപട.

**13. 'ആ കഥ കൊച്ചുചക്കരച്ചിക്ക് പ്രത്യേക അരുമത്തം നേടിക്കൊടുത്തു.'- ഇവിടെ ലേഖകൻ പരാമർശിച്ച കഥയെന്ത് ?**

കൊച്ചുചക്കരച്ചിയെ വെട്ടി മാറ്റാൻ പാട്ടത്തിലെ അപ്പൂപ്പൻ തുനിഞ്ഞിറങ്ങിയതും എന്നാൽ തറവാട്ടിലുള്ളവരിൽ ചിലർ അതിനെ എതിർത്ത് വിജയം നേടിയതുമായ കഥയാണ് കൊച്ചു ചക്കരച്ചിയോട് പ്രത്യേക മമത ഉണ്ടാകാൻ കാരണമായത്.

**14. 'വേണ്ടപ്പെട്ടവർ ആരൊക്കെയോ ചേർന്ന് ആ അത്യഹിതം തടഞ്ഞു'- അത്യഹിതം എന്ത് ?**

കൊച്ചുചക്കരച്ചിയെ മുറിച്ചു മാറ്റാനുള്ള തീരുമാനം.

**15. കൊച്ചുചക്കരച്ചിയെക്കുറിച്ച് അമ്മയുടെ മനസ്സിൽ നിറയുന്ന വിശ്വാസം എന്ത് ?**

**അല്ലെങ്കിൽ**

**'യുക്തി ഉള്ളിടത്തല്ലേ യുക്തി വാദം ഫലിക്കൂ ഇവിടെ ഭക്തിയും വിശ്വാസവുമാണ്.' - അമ്മ പുലർത്തിയിരുന്ന വിശ്വാസം എന്തായിരുന്നു ?**

കൊച്ചുചക്കരച്ചി വീഴില്ലെന്നും വീണാലും അവൾ ആപത്തുവരുത്തുകയുമില്ലെന്നുമുള്ള ഉറച്ച വിശ്വാസം അമ്മയ്ക്കുണ്ടായിരുന്നു.

**16. കൊച്ചുചക്കരച്ചിയെ മുറിച്ചുമാറ്റാൻ അമ്മ അനുവദിക്കാതിരുന്നതെന്തു കൊണ്ട് ?**

അമ്മയെ സംബന്ധിച്ച് വീട്ടിലെ ഒരു അംഗം തന്നെയാണ് കൊച്ചുചക്കരച്ചി. ആ സ്നേഹവും അടുപ്പവും അമ്മയ്ക്ക് കൊച്ചുചക്കരച്ചിയോടുണ്ട്. കൂടാതെ എത്രയോ കാലം തണലും മധുരവും തന്ന് കൂടെ നിന്ന കൊച്ചു ചക്കരച്ചി ചതിക്കില്ലെന്ന ഉറച്ച വിശാവസവും അമ്മയുടെ മനസ്സിലുണ്ട്. അതുകൊണ്ടാണ് മാവ് മുറിച്ചു മാറ്റാൻ അമ്മ സമ്മതിക്കാത്തത്.

**17. അപരിഷ്കൃതമട്ടുകൾ എന്ന് ലേഖകൻ പരാമർശിക്കുന്നതെന്തിനെ ?**

മാവിൻ ചുവട്ടിൽ അരങ്ങേറുന്ന ഗ്രാമീണരായ കുട്ടികളുടെ വിശ്വാസങ്ങളെയും കളിക



visit www.shenischool.in or whatsapp 7012498606

ളെയും.

**18. അല്ലായ്കിലുണ്ടോ തേനൂറുന്ന കവിത രചിയ്ക്കാൻ അവർക്കു കഴിയുന്നു- കവിതയിലെ മാധുര്യത്തിന് കാരണമായി ലേഖകൻ ചൂണ്ടി കാണിക്കുന്നത് എന്ത് ?**

മാവിനോടുള്ള പ്രേമം കവികളിലും ഉള്ളതു കൊണ്ടാണ് തേനൂറുന്ന കവിതകൾ രചിക്കാൻ കവികൾക്കു കഴിയുന്നത്.

**19. 'മാവിനോടുള്ള സ്നേഹം നാട്ടിൻ പുറത്തെ കുട്ടികളിൽ മാത്രമല്ല, കവികളിലും കാണാം. കവികളായവരെല്ലാം നാട്ടിൻ പുറത്തെ ഏതെങ്കിലും കൊതിയസമാജത്തിൽ അംഗങ്ങളായിരുന്നിരിക്കണം.' - കഥ കവിത സംഭാഷണം എന്നിവയിലൊക്കെ മാവും മാങ്ങാക്കാലവും കടന്നു വരുന്നുണ്ട്. മാവുമായുള്ള മലയാളികളുടെ ബന്ധം വിവരിക്കുക.**

മാവ് മലയാളികൾക്ക് കേവലം ഒരു മരം മാത്രമല്ല. നമ്മുടെ ബാല്യകാലാനുഭവങ്ങളെല്ലാം അരങ്ങേറിയത് മാവിൻ ചുവട്ടിലായിരുന്നു.നമ്മുടെ വിശ്വാസങ്ങളിലും ജീവിതത്തിലും മാവ് നിറഞ്ഞു നിൽക്കുന്നു.വിഷുവിന് കണിവെക്കുമ്പോൾ മാങ്ങയ്ക്ക് അതിൽ സവിശേഷ സ്ഥാനമുണ്ട്. പൂജയുമായി ബന്ധപ്പെട്ട് മാവിലയും ഉപയോഗിക്കുന്നു..ഉണ്ണിമാങ്ങ മുതൽ പഴുത്ത മാങ്ങ വരെ പല ഘട്ടങ്ങളിൽ മാവ് നൽകിയ രുചിയനുഭവങ്ങൾ എഴുത്തുകാരുടെ രചനകളിൽ മധുരമായി പ്രതിഫലിച്ചു.വൈലോപ്പിള്ളിയുടെ മാമ്പഴം എന്ന കവിത മലയാളിക്കു തന്നത് വേദനയുടെ മാധുര്യം തന്നെയാണ്.ഉണ്ണികൃഷ്ണൻ പൂതൂരിന്റെ പഞ്ചാരമാവ് വീണു എന്ന കഥയും ബഷീറിന്റെ തേന്മാവും പി.പി രാമചന്ദ്രന്റെ മാമ്പഴക്കാലവും ഇടശ്ശേരിയുടെ പൂത്തമാവിനെപ്പറ്റി എന്ന കവിതയുമെല്ലാം കവികളുടെ മാവിന്റെയും മാവുമായി ബന്ധപ്പെട്ടു നിൽക്കുന്ന അനുഭവങ്ങളുടെയും മനോഹരമായ ഓർമകളാണ്.

**20. യുക്തി ഉള്ളിടത്തല്ലേ യുക്തി വാദം ഫലിക്കൂ ഇവിടെ ഭക്തിയും വിശ്വാസവുമാണ്.കൊച്ചു ചക്കരച്ചി വീഴില്ല,വീണാലും അവൾ ആപത്തു വരുത്തുകയില്ല എന്ന ഉറച്ചനിലയായിരുന്നു അമ്മയ്ക്ക്**

**-അമ്മയുടെ വിശ്വാസത്തെ കൊച്ചുചക്കരച്ചി സംരക്ഷിച്ചതായി കരുതാമോ ? പാഠഭാഗം പരിശോധിച്ച് സ്വന്തം നിരീക്ഷണം കുറിക്കുക.**

കൊച്ചുചക്കരച്ചി ലേഖകനെ സംബന്ധിച്ച് അവരുടെ കുടുംബത്തിലെ ഒരംഗമായിരുന്നു. അതിനു കേടു വന്നതിനാൽ ഉണ്ടാകാനിടയുള്ള അപകടം ഓർത്ത് മുറിച്ചു കളയാൻ തീരുമാനിച്ചെങ്കിലും അദ്ദേഹത്തിന്റെ അമ്മ അതിന് അനുവദിച്ചില്ല. കൊച്ചുചക്കരച്ചി വീഴില്ല എന്നാണ് അമ്മ ഉറച്ചു വിശ്വസിക്കുന്നത്. അഥവാ വീണാൽ തന്നെ അവൾ ആപത്തൊന്നും വരുത്തുകയില്ല എന്ന അമ്മയുടെ വാക്കുകൾ മാവും അമ്മയും തമ്മിലുള്ള ആത്മബന്ധം തന്നെയാണ് സൂചിപ്പിക്കുന്നത്. തടിക്കു കേടുപറ്റി കൊച്ചുചക്കരച്ചി വീഴുമ്പോൾ ഉണ്ടാവുന്ന ആപത്തിനെ പലരും ആധിയോടെയാണ് കാണുന്നത്. എന്നാൽ അമ്മയുടെ വിശ്വാസം തന്നെ ജയിച്ചു.അവശതകൾക്കിടയിലും പത്തു വർഷത്തോളം തലയുയർത്തിപ്പിടിച്ച് തണലു നൽകി കൊച്ചു ചക്കരച്ചി വീഴാതെ നിന്നു. എന്നാൽ ഇരുപതു വർഷം മുമ്പ് ഉണ്ടായ കാറ്റിലും മഴയിലും കൊച്ചുചക്കരച്ചി കടപുഴകി വീണു.അമ്മയുടെ വിശ്വാസം പോലെ അവൾ ദോഷമൊന്നും വരുത്തിയില്ല. ആകെ വന്ന നഷ്ടം വീടിന്റെ മതിൽ പൊളിഞ്ഞതും തേന്മാവിന്റെയും പുളിമരത്തിന്റെയും കൊമ്പൊടിഞ്ഞതും മാത്രമാണ്. ഇത്രയും സുരക്ഷിതമായി ഒരു മരംവെട്ടുകാരനു പോലും മരം മുറിച്ചിടാൻ കഴിയില്ലെന്നാണ് ലേഖകൻ നിരീക്ഷിച്ചത്. അമ്മയുടെ വിശ്വാസം പോലെ ആപത്തൊന്നും വരുത്താതെ കൊച്ചുചക്കരച്ചി വീണപ്പോൾ അമ്മ തന്നെയാണ് ശരി എന്ന് തെളിയിക്കപ്പെട്ടു.

**21. കാറ്റും മഴയും വരുമ്പോഴൊക്കെ അമ്മ പൂമുഖത്ത് ചെന്നിരിക്കും- അമ്മയെ ഇങ്ങനെ**

**ചെയ്യാൻ പ്രേരിപ്പിക്കുന്ന വികാരം എന്തായിരിക്കും ? ഉപന്യാസം വിശകലനം ചെയ്ത് സ്വന്തം നിരീക്ഷണം കുറിക്കുക.**

**അല്ലെങ്കിൽ**

**കൊച്ചുചക്കരച്ചി എന്ന ഉപന്യാസത്തിൽ അമ്മയും മാവും തമ്മിൽ പുലർത്തിയ ബന്ധം എങ്ങനെയുള്ളതായിരുന്നു ? സമർത്ഥിക്കുക.**

മുല്ലശ്ശേരി തറവാട്ടിൽ തലയെടുപ്പോടെ നിന്ന മാവാണ് കൊച്ചുചക്കരച്ചി. ലേഖകനുൾപ്പെടെ എല്ലാവരും അതിനെ തങ്ങളുടെ കുടുംബത്തിലെ അംഗമെന്ന പോലെ പരിഗണിച്ചു. കേടു വന്നതിനാൽ കൊച്ചുചക്കരച്ചി വീഴുമെന്നും വലിയൊരപകടം ഉണ്ടാവുമെന്നും മനസ്സിലാക്കിയ ലേഖകൻ മറ്റുപലരോടൊപ്പം മാവ് മുറിച്ചു മാറ്റണമെന്ന് വാദിച്ചു. എന്നാൽ മകന്റെ വാദത്തെ അംഗീകരിക്കാൻ അമ്മ തയാറായില്ല. ഇത്രയും കാലം തണലും മാമ്പഴവും നൽകി കരുണ കാണിച്ച കൊച്ചുചക്കരച്ചി വീഴില്ല എന്നു തന്നെയാണ് അമ്മയുടെ വിശ്വാസം. അഥവാ വീണാൽ തന്നെ കൊച്ചുചക്കരച്ചി അപകടമൊന്നും വരുത്തില്ലെന്ന് അമ്മ ഉറച്ചു വിശ്വസിച്ചു.കാറ്റും മഴയും വരുമ്പോൾ അമ്മ പൂമുഖത്തു വന്ന് കൊച്ചുചക്കരച്ചിയെയും നോക്കി നിൽക്കും.എന്തിനാണ് ഇങ്ങനെ ഇരിക്കുന്നതെന്ന് അറിയില്ല.ഒരു പക്ഷേ കൊച്ചുചക്കരച്ചി ചതിക്കില്ല എന്ന അമ്മയുടെ ഉറച്ചവിശ്വാസമാവാം ഇതിനു പിന്നിൽ. അതല്ലെങ്കിൽ മാവ് വീണ് പൂമുഖവും തറയും തകരുന്ന കൂട്ടത്തിൽ താനും തകരട്ടെ എന്ന ചിന്തയാവാം അമ്മയ്ക്ക്. എന്തു തന്നെയായാലും അമ്മയുടെ വിശ്വാസം തന്നെയായിരുന്നു  ശരി എന്ന് ലേഖകൻ ഓർമിക്കുന്നു.അമ്മയും മാവും തമ്മിലുള്ള ആത്മബന്ധത്തിന്റെ തീവ്രതയെന്നോണം അമ്മയുടെ പ്രാർത്ഥനകളെയാണ് കൊച്ചുചക്കരച്ചി സംരക്ഷിച്ചതെന്ന് നമുക്ക് മനസ്സിലാക്കാം,

**22.മാവ് തളിരിടുന്നതു മുതൽ നാട്ടിൻപുറത്ത് ഉത്സവകാലമാണ്. ലേഖകന്റെ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ ?**

**അല്ലെങ്കിൽ**

**വൃക്ഷങ്ങൾ പലതുണ്ടെങ്കിലും വൃക്ഷങ്ങളിൽ വെച്ച് വൃക്ഷമായത് മാവു തന്നെയാണ് - തന്റെ അഭിപ്രായം സാധൂകരിക്കാൻ ലേഖകൻ നിരത്തുന്ന വസ്തുതകൾ എന്തെല്ലാം ?**

മാവ് മലയാളിയുടെ ഗ്രാമീണജീവിതത്തിലെ നിത്യ സാന്നിധ്യമാണ്.മാവു ചതിക്കില്ല എന്നാണ്  നമ്മുടെ വിശ്വാസം.മാവ് തളിരിടുന്നതു മുതൽ  മാങ്ങ പഴുത്ത് വീഴുന്നതുവരെയുള്ള കാലം നാട്ടിൻ പുറത്തുകാരന് ഉത്സവകാലമാണ്. കുട്ടികളുടെ കളികളും വിശ്വാസങ്ങളും കൊണ്ട് ആവേശം തിരതല്ലുന്ന മാവിൻ ചുവടുകൾ എവിടെയുമുണ്ടായിരുന്നു.ഉണ്ണിമാങ്ങ മുതൽ അതിന്റെ പ്രാധാന്യം നിലനിൽക്കുന്നുണ്ട്. പച്ചമാങ്ങ ഉപ്പുചേർത്തു തിന്നുന്നതും പഴുത്തത് ഊമ്പിക്കുടിക്കുന്നതും പറഞ്ഞറിയിക്കാനാവാത്ത അനുഭവമാണ്.മാത്രമല്ല മാങ്ങാക്കാലം കഴിഞ്ഞാലും ഉപ്പിലിട്ടതും മാങ്ങ ഉണക്കി സൂക്ഷിച്ചതും  നമ്മുടെ രുചിയനുഭവങ്ങളെ സംതൃപ്തിപ്പെടുത്തുന്നു. മാങ്ങയുടെ അണ്ടിപ്പരിപ്പു പോലും ഔഷധമൂല്യമുള്ളതാണ്.പൂജയ്ക്കു മാവിന്റെ ഇലകൾ ഉപയോഗിക്കാറുണ്ട്. മാത്രമല്ല മികച്ച തണലു നൽകിയും നമുക്ക് താങ്ങായി നിൽക്കുന്നത് മാവു തന്നെ.ഇതിന്റെ മഹത്ത്വം കൊണ്ടു തന്നെയാണ് മാവിനെക്കുറിച്ചും മാമ്പഴക്കാലത്തെക്കുറിച്ചും എഴുത്തുകാർ വാതോരാതെ പറഞ്ഞു കൊണ്ടിരിക്കുന്നത്. ഇത്തരം സവിശേഷതകളെല്ലാം നിറഞ്ഞു നിൽക്കുന്നതിനാൽ വൃക്ഷങ്ങളിൽ ശ്രേഷ്ഠമായത് മാവു തന്നെയാണെന്ന് നമുക്കും പറയാം.

**23. കൊച്ചുചക്കരച്ചിയിലെ  മാങ്ങ വിൽക്കുന്നതിന് തടസ്സമായി നിന്നതെന്തെല്ലാം ?**

**അല്ലെങ്കിൽ**

**എന്നാൽ സ്വയം ചത്തും മാവിനെ കാത്തു രക്ഷിച്ചു പോന്ന നീറുകൾ എന്ന ചാവേറ്റുപട കൊച്ചുചക്കരച്ചിയിൽ കയറാൻ ശ്രമിച്ചവരെയെല്ലാം തോൽപ്പിച്ചു കളഞ്ഞു. പ്രകൃതിയെ**

**രക്ഷിക്കാൻ ജീവജാലങ്ങൾ നടത്തുന്ന ഈ പോരാട്ടത്തിൽ നിന്നും മനുഷ്യന് ലഭിക്കുന്ന പാഠമെന്ത് ? വിശദമാക്കുക.**

പണത്തിനുണ്ടായ ബുദ്ധിമുട്ടു കൊണ്ട് കൊച്ചുചക്കരച്ചിയിലെ മാങ്ങ വിൽക്കാൻ അമ്മ ശ്രമിച്ചെങ്കിലും അത് മാവിനെ കാത്തു രക്ഷിച്ചു പോന്ന നീറുകൾ എന്ന ചാവേറ്റുപട പരാജയപ്പെടുത്തുകയായിരുന്നു.പ്രകൃതിക്ക് അതിന്റേതായ സംരക്ഷണ കവചമുണ്ട്. വിൽക്കാനുള്ളതല്ല തന്റെ മാങ്ങയെന്നും അവ തനിയ്ക്കു ചുവട്ടിലെത്തുന്നവർക്ക് തിന്നാനുള്ളതുമാണെന്നുള്ള ഭാവമാണ് കൊച്ചുചക്കരച്ചിക്ക്. മാവു മുറിയ്ക്കാൻ വന്നവരെയും നീറുകൾ ഒറ്റക്കെട്ടായി നിന്നു തുരത്തിയോടിച്ചു. മാവിനെ സംരക്ഷിക്കാൻ ഒരുമിച്ചു നിന്നു പ്രവർത്തിച്ച നീറുകൾ കാണിച്ചു തരുന്ന പാഠം മനുഷ്യരും ഉൾക്കൊള്ളേണ്ടതുണ്ട്.

**24. ആ ആപത്ത് എങ്ങനെ സംഭവിച്ചു എന്ന് ഇന്നും നിശ്ചയമില്ല- പരാമർശമെന്ത് ? വിശദമാക്കുക**

**അല്ലെങ്കിൽ**

**മാവ് മുറിച്ചുകളയണമെന്ന് ലേഖകൻ ആവശ്യപ്പെട്ടത് എന്തു കൊണ്ട് ?**

പ്രൗഢിയോടെ നിലനിന്ന ചക്കരച്ചിയുടെ ഇടതു ഭാഗത്തായി താഴെനിന്നു എട്ടുപത്തടി ഉയരത്തിൽ തൊലി പൊളിഞ്ഞ് തടി ജീർണിച്ചിരുന്നു.തറവാട്ടിലുള്ളവർ ഇതിനെ ഭയത്തോടെയാണ് കണ്ടത്. ശത്രുക്കളുടെ ദ്രോഹവൃത്തിയായും ഇടിമിന്നലേറ്റു വന്നതാണെന്നും തടിക്കച്ചവടക്കാർ തമരു വെച്ച് തുളച്ചതിനാൽ ഇങ്ങനെയായതാണെന്നുമുള്ള അഭിപ്രായങ്ങൾ അവിടെയുള്ളവർക്കിടയിൽ നിന്നും ഉയർന്നു വന്നു.എന്തെല്ലാം വാദഗതികളുണ്ടെങ്കിലും ഇതിന്റെ യഥാർത്ഥ കാരണം അവ്യക്തമായി തുടരുന്നു. മാവ് വീണാൽ കെട്ടിടം നശിക്കുമെന്നും വലിയ നഷ്ടങ്ങളുണ്ടാവുമെന്നുമുള്ള കാരണത്താലാണ് മാവ് മുറിക്കണമെന്ന് അവർ വാദിച്ചത്. ജീവിച്ചിരിക്കുന്നവരുടെ രക്ഷയാണ് ഇവർ പ്രധാനമായി കണ്ടത്.കാറ്റടിച്ച് മാവ് എവിടേക്കു വീണാലും ഉണ്ടാകുന്ന നഷ്ടം താങ്ങാൻ ആർക്കും കഴിയില്ല.

**25. പാട്ടത്തിലെ അപ്പൂപ്പൻ മാവ് മുറിച്ചു മാറ്റാൻ ശ്രമിച്ചത് എന്തു കൊണ്ട് ?**

പടർന്നു പന്തലിച്ചു നിൽക്കുന്ന കൊച്ചുചക്കരച്ചി ഏറെ പണം മുടക്കിയുണ്ടാക്കിയ മാളികയുടെ കാഴ്ചയെ മറയ്ക്കുന്നതു കൊണ്ടാണ് മുറിച്ചുകളയാൻ പാട്ടത്തിലെ അപ്പൂപ്പൻ തീരുമാനിച്ചത്. മാളികയുടെ പകിട്ടും പ്രൗഢിയും അഹങ്കാരമാക്കി കൊണ്ടു നടക്കുന്നവർക്ക് അത് മറ്റുള്ളവർക്ക് കാഴ്ചയാക്കി നിർത്താൻ സാധിച്ചില്ലെങ്കിൽ സഹിക്കാനാവുകയില്ല. അതുകൊണ്ടാണ് കാഴ്ചയെ തടസ്സപ്പെടുത്തുന്ന മാവിനെ മുറിയ്ക്കണമെന്നു തീരുമാനിച്ചത്.

**26. ലേഖകൻ കൊച്ചുചക്കരച്ചിയുമായി അടുത്ത് പരിചയപ്പെട്ടതെപ്പോൾ ?**

ഭാഗം കഴിഞ്ഞ് കുടുംബം തറവാട്ടു വീട്ടിൽ താമസിച്ചതോടുകൂടിയാണ് കൊച്ചുചക്കരച്ചിയുമായുള്ള അടുപ്പം ലേഖകന് ഉണ്ടാവുന്നത്.

**267.മാവുമായി ബന്ധപ്പെട്ട് ഒട്ടനവധി കളികളും പോയ കാലത്ത് സമൃദ്ധമായിരുന്നു. ലേഖകന്റെ ഓർമയിൽ തെളിയുന്നവ വിശദമാക്കുക**

**അല്ലെങ്കിൽ**

**അപരിഷ്കൃതമട്ടുകൾ എന്ന് ലേഖകൻ പരാമർശിക്കുന്നതെന്തെല്ലാം ?**

**അല്ലെങ്കിൽ**

**പത്തു നാൽപത്തഞ്ചു കൊല്ലങ്ങൾക്കപ്പുറത്തു നിന്ന് അതിന്റെ സ്വാദ് നാക്കിന്റെ അറ്റത്തു വന്നു നിറയുന്നു. - കൊച്ചുചക്കരച്ചിയെക്കുറിച്ചു പറയുമ്പോൾ ലേഖകൻ പഴയകാലത്തേക്കു തിരിച്ചു നടക്കുന്നു.**

**- മറ്റെന്തെല്ലാം ഓർമകളാണ് ഉപന്യാസകാരൻ പങ്കുവെക്കുന്നത് ?**

ഗ്രാമത്തിലെ കുട്ടികളുടെ ബാല്യകാലം ചെലവഴിക്കപ്പെട്ടത് മാവിൻ ചുവട്ടിലായിരുന്നു. മാവിനു ചുവട്ടിൽ ഒത്തുകൂടിയ കുട്ടികളെ കൊതിയ സമാജം എന്നാണ് ലേഖകൻ വിശേഷിപ്പിച്ചത്.അതിനു ചുവട്ടിൽ കളിച്ചുതിമിർത്ത് വിശ്രമിച്ചുപോരുന്ന ബാല്യത്തിന് മാമ്പഴക്കാലം ഉത്സവകാലം തന്നെയാണ്.അവരുടെ കൗതുകം നിറഞ്ഞ വിശ്വാസവും കളികളും ഏറെ ഹൃദ്യമായിരുന്നു. അവിടെ തലയെടുപ്പോടെ നിന്ന ചക്കരച്ചിയിലെ മാങ്ങകളുടെ സ്വാദ് ഇന്നും മായാതെ ലേഖകന്റെ നാവിലുണ്ട്. മാങ്ങ വീണു കിട്ടാൻ ചുള്ളിക്കമ്പുകൾ കത്തിച്ചുണ്ടാക്കുന്ന ഹോമകുണ്ഡത്തിൽ മാങ്ങാനീര് ഇറ്റിച്ച് അണ്ണാൻ പിറന്നാൾ എന്ന മഹായജ്ഞം കുട്ടികൾ നടത്തി. ഹോമത്തിന്റെ പുകയേറ്റ് മാവ് സംതൃപ്തിയോടെ മാങ്ങ പൊഴിച്ചുതരും എന്നാണ് കുട്ടികളുടെ വിശ്വാസം.വീണ മാങ്ങയുടെ ഞെട്ടി നുള്ളി മണ്ണിലിട്ടാൽ പകരം ഒരു മാങ്ങ വീഴുമെന്നും വീണമാങ്ങയുടെ അവകാശി ഉണ്ണിയിട്ട ആൾ തന്നെയാണെന്നും അവർ കരുതിപ്പോന്നു. വായുഭഗവാനെ ആവാഹിച്ച് മാങ്ങ പൊഴിച്ചു തരാനുള്ള പാട്ടുകളും ഒരു പ്രാർത്ഥനയെന്നപോലെ അവർക്കുണ്ടായിരുന്നു.അണ്ണാറക്കണ്ണനെ ഇണക്കിയും പിണക്കിയും അവരെ കൊണ്ട് മാങ്ങകൾ കൊത്തിയിടുവിക്കുവാനുള്ള പാട്ടുകളും മന്ത്രമെന്ന പോലെ അവർ ചൊല്ലിയിരുന്നു.ഇങ്ങനെ പലതരത്തിലുള്ള മാവനുഭവങ്ങൾ അന്നത്തെ കുട്ടികൾക്കുണ്ടായിരുന്നുകൊച്ചു ചക്കരച്ചിയെക്കുറിച്ചോർക്കുമ്പോൾ അതെല്ലാം അദ്ദേഹത്തിന്റെ മനസ്സിൽ നിറയുന്നു. പഴയ ബാല്യത്തിന്റെ ഈ അനുഭവങ്ങളും ജീവിതവും ഇന്നത്തെ കുട്ടികൾക്ക് അപരിഷ്കൃതമായി തോന്നാം എന്നാണ് ലേഖകന്റെ നിഗമനം. ഇന്നത്തെ കുട്ടികൾക്ക് മാവ് മാങ്ങാമരം മാത്രമാണ്. അതിനപ്പുറം മാവുമായി ബന്ധപ്പെട്ട് ഒരുതരത്തിലുമുള്ള അനുഭവങ്ങളും അവർക്കില്ല.

**28. എത്രയോ തലമുറകൾ ആ വൃദ്ധമുത്തശ്ശിയുടെ കാൽച്ചുവട്ടിലിരുന്നു മധുരം തിന്നു വളർന്നു വൃദ്ധരായി കാലയവനികയ്ക്കപ്പുറം മറഞ്ഞിരിക്കുന്നു. -അടിവരയിട്ട പ്രയോഗത്തിന്റെ ഒചിത്യം വിശകലനം ചെയ്തു കുറിപ്പെഴുതുക.**

തറവാട്ടുമുറ്റത്ത് എത്രയോ തലമുറകളുടെ ജീവിതം കണ്ട് പടർന്നു പന്തലിച്ചു നിന്ന മാവാണ് കൊച്ചുചക്കരച്ചി.ഇതിനെ വൃദ്ധമുത്തശ്ശിയായാണ് ലേഖകൻ കാണുന്നത്. ഈ മാവിനു ചുവട്ടിലാണ് അന്നത്തെ കുട്ടികളുടെ ബാല്യകാലം ചെലവഴിക്കപ്പെട്ടത്. തനിയ്ക്കു ചുവട്ടിലെത്തുന്നവർക്ക് ഒരു മുത്തശ്ശി കാണിക്കുന്ന സ്നേഹമെന്ന പോലെ മാമ്പഴവും തണലും നൽകി.എന്നാൽ കൊച്ചുചക്കരച്ചിയ്ക്ക് ഇന്ന് വാർദ്ധക്യത്തിന്റെ അവശതകൾ വന്നിരിക്കുന്നു. തടിയ്ക്കു കേടു വന്ന് തളരുമ്പോഴും പിന്നെയും പത്തുകൊല്ലം എല്ലാം കണ്ട് സാക്ഷിയായി നിന്ന കൊച്ചുചക്കരച്ചി നാവുണ്ടായിരുന്നെങ്കിൽ അതെല്ലാം വിളിച്ചുപറയുമായിരുന്നു എന്നു കൂടി ലേഖകൻ പറയുന്നു.